# ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു ?

വെളിപ്പാട് പ്രവചനം ഒരു പഠനം



സ്റ്റാൻലി സാമുവൽ

# ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു

## വെളിപ്പാട് പ്രവചനം ഒരു പഠനം

"...ഭൂലോകത്തിന് എന്ത് ഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും നോക്കിപ്പാർത്തുംകൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും."

സ്റ്റാൻലി സാമുവൽ

**Bhoolokathinu Enthu Bhavippan Pokunnu**
(Malayalam)

Written by : **Stanley Samuel**

Edited by : **Soey Thomas**

First Impression : September 2021

Published by : **Personnel Ministries**
Post Bag No. 1, Moospet Road,
Thrissur - 680 005, Phone: 0487 2440343
swiusda5@gmail.com, soeytom@gmail.com

Copyright ©2021 Publishers
All rights reserved

Copies : 2500

Printed at : **Ebenezer Printpack (P) Ltd**
Thrissur - 680 012, Kerala
Tel: 0487 2361892, 2360992
www.ebenezerprinters.com

Price : `150/-

# ഉള്ളടക്കം


അവതാരിക ........................................................................................... 5

മുഖവുര - വെളിപ്പാടിലെ വീരനായകൻ ............................................... 10

വെളിപ്പാടിലെ എതിരാളി ......................................................................... 18

വെളിപ്പാടിലെ സുവാർത്ത ....................................................................... 25

വെളിപ്പാട് - ഒരു തുറന്ന പുസ്തകം ........................................................ 28

"കർത്തൃദിവസ"ദർശനം ആരംഭിക്കുന്നു ................................................. 33

യേശു നൽകുന്ന ഏഴ് ദൂതകൾ .................................................................. 41

അറുക്കപ്പെട്ട കുഞ്ഞാട് ........................................................................... 64

ഏഴ് മുദ്രകൾ ............................................................................................... 77

കോപദിവസത്തിൽ നില്പാൻ കഴിയുന്നവർ ........................................ 96

ഏഴു കാഹളങ്ങൾ ..................................................................................... 108

തുറന്നോരു ചെറുപുസ്തകം ................................................................. 127

ദൈവത്തിന്റെ രണ്ടു സാക്ഷികൾ ......................................................... 145

സൂര്യനെ അണിഞ്ഞ സ്ത്രീയും
അവളുടെ സന്തതിയുടെ ശേഷിപ്പും .................................................. 154

സമുദ്രത്തിൽനിന്നു കയറിയ മൃഗവും
ഭൂമിയിൽനിന്നു കയറിയ മൃഗവും ......................................................... 167

മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ
അന്ത്യമുന്നറിയിപ്പ് .................................................................................. 179

മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും ........................................ 188
അന്ത്യ ഏഴു ബാധകൾ ........................................................................ 192
"മർമ്മം: മഹതിയാം ബാബിലോൺ" .................................................. 201
അന്തിമ വിളി ..................................................................................... 209
"കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ" ............................................ 216
ആയിരം ആണ്ടുവാഴ്ച ........................................................................ 222
പുതിയ യെരൂശലേം .......................................................................... 229
ജീവന്റെ വൃക്ഷവും ജീവജലനദിയും .................................................. 235

# അവതാരിക

നമ്മുടെ ബാഹ്യദൃഷ്ടിക്കു മറവായിരിക്കുന്ന ഭാവിസംഭവങ്ങളുടെ ദിവ്യമർമ്മങ്ങളെ തുറന്നുകാട്ടിത്തരുന്നതാണ് വെളിപ്പാടുപുസ്തകം. ലോകത്തിന്റെ അന്ത്യം അടുത്തിരിക്കയാൽ, ഈ പുസ്തകത്തിലെ വചനങ്ങളെ വായിച്ചുകേൾപ്പിക്കുന്നവരും അതു കേൾക്കുന്നവരും അവ പ്രമാണിക്കുന്നവരും ഭാഗ്യവാന്മാരാണെന്നു സർവ്വശക്തനും സർവ്വജ്ഞാനിയുമായ കർത്താവ് ഇതിനെക്കുറിച്ചു സാക്ഷ്യം പറയുന്നു. അതോടൊപ്പംതന്നെ ഈ പുസ്തകത്തിലെ വചനങ്ങളോടു ആരെങ്കിലും വല്ലതും കൂട്ടിച്ചേർത്താൽ അവരുടെ മേൽ ഇതിൽ പറഞ്ഞിരിക്കുന്ന ബാധകളെ അയക്കുമെന്നു ദൈവം മുന്നറിയിപ്പു തരുന്നു. ഇതിൽനിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ അവർക്കു ദൈവരാജ്യത്തിലുള്ള ഓഹരിയും അവകാശവും ഇല്ലാതെ പോകുന്നതുമാണെന്നുംകൂടെ ക്രിസ്തുയേശു തന്നെ ഇതിൽ പ്രഖ്യാപിച്ചിരിക്കുന്നു.

ദാനീയേൽ പ്രവചനം അന്ത്യകാലത്തേക്കുള്ളതാകയാൽ അതിനെ അന്ത്യകാലംവരെ അടച്ചു മുദ്രയിടുവാൻ ദൈവം ദാനീയേൽ പ്രവാചകനോടു അരുളിചെയ്തു. അന്ത്യകാലം ആരംഭിച്ചപ്പോൾ ദൈവംതന്നെ അതു തുറന്നുകൊടുക്കുന്നതായും നാം കാണുന്നു. എന്നാൽ വെളിപ്പാടിനാകട്ടെ അത് ഒരിക്കലും മുദ്രയിടരുത് എന്ന ക്രിസ്തുവിന്റെ അരുളപ്പാടു യോഹന്നാനു ഉണ്ടായി. ഒന്നാം നൂറ്റാണ്ടു മുതൽ യേശുവിന്റെ വീണ്ടും വരവുവരെയുള്ള എല്ലാ ജനങ്ങൾക്കുമായി അതു തുറന്നുകൊടുത്തിരിക്കുന്നു. ഓരോ കാലഘട്ടത്തിലും സഭയ്ക്കു ആവശ്യമായ നിർദ്ദേശങ്ങളും ആശ്വാസവചനങ്ങളും പ്രത്യാശയും ഇതിൽനിന്ന് വിശുദ്ധന്മാർക്കു ലഭിച്ചുകൊണ്ടിരുന്നു. കഴിഞ്ഞകാലങ്ങളിൽ സഭയ്ക്കും ലോകത്തിനും എന്തുസംഭവിച്ചുകൊണ്ടിരുന്നു

എന്നും ഇപ്പോൾ എന്തു സംഭവിക്കുന്നു എന്നും ഇനി എന്ത് സംഭവിക്കുമെന്നും ഇതിൽ പ്രതിപാദിച്ചിരിക്കുന്നത് ചരിത്രരേഖകളിലും പ്രവചനങ്ങളിലുംനിന്ന് ബുദ്ധിമാന്മാരായവർക്കു കൃത്യമായി മനസ്സിലാക്കാവുന്നതാണ്. ഇന്നത്തെ ലോകത്തിനു ഇത്രമാത്രം പ്രാധാന്യമുള്ള വേറൊരു പുസ്തകവും ഇതുവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല.

"ബൈബിളിലെ മറ്റെല്ലാ പുസ്തകങ്ങളും ഒരുമിച്ചു ചേർന്നു വെളിപ്പാടു പുസ്തകത്തിൽ അവസാനിക്കുന്നു" എന്നുള്ള പ്രസ്താവന അക്ഷരീകമായിത്തന്നെ സത്യമാണ് (A A p. 585). ക്രിസ്തുവിനുമുമ്പ് എഴുതപ്പെട്ട തിരുവെഴുത്തായ പഴയനിയമത്തിലെ 39 പുസ്തകങ്ങളിൽ 28 എണ്ണത്തിൽനിന്നുമുള്ള ഉദ്ധരണികളോ സൂചകങ്ങളോ ഇതിൽ കാണാവുന്നതാണ്. ഇതിൽ കൂടുതലും പ്രവാചക പുസ്തകങ്ങളായ യെശയ്യാവ്, യിരെമ്യാവ്, യെഹെസ്ക്കേൽ, ദാനീയേൽ എന്നിവയിൽനിന്നും ചെറിയ പ്രവാചകന്മാരായ സെഖര്യാവ്, യോവേൽ, ആമോസ്, ഹോശേയ എന്നിവരുടെ പ്രവചനങ്ങളിൽനിന്നുള്ളതും കൂടാതെ പുറപ്പാട്, സങ്കീർത്തനങ്ങൾ എന്നിവയിൽനിന്നുള്ളവയും കൂടെയാണ്. മാത്രമല്ല, ക്രിസ്തുവിനുശേഷം എഴുതപ്പെട്ട തിരുവെഴുത്തുകളായ മത്തായി, ലൂക്കൊസ്, ഒന്നും രണ്ടും കൊരിന്ത്യലേഖനങ്ങൾ, എഫെസ്യർ, കൊലൊസ്യർ, തെസ്സലൊനീക്യർ എന്നിവയിൽനിന്നുമുള്ള ഉദ്ധരണികളോ സൂചകങ്ങളോ കൂടെയും നാം ഇതിൽ കാണുന്നു.

വെളിപ്പാടു പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ മിക്കവാറും പൂർണ്ണമായിത്തന്നെ പ്രതീകങ്ങളോ അടയാളങ്ങളോ ഉപയോഗിച്ചുള്ളതാകയാൽ പരിശുദ്ധാത്മ പ്രചോദനത്താൽ നല്കപ്പെട്ടിരിക്കുന്ന ഈ അത്ഭുത പ്രവചനങ്ങൾ എഴുത്തുകാരൻ അർത്ഥമാക്കുന്നവിധംതന്നെ ഗ്രഹിക്കുക എന്നതു വായനക്കാരനെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. അല്ലാത്തപക്ഷം മറ്റെന്തെങ്കിലും വ്യക്തിപരമായ വ്യാഖ്യാനമായിരിക്കും ഉടലെടുക്കുക. അതു ചിലപ്പോൾ വ്യാഖ്യാതാവിന്റെയും പഠിതാവിന്റെയും നിത്യനാശത്തിനു വഴിതെളിക്കുകവരെ ചെയ്യും. വ്യക്തികളുടെ പേരുകൾ, സ്ഥലനാമങ്ങൾ, വസ്തുക്കളുടെ പേരുകൾ, അനുബന്ധ സംഭവങ്ങൾ, ഉപാഖ്യാനങ്ങൾ എന്നിവയൊക്കെ ബൈബിളിലെ മറ്റു പുസ്തകങ്ങളിൽ അർത്ഥമാക്കിയിരിക്കുന്ന വിധംതന്നെ ഇതിലെ ദർശനങ്ങളിലും അർത്ഥപ്രാധാന്യം നൽകി

മനസ്സിലാക്കേണ്ടതുണ്ട്. സാധാരണ ജന്തുലോകത്തിൽ കാണപ്പെടാത്തവിധം പല തലകളോടുകൂടിയ മൃഗങ്ങൾ, ആകാശമദ്ധ്യേ പറക്കുന്ന ദൈവദൂതന്മാർ, ബുദ്ധിപരമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജന്തുക്കൾ എന്നിവയുടെയെല്ലാം യഥാർത്ഥമായ അർത്ഥം, കൃപാസമ്പന്നനായ ദൈവം ദീർഘക്ഷമയോടെ ലോകത്തിന്റെ നിത്യരക്ഷയ്ക്കായി തന്റെ ആലോചനകൾ പ്രവൃത്തിപഥത്തിലാക്കുന്ന ദൃശ്യങ്ങളിലേക്കു തിരശ്ശീല ഉയർത്തിത്തരുന്നവയാണ്.

സെബദി പുത്രന്മാരിൽ ഒരുവനും യാക്കോബിന്റെ സഹോദരനും യേശു സ്നേഹിച്ച ശിഷ്യനെന്നു മറ്റുള്ളവർ വിളിച്ചവനുമായ യോഹന്നാനാണ് ഈ വെളിപ്പാടു പുസ്തകം എഴുതിയത്. ഇത് എവിടെ വച്ച് എഴുതിയെന്നും അവിടെ അവൻ എത്തിച്ചേർന്ന സാഹചര്യവുംകൂടെ അവൻതന്നെ വെളിവാക്കുന്നു.

റോമൻ ചക്രവർത്തിമാരെ ദേവന്മാരായി പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്ന പതിവ് റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്നു. റോമാസാമ്രാജ്യത്തിന്റെ ആത്മാവെന്നു സങ്കല്പിച്ച് റോമാദേവിയെയും അവിടെ ആരാധിച്ചിരുന്നു. ബി.സി. 195-ൽ റോമാദേവിയുടെ ഒരു ക്ഷേത്രം ഏഷ്യാ മൈനറിലെ സ്മുർന്ന എന്ന സ്ഥലത്തു പണികഴിപ്പിച്ചു. ബി.സി. 29-ൽ ഏഷ്യാമൈനറിൽ തന്നെയുള്ള എഫെസൊസ് പട്ടണത്തിൽ റോമാദേവിക്കും ജൂലിയസ് സീസറിനും വേണ്ടി ക്ഷേത്രങ്ങൾ പണികഴിപ്പിക്കുവാൻ അഗസ്റ്റസ് സീസർ കല്പനകൊടുത്തു പണിയിപ്പിച്ചു. അതേവർഷംതന്നെ മറ്റൊരു ക്ഷേത്രം സീസറിനുവേണ്ടി പെർഗാനം എന്ന പട്ടണത്തിൽ പണികഴിപ്പിച്ചു. രാജാവു ജീവനോടിരിക്കുമ്പോൾതന്നെ അദ്ദേഹത്തെ ആരാധിക്കുന്ന ആദ്യ സംഭവം ഇതായിരുന്നു. പിന്നീട് എ.ഡി. 37 മുതൽ 41 വരെ ഭരിച്ചിരുന്ന ഗായസ് കാലിഗുള എന്ന ചക്രവർത്തി അദ്ദേഹത്തെ ആരാധിക്കുവാൻ റോമൻ ജനതയെ നിർബന്ധിച്ചിരുന്നതായി ചരിത്രം പ്രസ്താവിക്കുന്നു. ഇതു നിരസിച്ച യഹൂദന്മാരെയും ക്രിസ്ത്യാനികളെയും അദ്ദേഹം പീഡിപ്പിക്കുകയുണ്ടായി. പില്ക്കാലത്ത് എ.ഡി. 81 മുതൽ 96 വരെ റോമാസാമ്രാജ്യം വാണിരുന്ന ഡൊമീഷ്യൻ എന്ന ചക്രവർത്തി ഇക്കാര്യത്തിൽ അഗ്രഗണ്യനായിരുന്നു. “നമ്മുടെ ഗുരുവും നമ്മുടെ ദൈവവും” എന്നു ജനം അദ്ദേഹത്തെ വിളിക്കണമെന്നു അദ്ദേഹം നിർബ്ബന്ധം പിടിച്ചു. മാത്രമല്ല, തന്നെ ദൈവമായി ആരാധിക്കണമെന്നും അദ്ദേഹം ജനത്തെ നിർബ്ബന്ധിച്ചു. ഇതു നിരസിച്ച തന്റെ സ്വന്ത കുടുംബാംഗ

ങ്ങളെപ്പോലും അദ്ദേഹം കൊന്നുകളഞ്ഞതായി ചരിത്രം സാക്ഷ്യം പറയുന്നു. അവരൊക്കെ ക്രിസ്ത്യാനികൾ ആയിരുന്നതായി ചരിത്ര പണ്ഡിതന്മാർ അവകാശപ്പെടുന്നു.

ഈ കാലഘട്ടമായപ്പോൾ യേശുവിന്റെ ശിഷ്യന്മാരിൽ യോഹന്നാനൊഴികെ മറ്റാരുംതന്നെ ജീവനോടെ ശേഷിച്ചിരുന്നില്ല. സഭയ്ക്ക് അന്നു വലിയൊരു പീഡനം നേരിടേണ്ടതായിവന്നു. പക്ഷെ, വൃദ്ധനായ യോഹന്നാൻ അതിധൈര്യത്തോടെ യേശുക്രിസ്തുവിനു സാക്ഷ്യം വഹിച്ചുകൊണ്ടിരുന്നു. തന്റെ ശത്രുക്കൾ അവന്റെ മരണം ആഗ്രഹിച്ചു. ഡൊമീഷ്യൻ ചക്രവർത്തി യോഹന്നാനെ കൊല്ലുവാൻ തീരുമാനിച്ചു. ഒരു വലിയ കുട്ടകത്തിൽ എണ്ണ തിളപ്പിക്കുവാൻ കല്പിച്ചു. തിളയ്ക്കുന്ന എണ്ണയിൽ പടയാളികൾ യോഹന്നാനെ എടുത്തിട്ടു. പക്ഷെ വിശ്വസ്ത സാക്ഷിയായ ക്രിസ്തു തന്റെ പ്രിയ ശിഷ്യനെ അതിൽനിന്നു രക്ഷിച്ചു. തണുത്ത വെള്ളത്തിൽ എന്നപോലെ യോഹന്നാൻ തിളയ്ക്കുന്ന എണ്ണയിൽ നില്ക്കുകയാണുണ്ടായത്.

ഒരു രീതിയിലും യോഹന്നാനെ കൊല്ലുവാൻ സാദ്ധ്യമല്ലായെന്നു കണ്ട ചക്രവർത്തി അവനെ പത്മൊസ് ദ്വീപിലേക്കു നാടുകടത്തി. ഏജിയൻ കടലിലുള്ളതും പാറക്കെട്ടുകൾ നിറഞ്ഞതുമായ ഒരു ചെറിയ ദ്വീപായിരുന്നു പത്മൊസ്. റോമൻ ഭരണകൂടം കുറ്റവാളികളെ നാടു കടത്തുന്നതിന് ഈ ദ്വീപ് ഉപയോഗിച്ചിരുന്നു. പ്രതികൂല കാലാവസ്ഥയിൽ അവിടെവച്ച് യോഹന്നാൻ മരിക്കുമെന്നായിരുന്നു ഡൊമീഷ്യൻ ചക്രവർത്തിയുടെ കണക്കുകൂട്ടൽ. തന്നെ ദൈവമായി ആരാധിക്കുവാൻ മനസ്സില്ലാത്തവൻ അങ്ങനെ നശിക്കട്ടെയെന്നു രാജാവ് തീരുമാനിച്ചു. പക്ഷെ, പത്മൊസ് ദ്വീപ് യോഹന്നാന് സ്വർഗ്ഗത്തിന്റെ കവാടമായി മാറുകയാണുണ്ടായത്.

പത്മൊസ് ദ്വീപിൽ യോഹന്നാൻ പിതാവായ ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും വിശുദ്ധ മാലാഖമാരുടെയും കൂട്ടായ്മ അനുഭവിച്ചു. ഭാവിയിലെ എല്ലാകാലഘട്ടങ്ങളിലുമുള്ള സഭയ്ക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ ക്രിസ്തു നൽകി. യേശുക്രിസ്തുവിന്റെ വീണ്ടും വരവുവരെയുള്ള ലോകചരിത്ര ദൃശ്യങ്ങൾ കർത്താവ് തുറന്നു കാണിച്ചു. ദൈവം കൊടുത്ത ദർശനങ്ങൾ സ്വർഗ്ഗീയ ആലോചനപ്രകാരം വരും തലമുറകൾക്കായി യോഹന്നാൻ എഴുതിവെച്ചു. അപ്രകാരം ആ ദിവ്യ

ദർശനത്തിൽ പങ്കാളിയാകുവാൻ ഈ പുസ്തകം വായിക്കുന്ന നിങ്ങൾക്കും ദൈവം അവസരം ഒരുക്കുന്നു.

പിന്നീട് എ.ഡി. 96 മുതൽ 98 വരെ റോമൻ ചക്രവർത്തിയായിരുന്ന നെർവാ യോഹന്നാനെ പത്മൊസിൽനിന്നു ഏഷ്യാമൈനറിലെ എഫെസൊസിലേക്കു തിരികെകൊണ്ടുവന്നു. അവിടെ അവന് എഫെസൊസ് സഭയുടെ മൂപ്പനായി വളരെനാൾ കഴിഞ്ഞിരുന്നുവെന്നു സഭാപാരമ്പര്യം രേഖപ്പെടുത്തുന്നു. ചക്രവർത്തിയെ ആരാധിക്കുന്ന രീതി അതിന്റെ മൂർദ്ധന്യനിലയിൽ ആയിരുന്ന ഏഷ്യാമൈനറിൽ ക്രിസ്തീയ സഭയ്ക്കു യോഹന്നാന്റെ സാക്ഷ്യവചനം ശക്തി പകർന്നു കൊണ്ടിരുന്നു.

യേശുക്രിസ്തുവിന്റെ സാക്ഷ്യമായ വെളിപ്പാടുപുസ്തകം യോഹന്നാനിൽകൂടെ നമുക്കെല്ലാവർക്കുമായി നല്കപ്പെട്ടിരിക്കുന്നതു നമ്മെ ക്രിസ്തുവിനോടുകൂടെ ബന്ധപ്പെടുത്തി നിത്യരാജ്യത്തിൽ എത്തിക്കുന്നതിനായിട്ടാണ്. "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു" (വെളിപ്പാട് 1:3).

വെളിപ്പാട് പ്രവചനത്തെക്കുറിച്ചുള്ള ഈ പഠനഗ്രന്ഥം വളരെ കാലിക പ്രാധാന്യമർഹിക്കുന്നു. പ്രവചനരേഖകളൊക്കെ വളരെ ലളിതമായ ഭാഷയിൽ അവതരിപ്പിച്ചിരിക്കുകയാണ് ഗ്രന്ഥകാരനായ പാസ്റ്റർ സ്റ്റാൻലി സാമുവൽ. ദീർഘസമയം ചിലവഴിച്ച് ഈ കാലഘട്ടത്തിന് അനുയോജ്യമായ നിലയിൽ ഇപ്രകാരം ഒരു ഗ്രന്ഥം ചമപ്പാൻ കർത്തൃദാസനെ ദൈവം ശക്തീകരിച്ചതിൽ കർത്താവിനെ സ്തുതിക്കുന്നു. മഹത്ത്വകരമായ ദൈവപ്രവർത്തികൾ ലോകജനതയോട് വിളംബരം ചെയ്യുവാൻ ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു.

**സോയി തോമസ്**

സെക്രട്ടറി, മിനിസ്റ്റീരിയൽ അസോസിയേഷൻ, SWIU

# മുഖവുര
# വെളിപ്പാടിലെ വീരനായകൻ

**വെ**ളിപ്പാടിലെ വീരനായകൻ യേശുക്രിസ്തുവാണ്. ഈ പുസ്തകത്തിൽ ഇരുന്നൂറ്റി അൻപതിലധികം തവണ യേശുവിനെപ്പറ്റി പറയുന്നു. മുപ്പത്തിയേഴു വിവിധ പേരുകളിലും വിവരണങ്ങളിലും യേശുവിനെ വർണ്ണിക്കുന്നു. ഇതിൽനിന്നെല്ലാം യേശുക്രിസ്തുവിന്റെ വെളിപ്പാടായ ഈ പുസ്തകത്തിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഈ പുസ്തകം പഠിക്കുന്ന വ്യക്തി യേശുക്രിസ്തുവിനോടും ഈ ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിനുള്ള സ്വർഗ്ഗീയ പദ്ധതിയോടും അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടിരിക്കും.

വെളിപ്പാട് 1-ാം അദ്ധ്യായം 13-16 വരെയുള്ള വാക്യങ്ങളിൽ യേശുവിനെ എപ്രകാരം വർണ്ണിച്ചിരിക്കുന്നു എന്നു നോക്കുക. കാഹളനാദത്തിനൊത്ത മഹാശബ്ദം തന്റെ പുറകിൽ കേട്ടപ്പോൾ അത് എന്തെന്നു കാണ്മാൻ യോഹന്നാൻ തിരിഞ്ഞുനോക്കി. അപ്പോൾ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായ രക്ഷകനെ യോഹന്നാൻ കണ്ടു. അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലക്കൊത്തതും കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും ആയിരുന്നു. അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രവും അവന്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാളും പുറപ്പെട്ടിരുന്നു. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരെ സൂചിപ്പിക്കുന്നു. അവൻ ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നില്ക്കുകയായിരുന്നു. ഈ നിലവിളക്കുകൾ ഏഴു സഭകളെ സൂചിപ്പിക്കുന്നു. അവന്റെ വായിൽനിന്നു പുറപ്പെടുന്ന ഇരുവായ്ത്തലയുള്ള വാൾ അവന്റെ വചനമാണ്. “ദൈവ

ത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവി നെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലു ന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കു ന്നതും ആകുന്നു. അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളത്" (എബ്രായർ 4:12,13).

അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു. മാനവജാതിക്കുവേണ്ടി ജീവൻ നൽകിയിട്ട് പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റ യേശു വിനെ കണ്ട അരുമശിഷ്യനായ യോഹ ന്നാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. ഇപ്രകാരമുള്ള അനു ഭവം യേശുവിനെ ദർശിച്ച ദാനീയേൽ പ്രവാചകനും ഉണ്ടായതായി നാം വായി ക്കുന്നു. "ഞാൻ തലപൊക്കി നോക്കിയ പ്പോൾ ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാസ് തങ്കംകൊണ്ടുള്ള കച്ച കെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. അവന്റെ ദേഹം ഗോമേദകംപോലെയും മുഖം മിന്നൽ പ്രകാശംപോലെയും കണ്ണു തീപ്പന്തം പോലെയും ഭുജങ്ങളും കാലുകളും മിനു ക്കിയ താമ്രത്തിന്റെ വർണ്ണംപോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം പോലെയും ആയിരുന്നു. ദാനീയേൽ എന്ന ഞാൻ മാത്രം ഈ ദർശനം കണ്ടു; എന്നോടുകൂടെ ഉണ്ടായിരുന്ന ആളുകൾ ദർശനം കണ്ടില്ല; എങ്കിലും ഒരു മഹാഭ്രമം അവർക്കു പിടിച്ചിട്ടു അവർ ഓടിയൊളിച്ചു. അങ്ങനെ ഞാൻ തനിച്ചു ശേഷിച്ചിരുന്നു ഈ മഹാദർശനം കണ്ടു. എന്നിൽ ഒട്ടും ബലം ശേഷിച്ചിരുന്നില്ല; എന്റെ മുഖശോഭ ക്ഷയിച്ചു പോയി; എനിക്കു ഒട്ടും ബലം ഇല്ലാതെയും ആയി. എന്നാൽ ഞാൻ അവന്റെ വാക്കുകളുടെ ശബ്ദം കേട്ടു; അവന്റെ വാക്കുകളുടെ ശബ്ദം കേട്ടപ്പോൾ ഞാൻ ബോധംകെട്ടു നിലത്തു കവിണ്ണുവീണു. എന്നാറെ ഒരു കൈ എന്നെ തൊട്ടു, എന്നെ മുഴങ്കാലും ഉള്ളംകൈയും ഊന്നി



യേശു എന്ന
മഹാപുരോഹിതൻ

വിറയലോടെ നില്ക്കുമാറാക്കി' (ദാനിയേൽ 10:5-10). ഇതേ അനുഭവം യോഹന്നാനും ഉണ്ടായി. “അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെ മേൽ വച്ചു: ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്” എന്നു പറഞ്ഞ് അവനെ യേശു ധൈര്യപ്പെടുത്തിയതായി യോഹന്നാൻ സാക്ഷ്യം പറയുന്നു (വെളിപ്പാട് 1:17,18). ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്നതിന് മഹാപുരോഹിതന്മാരുടെ അധികാരപത്രവുമായി പരിവാരസമേതം യാത്രചെയ്ത ശൗലിനും യേശുവിനെ ദർശിച്ചപ്പോഴുണ്ടായ അനുഭവം എന്നെന്നും അവന്റെ മനസ്സിൽ തങ്ങിനില്ക്കുന്നതായിരുന്നു. അവന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടുപോയി. “അവൻ മൂന്നു ദിവസം കണ്ണുകാണാതെയും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു” (അപ്പൊ. 9:9).

## യേശു നമ്മുടെ അത്ഭുത രക്ഷകൻ

കർത്താവിനെക്കുറിച്ച് നാം വെളിപ്പാടിൽ വീണ്ടും ഇപ്രകാരം വായിക്കുന്നു: “വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ, ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ.” ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു” (വെളിപ്പാട് 1:5-8).

പഴയനിയമകാലത്തു ജനങ്ങൾ പുരോഹിതനിൽകൂടെ ദൈവത്തെ സമീപിച്ചിരുന്നു. എന്നാൽ യേശു അതിനു മാറ്റം വരുത്തി. നാമെല്ലാം അവനെ നേരിട്ടു സമീപിക്കത്തക്കവിധം നമ്മെ എല്ലാം അവൻ പുരോഹിതവർഗ്ഗമാക്കിത്തീർത്തിരിക്കുന്നു. ഇതെത്ര ആശ്ചര്യകരം!

ഇതിനെ സംബന്ധിച്ച് ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്ന നാലു ജീവികളും ഇരുപത്തിനാല് മൂപ്പന്മാരും ഇപ്രകാരം പറയുന്നു. ഏഴു മുദ്രയാൽ മുദ്രയിട്ടോരു പുസ്തകം സിംഹാസനത്തിൽ ഇരിക്കുന്ന പിതാവായ ദൈവത്തിന്റെ കയ്യിൽനിന്ന് കുഞ്ഞാടായ യേശു ക്രിസ്തു വാങ്ങിയപ്പോഴാണ് അവർ കുഞ്ഞാടിന്റെ മുമ്പാകെ വീണുകൊണ്ട് ഇപ്രകാരം പറയുന്നത്: "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതി യിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി; ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു" (വെളിപ്പാട് 5:9,10). "അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ" (വെളിപ്പാട് 5:12). തന്റെ രക്തത്താൽ അവൻ നമ്മെ വിലയ്ക്കുവാങ്ങി ദൈവത്തിന് പുരോഹിത വർഗ്ഗമാക്കിത്തീർത്തിരിക്കയാൽ ധൈര്യത്തോടെ കൃപാസനത്തിനടു ത്തേക്കു ചെല്ലുവാൻ നമുക്ക് സാധിക്കുന്നു.

കുഞ്ഞാട് എന്നു യേശുവിനെ വെളിപ്പാടിൽ 26 പ്രാവശ്യം വിളി ച്ചിരിക്കുന്നു. യേശു ദൈവത്തിന്റെ കുഞ്ഞാടാണ്. മനുഷ്യനെ വീണ്ടെ ടുക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതി മനുഷ്യൻ പാപം ചെയ്ത ശേഷം മാത്രം ആസൂത്രണം ചെയ്ത ഒന്നല്ല. മനുഷ്യൻ പാപം ചെയ്ത് പാപത്തിൽ വീഴുന്നത് ലോകസ്ഥാപനത്തിങ്കൽത്തന്നെ ദൈവം കണ്ടി രുന്നു. ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു തന്റെ രക്തം ചൊരിഞ്ഞു കൊണ്ട് മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു വീണ്ടെടുക്കുന്ന ദൈവ പദ്ധതി ആദിയിങ്കൽതന്നെ രൂപീകരിക്കപ്പെട്ടു. "ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്" (വെളി. 13:8) എന്നു നാം യേശുവിന്റെ യാഗത്തെക്കുറിച്ച് വായിക്കുന്നു.

വെളിപ്പാട് 5-ാം അദ്ധ്യായത്തിൽ ഒരു പ്രത്യേക പുസ്തകത്തെ ക്കുറിച്ച് വിവരിക്കുന്നു. വെളിപ്പാട് 4-ാം അദ്ധ്യായത്തിൽ വർണ്ണിച്ചിരി ക്കുന്ന പ്രകാരം സിംഹാസനത്തിൽ ഇരിക്കുന്ന പിതാവായ ദൈവ ത്തിന്റെ കയ്യിൽ ആ പുസ്തകം ഇരിക്കുകയായിരുന്നു. അതിൽ അകത്തും പുറത്തും എഴുതിയിട്ടുണ്ട്. ഈ പുസ്തകം ഭൂമിയിൽനിന്ന് രക്ഷിക്കപ്പെടുന്ന വിശുദ്ധ ജനവുമായി ബന്ധിക്കപ്പെട്ടതാണ്. ഈ ഭൂമി യിലെ ജനത്തെ വളരെ അധികം ബാധിക്കുന്ന ചില പുസ്തകങ്ങളെ

പ്പറ്റി വെളിപ്പാടിൽ പലയിടത്തും പറഞ്ഞിട്ടുണ്ട്. ജയിക്കുന്നവന്റെ പേര് "ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും." "ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടതിശയിക്കും." ഇപ്രകാരം ജീവന്റെ പുസ്തകത്തെക്കുറിച്ച് വെളിപ്പാട് 3:5; 17:8; 21:27; 20:12 എന്നി വിടങ്ങളിലെല്ലാം പറയുന്നുണ്ട്. ഈ പുസ്തകങ്ങളെല്ലാം ന്യായവിധി യുമായി ബന്ധപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെട്ടവരുടെ പേരുകൾ ജീവ പുസ്തകത്തിൽ സ്ഥിരമായി ഉണ്ടായിരിക്കും. രക്ഷിക്കപ്പെടാത്തവരുടെ പേരുകൾ അതിൽനിന്നു മായിച്ചുകളയും. ഇവർ ആരൊക്കെ ആണെന്നു പറയുവാൻ യേശുവിനു മാത്രമേ സാധിക്കുകയുള്ളൂ. ഹൃദയങ്ങളെ വായിക്കുന്നവൻ യേശുവാണ്. അവൻ മാത്രമാണ് നമ്മുടെ പാപങ്ങളെ പോക്കി നമ്മെ ശുദ്ധീകരിക്കുന്നത്. അതുകൊണ്ടാണ് വെളി പ്പാട് 5-ാം അദ്ധ്യായത്തിൽ കണ്ട പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിക്കുവാനും യോഗ്യത നേടിയവരായ സ്വർഗ്ഗത്തിലും ഭൂമി യിലും ഭൂമിക്കുകീഴിലും മറ്റാരുംതന്നെ ഇല്ലാതെ ഇരുന്നത്. യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായ യേശു അതിനു ജയം പ്രാപിച്ചു. ഏഴു കൊമ്പും ഏഴു കണ്ണുകളുമുള്ള സർവ്വശക്തനും സർവ്വ ജ്ഞാനിയുമായ കുഞ്ഞാടെന്നു അവിടെ യേശുവിനെ വർണ്ണിച്ചിരി ക്കുന്നു. നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും ആയിരമായിര മായും പതിനായിരം പതിനായിരമായും ഉള്ള ദൂതഗണങ്ങളും കുഞ്ഞാ ടിന്റെ മുമ്പാകെ വീണ് അവന് മഹത്ത്വവും സ്തോത്രവും അർപ്പിക്കു ന്നത് തന്റെ രക്തം ചിന്തി അവൻ ജയം പ്രാപിച്ചതുകൊണ്ടാണ്. യേശു വിന്റെ ക്രൂശുമരണം മുതൽ അവൻ പിതാവിന്റെ മഹത്വത്തിൽ ദൂത ഗണങ്ങളോടൊത്ത് രാജാധിരാജാവായി വീണ്ടും വരുന്നതുവരെയുള്ള ഈ ഭൂമിയുടെ ചരിത്രം മുദ്രയിട്ടിരിക്കുന്ന പുസ്തകത്തിൽ രേഖപ്പെടു ത്തിയിരിക്കുന്നത് നമുക്ക് പിന്നീടു പഠിക്കാം.

## യേശുവിനെപ്പറ്റിയുള്ള ഒരു മഹത്തായ പ്രവചനം

"പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവ്" എന്നു വെളിപ്പാട് 22:6,7 വാക്യങ്ങളിൽ യേശുവിനെ വിളിക്കുന്നു. ഇപ്രകാര മുള്ള അനേകം വാക്യങ്ങൾ തിരുവെഴുത്തിലുടനീളം നാം കാണുന്നു. "വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ

ആരംഭമായ ആമേൻ എന്നുള്ളവൻ" എന്നു വെളിപ്പാട് 3:14 ൽ നാം യേശുവിനെക്കുറിച്ച് വായിക്കുന്നു. "ആരംഭം" എന്ന വാക്ക് ഉല്പത്തിയെ സൂചിപ്പിക്കുന്നു. യേശു മുഖാന്തരം സകലവും സൃഷ്ടിക്കപ്പെട്ടു (എഫെസ്യർ 3:9; യോഹന്നാൻ 1:1-3,14; എബ്രായർ 1:1,2; കൊലൊസ്സ്യർ 1:13-17). യേശുവിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടുള്ള ഒരു മഹത്തായ പ്രവചനം ദാനീയേൽ 8:14 ൽ നാം കാണുന്നു. ഇതു ബൈബിളിലെ ഏറ്റവും വലിയ സമയപ്രവചനമാണ്. ഇതിന്റെ വിശദീകരണം ദാനീയേൽ 9-ാം അദ്ധ്യായത്തിൽ നമുക്കു കാണാവുന്നതാണ്. സമയപ്രവചനത്തിന്റെ വിശദീകരണത്തിന് ഒരു പ്രവചന ദിവസം ഒരു സാധാരണ വർഷമാണെന്നു ദൈവവചനം പറയുന്നു. (യെഹെസ്കേൽ 4:6; സംഖ്യാപുസ്തകം 14:34).

ദൈവത്തിന്റെ പുരാതന ജനമായ യെഹൂദന്മാർക്ക് 70 ആഴ്ചവട്ടം അവസാനമായി ദൈവം കൊടുത്തു എന്ന് ദാനീയേൽ 9:24-ൽ നാം വായിക്കുന്നു. ഈ കാലഘട്ടം 490 വർഷമാണ്. ദാനീയേൽ 8:14 ൽ പറയുന്ന 2300 വർഷത്തിന്റെ ആദ്യത്തെ 490 വർഷം അവർക്കു വേണ്ടി മാത്രം നീക്കിവച്ചിരിക്കുന്നു. ഈ കാലയളവിനുള്ളിൽ യെരൂശലേം പുതുക്കിപ്പണിയപ്പെടുകയും മശീഹ അഭിഷിക്തനാവുകയും ക്രൂശിക്കപ്പെടുകയും യെഹൂദന്മാർക്കുള്ള പ്രത്യേക കാലാവധി അവസാനിക്കുകയും ചെയ്യും. ദാനീയേൽ 9:24-27 വരെയുള്ള വാക്യങ്ങളനുസരിച്ച് യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുന്നതിനുള്ള എസ്രാ, നെഹെമ്യാവ് എന്നീ പുസ്തകങ്ങളിൽനിന്നും ഇതു നമുക്കു മനസ്സിലാക്കാവുന്നതാണ്. പേർഷ്യൻ രാജാവായിരുന്ന അർത്ഥഹ്ശഷ്ടാവിന്റെ 7-ാം ആണ്ടിൽ ബി.സി. 457 ശരത്കാലത്ത് യെരൂശലേം പുതുക്കിപ്പണിയുവാൻ ആരംഭിച്ചു. അന്നു മുതൽ 69 ആഴ്ച (483 പ്രവചനവർഷം) എ.ഡി. 27 ൽ എത്തുന്നു. പ്രവചനപ്രകാരം എ.ഡി. 27 ൽ മശീഹ പ്രത്യക്ഷനായോ? നൂറ്റാണ്ടുകൾക്കു മുമ്പെഴുതിയ ഈ പ്രവചനം കണക്കുകൂട്ടി നോക്കിയാൽ അതുതന്നെ യേശുവിന്റെ ദിവ്യത്വം വെളിപ്പെടുത്തുന്നതായി നമുക്കു മനസ്സിലാക്കാം.

"തിബെരിയൊസ് കൈസറുടെ വാഴ്ചയുടെ 15-ാമാണ്ടിൽ" യേശു യോഹന്നാനാൽ സ്നാനപ്പെട്ടു എന്ന് ലൂക്കൊസ് 3:1, 21,22 എന്നീ വാക്യങ്ങളിൽ നാം വായിക്കുന്നു. യേശു മശീഹ (അഭിഷിക്തൻ) ആയത് തന്റെ സ്നാനസമയത്താണ്. ദൈവം അവനെ പരിശുദ്ധാത്മാവിനാലും

ശക്തിയാലും അഭിഷേകം ചെയ്തു. (അപ്പൊ. പ്രവൃത്തികൾ 10:38; യോഹന്നാൻ 1:41). തിബെരിയൊസ് കൈസറുടെ വാഴ്ചയുടെ 15-ാം ആണ്ട് എ.ഡി. 27 ആണെന്ന് ചരിത്രം പറയുന്നു. പ്രവചനം എത്ര കൃത്യമായി നിറവേറിയിരിക്കുന്നു. തന്നെക്കുറിച്ചുള്ള ഈ പ്രവചന നിറവേറൽ യേശുവിനും നന്നായി അറിയാമായിരുന്നു എന്ന് മർക്കൊസ് 1:14,15 എന്നീ വാക്യങ്ങൾ സൂചിപ്പിക്കുന്നു. "കാലം തികഞ്ഞു, ദൈവ രാജ്യം സമീപിച്ചിരിക്കുന്നു" എന്നു യേശു പ്രസംഗിച്ചുതുടങ്ങി. നൂറ്റാണ്ടുകൾക്കുമുമ്പു ദാനീയേൽ പ്രവചിച്ചപ്രകാരം കൃത്യസമയം വന്ന പ്പോൾ മശീഹ പ്രത്യക്ഷനായി. അവൻ ദൈവപുത്രൻതന്നെയാണ്.

പ്രവചനപ്രകാരം യേശുവിന്റെ സ്നാനം മുതൽ 70-ാമത്തെ ഒരാഴ്ചകൂടെ (7 വർഷം) യെഹൂദന്മാർക്ക് ശേഷിച്ചിരുന്നു. പ്രവചന പ്രകാരം 70-ാമത്തെ ആഴ്ചവട്ടത്തിന്റെ മദ്ധ്യേ യേശു ക്രൂശിൽ മരിക്കേണ്ടതാണ്. എ.ഡി. 27-ലെ ശരത്കാലം മുതൽ 3½ വർഷം കൂട്ടി നോക്കുക. എ.ഡി. 31 ലെ വസന്തകാലത്തിൽ നാം എത്തിച്ചേരുന്നു. എ.ഡി. 31-ൽ യേശു മരിക്കുമെന്നുള്ള പ്രവചനവും കൃത്യമായിത്തന്നെ നിറവേറിക്കഴിഞ്ഞു. അതിനുശേഷം യെഹൂദന്മാർക്കുവേണ്ടി മാറ്റിവെച്ച കാലസംഖ്യയിൽ 3½ വർഷംകൂടെ അവശേഷിക്കുന്നു. പിന്നെ 3½ വർഷം കഴിഞ്ഞപ്പോഴാണ് സ്തെഫാനോസ് കല്ലെറിഞ്ഞു കൊല്ലപ്പെട്ടത്. അത് എ.ഡി. 34 ൽ ആയിരുന്നു. അന്ന് യെരൂശലേമിലെ സഭക്ക് വലിയ പീഡനം നേരിട്ടു. അതോടുകൂടെ ഒരു പ്രത്യേക ജനമെന്ന പദവി യെഹൂദാ ജാതിക്കു നഷ്ടപ്പെട്ടു. സുവിശേഷം പുറജാതികളിലേക്ക് കടന്നുപോയി.



എ.ഡി. 27-ൽ യേശു യോഹന്നാനാൽ സ്നാനമേറ്റു

യേശുവിന്റെ ദിവ്യത്വത്തെ വെളിപ്പെടുത്തുന്ന അനേകം പ്രവചനങ്ങൾ തിരുവെഴുത്തിൽ നമുക്കു കാണാൻ കഴിയുന്നു. ഇന്ന് യേശു

ക്രിസ്തുവിൽകൂടെ മാത്രം യെഹൂദന്മാരും ജാതികളായവരും ഒരുപോലെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായി രക്ഷപ്രാപിക്കുന്നു (ഗലാത്യർ 3:29; റോമർ 2:28,29; 9:6-8).

യേശുക്രിസ്തുവിന്റെ രക്ഷണ്യവേലയുടെ മഹത്ത്വകരമായ പൂർത്തീകരണം വെളിപ്പാടുപുസ്തകത്തിൽ ആരംഭം മുതൽ അവസാനംവരെ നാം കാണുന്നു. നിങ്ങൾക്കും എനിക്കും വേണ്ടി മരിച്ച യേശു നിങ്ങളുടെയും എന്റെയും ഹൃദയകവാടത്തിൽ മുട്ടുന്നു. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും. ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ" (വെളിപ്പാട് 3:20,21). ഈ വീരനായകന്റെ പിന്നിൽ നിങ്ങൾക്കും അണിചേരുവാൻ ഈ പുസ്തകം സഹായകരമാകട്ടെ.

# വെളിപ്പാടിലെ എതിരാളി

**ഭീ**കരവും മാരകവും ക്രമീകൃതവുമായ ഒരു പോരാട്ടം നന്മയും തിന്മയും തമ്മിൽ നടന്നുകൊണ്ടിരിക്കുന്നത് ഭൂതലമെങ്ങും നാം കാണുന്നു. ഈ പോരാട്ടത്തിൽ ദൈവപുത്രനായ ക്രിസ്തു ജ്ഞാനത്തോടും ബുദ്ധിയോടും ദയയോടും ദീർഘക്ഷമയോടും അനുകമ്പയോടും കൂടെ ശാന്തചിത്തനായി നന്മയുടെയും സ്നേഹത്തിന്റെയും ശക്തികളെ ധീരതയോടെ നിയന്ത്രിച്ചും നയിച്ചും കൊണ്ടിരിക്കുന്നു. അവന്റെ നേതൃത്വപാടവം നീതിയുക്തമെന്ന് ശത്രുക്കൾപോലും സമ്മതിക്കുന്നു. അവൻ നമ്മുടെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമാകയാൽ ആരാധനക്ക് യോഗ്യനുമാണ്.

മറുവശത്ത് വേറൊരുവൻ ആക്രമണങ്ങളും പ്രകൃതിക്ഷോഭങ്ങളും നശീകരവും അഴിച്ചുവിട്ട് ശൂന്യത വരുത്തിക്കൊണ്ട് തന്റെ ദുഷ്ട സേനയെ ധൈര്യസമേതം നയിക്കുന്നുമുണ്ട്. ആ തലവനെ സാത്താനെന്നും പിശാചെന്നുമൊക്കെ ബൈബിൾ വിളിക്കുന്നു. അവൻ ഹൃദയശൂന്യനും മരണവിഷം നിറഞ്ഞവനും ദുഷ്ടതയുടെ ഉറവിടവുമാണ്. അവനും ആരാധന ആവശ്യപ്പെടുന്നു. ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും അവന്റെ ഉദ്ദേശ്യത്തിൽ അജ്ഞരായി അവനെ ആരാധിക്കുന്നു. അവന്റെ ഹീനപ്രവൃത്തികൾ നമുക്ക് അജ്ഞാതമായിരുന്നാൽ അവനെ ആരാധിക്കുന്നതിൽ നാമും പെട്ടുപോകും.

ആരാധനാ തല്പരരായി മനുഷ്യർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാവരും എന്തിനെയെങ്കിലും ആരാധിക്കുന്നവരാണ്. ചിലർക്ക് സ്വന്തം അഭിപ്രായമായിരിക്കും ആരാധനാവിഷയം. ചിലർ സമ്പത്തിനെ ആരാധിക്കുന്നു. യേശുവിനെ ഒഴികെ മറ്റെന്തിനെങ്കിലും നാം ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കുമ്പോൾ നമ്മൾ സാത്താനെ ആരാധിക്കുക

യാണ്. ഈ ഭൂഗോളത്തിലെ സകലമനുഷ്യരും ഒന്നുകിൽ സാത്താനെയോ അല്ലെങ്കിൽ യേശുവിനെയോ ആരാധിക്കുന്നവരാണ്.

## സാത്താന്റെ അപരനാമങ്ങൾ

വെളിപ്പാട് 2:10-ൽ പിശാച് എന്ന് സാത്താനെ പറഞ്ഞിരിക്കുന്നു. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പ് എന്ന് വെളി. 12:9 ൽ കാണാം. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി എന്ന് 10-ാം വാകൃത്തിൽ സാത്താനെ വിളിച്ചിരിക്കുന്നു.


സാത്താൻ

വെളിപ്പാടിൽ 55 തവണ സാത്താനെന്നു എടുത്തു പറഞ്ഞിട്ടുണ്ട്. ദൈവത്തിനും ദൈവജനത്തിനും എതിരെയുള്ള അവന്റെ പ്രവർത്തനങ്ങളെപ്പറ്റി മറ്റനേകം തവണ പരാമർശിച്ചിട്ടുണ്ട്.

എതിരാളി, ശത്രു എന്നൊക്കെയാണ് സാത്താൻ എന്ന വാക്കിന്റെ അർത്ഥം. പിശാച് എന്ന വാക്കിന്റെ അർത്ഥം അപവാദം അല്ലെങ്കിൽ പരദൂഷണം അഥവാ ദുരാരോപണം പറഞ്ഞു നടക്കുന്നവൻ എന്നാണ്.

## സാത്താൻ എവിടെനിന്നു വന്നു

വെളിപ്പാടിൽ അതിനെക്കുറിച്ച് നാം ഇപ്രകാരം വായിക്കുന്നു: “പിന്നെ സ്വർഗ്ഗത്തിൽ യുദ്ധമുണ്ടായി; മിഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി, ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു” വെളിപ്പാട് 12:7-9. “സാത്താൻ മിന്നൽപോലെ ആകാശത്തു

നിന്നു വീഴുന്നതു ഞാൻ കണ്ടു" ലൂക്കൊസ് 10:18. "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിച്ചിരിക്കുന്നു" എന്നു സാത്താനെയും അവന്റെ ദൂതന്മാരെയുംകുറിച്ച് തിരുവെഴുത്ത് പറയുന്നു (2 പത്രൊസ് 2:4). സാത്താനും അവന്റെ ദൂതന്മാരും സ്വർഗ്ഗത്തിൽനിന്ന് തള്ളപ്പെട്ടുപോയതായി തിരുവചനം പ്രസ്താവിക്കുന്നു.

ഇതിന്റെ വിശദീകരണംകൂടെ നമുക്കുനോക്കാം. "സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി: ഏഴു തലയും പത്തുകൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീനിറമുള്ളോരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞു" വെളിപ്പാട് 12:3,4. ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചപ്പോൾ പ്രഭാതനക്ഷത്രങ്ങൾ ആർത്തുപാടി എന്നു ഇയ്യോബ് 38:6 ൽ പറയുന്നു. ഇവിടെ നക്ഷത്രങ്ങൾ എന്നു ഉദ്ദേശിക്കുന്നത് ദൈവത്തിന്റെ ദൂതഗണങ്ങളാണ്. സ്വർഗ്ഗീയ മാലാഖവൃന്ദത്തിൽ മൂന്നിലൊരു ഭാഗം സാത്താനോടൊത്തു ദൈവത്തിനെതിരേയുള്ള മത്സരത്തിൽ പങ്കുചേരുകയും അവർ സ്വർഗ്ഗത്തിൽനിന്നു തള്ളപ്പെട്ടുപോവുകയും ചെയ്തു. പാപം ചെയ്ത ദൂതന്മാർ വീണുപോയി എന്നു യൂദാ 6-ാം വാക്യം പറയുന്നു. "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിന്റെകീഴിൽ സൂക്ഷിച്ചിരിക്കുന്നു." സ്വർഗ്ഗീയ ദൂതന്മാരിൽ മൂന്നിലൊരു ഭാഗം സാത്താനാൽ വഞ്ചിക്കപ്പെട്ട് നാശത്തിൽ വീണുപോയി. ദൂതന്മാരെ വഞ്ചിച്ചവൻ എത്ര എളുപ്പം മനുഷ്യരെ വഞ്ചിക്കുമെന്ന് ഓർക്കുക. യേശുവോടു ചേർന്നിരിക്കുന്നതുമാത്രമാണ് നമുക്ക് സുരക്ഷിതം.

സാത്താനടക്കമുള്ള സകല ദൂതഗണങ്ങളും ദൈവത്തിന്റെ സൃഷ്ടിയിൽ ഉൾപ്പെട്ടവരാണ് (കൊലൊസ്സ്യർ 1:16). ഈ ഭൂമിയിൽ മനുഷ്യരുടെ സൃഷ്ടിക്കുമുമ്പ് ലൂസിഫറും മറ്റു ദൂതഗണങ്ങളും യേശുവും സ്വർഗ്ഗത്തിൽ മറ്റു സ്വർഗ്ഗീയവാസികളുമായി ഒരുമിച്ചുണ്ടായിരുന്നു. ദൈവസൃഷ്ടിയായ ലൂസിഫർ ഒരു കാലത്ത് ദൈവത്തെ അത്യധികം സ്നേഹിച്ചിരുന്നു. പാപം അവനിൽ ഉണ്ടാകയും തന്നിമിത്തം അവനെ തള്ളിക്കളകയും ചെയ്യേണ്ടിവന്നപ്പോൾ യേശുവിനുണ്ടായ ഹൃദയവേദന മനസ്സിൽ സങ്കൽപിക്കുക. ഇന്നും പാപം അപ്രകാരം തന്നെ

യാണ്. അത് ദൈവത്തിൽനിന്നുള്ള വേർപാട് കൊണ്ടുവരുന്നു. ഹൃദയ നൊമ്പരവും കഷ്ടപ്പാടും സങ്കടവും അത് സംജാതമാക്കുന്നു.

## വീഴ്ചക്കുമുമ്പു സ്വർഗ്ഗത്തിൽ ലൂസിഫർ എന്തായിരുന്നു?

യെഹെസ്ക്കേൽ 28-ാം അദ്ധ്യായത്തിൽ സാത്താനെ സോർ രാജാവിന്റെ പ്രതീകമായും യെശയ്യാവ് 14-ാം അദ്ധ്യായത്തിൽ ബാബിലോൺ രാജാവിന്റെ പ്രതീകമായും വർണ്ണിച്ചിരിക്കുന്നു. ഈ രാജാക്കന്മാർ അവരുടെ യഥാർത്ഥ പ്രഭുവായ സാത്താന്റെ പ്രതിഫലനങ്ങളായിരുന്നു. എന്നാൽ സാത്താന് വീഴ്ച ഭവിക്കുന്നതിനുമുമ്പ് അവൻ സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നു. അതിനെക്കുറിച്ചുള്ള തിരുവചനസത്യം എന്താണെന്നു നമുക്കു പരിശോധിക്കാം.

"കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ" എന്നു ദൈവത്തെ തിരുവചനത്തിൽ വിളിച്ചിരിക്കുന്നു (സങ്കീ. 80:1). രണ്ടു കെരൂബുകളുടെ മദ്ധ്യേ ദൈവസിംഹാസനം സ്ഥിതിചെയ്യുന്നു. അത്യുന്നത വിശ്വാസത്തിന്റെയും ബഹുമാനത്തിന്റെയും സ്ഥാനം അലങ്കരിച്ചുകൊണ്ട് ദൈവത്തിന്റെ ഇരുവശങ്ങളിലും കെരൂബുകൾ നില്ക്കുകയാണ്. വീഴ്ചക്കുമുമ്പ് ലൂസിഫർ ഈ കെരൂബുകളിൽ ഒരുവനായിരുന്നു.

തിരുവചനം ലൂസിഫറിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു. ഞാൻ നിന്നെ വിശുദ്ധ ദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു. നീ അഗ്നിമയ രത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു." "താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേതകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം മുതലായ സകല രത്നങ്ങളും നിന്നെ മൂടിയിരുന്നു" (യെഹെസ്കേൽ 28:13,14). "അരുണോദയ പുത്രനായ ശുക്രൻ" എന്ന് യെശയ്യാവിന്റെ പുസ്തകത്തിൽ ലൂസിഫർ വർണ്ണിക്കപ്പെട്ടിരിക്കുന്നു (യെശയ്യാവ് 14:12). "നീ മാതൃകാമുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നെ" എന്ന് യെഹെസ്കേൽ ലൂസിഫറിനെക്കുറിച്ച് പറയുന്നു (യെഹെസ്കേൽ 28:12). സ്വർഗ്ഗീയ ഗായകസംഘങ്ങളുടെ എല്ലാം നിയന്ത്രണം ലൂസിഫറിനായിരുന്നു എന്ന് യെഹെസ്കേൽ 28:13 വ്യക്തമാക്കുന്നു. 15-ാം വാക്യം നാം ഇപ്രകാരം വായിക്കുന്നു: "നിന്നെ സൃഷ്ടിച്ച നാൾ മുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു." പക്ഷെ അവന്റെ "വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം" അവൻ പാപം ചെയ്തു. അതുകൊണ്ട് ദൈവം

അവനെ അശുദ്ധൻ എന്നെണ്ണി ദേവപർവ്വതത്തിൽനിന്ന് തള്ളി ക്കളഞ്ഞു. അവന് വീഴ്ച ഭവിക്കുവാനുള്ള കാരണത്തെ സംബന്ധിച്ച് നാം ഇപ്രകാരം വായിക്കുന്നു.

"നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു; നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി" (യെഹെസ്കേൽ 28:17). "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവ ത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തി യിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോ ന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്ന് അവൻ ഹൃദയത്തിൽ പറഞ്ഞു (യെശയ്യാവ് 14:13). ഈ ഒരു വാക്യത്തിൽതന്നെ അഞ്ചു പ്രാവശ്യം "ഞാൻ, എന്റെ" എന്നുള്ള വാക്കു കൾ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ഇതാണ് എല്ലാ പാപ ത്തിന്റെയും അടിസ്ഥാന കാരണം. ഞാൻ എന്ന ഭാവം അഥവാ അഹം ഭാവം ഇന്നു ഭൂതലത്തിൽ മനുഷ്യരിലും കൂടികൊണ്ടിരിക്കുന്നത് നമുക്ക് കാണാം. മനുഷ്യൻ സാത്താനു കീഴ്പ്പെട്ടുപോയതുകൊണ്ട് സാത്താന്റെ സ്വഭാവമായ അഹംഭാവം മനുഷ്യരിലും വാണരുളുന്നു. ലോകത്തിൽ കാണുന്ന സകല തിന്മകൾക്കും അടിസ്ഥാനകാരണം ഇതുതന്നെയാണ്.

ദൈവത്തെക്കാൾ ഉന്നതനായിരുന്നുകൊണ്ട് സകലത്തെയും ഭരിക്കുവാൻ ലൂസിഫർ ആഗ്രഹിച്ചു. എന്നാൽ യേശുവാകട്ടെ സ്വർഗ്ഗീയ മഹിമ വെടിഞ്ഞ് മനുഷ്യവേഷം ധരിച്ച് ദാസരൂപത്തിൽ താഴ്ച യിലേക്കു ഇറങ്ങിവന്നു. ഇതിലെ പാഠം വളരെ വ്യക്തമാണ്. ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും കൊടുക്കുകയും ചെയ്യുന്നത് യേശുവിനെപ്പോലെ നമ്മെ രൂപാന്തരപ്പെടുത്തുന്നു. മറ്റുള്ളവർ നമ്മെ ശുശ്രൂഷിക്കണമെന്നു ചിന്തിക്കുന്നതും മോഹിക്കുന്നതും ആഗ്രഹിക്കു ന്നതും പിടിച്ചെടുക്കുവാൻ ശ്രമിക്കുന്നതുമെല്ലാം സാത്താന്റെ സ്വഭാവ മാണ്. നാമെല്ലാവരും യേശുവിന്റെ അല്ലെങ്കിൽ സാത്താന്റെ പക്ഷത്ത് ആയിരിക്കും.

## വീഴ്ച ഭവിച്ച സാത്താൻ

പകുതി മൃഗവും പകുതി മനുഷ്യനുമായി ഭീകരരൂപത്തിൽ സാത്താനെക്കുറിച്ചുള്ള കെട്ടുകഥകൾ പ്രചരിക്കുന്നതുകൊണ്ട് ബുദ്ധി ജീവികൾപോലും സാത്താന്റെ അസ്തിത്വത്തെ അവിശ്വസിക്കുന്നു. അങ്ങനെ എല്ലാവരും സാത്താന്റെ വഞ്ചനക്ക് വശംവദരായിത്തീർന്നു

പോകുന്നു. ഇന്നു ഭൂമിയിൽ ഭീകര സംഭവങ്ങളും പ്രകൃതിക്ഷോഭങ്ങളും മഹാമാരികളും ഉണ്ടാകുമ്പോൾ അതിനെല്ലാം കാരണക്കാരൻ ദൈവമാണെന്ന് ചിന്തിക്കുവാൻ സാത്താൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെയും സകല സൃഷ്ടികളുടെയും ശത്രുവായ സാത്താനാണ് സകല ദോഷങ്ങൾക്കും കാരണഭൂതനെന്നു തിരുവെഴുത്തു പറയുന്നു. അന്ത്യത്തിൽ ഇത് സകലരും മനസ്സിലാക്കത്തക്കവിധം എല്ലാവർക്കും വെളിപ്പെട്ടുവരികയും ചെയ്യും. "ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളയുകയും തന്റെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചുവിടാതിരിക്കയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപിക്കും" (യെശയ്യാവ് 14:17).

ദുഷ്ടന്റെ രൂപത്തിൽ സാത്താൻ ഒരിക്കലും പ്രത്യക്ഷപ്പെടുന്നില്ല. ഉത്സാഹശീലനും സ്നേഹസമ്പന്നനുമായ ഒരു സ്നേഹിതന്റെയോ ക്രിസ്തീയ പ്രവർത്തകന്റെയോ രൂപത്തിലും സാത്താൻ പ്രവർത്തിക്കുന്നു. ഇപ്രകാരമവൻ ലക്ഷോപലക്ഷങ്ങളെ വഞ്ചിച്ചുകഴിഞ്ഞിരിക്കുന്നു. തുറന്ന യുദ്ധം അവൻ ചെയ്യുന്നില്ലായിരിക്കാം. തനിക്ക് കീഴ്പ്പെട്ടുകഴിഞ്ഞിരിക്കുന്ന മനുഷ്യരെ ആയുധമാക്കി അവൻ പ്രവർത്തിക്കുന്നു. "ഇങ്ങനെയുള്ളവർ കള്ള അപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രെ; അത് ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ" (2 കൊരിന്ത്യർ 11:13,14).

## സാത്താൻ അത്ഭുതം പ്രവർത്തിക്കുന്നുണ്ടോ?

"ഇവ സർവ്വ ഭൂതലത്തിലുമുള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന് കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്ക് പുറപ്പെടുന്ന ഭൂതാന്മാക്കൾ തന്നെ" എന്നു "മൃഗത്തിന്റെ വായിൽനിന്നും മഹാസർപ്പത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ" പുറപ്പെട്ടുവരുന്ന അശുദ്ധാത്മാക്കളെക്കുറിച്ച് വെളിപ്പാടുപുസ്തകം പ്രസ്താവിക്കുന്നു (വെളിപ്പാട് 16:13,14). "അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും" (2 തെസ്സലൊനീക്യർ 2:9).

“കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും” (മത്തായി 24:24). യേശുവിനെ പരീക്ഷിച്ചതുപോലെ തിരുവചനംകൊണ്ടുതന്നെ സാത്താൻ മനുഷ്യരെ വഞ്ചിക്കുന്നു. “ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായ” ജനത്തോടു മാത്രം സാത്താൻ യുദ്ധം ചെയ്യുന്നു (വെളി. 12:17).

“പിശാച് തനിക്ക് അല്പകാലമേ ഉള്ളൂ എന്നറിഞ്ഞ് മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു” (വെളിപ്പാട് 12:12). “പിശാച് അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടൂ” എന്ന് അലഞ്ഞുനടക്കുന്നതായി 1 പത്രൊസ് 5:8-ൽ നാം വായിക്കുന്നു. എന്നാൽ ദൈവമക്കൾ “കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും സാത്താനെ ജയിക്കും” (വെളിപ്പാട് 12:11).

## സാത്താന്റെ അന്ത്യം എന്താണ്?

“അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധക തീപ്പൊയ്കയിലേക്കു തള്ളിയിടും” (വെളിപ്പാട് 20:10). ആകാശത്തുനിന്നു തീ ഇറങ്ങി ദുഷ്ടന്മാരോടൊത്തു സാത്താനും എരിഞ്ഞടങ്ങിപ്പോകും. “മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം” (വെളിപ്പാട് 20:14). “ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (മലാഖി 4:1). യെഹെസ്കേൽ പ്രവചനം സാത്താന്റെ അന്ത്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: “അതുകൊണ്ടു ഞാൻ നിന്റെ നടുവിൽനിന്നു ഒരു തീ പുറപ്പെടുവിക്കും; അതു നിന്നെ ദഹിപ്പിച്ചുകളയും; നിന്നെ കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും. ജാതികളിൽ നിന്നെ അറിയുന്നവരെല്ലാവരും നിന്നെ കണ്ടു സ്തംഭിച്ചുപോകും; നിനക്കു ശീഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെയാകും” (യെഹെസ്കേൽ 28:18,19).

# വെളിപ്പാടിലെ സുവാർത്ത

**ബൈ**ബിളിലെ ആദ്യപുസ്തകത്തിലെ ആദ്യ മൂന്നു അദ്ധ്യായങ്ങൾ ഈ ലോകത്തിൽ പാപം കടന്നുവന്നതെങ്ങനെ എന്ന് വിചാരിക്കുന്നു. അപ്രകാരം അവസാന പുസ്തകത്തിലെ അവസാന മൂന്ന് അദ്ധ്യായങ്ങൾ ഈ ഭൂമിയിൽനിന്ന് പാപം നിർമ്മാർജ്ജനം ചെയ്യപ്പെടുന്നത് എപ്രകാരമാണെന്നു വിശദീകരിക്കുന്നു. ഈ രണ്ടിനും ഇടക്കുള്ള പുസ്തകങ്ങളും അദ്ധ്യായങ്ങളും എല്ലാം തന്നെ ഈ വൻദുരന്തത്തെ ദൈവം എപ്രകാരം നേരിട്ടു എന്നും നേരിട്ടുകൊണ്ടിരിക്കുന്നു എന്നും നമ്മോടു പറയുന്നു.

പാപത്തിന്റെ ശിക്ഷ മരണമാണ്. അത് വെച്ചുപൊറുപ്പിക്കാവുന്നതല്ല. ആദാമും ഹൗവ്വയും പാപം ചെയ്തപ്പോൾതന്നെ അത് മാനവരാശിയെ മുഴുവൻ ബാധിച്ചതുകൊണ്ട് അന്നുമുതൽ ഇന്നോളം ഉള്ള എല്ലാ മനുഷ്യരും മരണശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഭീതിജന്യമായ ഈ വിഷമഘട്ടത്തെ ദൈവംതന്നെ നേരിടേണ്ടതായിവന്നു. പാപത്തെ അനുവദിച്ചുകൊണ്ട് സകല ലോകങ്ങളെയും അപകടത്തിലാക്കണമോ? അല്ലെങ്കിൽ ഭൂമിയിലെ മനുഷ്യരെ എല്ലാം നശിപ്പിച്ചുകളയേണമോ? എന്താണു വേണ്ടത്? ഈ രണ്ടു തിരഞ്ഞെടുപ്പും ദൈവം തള്ളിക്കളഞ്ഞു. ദൈവം അത്രമാത്രം സ്നേഹിക്കുന്ന ഭൗമിക കുഞ്ഞുങ്ങളെ ഉപേക്ഷിച്ചുകളയുന്നത് ചിന്തിക്കുവാൻപോലും ദൈവത്തിനു സാധ്യമായില്ല. മാത്രമല്ല, പാപത്തിന്റെ ഹീനമായ അണുക്കൾ വിജയിച്ച് സകല പ്രപഞ്ചങ്ങളെയും കീഴടക്കുന്നതും അനുവദിക്കാനാകയില്ല.

അതിനുപകരം അവിശ്വസനീയമായ സ്നേഹത്തിന്റെ പ്രതീകമായി ദൈവം തന്റെ പുത്രനെ നിങ്ങൾക്കും എനിക്കുംവേണ്ടി മരിക്കുവാൻ ഈ ലോകത്തിലേക്കു അയച്ചു. നമ്മുടെ മരണശിക്ഷ അവന്റെമേൽ

ആക്കിക്കൊണ്ട് ദൈവം നമുക്ക് സ്വാതന്ത്ര്യം തന്നു. ഇതിനെ നിത്യ സുവിശേഷം എന്നു വെളിപ്പാടു പറയുന്നു (14:6). യേശു തന്റെ വിശ്വസ്തരായ മക്കൾക്കെല്ലാം ജീവകിരീടം വാഗ്ദാനം ചെയ്യുന്നു (വെളിപ്പാട് 2:10). യേശുവിൽകൂടെ നമുക്കെല്ലാം അത്ഭുതകരമായ ഈ നിത്യജീവൻ ലഭ്യമാണ്.

## വെളിപ്പാട് ദൈവസ്നേഹം വെളിവാക്കുന്നു

"ഭൂവാസികളായ സകല ജാതിയും ഭാഷയും ഗോത്രവും ആയവരോടു അറിയിപ്പാനുള്ള നിത്യസുവിശേഷം" എന്നു ദൈവ ത്തിന്റെ പദ്ധതിയെക്കുറിച്ച് ദൈവംതന്നെ പറയുന്നു (വെളിപ്പാട് 14:6). ഈ ദൈവിക പദ്ധതി ലോകസ്ഥാപനം മുതൽ നടപ്പിലായി. "ലോക സ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്" എന്നു യേശുവിനെ ക്കുറിച്ച് വെളിപ്പാട് പറയുന്നു (13:8). പാപം കടന്നുവന്നശേഷം ഏതു കാലഘട്ടത്തിൽ രക്ഷിക്കപ്പെട്ട മനുഷ്യരായാലും അവർ യേശുവിന്റെ രക്തത്തിൽ കൂടെ മാത്രം രക്ഷിക്കപ്പെട്ടവരാണ് (അപ്പൊസ്തല പ്രവൃത്തികൾ 4:12). പഴയകാല വിശ്വാസികൾക്ക് വേറൊരു രക്ഷാ പദ്ധതിയും ഉണ്ടായിരുന്നില്ല. അവരെല്ലാവരും വിശ്വാസത്താൽ ക്രൂശിനെ നോക്കിക്കൊണ്ട് യേശുവിന്റെ രക്തത്തെ സ്വീകരിച്ചു. വരുവാനിരുന്ന ദൈവകുഞ്ഞാടിലുള്ള വിശ്വാസത്താൽ അവർക്ക് പാപക്ഷമ ലഭിച്ചു. യേശുവിന്റെ രക്തത്തിൽകൂടെ അവർക്ക് കൃപയും സമാധാനവും ലഭിച്ചു. യേശു "നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തു" (വെളിപ്പാട് 1:5,6).

എന്റെ പാപത്തിന്റെ ഭീകരത ഞാൻ മനസ്സിലാക്കിക്കൊണ്ട് അവയെ ഏറ്റുപറഞ്ഞ് യേശുവിന്റെ ക്രൂശിൽ അർപ്പിക്കുമ്പോൾ എനിക്ക് അവൻ അത് ക്ഷമിച്ചുതരുന്നു. എന്റെ മാനസാന്തരത്തിനായുള്ള യേശുവിന്റെ ശബ്ദം ഞാൻ കേൾക്കുമ്പോൾ ഞാൻ എന്റെ ഹൃദയവാതിൽ യേശു വിനു തുറന്നുകൊടുക്കുന്നു. യാതൊരു ഹീനപാപിക്കും ഇത് സാദ്ധ്യ മാണ്. തന്റെ അടുക്കൽ വരുന്ന ആരെയും യേശു തള്ളിക്കളയുന്നില്ല. "എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷി ക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക. ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ

ചെന്നു അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും" (വെളിപ്പാട് 3:19,20). യേശു പരിശുദ്ധാത്മാവിൽകൂടെ ഒരുവനിൽ വാസം ചെയ്യുമ്പോൾ അവൻ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കും. "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം" എന്നീ ഫലങ്ങൾ അവന്റെ ജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കും (ഗലാത്യർ 5:22,23). ഈ സദ്വാർത്ത നമുക്കു വെളിപ്പാടിൽ നല്കപ്പെട്ടിരിക്കുന്നു.

# വെളിപ്പാട് – ഒരു തുറന്ന പുസ്തകം

**യേ**ശുക്രിസ്തുവിന്റെ വെളിപ്പാട് നമ്മുടെ കരങ്ങളിൽ എത്തിയ വഴികൾ എത്ര ആശ്ചര്യകരമായിരിക്കുന്നു എന്നു നോക്കുക: വേഗത്തിൽ സംഭവിക്കേണ്ട കാര്യങ്ങൾ പിതാവായ ദൈവത്തിന്റെ കൈവശമാണ്. ദൈവം അത് യേശുക്രിസ്തുവിന്റെ കരങ്ങളിൽ ഏല്പിച്ചു. യേശുക്രിസ്തു അത് തന്റെ ദൂതന്റെ കയ്യിൽ കൊടുത്തു. ദൂതൻ അതുമായി ഭൂമിയിലേക്കു വന്നു യോഹന്നാന്റെ മുമ്പിൽ അവ പ്രദർശിപ്പിച്ചു. “നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതുക” എന്നു യോഹന്നാന് ദൈവകല്പന ഉണ്ടായി. യോഹന്നാൻ അതെല്ലാം പുസ്തകത്തിൽ എഴുതിവെച്ചു (വെളിപ്പാട് 1:1–3,11,12,19). ഇന്ന് ദൈവ ഹിതപ്രകാരം പുസ്തകരൂപത്തിൽ അത് നമ്മുടെ കരങ്ങളിലും എത്തുവാൻ ദൈവം പ്രസാദിച്ചിരിക്കുന്നു.

ഈ പ്രവചനങ്ങൾ ആർക്കെല്ലാം പ്രത്യേകമായ അനുഗ്രഹം വാഗ്ദത്തം ചെയ്യുന്നു എന്ന് നോക്കുക. “ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവനും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു” (വെളിപ്പാട് 1:3). ഈ പ്രവചന പുസ്തകത്തിലെ വാക്കുകൾ നിങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുകയോ, നിങ്ങൾതന്നെ വായിച്ചു പഠിക്കുകയോ, അതിൽ എഴുതിയിരിക്കുന്നതു നിങ്ങൾ പ്രമാണിക്കുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ ഭാഗ്യവാനാണ്. മാത്രമല്ല അപ്രകാരമുള്ള എല്ലാവരെയും ഭാഗ്യവാന്മാർ എന്ന് തിരുവെഴുത്തു പറയുന്നു. “സമയം അടുത്തിരിക്കുന്നു” എന്നതാണ് അതിന്റെ കാരണം. സമയം തീർന്നുപോയി എന്നു വെളിപ്പാടു പുസ്തകം ആവർത്തിച്ചു പറയുന്നു. അതിൽ പറഞ്ഞിരിക്കുന്നതെല്ലാം ഇന്നു ലോകത്തിൽ സംഭവിച്ചു

കാണുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും. ഈ പുസ്തകം തുടർന്നു വായിക്കുക.

പ്രവചനം വിശദീകരിക്കുവാൻ യേശു ഉപയോഗിച്ച രീതി എന്താ യിരുന്നു? യേശു ഉയിർത്തെഴുന്നേറ്റ ദിവസം അതു വിശ്വസിക്കാതെ ഉള്ളം കലങ്ങി എമ്മവുസ്സ് എന്ന ഗ്രാമത്തിലേക്ക് യാത്ര ചെയ്ത രണ്ടു പേരോട് കർത്താവ് ഇപ്രകാരം ചോദിച്ചു: "അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദ ബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വ ത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു. മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറി ച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു" (ലൂക്കൊസ് 24:25-27). ഇവിടെ നാം തിരുവചന വ്യാഖ്യാനത്തെ സംബന്ധിച്ച് മനസ്സിലാക്കു ന്നത് എന്താണ്? തിരുവചനംതന്നെ തിരുവചനത്തെ വിശദീകരി ക്കുന്നു. നമ്മുടെ സ്വന്ത വിശദീകരണമോ അഭിപ്രായമോ ഒരിക്കലും പാടുള്ളതല്ല.

ബൈബിളിലെ അനേകം പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണി കൾ വെളിപ്പാടു പുസ്തകത്തിൽ ഉള്ളതായി നാം മുഖവുരയിൽ കണ്ടു വല്ലോ. അതുകൊണ്ടു വെളിപ്പാടു പുസ്തകം പഠിക്കുന്നതിന് ബൈബി ളിലെ മറ്റു പുസ്തകങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. യേശുക്രിസ്തു വിന്റെ വെളിപ്പാട് അപ്രകാരംതന്നെ മനസ്സിലാക്കുവാൻ കർത്താവു നമ്മെ വിളിക്കുന്നു.

### അടയാളങ്ങൾ ഉപയോഗിച്ചുള്ള ആശയവിനിമയം

ദൈവസന്നിധിയിൽനിന്ന് ദൂതൻ വെളിപ്പാടിലെ സന്ദേശവുമായി കടന്നുവന്ന് അത് യോഹന്നാന്റെ മുമ്പിൽ പ്രദർശിപ്പിച്ചു. അതിൽ അനേക അടയാളങ്ങളും സംജ്ഞകളും പ്രതീകങ്ങളും പ്രതിരൂപങ്ങളും അടങ്ങിയിരിക്കുന്നു. യേശു തിരുവചനം സംസാരിക്കുമ്പോഴും ഇപ്ര കാരം ഉപമകളിൽകൂടെ സ്വർഗ്ഗീയ സത്യങ്ങൾ വെളിപ്പെടുത്തിയിരി ക്കുന്നതായി നാം മനസ്സിലാക്കുന്നു. അതുപോലെതന്നെ വെളിപ്പാടും അനേക അടയാളങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. അതിന്റെ കാരണം നാം തിരുവെഴുത്തിൽ ഇപ്രകാരം വായിക്കുന്നു: "ദൈവരാജ്യത്തിന്റെ മർമങ്ങളെ അറിവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു; ശേഷമുള്ള

വർക്കോ കണ്ടിട്ടും കാണാതിരിപ്പാനും കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും ഉപമകളിലത്രെ" (ലൂക്കൊസ് 8:10).

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സത്യാന്വേഷികൾ മാത്രം ഗ്രഹിക്കേണ്ടതിന് ദൈവം അപ്രകാരം ചെയ്തിരിക്കുന്നു. മാത്രമല്ല, ദൈവവിരോധികളെയും ദൈവജനങ്ങളെയും വെളിപ്പാടിൽ തുറന്നു കാണിച്ചിരിക്കുകയാണ്. യഥാർത്ഥ വാക്കുകളാൽ അതെല്ലാം എഴുതപ്പെട്ടിരുന്നെങ്കിൽ ദൈവവിരോധികൾ അതിനെ നശിപ്പിച്ചുകളയുമായിരുന്നു. അതുകൊണ്ട് യഥാർത്ഥ സത്യം ദൈവമക്കൾ മാത്രം മനസ്സിലാക്കുന്നതിനും മറ്റുള്ളവരുടെ ദൃഷ്ടിയിൽ അതെല്ലാം മറവായിരിക്കുന്നതിനും ഇപ്രകാരം എഴുതിയിരിക്കുന്നു. എന്നാൽ പലയിടത്തും അടയാളങ്ങൾ എന്താണെന്ന് യഥാർത്ഥ ഭാഷയിൽ തന്നെ വിവരിച്ചിട്ടുമുണ്ട്. ബുദ്ധിയുള്ളവർക്ക് അത് ഗ്രഹിക്കുവാൻ ദൈവാത്മാവുതന്നെ അപ്രകാരം ചെയ്തിരിക്കുന്നു.

ദൃക്സാക്ഷി മൊഴിയെക്കാൾ നമുക്ക് പൂർണ്ണമായി ആശ്രയിക്കാവുന്ന ഒന്നാണ് പ്രവചനം. അത് ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. "ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ." അതുകൊണ്ട് പ്രവചനം ഒരിക്കലും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല. അതായത് പ്രവചനം ഒരിക്കലും ആരുംതന്നെ സ്വയമായ വ്യാഖ്യാനത്തിൽ കൈകാര്യം ചെയ്യരുതെന്ന് ദൈവം മുന്നറിയിപ്പുതരുന്നു (2 പത്രൊസ് 1:20,21).

ഇതിനെ സംബന്ധിക്കുന്ന മറ്റൊരു മുന്നറിയിപ്പ് വെളിപ്പാടു പുസ്തകം തന്നെ തരുന്നുണ്ട്. "ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന് വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കികളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും" (വെളിപ്പാട് 22:18,19).

വെളിപ്പാട് ഇന്നത്തെ നാളിലും പണ്ടുകാലത്തും മുദ്രയിടപ്പെട്ടതല്ലെന്ന് ദൈവം പറയുന്നു. അപ്പോൾ അത് മുദ്രയിടപ്പെട്ടതാണെന്നും നമുക്ക് ഗ്രഹിക്കാവുന്നതല്ലെന്നും ചിലർ പറയുന്നത് എന്തുകൊണ്ടാണ്. അതിനുള്ള ഉത്തരം തിരുവചനം തന്നെ നമുക്കു തരുന്നു.

“യഹോവ ഗാഢനിദ്ര നിങ്ങളുടെ മേൽ പകർന്നു നിങ്ങളുട കണ്ണുകളെ അടച്ചിരിക്കുന്നു; അവൻ പ്രവാചകന്മാർക്കും നിങ്ങളുടെ ദർശകന്മാരായ തലവന്മാർക്കും മൂടുപടം ഇട്ടിരിക്കുന്നു. അങ്ങനെ നിങ്ങൾക്ക് സകല ദർശനവും മുദ്രയിട്ടിരിക്കുന്ന ഒരു പുസ്തകത്തിലെ വചനങ്ങൾപോലെ ആയിത്തീർന്നിരിക്കുന്നു; അതിനെ അക്ഷരവിദ്യയുള്ള ഒരുത്തന്റെ കയ്യിൽ കൊടുത്ത്: ഇതൊന്നു വായിക്കേണം എന്നു പറഞ്ഞാൽ അവൻ: എനിക്ക് വഹിയാ; അതിന് മുദ്രയിട്ടിരിക്കുന്നുവല്ലോ എന്നു പറയും. അല്ല, ആ പുസ്തകം അക്ഷരവിദ്യയില്ലാത്തവന്റെ കയ്യിൽ കൊടുത്ത് ഇതൊന്നു വായിക്കേണം എന്നു പറഞ്ഞാൽ അവൻ: എനിക്ക് അക്ഷരവിദ്യയില്ല എന്നു പറയും. ഈ ജനം അടുത്തുവന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നു ദൂരത്തു അകറ്റിവച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി, മനഃപാഠമാക്കിയ മാനുഷകല്പനയത്രെ. ഇതുകാരണത്താൽ ഞാൻ ഈ ജനത്തിന്റെ ഇടയിൽ ഇനിയും ഒരു അത്ഭുതപ്രവൃത്തി, അത്ഭുതവും ആശ്ചര്യവും ആയോരു പ്രവൃത്തിതന്നെ ചെയ്യും; അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിക്കും; അവരുടെ ബുദ്ധിമാന്മാരുടെ ബുദ്ധിയും മറഞ്ഞുപോകും എന്നു കർത്താവ് അരുളിചെയ്യുന്നു” (യെശയ്യാവ് 29:10-14).

സാത്താന്റെ പ്രവർത്തനങ്ങളെ വെളിപ്പാടിൽ തുറന്നുകാണിച്ചിരിക്കുന്നതുകൊണ്ട് ജനം വെളിപ്പാടു പുസ്തകം പഠിക്കുന്നത് സാത്താൻ ഇഷ്ടപ്പെടുന്നില്ല. അതിനെ മൂടിവയ്ക്കുന്നതിന് അവൻ കഴിയുന്നതെല്ലാം ചെയ്യുന്നു. പഴയകാലത്തും സാത്താൻ ഇതുതന്നെ ചെയ്തിട്ടുണ്ട്. ഇന്നും അവൻ അത് തുടരുന്നു.

തിരുവെഴുത്ത് ഗ്രഹിക്കുന്നതിനുള്ള ചില സുപ്രധാനമാർഗ്ഗങ്ങൾ തിരുവെഴുത്തിൽതന്നെ പറഞ്ഞിരിക്കുന്നു. പ്രധാനമായി നാം ഇപ്രകാരം വായിക്കുന്നു: “അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികന്മാർക്ക് ആത്മികമായത് തെളിയിക്കുന്നു. എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതവന് ഭോഷത്വം ആകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതവന് ഗ്രഹിപ്പാൻ കഴിയുന്നതുമല്ല” (1 കൊരിന്ത്യർ 2:13,14). അതായത് തിരുവചനം പഠിക്കുമ്പോൾ പ്രാർത്ഥനയോടുകൂടെ പരിശുദ്ധാത്മാവിനു കീഴ്പ്പെട്ട് നാം പഠിക്കേണ്ടതാണ്.

അപ്രകാരം തന്നെ, "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക" (2 തിമൊഥെയൊസ് 2:15). തിരുവെഴുത്ത് അർത്ഥമാക്കുന്ന വിധംതന്നെ കൈകാര്യം ചെയ്യപ്പെടേണ്ടതാണ്. മാനുഷികമായ സ്വാർത്ഥതാല്പര്യങ്ങൾക്ക് അതിൽ അശേഷം സ്ഥാനമില്ല. "സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു; നീതികേടു അവനിൽ ഇല്ല" (യോഹന്നാൻ 7:18).

യേശു ഉപമകളിലും അടയാളങ്ങളിലുംകൂടെ പഠിപ്പിച്ചു. ആത്മീകരായവർ മാത്രം അതു ഗ്രഹിച്ചു. ജഡിക ചിന്തയുള്ളവർ അത് മനസ്സിലാക്കിയില്ല. എല്ലാ കാലങ്ങളിലും തിരുവചനത്തിന്റെ സ്ഥിതി അപ്രകാരം തന്നെയാണ്. "ദുഷ്ടന്മാരോ ദുഷ്ടത പ്രവർത്തിക്കും; ദുഷ്ടന്മാരിൽ ആരും അത് തിരിച്ചറികയില്ല; ബുദ്ധിമാന്മാരോ ഗ്രഹിക്കും" (ദാനീയേൽ 12:10). എന്നാൽ തിരുവചനം ഗ്രഹിച്ച് അനുസരിക്കുന്നവർക്കു ക്രിസ്തുവിന്റെ വിലയേറിയ വാഗ്ദത്തം നിലനില്ക്കുന്നുണ്ട്. "ഇതാ, ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ" എന്നു കർത്താവു അരുളി ചെയ്യുന്നു (വെളിപ്പാട് 22:7).

# "കർത്തൃദിവസ"ദർശനം ആരംഭിക്കുന്നു

## (വെളിപ്പാട് ഒന്നാം അദ്ധ്യായം)

**ഏ**തെങ്കിലും കാര്യങ്ങൾ വെളിപ്പെടുത്തുന്നതിനെയാണ് വെളിപ്പാട് എന്നു പറയുന്നത്. വെളിപ്പാടു പുസ്തകം ആരംഭിക്കുന്നതുതന്നെ "യേശുക്രിസ്തുവിന്റെ വെളിപ്പാട്" എന്നാണ്. അതായത് ഈ പുസ്തകം യേശുക്രിസ്തുവിനെയും ലോകരക്ഷക്കുള്ള തന്റെ അത്ഭുത പദ്ധതികളെയും വെളിപ്പെടുത്തുകയാണ്. സ്വർഗ്ഗാരോഹണം ചെയ്ത യേശു സ്വർഗ്ഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികളെ ഇതിൽ വെളിവാക്കിയിരിക്കുന്നു. ലോകത്തെ വീണ്ടെടുക്കുന്നതിനുള്ള ക്രിസ്തുവിന്റെ പദ്ധതിയുടെ ആരംഭം മുതൽ അന്ത്യം വരെ ഇതിൽ നമുക്കു വ്യക്തമായി കാണാം. അതെല്ലാംതന്നെ വളരെ "വേഗത്തിൽ സംഭവിപ്പാനുള്ളതും" ആകുന്നു. കർത്താവിന്റെ ദാസന്മാരായവർ അതു കണ്ടു മനസ്സിലാക്കേണ്ടതുമുണ്ട്. ആയതിനാൽ ആ ദിവ്യദൂതുകളെ ദൈവം ക്രിസ്തുവിന്റെ പക്കൽ ഏല്പിക്കുകയും ക്രിസ്തു അതിനെ തന്റെ ദൂതൻ മുഖാന്തരം അയച്ച് യോഹന്നാനു പ്രദർശിപ്പിക്കുകയും അവയെ നമുക്കെല്ലാവർക്കുമായി യോഹന്നാൻ എഴുതിവെയ്ക്കുകയും ചെയ്തു. ഈ ദൂത് "യേശുവിന്റെ സാക്ഷ്യവും ദൈവവചനവും" ആണ്. യേശുവിന്റെ സാക്ഷ്യം എന്നാൽ പ്രവചനത്തിന്റെ ആത്മാവ് ആകുന്നു (വെളിപ്പാട് 19:10).

"ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു" (വെളിപ്പാട് 1:3). ഇതു പ്രത്യേകമായി അന്ത്യകാലത്തു ജീവിച്ചിരിക്കുന്നവർക്കുള്ള ദൂതും കൂടെയാണ്. കാരണം ഏഴാം വാക്യം ഇപ്രകാരം പറയുന്നു: "ഇതാ

അവൻ മേഘാരൂഢനായി വരുന്നു;... ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും." മാത്രമല്ല, ഈ പുസ്തകം എഴുതപ്പെട്ട ഒന്നാം നൂറ്റാണ്ടു മുതൽ ലോകാന്ത്യം വരെയുള്ള ഏതൊരു വ്യക്തിയെയും ബാധിക്കുന്ന ദൂതുകളാണ് ഇതിൽ പരാമർശിച്ചിട്ടുള്ളത്. അതു എങ്ങനെയെന്ന് വായിച്ചു മനസ്സിലാക്കുന്നവർ മാത്രമേ ഗ്രഹിക്കുകയുള്ളൂ.

വെളിപ്പാട് 1:4 പ്രകാരം ആസ്യയിലെ ഏഴു സഭകൾക്കുള്ള ദൂതാണ് ഈ ദർശനത്തിൽ ആദ്യഭാഗത്തു കാണപ്പെടുന്നത്. ഇന്നു ഏഷ്യാമൈനർ എന്നു അറിയപ്പെടുന്നതും അന്ന് ആസ്യാ എന്നു വിളിക്കപ്പെട്ടിരുന്നതുമായ ഈ പ്രദേശം അക്കാലത്ത് റോമാസാമ്രാജ്യത്തിലെ ഒരു പ്രവിശ്യ ആയിരുന്നു. കിഴക്കു പടിഞ്ഞാറായി മുന്നൂറു മൈലും വടക്കുതെക്കായി 260 മൈലും വിസ്തൃതിയുള്ള ഈ പ്രദേശം ഇന്നു ടർക്കി എന്ന രാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഗ്രീക്കു സാമ്രാജ്യകാലഘട്ടത്തിൽ അവരുടെ പ്രധാന സംസ്കാര കേന്ദ്രമായ പെർഗാനം എന്നൊരു രാജ്യമായിരുന്നു ഇത്. പൗലൊസ് അപ്പൊസ്തലൻ ഈ പ്രദേശത്ത് പല മാസങ്ങൾ ചെലവിട്ടിരുന്നതായി അപ്പൊസ്തല പ്രവൃത്തികളിലെ 18:19-21; 19:1,10 വാക്യങ്ങൾ സൂചിപ്പിക്കുന്നു. എഫെസ്യർ, കൊലൊസ്യർ, ഫിലെമോൻ എന്നീ ലേഖനങ്ങൾ പൗലൊസിന്റെ ആസ്യയിലെ പ്രവർത്തന വിജയത്തെ ഓർമ്മപ്പിക്കുകകൂടെയാണ്. എഫെസൊസിൽ പ്രവർത്തനത്തിലായിരുന്ന തിമൊഥെയൊസിന് എഴുതുന്ന ഒന്നാം ലേഖനവും ആസ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു.

എ. ഡി. 70-ൽ യെരൂശലേം റോമാസൈന്യത്താൽ നശിപ്പിക്കപ്പെട്ടശേഷം ആസ്യ ഒരു പ്രധാന ക്രിസ്തീയ കേന്ദ്രമായിത്തീർന്നു. അപ്പൊസ്തലനായ യോഹന്നാന്റെ സാന്നിദ്ധ്യം ഈ ക്രിസ്തീയ വളർച്ചക്ക് വലിയ സാക്ഷ്യം വഹിച്ചു. യോഹന്നാൻ എഫെസൊസിൽ താമസിച്ചുകൊണ്ട് ഈ പ്രദേശമാകെ സുവിശേഷീകരിച്ചുകൊണ്ടിരുന്നു.

ഇവിടെ വെളിപ്പാട് 1:4 ൽ ആസ്യയിലെ ഏഴു സഭകൾക്കും എന്നു പറഞ്ഞിരിക്കുന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. ഇവിടെ പല സഭകൾ ഉണ്ടായിരുന്നെങ്കിലും ഏഴു മാത്രമേ എടുത്തു പറഞ്ഞിട്ടുള്ളൂ. ക്രിസ്തു കൊടുക്കുന്ന ദൂതിന്റെ പരിപൂർണ്ണത ഇതിൽനിന്ന് നമുക്കു പിന്നീട് മനസ്സിലാക്കാവുന്നതാണ്. വെളിപ്പാടിൽ ഏഴു എന്നുള്ള സംഖ്യ പൂർണ്ണതയെ കാണിക്കുന്നു.

ഒന്നാം അദ്ധ്യായം നാലും അഞ്ചും വാക്യങ്ങളിൽ പിതാവിനെയും പുത്രനെയും പരിശുദ്ധത്മാവിനെയും വർണ്ണിച്ചിരിക്കുന്നതു നോക്കുക. ആദിയും അന്തവുമില്ലാത്ത ദൈവീകത്വത്തെ നാം ഇവിടെ കാണുന്നു. പരിശുദ്ധാത്മാവിന്റെ പൂർണ്ണതയെ "ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ" (വെളിപ്പാട് 4:5) എന്നും "ഏഴ് ആത്മാക്കൾ" (വെളിപ്പാട് 1:4) എന്നും പ്രതിപാദിച്ചിരിക്കുന്നു. യേശുക്രിസ്തുവിനെ "വിശ്വസ്ത സാക്ഷി", "മരിച്ചവരിൽ ആദ്യജാതൻ", ഭൂരാജാക്കന്മാർക്കു അധിപതി", നമ്മെ സ്നേഹിക്കുന്നവൻ", "നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചവൻ", "പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവൻ" എന്നെല്ലാം അഞ്ചും ആറും വാക്യങ്ങൾ സാക്ഷിക്കുന്നു. മരിച്ചവരിൽ ആദ്യജാതൻ ക്രിസ്തു മാത്രമാണ്. മറ്റു പലരും ഉയിർത്തെഴുന്നേറ്റിട്ടുണ്ടെങ്കിലും അതെല്ലാം മരണത്തിന്മേൽ ജയം നേടിയ ക്രിസ്തുവിൽ കൂടെ മാത്രമാണ്. "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവ് എന്നെ സ്നേഹിക്കുന്നു. അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്. ഈ കല്പന എന്റെ പിതാവിങ്കൽനിന്നു എനിക്കു ലഭിച്ചിരിക്കുന്നു" (യോഹന്നാൻ 10:17,18). "മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവു ആകേണ്ടതിന്നല്ലോ ക്രിസ്തു മരിക്കയും ഉയിർക്കയും ചെയ്തത്" (റോമർ 14:9). "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു" (1 കൊരിന്ത്യർ 15:20).

"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ" (വെളിപ്പാട് 1:7). ക്രിസ്തുവിന്റെ വീണ്ടും വരവെന്ന ലക്ഷ്യത്തിലേക്കു സർവ്വവും നീങ്ങിക്കൊണ്ടിരിക്കുകയാണ്. യേശുവിന്റെ വീണ്ടും വരവിന്നു സാക്ഷ്യം വഹിക്കുവാൻ അവന്റെ മരണത്തിനു ഉത്തരവാദികളായവർ ഉയിർക്കും. "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജക്കും നിത്യനിന്ദക്കുമായും ഉണരും" (ദാനീയേൽ 12:2). മഹാപുരോഹിതന്മാർ അടക്കമുള്ളവർ ഉൾപ്പെട്ടിരുന്ന ന്യായാധിപസംഘത്തോട് യേശു തന്റെ വിസ്താരവേളയിലും ഇപ്രകാരം പറയുകയുണ്ടായി: "ഇനി മനുഷ്യപുത്രൻ സർവ്വ

ശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു" (മത്തായി 26:64).

"ഞാൻ അൽഫയും ഒമേഗയും ആകുന്നു എന്നു ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു" (വെളിപ്പാട് 1:8). ഗ്രീക്കു അക്ഷരമാല യിലെ ആദ്യ അക്ഷരം അൽഫയും അവസാന അക്ഷരം ഒമേഗയുമാണ്. ഇവിടെ ഇതിനർത്ഥം കർത്താവ് ആദിയും അന്തവുമാണ് എന്നാണ്. അതായത് ക്രിസ്തു നിത്യനായവൻ ആകുന്നു എന്നതുതന്നെ. ഇത് ക്രിസ്തുവിന്റെ സമ്പൂർണ്ണതയും സർവ്വജ്ഞാനവും വെളിവാക്കുന്നു.

വെളിപ്പാട് 1:9-ൽ നാം ഇപ്രകാരം വായിക്കുന്നു: "നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണു തയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയി രുന്നു. "ക്രിസ്തുവിൽകൂടെയുള്ള രക്ഷയ്ക്കായി വിളിക്കപ്പെട്ടിരി ക്കുന്നവരുടെ സഹോദരനാണ് താനെന്നു യോഹന്നാൻ തന്നെ ക്കുറിച്ച് പറയുന്നു. മാത്രമല്ല, "നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവ രാജ്യത്തിൽ കടക്കേണ്ടതാകുന്നു" എന്നുള്ള സത്യം ഇവിടെ യോഹ ന്നാൻ ഓർമ്മപ്പെടുത്തുന്നു (അപ്പൊ. പ്രവൃത്തികൾ 14:22). യോഹ ന്നാൻ പത്മൊസ് ദ്വീപിൽ ആയിത്തീരുവാൻ ഉണ്ടായ കാരണം അവതാരികയിൽ പറഞ്ഞിരിക്കുന്നത് വായിക്കുക. റോമൻ ചക്രവർത്തി മാരെ ജനങ്ങൾ ദൈവമായി ആരാധിക്കണമെന്നുള്ള രാജകീയ വിളംബരം അക്കാലത്തുണ്ടായിരുന്നു. പ്രത്യേകിച്ച് ഡൊമീഷ്യൻ ചക്രവർത്തി അതു വളരെ നിർബ്ബന്ധമാക്കി. പക്ഷെ, യോഹന്നാൻ ആ വിളംബരത്തിനു ചെവി കൊടുക്കാതെ സ്വർഗ്ഗീയ ദൈവത്തെ മാത്രം ആരാധിച്ചുപോന്നു. ഡൊമീഷ്യൻ ചക്രവർത്തിയുടെ ഭരണകാലം എ.ഡി. 81 മുതൽ 96 വരെയുള്ള കാലഘട്ടമായിരുന്നു.

ഏജിയൻ കടലിൽ 22 ചതുരശ്ര മൈൽ മാത്രം വിസ്തീർണ്ണമുള്ള ഒരു ദ്വീപാണു പത്മൊസ്. എഫെസൊസ് തീരത്തുനിന്ന് തെക്കു പടിഞ്ഞാറായി 55 മൈൽ അകലെ ഇത് സ്ഥിതിചെയ്യുന്നു. പാറക്കെട്ടു കളും അഗ്നിപർവ്വതങ്ങളുമടങ്ങുന്ന ഒരു ചെറുദ്വീപാണിത്. റോമൻ ഭരണ കൂടം കുറ്റവാളി ആയിട്ടാണ് യോഹന്നാനെ ഇവിടെ എത്തിച്ചത്.

കുറ്റവാളികളെ നാടുകടത്തുന്നതിനുള്ള ഒരു പ്രദേശമായിരുന്നു ഇത്. ദൈവവചനവും യേശുവിന്റെ സാക്ഷ്യവും" എന്നതായിരുന്നു യോഹന്നാന്റെമേലുള്ള കുറ്റം.

പത്മൊസ് ദ്വീപിൽവച്ച് "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി" എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു (വെളിപ്പാട് 1:10). അതായത് യോഹന്നാൻ ഈ ദിവ്യദർശനം കാണുന്നത് കർത്തൃദിവസത്തിലാണ്. അക്കാലത്ത് റോമൻ ചക്രവർത്തിമാർ ആയിരുന്നു അവിടെ പ്രജകളുടെ കർത്താക്കൾ. ചക്രവർത്തിമാരുടെ ബഹുമാനാർത്ഥം ചില പ്രത്യേക ദിവസങ്ങൾ അവരെ ആരാധിക്കുന്നതിനുമുണ്ടായിരുന്നു. യോഹന്നാൻ നാടുകടത്തപ്പെട്ടതുതന്നെ ചക്രവർത്തിയെ ആരാധിക്കാത്തതിനാലാണ്. തന്റെ കർത്താവ് റോമൻ ചക്രവർത്തിയല്ല. സ്വർഗ്ഗീയ രാജാവാണെന്ന് യോഹന്നാൻ ഇവിടെ ധൈര്യമായി പ്രസ്താവിക്കുന്നു. തന്റെ സ്വർഗ്ഗീയ കർത്താവിന് ഒരു ദിവസമുണ്ട്. ആ കർത്താവ് ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനും പാപത്തിൽ നിപതിച്ച മാനവരാശിയെ വീണ്ടെടുപ്പാൻ മാനുഷവേഷം ധരിച്ചവനും ക്രൂശിന്മേൽ യാഗമായി മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റവനുമാണ്. തന്റെ ദിവസത്തെക്കുറിച്ചു ക്രിസ്തു എന്ന കർത്താവു ഇപ്രകാരം പറയുന്നു: "മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവ് ആകുന്നു" (മർക്കൊസ് 2:28; ലൂക്കൊസ് 6:5). "മനുഷ്യപുത്രനോ ശബ്ബത്തിനും കർത്താവ് ആകുന്നു" (മത്തായി 12:8). കർത്താവു ആ ദിവസത്തെ സൃഷ്ടിപ്പിൻ സമയത്തുതന്നെ "അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:3). അതു നാലാം കല്പനകൂടെയാണ് (പുറപ്പാട് 20:8–11). ആ ദിവസത്തെ "എന്റെ വിശുദ്ധ ദിവസം" എന്നു കർത്താവ് പറയുന്നു (യെശയ്യാവ് 58:13). ഇപ്രകാരം തിരുവചനത്തിലുടനീളം നമുക്കു കാണാം.

"നാടുകടത്തപ്പെട്ടിരുന്ന യോഹന്നാന് മഹത്വത്തിന്റെ കർത്താവായ ക്രിസ്തു പ്രത്യക്ഷനായത് ക്രിസ്തുവിന്റെ ദിവസമായ ശബ്ബത്തു ദിവസത്തിലായിരുന്നു. യഹൂദ്യയിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജനങ്ങളോട് പ്രസംഗിക്കുമ്പോളെന്നപോലെ ഇവിടെ ഒറ്റക്കു പത്മൊസ് ദ്വീപിൽ ആയിരിക്കുമ്പോഴും യോഹന്നാൻ ശബ്ബത്തിനെ പരിശുദ്ധമായി ആചരിച്ചിരുന്നു. ആ ദിവസത്തെ സംബന്ധിച്ച് നല്കപ്പെട്ടിരിക്കുന്ന വിലയേറിയ വാഗ്ദത്തങ്ങൾ തന്റേതായി യോഹന്നാൻ അവകാശപ്പെട്ടു... ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്ത്വത്താൽ അന്ന് പത്മൊസ് ദ്വീപ് ഉജ്ജ്വലശോഭാമുഖരിതമായി" – AA pp. 581, 582.

"നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യാ എന്നീ സഭകൾക്കു അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പിറകിൽ കേട്ടു" (വെളിപ്പാട് 1:11). യഥാർത്ഥത്തിൽ ഈ പ്രദേശത്ത് ഏഴിലധികം സഭകൾ അന്നുണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന കൊലൊസ്സ്യ, ഹിയരപൊലി എന്നീ സഭകളെക്കുറിച്ചും തിരുവെഴുത്തിൽ കാണുന്നു (കൊലൊസ്സ്യർ 1:1; 4:13). ഇവിടെ ഏഴു എണ്ണത്തെ മാത്രം എടുത്തുപറയുന്നത് ഒരു പ്രത്യേക കാര്യത്തിനാണ്. പ്രധാനമായി ഏഴു എന്നത് പൂർണ്ണതയെ കാണിക്കുന്നു.

- ഏഴ് ആത്മാക്കൾ (വെളിപ്പാട് 1:4)
- ഏഴ് നിലവിളക്ക് (1:13)
- ഏഴ് നക്ഷത്രങ്ങൾ (1:16)
- ഏഴ് ദീപങ്ങൾ (4:5)
- ഏഴു മുദ്രയാൽ മുദ്രയിടപ്പെട്ട പുസ്തകം (5:1)
- ഏഴു കണ്ണും ഏഴു കൊമ്പും ഉള്ള കുഞ്ഞാട് (5:6)
- ഏഴു ദൂതന്മാരും ഏഴു കാഹളങ്ങളും (8:2)
- ഏഴു ഇടികൾ (10:4)
- ഏഴു തലയും ഏഴു രാജമുടിയുമായി തീ നിറമുള്ളോരു മഹാസർപ്പം (12:3)
- ഏഴു തലയുള്ള മൃഗം (13:1)
- അന്ത്യ ഏഴു ബാധകളുടെ ഏഴു കലശങ്ങൾ ഉള്ള ഏഴു ദൂതന്മാർ (15:1,7)
- ഏഴു തലകൾ, അവ ഏഴു മലകളും ഏഴു രാജാക്കന്മാരും എന്നുള്ള മൃഗം (17:3,9,10)

എന്നിങ്ങനെ നാം വെളിപ്പാടിൽ ഏഴു എന്നതിന്റെ പ്രത്യേകത കാണുന്നു.

യോഹന്നാന്റെ കാലത്ത് സഭകളിൽ നിലവിലിരുന്ന പ്രത്യേക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ഏഴു സഭകളെയും

ഇവിടെ പരാമർശിച്ചിരിക്കുന്നത്. അവയ്ക്കു ഓരോന്നിനുമുള്ള ദൂതുകൾ അവയുടെ അവസ്ഥയെ വെളിപ്പെടുത്തുന്നതുംകൂടെയാണ്. മാത്രമല്ല, ഈ ദൂതുകൾ ഭാവിയിൽ ഉണ്ടാകുന്ന ക്രിസ്തീയ സഭകൾക്കും വിവിധ കാലഘട്ടങ്ങളിലുള്ള സഭകൾക്കും കൂടെയുള്ളതാണ്. അപ്രകാരം ഈ ദൂതുകൾ യോഹന്നാന്റെ കാലഘട്ടത്തിലുണ്ടായിരുന്ന സഭകൾക്കെന്നപോലെ അതിനെ തുടർന്നു ലോകാന്ത്യം വരെയുള്ള സകലകാലഘട്ട സഭകളെയും ബാധിക്കുന്നതാണ്.

തുടർന്നു നാം വെളിപ്പാടിൽ ഇങ്ങനെ വായിക്കുന്നു: “എന്നോടു സംസാരിച്ച നാദം എന്തു എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു” (വാക്യം 1:12,13). “ഏഴു നിലവിളക്കു ഏഴു സഭകൾ ആകുന്നു എന്നു കല്പിച്ചു” (1:20). അതായത് ക്രിസ്തുവിനുശേഷം ലോകാന്ത്യംവരെ സകല കാലഘട്ടങ്ങളിലുമുള്ള സകല സഭകളെയും ഇത് സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യം തന്റെ സഭകളിൽ ഉള്ളതായി “നിലവിളക്കുകളുടെ നടുവിൽ” മനുഷ്യപുത്രനെ കാണുന്നതു അർത്ഥമാക്കുന്നു. ഉയിർത്തെഴുന്നേറ്റു മഹത്വീകരണം പ്രാപിച്ച അവസ്ഥയിൽ ക്രിസ്തുവിനെ യോഹന്നാൻ വീണ്ടും ഇപ്രകാരം കാണുന്നു: “അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണു അഗ്നിജ്വാലക്കു ഒത്തതും കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും ആയിരുന്നു” (വാക്യം 1:14,15). ദൈവത്തിന്റെ രൂപമോ പ്രകൃതിയോ ഒരു ഭാഷക്കും ഒരു വ്യക്തിക്കും വർണ്ണിക്കാവുന്നതല്ല.

തുടർന്നുള്ള വർണ്ണന വീണ്ടും നമുക്കു ശ്രദ്ധിക്കാം: “അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രങ്ങളുണ്ട്. അവന്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു” (വാക്യം 1:16). “ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു” (1:20). തന്റെ ദൂതുവാഹകർ എല്ലായ്പോഴും തന്റെ കരങ്ങളിലാകുന്നു എന്നു ക്രിസ്തു ഇവിടെ അർത്ഥമാക്കുന്നു. വായിൽനിന്നു പുറപ്പെടുന്ന ഇരുവായ്ത്തലയുള്ള വാൾ തന്റെ വചനത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവിൽകൂടെ

യുള്ള നിത്യജീവൻ ആഗ്രഹിക്കുന്നവർക്കു അതു ലഭ്യമാണ്. അതിനെ നിഷേധിക്കുന്നവർക്കു നിത്യനാശമെന്ന ന്യായവിധിയും ലഭിക്കുന്നു.

വെളിപ്പാട് ഒന്നാം അദ്ധ്യായത്തിൽ തുടർന്നുള്ള വാകൃങ്ങൾ നമുക്കു നോക്കാം. "അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലംകൈ എന്റെ മേൽ വെച്ചു: ഭയപ്പെടേണ്ടാ ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്. നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും... എഴുതുക" (1:17-20). സ്വർഗ്ഗീയ ദർശനം ലഭിക്കുന്ന അവസരം പ്രവാചകന്മാരായ ദാനീയേൽ, യെഹെസ്കേൽ എന്നിവർക്കും ക്രിസ്തുവിനെതിരേ പുറപ്പെട്ട ശൗൽ എന്ന പൗലൊസിനും മറ്റു പലർക്കും ഉണ്ടായതുപോലെയുള്ള അവസ്ഥ കർത്താവിനെ ദർശിച്ച യോഹന്നാനുമുണ്ടായി. "അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു" എന്നു യോഹന്നാൻ തനിക്കുണ്ടായ അനുഭവം പറയുന്നു. ക്രിസ്തുതന്നെ തന്റെ വലംകൈ യോഹന്നാന്റെ മേൽ വെച്ചു അവനെ ധൈര്യപ്പെടുത്തി എഴുന്നേല്പിച്ചു ദർശനം ഗ്രഹിക്കുവാനുള്ള അവസ്ഥയിലാക്കുന്നതു നാം കാണുന്നു. "ഏഴു നക്ഷത്രത്തിന്റെ മർമവും ഏഴു പൊൻനിലവിളക്കുകളുടെ വിവരവും" എഴുതുവാൻ ക്രിസ്തു അവനെ പ്രാപ്തനാക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം തന്റെ വീണ്ടുംവരവു വരെയുള്ള വിവിധ കാലഘട്ടങ്ങളിൽ സഭകളുടെ അവസ്ഥയുടെ മർമം കർത്താവു വെളിപ്പെടുത്തുന്നതു വെളിപ്പാടു പുസ്തകത്തിലെ അടുത്ത രണ്ടു അദ്ധ്യായങ്ങളിൽ നമുക്കു കാണാവുന്നതാണ്. അതിനുവേണ്ടി നമുക്കു അടുത്ത അദ്ധ്യായം നോക്കാം.

# യേശു നൽകുന്ന ഏഴു ദൂതുകൾ
## (വെളിപ്പാട് രണ്ടും മൂന്നും അദ്ധ്യായങ്ങൾ)

**പു**തിയ നിയമത്തിലടങ്ങിയിരിക്കുന്ന പുസ്തകങ്ങളിലധികവും വിവിധ സഭകൾക്കോ വ്യക്തികൾക്കോ വേണ്ടിയുള്ള അപ്പൊസ്തല ന്മാരുടെ എഴുത്തുകളാണ്. ഇതെല്ലാംതന്നെ ദൈവത്തിന്റെ ആധി കാരിക വചനമായി ക്രിസ്തീയസഭ അംഗീകരിച്ചിരിക്കുന്നു. എന്നാൽ വെളിപ്പാടു പുസ്തകം യേശുക്രിസ്തുവിന്റെ പേരിൽ തന്നെയുള്ള താണ്. യേശുക്രിസ്തുതന്നെ എഴുതുന്ന ഏഴു സഭകൾക്കായുള്ള ദൂതു മായി അത് ആരംഭിക്കുന്നു. ഈ ഏഴു സഭകളും ഇന്ന് ഏഷ്യാ മൈനർ എന്നറിയപ്പെടുന്ന പ്രദേശത്തുള്ളവ ആയിരുന്നു. ഒന്നാം നൂറ്റാണ്ടിൽ ഈ ഭൂപ്രദേശം റോമാസാമ്രാജ്യത്തിന്റെ പ്രവിശ്യയും ആയിരുന്നു. ഇന്ന് ഈ പ്രദേശം തുർക്കി റിപ്പബ്ലിക്കിൽപെട്ടിരിക്കുന്നു എന്നു നമ്മൾ കണ്ടു കഴിഞ്ഞല്ലോ.

എ.ഡി. 70–ാം ആണ്ടിൽ റോമൻ സൈന്യം യെരുശലേം നശിപ്പിച്ചു കളഞ്ഞപ്പോൾ ക്രിസ്തീയസഭയുടെ കേന്ദ്രം യെരൂശലേമിൽ നിന്നു ഏഷ്യാമൈനറിലേക്കു മാറ്റപ്പെടുകയും ആ പ്രദേശം ക്രിസ്തീയ കേന്ദ്ര മായിത്തീരുകയും ചെയ്തു. അപ്പൊസ്തലനായ യോഹന്നാന്റെ സാന്നിദ്ധ്യം ഇതിന്റെ ക്രിസ്തീയ വളർച്ചയെ വളരെ അധികം സഹാ യിച്ചു. അദ്ദേഹം എഫെസൊസിൽ താമസിച്ചുകൊണ്ട് ആ പ്രദേശ മെല്ലാം സഞ്ചരിച്ച് ക്രിസ്തീയസഭകളെ ക്രിസ്തുവിൽ ബലപ്പെടുത്തി ക്കൊണ്ടിരുന്നു.

ഇവിടെ വെളിപ്പാടിൽ പറയുന്ന ഏഴു സഭകളും അന്ന് ഏഷ്യാ മൈനറിൽ ഉള്ളവയായിരുന്നു. എന്നാൽ ഈ സഭകൾക്കുള്ള ദൂതു കൾ യേശുക്രിസ്തുവിന്റെ ഇഹലോകവാസം മുതൽ തന്റെ വീണ്ടും വരവുവരെയുള്ള കാലഘട്ടങ്ങളിലെ ക്രിസ്തീയസഭയുടെ ആത്മിക

അനുഭവത്തെ സൂചിപ്പിക്കുന്നു. ഓരോ സഭയ്ക്കും യേശുക്രിസ്തു നേരിട്ടു കൊടുക്കുന്ന ഈ സന്ദേശങ്ങളിൽ സ്നേഹത്തിന്റെയും ഉപദേശത്തിന്റെയും ദൂത് അടങ്ങിയിരിക്കുന്നു. ഈ എഴുത്തുകളും അതീവ ശ്രദ്ധയോടെ തന്റെ ജനം മനസ്സിലാക്കണമെന്നു യേശു ആഗ്രഹിക്കുന്നു.

വെളിപ്പാടിലെ ഓരോ വാക്കിനെക്കുറിച്ചും യേശു വളരെ ശ്രദ്ധയുള്ളവനാണ്. അതിനെക്കുറിച്ച് കർത്താവ് നമുക്കു ഇപ്രകാരം ഒരു മുന്നറിയിപ്പ് തരുന്നു.

“ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും” (വെളിപ്പാട് 22:18,19).

ഈ ഏഴു സഭകൾക്കുമായി യേശു പ്രത്യേകം എടുത്തുപറയുന്ന അതിപ്രധാനമായ മൂന്നു വസ്തുതകൾ ശ്രദ്ധിക്കുക:

ദൈവം തന്റെ ജനത്തെ അറിയുന്നു എന്നുള്ളതാണ് ഒന്നാമത്തെ വസ്തുത. “ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു.” “നീ എവിടെ പാർക്കുന്നു എന്നും... അറിയുന്നു.” “ഞാൻ നിന്റെ പ്രവൃത്തിയും നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണുത എന്നിവയും നിന്റെ ഒടുവിലത്തെ പ്രവൃത്തി ആദ്യത്തേതിലും ഏറെ എന്നും അറിയുന്നു.” “നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു” (വെളിപ്പാട് 2:2; 2:9; 2:13; 2:19; 3:1; 3:8; 3:15).

## ക്രിസ്തു രണ്ടാമതായി ഇപ്രകാരം പറയുന്നു:

“ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.” ഈ വാക്യം വെളിപ്പാട് 2:7; 2:11; 2:17; 2:29; 3:6; 3:13; 3:22 എന്നിവിടങ്ങളിലെല്ലാം ആവർത്തിച്ചിരിക്കുന്നു. ഇതിൽനിന്നും ദൈവവചനത്തിന്റെ പ്രാധാന്യം ഊഹിക്കാവുന്നതേയുള്ളൂ.

ക്രിസ്തു പ്രത്യേകം എടുത്തു പറയുന്ന മൂന്നാമത്തെ വസ്തുത ശ്രദ്ധിക്കുക:

"ജയിക്കുന്നവനു ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." "ജയിക്കുന്നവനു രണ്ടാം മരണത്താൽ ദോഷം വരിക ഇല്ല." "ജയിക്കുന്നവനു ഞാൻ മറഞ്ഞിരിക്കുന്ന മന്നാ കൊടുക്കും; ഞാൻ അവനു വെള്ളക്കല്ലും ജയിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും." "ഞാൻ അവന്നു




ഉദയനക്ഷത്രവും കൊടുക്കും." അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ട് എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ള യുടുപ്പ് ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റു പറയും." "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്നു സ്വർഗ്ഗത്തിൽനിന്നുതന്നെ ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും." "ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നേ" (വെളിപ്പാട് 2:7; 2:17; 2:28; 3:5; 3:12; 3:21).

ഈ ഭൂതലത്തിലുള്ള എല്ലാ വ്യക്തികൾക്കുമായി ദൈവം നല്കുന്ന മൂന്നു ദൂതുകൾ ഇവയാണ്:

1. ദൈവം എന്നെ നന്നായി അറിയുന്നു; എനിക്ക് ദൈവത്തെ കബളിപ്പിക്കാനാകയില്ല.
2. പരിശുദ്ധാത്മാവിന്റെ ശബ്ദത്തിനു ഞാൻ എല്ലായ്പ്പോഴും ചെവിതിരിക്കേണ്ടതാണ്.

3. "ജയിക്കുക" എന്നത് നിർബന്ധമായ കാര്യമാണ്. യേശുവിൽ കൂടെ മാത്രം അത് സാദ്ധ്യമാകുന്നു.

## എഫെസൊസിലെ സഭ - അപ്പൊസ്തലിക കാലഘട്ടം (വെളിപ്പാട് 2:1-7) 31-100 A.D.

എഫെസൊസ് എന്ന വാക്കിന്റെ അർത്ഥം "ആഗ്രഹിക്കത്തക്കത്" അല്ലെങ്കിൽ "ആഗ്രഹിക്കാവുന്നത്" എന്നൊക്കെയാണെന്ന് പറയപ്പെടുന്നു. യോഹന്നാന്റെ കാലത്ത് റോമൻ പ്രവിശ്യയായിരുന്ന ഏഷ്യയിലെ അതിപ്രധാന പട്ടണമായിരുന്നു എഫെസൊസ്. പിന്നീടത് ഈ പ്രവിശ്യയുടെ തലസ്ഥാനമായി മാറി. ഏജിയൻ കടലിലെ പ്രധാന തുറമുഖ പട്ടണമായ ഇത് ഒരു വാണിജ്യകേന്ദ്രം കൂടിയായിരുന്നു. ഏഷ്യാമൈനറിനെയും സിറിയയെയും ബന്ധിപ്പിക്കുന്ന പ്രധാന റോഡ് ഈ പട്ടണത്തിൽകൂടെ കടന്നുപോയിരുന്നു. എ.ഡി. 52-ൽ തന്നെ ഇവിടെ അപ്പൊസ്തലനായ പൗലൊസ് സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം ഇവിടെ മൂന്നു വർഷം താമസിച്ചുകൊണ്ട് വചനം പഠിപ്പിച്ചതായി പ്രവൃത്തികളുടെ പുസ്തകത്തിൽ നാം കാണുന്നു. അദ്ദേഹത്തിന്റെ ഒന്നാമത്തെ കാരാഗൃഹവാസത്തിനുശേഷം വീണ്ടും ഈ പട്ടണം സന്ദർശിക്കുകയും അവിടെയുള്ള സഭയുടെ ചുമതല തിമൊഥെയൊസിനെ ഏല്പിക്കുകയും ചെയ്തിരുന്നു.

യെഹൂദന്മാരുടെ മേലുള്ള റോമാ ആക്രമണത്തിനുശേഷം ക്രിസ്തീയസഭയുടെ തലസ്ഥാനം ഈ പട്ടണം ആയിരുന്നതായി സഭാപാരമ്പര്യം പറയുന്നു. ഇവിടെ യോഹന്നാൻ എഫെസൊസിലെ സഭയുടെ തലവനായിരുന്നു. ഈ സഭ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ സഭയെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു. എ.ഡി. 65 ൽ അപ്പൊസ്തലനായ പൗലൊസ് മരിക്കുന്നതിനുമുമ്പുതന്നെ ഭൂതലമെങ്ങും സുവിശേഷം എത്തിച്ചേർന്നതായി അദ്ദേഹം അവകാശപ്പെട്ടു. ഒന്നാം നൂറ്റാണ്ടിലെ സഭ ജയിച്ചു മുന്നേറുന്ന സഭയായിരുന്നു. 60 ലക്ഷത്തോളം സഭാംഗങ്ങൾ ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായതായി പറയപ്പെടുന്നു. സഭയുടെ അന്നത്തെ വളർച്ച അത്ഭുതകരമായിരുന്നു. ഈ സഭയുടെ ഏകദേശ കാലഘട്ടം എ. ഡി. 31 മുതൽ എ.ഡി. 100 വരെയാണ്.

എഫെസൊസിലെ സഭയ്ക്ക് യേശു കൊടുക്കുന്ന പ്രത്യേക ദൂത് എന്തായിരുന്നു എന്നു നോക്കുക. "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്" (വെളി

പ്പാട് 2:4). ഈ വീഴ്ചയിൽനിന്ന് കരകയറുവാനുള്ള ഒരു മാർഗ്ഗവും യേശു അവരുടെ മുമ്പിൽ വയ്ക്കുന്നു: “നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെടുക” (വെളിപ്പാട് 2:5). ഈ ദൂത് ഇന്ന് നമുക്കും ബാധകമാണ്.

അവരുടെ നല്ല ഗുണങ്ങളെ യേശു പ്രശംസിക്കുകയും ചെയ്യുന്നു. അവരുടെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ അവർക്കു സഹിച്ചുകൂടാതിരുന്നതും അപ്പൊസ്തലന്മാരെന്നു കളവായി പറഞ്ഞിരുന്നവരെ പരീക്ഷിച്ചു കള്ളന്മാർ എന്നു തെളിയിച്ചതും തളർന്നുപോകാതെ പരീക്ഷകളെ നേരിട്ടതുമെല്ലാം അവരുടെ നല്ല ഗുണങ്ങളായിരുന്നു.

നിക്കൊലാവ്യരുടെ നടപ്പ് നീ പകെക്കുന്നു എന്നൊരു നന്മ നിനക്കുണ്ട്. അതു ഞാനും പകക്കുന്നു” എന്നു യേശു ആ സഭയെക്കുറിച്ചു പറയുന്നു (വെളിപ്പാട് 2:6,7). ഒന്നാം നൂറ്റാണ്ടിൽതന്നെ പല ദുരുപദേശങ്ങൾ സഭയിൽ കടന്നുകൂടി. യേശുവിന്റെ ദിവ്യത്വത്തെ ചോദ്യം ചെയ്യുന്നതായിരുന്നു അവയിൽ ഒന്നു. ശരീരത്തിൽ ചെയ്യുന്നതൊന്നും ആത്മാവിന്റെ പരിശുദ്ധിയെ ബാധിക്കയില്ലെന്ന് അവർ പഠിപ്പിച്ചു. അതൊന്നും രക്ഷക്കു തടസ്സമാവില്ലെന്നും ഇക്കൂട്ടർ ഉപദേശിച്ചു. ഏഴു ഡീക്കന്മാരിൽ ഒരാളായ നിക്കൊലാവിന്റെ (അപ്പൊ. പ്രവൃത്തികൾ 6:5) ഉപദേശം ഇതായിരുന്നെന്നും അതു പിൻതുടർന്നവരാണ് നിക്കൊലവ്യരെന്നും ചിലർ കരുതുന്നുണ്ട്. എഫെസൊസിലെ സഭ ദുരുപദേശങ്ങളെ എതിർത്തിരുന്നതുകൊണ്ട് ക്രിസ്തു അവരെ പ്രശംസിച്ചു.

ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെയെന്നു ഓരോ സഭയോടും കർത്താവു ആവർത്തിച്ചു പറയുന്നു. ചിലർ ചെവിയുണ്ടായിട്ടും കേൾക്കാതെയും കേൾക്കുന്നുവെങ്കിൽപോലും ശ്രദ്ധിക്കാതെയും തിരുവചനത്തെ നിഷേധിക്കുന്നതു ക്രിസ്തു കണ്ടുകൊണ്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നു (യെശയ്യാവ് 6:9,10; മത്തായി 11:15). കാരണം ഈ ദൂതുകൾ ഓരോ വ്യക്തിയുടെയും ജീവന്മരണ പ്രശ്നമാണ്. ക്രിസ്തുവിനോടൊത്തു നിന്നുകൊണ്ടു ലോകത്തെ ജയിക്കുന്നവൻ മാത്രം ജീവവൃക്ഷത്തിന്റെ ഫലം അനുഭവിക്കും.

## സ്മുർന്നയിലെ സഭ–പീഡനകാലം (വെളിപ്പാട് 2:8–11) 100–313 A.D.

സ്മുർന്ന എന്ന വാക്ക് അറേബ്യയിൽ കാണപ്പെടുന്ന ഒരു വൃക്ഷത്തിന്റെ കറയിൽനിന്നെടുക്കുന്ന ഒരു സുഗന്ധവർഗ്ഗവുമായി ബന്ധ

പ്പെടുത്തി ഈ അടുത്ത കാലംവരെ പണ്ഡിതന്മാർ പറഞ്ഞിരുന്നു. ശവശരീരങ്ങളിൽ സുഗന്ധം പൂശുന്നതിനും സുഗന്ധധൂപത്തിനും ചികിത്സാരംഗത്തുമെല്ലാം ഇത് ഉപയോഗിച്ചുവരുന്നു. എന്നാൽ സ്മുർന്നാ പട്ടണത്തിൽ ആരാധിച്ചിരുന്ന ഒരു ദേവിയായ സ്മാർന്ന യിൽനിന്നാണ് ഈ പേര്  ഉത്ഭവിച്ചിരിക്കുന്നതെന്ന് ഇപ്പോൾ മനസ്സി ലാക്കിയിരിക്കുന്നു. സ്മുർന്നയിൽ സഭ സ്ഥാപിക്കപ്പെട്ടത് ആരുടെ ശുശ്രൂഷാഫലമായിട്ടാണെന്നു തിരുവചനം പറയുന്നില്ല. വേദപുസ്തക ത്തിൽ മറ്റൊരിടത്തും ഈ പേര് കാണുന്നുമില്ല.

ചരിത്രപരമായി സ്മുർന്നയിലെ സഭയുടെ കാലഘട്ടം എ.ഡി. 100 മുതൽ 313 വരെയുള്ള സമയമാണ്. ഭയാനകമായ പീഡനവും രക്തസാക്ഷിത്വവും അന്നു സഭ നേരിട്ടു. ക്രിസ്ത്യാനിത്വത്തെ നിർമ്മാർജ്ജനം ചെയ്യാൻ റോമാസാമ്രാജ്യം പരിശ്രമിച്ചു. ശിരച്ഛേദം ചെയ്യപ്പെട്ടവരും തീയിൽ ചുട്ടെരിക്കപ്പെട്ടവരും സിംഹങ്ങൾക്കു ഭക്ഷണ മായവരും വാളാൽ കൊല്ലപ്പെട്ടവരും എത്രയെന്നു ദൈവം മാത്രം അറിയുന്നു. എ.ഡി. 98 മുതൽ 117 വരെ ട്രാജൻ എന്ന റോമൻ ചക്ര വർത്തിയും 117–138 വരെ ഹാട്രിയൻ സീസറും 161–180 വരെ മാർക്കസ് ആറീലിയസും ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. വളരെ സംഘടിത രീതി യിലുള്ള പീഡനം എ.ഡി. 249–251 വരെ ഡെക്ഷിയസ് ചക്രവർത്തിയുടെ കാലത്തും 253–260 വരെ വലേറിയന്റെ കാലത്തുമായിരുന്നു. എന്നാൽ ഏറ്റവും രൂക്ഷമായ പീഡനകാലം എ.ഡി. 284–305 വരെ ഡയോ ക്ലീഷ്യന്റെ കാലത്തും 305–313 വരെ തന്റെ പിൻഗാമിയായ ഗാലേറിയ സിന്റെ കാലത്തുമായിരുന്നു. "ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു" (വെളിപ്പാട് 2:9) എന്നു ക്രിസ്തു അവരെക്കുറിച്ചു പറയുന്നു. എന്നാൽ രക്തരൂക്ഷിത പീഡനവേളയിലും സഭ വിശ്വാസ ത്തിൽ സമ്പന്നമായിരുന്നു. "നീ ധനവാനാകുന്നുതാനും" എന്നു പറഞ്ഞു യേശു അവനെ അഭിനന്ദിക്കുന്നു (വെളിപ്പാട് 2:9).

യഥാർത്ഥ ക്രിസ്ത്യാനികളല്ലാത്തവരായ നാമധേയ ക്രിസ്ത്യാനി കൾ ദൈവജനങ്ങളെ ദുഷിച്ചിരുന്നു. അവരെ കുറ്റംചുമത്തുന്നതിനും അധികാരികൾക്കു ഒറ്റുക്കൊടുക്കുന്നതിനും പേരുകൊണ്ടു ക്രിസ്ത്യാനി കളെന്നു പറഞ്ഞിരുന്നവർതന്നെ പ്രവർത്തിച്ചിരുന്നു. അവരെ സാത്താന്റെ പള്ളിക്കാരെന്നു ക്രിസ്തു വിളിക്കുന്നു. അവരിൽ സാത്താന്റെ സ്വഭാവമാണ് കാണപ്പെട്ടിരുന്നത്. എന്നാലും ഉത്തമ ക്രിസ്ത്യാനികളായവർക്കു ക്രിസ്തു കൊടുക്കുന്ന ആശ്വാസവാക്ക്

ശ്രദ്ധിക്കുക: "നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ; നിങ്ങളെ പരീക്ഷിക്കേണ്ടതിനു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു" (വെളിപ്പാട് 2:10). സത്യക്രിസ്ത്യാനികളായവർ യേശുവിന്റെ കൂടെത്തന്നെ അന്നും ഉറച്ചുനിന്നു.

"പത്തുദിവസം നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും" (വെളിപ്പാട് 2:10) എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം പ്രവചന വെളിച്ചത്തിൽ ഒരു ദിവസത്തിന് ഒരു വർഷം എന്ന കണക്കിലുള്ള പത്തുവർഷ പീഡനത്തെ കുറിക്കുന്നു. ഈ കാലസംഖ്യ എ.ഡി. 303 മുതൽ 313 വരെയുള്ളതും ഡയോക്ലീഷ്യൻ ചക്രവർത്തി തുടങ്ങിവച്ചതും ഗാലേറിയസ് തുടർന്നു കൊണ്ടുപോയതുമായ കൊടുംഭീകര പീഡനത്തെക്കുറിച്ചുള്ളതാണ്. തിരുവെഴുത്തിന്റെ പ്രതികൾ ഈ കാലയളവിൽ ചുട്ടെരിക്കയും പള്ളിക്കെട്ടിടങ്ങൾ തകർക്കുകയും സഭാനേതാക്കളെ കാരാഗൃഹങ്ങളിൽ അടയ്ക്കുകയും ചെയ്തു. റോമാ സാമ്രാജ്യത്തിലുടനീളം ക്രിസ്തീയ വിശ്വാസത്തെ നിയമവിരുദ്ധമെന്നു പ്രഖ്യാപിച്ചു. വിശ്വാസികളുടെ കണ്ണുകൾ ചൂഴ്ന്നെടുക്കുകയും കൈകാലുകൾ വെട്ടിമാറ്റുകയും ശരീരത്തിൽ തീ കൊളുത്തി പന്തങ്ങളായി ഉപയോഗിക്കുകയും മാംസം അറുത്തെടുത്ത് അവരുടെ കൺമുമ്പിൽ വച്ച് വറുക്കുകയും എല്ലാം പതിവായിരുന്നു. ഈ കാലഘട്ടത്തിൽ ജീവൻ നഷ്ടമായവരുടെ കണക്ക് ആരും അറിയുന്നില്ല. എന്നാൽ പത്തുവർഷം കഴിഞ്ഞ് എ.ഡി. 313 ൽ കോൺസ്റ്റൻന്റൈൻ ചക്രവർത്തി പുറപ്പെടുവിച്ച കല്പനപ്രകാരം ക്രിസ്ത്യാനികൾക്ക് മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു.

"മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും... ജയിക്കുന്നവനു രണ്ടാം മരണത്തിൽ ദോഷം വരികയില്ല" (വെളിപ്പാട് 2:10,11). ഈ വചനത്തിലുള്ള പ്രത്യാശ നിമിത്തം സത്യവിശ്വാസികൾ ഭയംകൂടാതെ മരണത്തെ നേരിട്ടു. അവരുടെ രക്ഷകൻ അവർക്കായി ഒരുക്കിയിരിക്കുന്ന നിത്യജീവൻ അവർക്കു വിലപ്പെട്ടതായിരുന്നു. ജീവകിരീടം നേടുന്നതിന് അവർ മരണപര്യന്തം വിശ്വസ്തത കാത്തുസൂക്ഷിച്ചു.

## പെർഗ്ഗമൊസിലെ സഭ - പരസ്പര വിട്ടുവീഴ്ചയുടെ കാലം (വെളിപ്പാട് 2:12-17) 313-538 A.D.

ഏഷ്യാമൈനറിലെ റോമൻ പ്രവിശ്യയുടെ തലസ്ഥാനമായി പെർഗ്ഗമൊസ് പട്ടണം രണ്ടു നൂറ്റാണ്ടോളം നിലനിന്നു. സാംസ്കാരികവും

പരിജ്ഞാനപരവുമായ കേന്ദ്രസ്ഥാനമായി ഈ പട്ടണം അറിയപ്പെട്ടിരുന്നു. പെർഗ്ഗമൊസ് എന്ന വാക്കിന്റെ അർത്ഥം "കൊട്ടാരം" ആണെന്നു പറയപ്പെടുന്നു. ഈ സഭയെക്കുറിച്ച് ക്രിസ്തു എന്തു പറയുന്നു എന്നു നോക്കുക.

"നീ എവിടെ പാർക്കുന്നു എന്നും അത് സാത്താന്റെ സിംഹാസനം ഉള്ളേടം എന്നും ഞാൻ അറിയുന്നു; നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു; നിങ്ങളുടെ ഇടയിൽ സാത്താൻ പാർക്കുന്നേടത്തു തന്നെ" (വെളിപ്പാട് 2:13). റോമാസാമ്രാജ്യത്തിന്റെ ദേവത എന്നറിയപ്പെട്ടിരുന്ന റോമാദേവിയുടെ ക്ഷേത്രവും ഔഗുസ്തോസ് കൈസറുടെ ക്ഷേത്രവും പെർഗ്ഗമൊസ് പട്ടണത്തിലായിരുന്നു. മറ്റു പല ദേവീദേവന്മാരെയും അവിടെ ആരാധിച്ചിരുന്നു. ഇപ്രകാരം സാത്താന്റെ സിംഹാസനം എന്നുള്ള പ്രയോഗം പെർഗ്ഗമൊസ് സഭക്ക് നന്നായി യോജിച്ചിരിക്കുന്നു. ഈ സഭയുടെ കാലഘട്ടം ക്രിസ്തീയ ചരിത്രത്തിൽ എ.ഡി. 313 മുതൽ 538 വരെയുള്ളതാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ച എ.ഡി. 313 മുതൽ സഭ ലൗകികമായി ഉന്നതിയിൽ എത്തിച്ചേർന്നു. രാഷ്ട്രീയ ഭരണകൂടം സഭയെ പ്രോത്സാഹിപ്പിച്ചു. സഭ രാഷ്ട്രവുമായി അനുരഞ്ജനത്തിലേർപ്പെട്ടു. പടയാളികളെ എല്ലാം ചക്രവർത്തിയുടെ കല്പനപ്രകാരം ആദ്യം തന്നെ സ്നാനപ്പെടുത്തി ക്രിസ്തുമതത്തിൽ ചേർത്തു. പടിഞ്ഞാറൻ യൂറോപ്പിന്റെ മതപരവും രാഷ്ട്രീയവുമായ പൂർണ്ണ അധികാരം ഈ കാലയളവിൽ സഭയുടെ കരങ്ങളിൽ വന്നെത്തി. രാജകീയ കല്പന പ്രകാരം റോമിലെ ബിഷപ്പിനെ മാർപാപ്പയായി വാഴിച്ചു.

പീഡനംകൊണ്ട് സഭയെ തോല്പിക്കുക സാദ്ധ്യമല്ലെന്നു കണ്ട സാത്താൻ പ്രശസ്തി, അനുരഞ്ജനം, ലൗകിക താല്പര്യങ്ങൾ എന്നിവയിൽകൂടെ അതിനെ കളങ്കപ്പെടുത്തി. അത് യേശുവിന്റെ നാമം മുറുകെ പിടിച്ചു. പക്ഷെ, യേശുവിന്റെ വചനത്തിന് വിരുദ്ധമായി പ്രവർത്തിച്ചു. സഭ റോമിന്റെ കാവ്യമതസിംഹാസനത്തിൽ എത്തിച്ചേർന്നു. സൂര്യദിവസമായ ഞായറാഴ്ച ആചാരവും വിഗ്രഹാരാധനയും സഭക്കുള്ളിൽ കടന്നുകൂടി. ഈ കാലഘട്ടത്തിലെ സഭ ദുരുപദേശത്തിൽ ലയിച്ചതുകൊണ്ട് ക്രിസ്തു അതിനെ ശാസിക്കുന്നു.

"എന്റെ സാക്ഷിയും വിശ്വസ്തനുമായ അന്തിപ്പാസിനെ കൊന്ന കാലത്തുപോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല" (വെളിപ്പാട് 2:13). രാജാവിനെ ദൈവമായി ആരാധിക്കുന്നതിനോടു എതിർത്തു

നിന്ന ഒരു വിശ്വസ്ത ക്രിസ്ത്യാനിയായിരുന്നു അന്തിപ്പാസ് എന്നു പറയപ്പെടുന്നു. വിശ്വസ്തനായ ഈ രക്തസാക്ഷി പില്ക്കാലത്തുള്ള അനേകം സത്യവിശ്വാസികൾക്ക് ഒരു മാതൃക തന്നെയാണ്. പക്ഷെ ഈ കാലഘട്ടത്തിൽ ബഹുഭൂരിപക്ഷം ജനങ്ങൾ സത്യവചനം ഉപേക്ഷിച്ച് ബിലെയാമിന്റെ ഉപദേശമായ ദുർമാർഗ്ഗം കൈകൊണ്ടതായി തിരുവചനം പറയുന്നു.

ക്രിസ്തു ഇപ്രകാരം ഈ കാലഘട്ടത്തിലെ സഭയോടു പറയുന്നു: "എങ്കിലും നിന്നെക്കുറിച്ചു കുറഞ്ഞൊരു കുറ്റം പറവാനുണ്ട്; യിസ്രായേൽ മക്കൾ വിഗ്രാഹാർപ്പിതം തിന്നേണ്ടതിനും ദുർന്നടപ്പു ആചരിക്കേണ്ടതിനും അവരുടെ മുമ്പിൽ ഇടർച്ച വയ്പ്പാൻ ബാലാക്കിനു ഉപദേശിച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ട്. അവ്വണ്ണം നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവർ നിനക്കും ഉണ്ട്" (വെളിപ്പാട് 2:14,15). ഈ കാലഘട്ടത്തിൽ ക്രിസ്തുമതം കാവ്യമതവുമായി അനുരഞ്ജനത്തിൽ പെട്ടു. ജാതികളുടെ ആചാരങ്ങൾ സഭക്കുള്ളിൽ കടന്നുവന്നു. ഇന്നു നാം സഭകളിൽ കാണുന്ന തിരുവചന വിരുദ്ധമായ ആചാരങ്ങളും കർമ്മങ്ങളും ഉത്സവങ്ങളും എല്ലാംതന്നെ ഇപ്രകാരം പുറജാതി മതത്തിൽ നിന്നും കടന്നുവന്നവയാണ്. ഈ സഭക്ക് ക്രിസ്തു കൊടുക്കുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക:

"ആകയാൽ മാനസാന്തരപ്പെടുക; അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ വന്ന് എന്റെ വായിലെ വാളുകൊണ്ട് അവരോടു പോരാടും" (വെളിപ്പാട് 2:16). "ജയിക്കുന്നവനു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരു കൊടുക്കും" (വെളിപ്പാട് 2:17).

## തുയഥൈരയിലെ സഭ - വിശ്വാസത്യാഗ കാലഘട്ടം (വെളിപ്പാട് 2:18-29) 538 - 1517 A.D.

തുയഥൈര എന്ന വാക്കിന്റെ ഉത്ഭവവും അർത്ഥവും ആർക്കും വ്യക്തമല്ല. "അദ്ധ്വാനത്തിന്റെ അല്ലെങ്കിൽ പ്രവൃത്തികളുടെ നറുമണം" എന്നതാണ് ഈ വാക്കിന്റെ അർത്ഥമെന്ന് ചിലർ പറയുന്നു. ഈ പട്ടണത്തിൽ പല വ്യവസായങ്ങളും കൈത്തൊഴിലുകളും നന്നായി നടന്നിരുന്നു. വസ്ത്രങ്ങളിൽ ചായം മുക്കലിന് ഈ പട്ടണം കീർത്തി

കേട്ടതായിരുന്നു. ക്രിസ്തീയ ചരിത്രത്തിൽ സുദീർഘ കാലഘട്ടം തുയ ഥൈര കാലഘട്ടമാണ്. ഇത് എ.ഡി. 538 മുതൽ 1517 വരെ അതായത് നവോത്ഥാനകാലംവരെ നീണ്ടുനില്ക്കുന്നു. ഭീകരമായ വിശ്വാസ ത്യാഗത്തിന്റെ കാലഘട്ടമായിരുന്നു ഇത്. അന്ധകാരയുഗമെന്നു ചരിത്രം ഇതിനെ വിളിക്കുന്നു. ഈ സഭയെക്കുറിച്ച് ക്രിസ്തു പറയുന്നത് കേൾക്കുക:

"എങ്കിലും താൻ പ്രവാചകി എന്നു പറഞ്ഞു ദുർന്നടപ്പു ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കുറ്റം നിന്നെക്കുറിച്ചു പറവാൻ ഉണ്ട്. ഞാൻ അവൾക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും ദുർന്നടപ്പു വിട്ടു മാനസാന്തരപ്പെടുവാൻ അവൾക്കു മനസ്സില്ല. ഞാൻ അവളെ കിടപ്പിലും അവളുമായി വ്യഭിചരിക്കുന്നവരെ അവളുടെ നടപ്പുവിട്ടു മാനസാന്തരപ്പെടാതിരുന്നാൽ വലിയ കഷ്ടതയിലും ആക്കിക്കളയും. അവളുടെ മക്കളെയും ഞാൻ കൊന്നുകളയും; ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു സകല സഭകളും അറിയും; നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും പകരം ചെയ്യും" (വെളിപ്പാട് 2:20-23).

ഈ സഭയുടെ കാലഘട്ടമായ എ.ഡി. 538 മുതൽ നവോത്ഥാന കാലം വരെയുള്ള സമയം സഭക്ക് പരമാധികാരം ഉണ്ടായിരുന്നതായി ചരിത്രം തന്നെ സാക്ഷ്യം പറയുന്നു. വേദപുസ്തകം ഭവനങ്ങളിൽ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആർക്കും അനുവാദ മുണ്ടായിരുന്നില്ല. ഈസബേൽ എന്ന സ്ത്രീ യിസ്രായേലിനെ ദൈവ ത്തിനെതിരെ നയിച്ചതുപോലെ അന്ധകാരയുഗത്തിലെ സഭ ജന സമൂഹത്തെ ക്രിസ്തുവിൽനിന്ന് അകറ്റിക്കളഞ്ഞിരുന്നു. ദൈവവചന ത്തിനുപകരം പാരമ്പര്യത്തെ ഉയർത്തിക്കാണിച്ചു. രക്ഷ പ്രാപിക്കുന്ന തിനു മനുഷ്യരെ പ്രവൃത്തികളിൽ ആശ്രയിപ്പിച്ചു. യേശുവാകുന്ന മഹാ പുരോഹിതന്റെ സ്വർഗ്ഗീയ പൗരോഹിത്യം തള്ളിക്കളഞ്ഞുകൊണ്ട് സഭയിൽ തന്നെ പുരോഹിതന്മാരെ വാഴിച്ചു. ദുരാചാരങ്ങളെ എതിർക്കുന്നവർക്ക് മരണശിക്ഷ വിധിക്കപ്പെട്ടു. ശാസ്ത്രീയ വളർച്ച പോലും ഈ കാലഘട്ടത്തിൽ തടയപ്പെട്ടിരുന്നു. പുണ്യവാളന്മാരെന്നു സഭ വിധിച്ചവരോടുള്ള പ്രാർത്ഥന, കുമ്പസാരം തുടങ്ങി അനേക ദുരാ ചാരങ്ങൾ നിമിത്തം യേശുക്രിസ്തുവിനോടും സ്വർഗ്ഗത്തോടുമുള്ള

ജനത്തിന്റെ ബന്ധത്തെപ്പോലും തടസ്സപ്പെടുത്തി. പണം കൊടുത്തു പാപമോചനം പ്രാപിക്കാമെന്ന സ്ഥിതിവരെയുണ്ടായിരുന്നു. ചിന്താ സ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിരുന്നില്ല.

അതിഭീകരമായ ഈ ആത്മീക അന്ധകാരത്തിലും സത്യവിശ്വാസം കാത്തുസൂക്ഷിച്ചവർ അവിടെ ഉണ്ടായിരുന്നു. അവരെക്കുറിച്ച് യേശു ഇപ്രകാരം പറയുന്നു: “എന്നാൽ ഈ ഉപദേശം കൈക്കൊള്ളാതെയും അവർ പറയുംപോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും തുയഥൈരയിലെ ശേഷം പേരോടു വേറൊരു ഭാരം ഞാൻ നിങ്ങ ളുടെ മേൽ ചുമത്തുന്നില്ല; എങ്കിലും നിങ്ങൾക്കുള്ളതു ഞാൻ വരും വരെ പിടിച്ചുകൊൾവിൻ എന്നു ഞാൻ കല്പിക്കുന്നു. ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവനു എന്റെ പിതാവു എനിക്കു തന്നതുപോലെ ഞാൻ ജാതി കളുടെ മേൽ അധികാരം കൊടുക്കും” (വെളിപ്പാട് 2:24-26).

ഈ കാലഘട്ടത്തിലും ദൈവത്തിന് തന്റെ വിശുദ്ധജനം ഉണ്ടായി രുന്നു. ഇംഗ്ലണ്ടിൽ ജോൺ വിക്ലിഫിന്റെ അനുയായികളും യൂറോപ്പിലെ വാൽഡൻസുകളും ഈ കൂട്ടത്തിൽപ്പെടുന്നു. പാപ്പാത്വ അധികാരത്തെ അവഗണിച്ചുകൊണ്ട് അവരെല്ലാം ക്രിസ്തുവിന്റെ ഉപദേശം മുറുകെ പ്പിടിച്ചു. അതിന് ക്രിസ്തു അവരെ അഭിനന്ദിക്കുകയും അവർക്കു സ്വർഗ്ഗ രാജ്യം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. “അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും” (വെളിപ്പാട് 2:27). ഒരു മനുഷ്യൻ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ അവന്റെ താല്പര്യങ്ങളെല്ലാം അവസാനിക്കുകയും ആ വ്യക്തി ക്രിസ്തുവാകുന്ന പാറമേൽ വീണ് ഉടയുകയും ചെയ്യുന്നു. പിന്നെ ക്രിസ്തുവിന്റെ ഹിതപ്രകാരം ആ വ്യക്തി പുതിയ സൃഷ്ടിയായി വാർത്തെടുക്കപ്പെടുന്നു (യിരെമ്യാവ് 18:1-6). അതിനുശേഷം കർത്താവിന്റെ ഇഷ്ടം ചെയ്തുകൊണ്ട് അവൻ സാത്താനെ ജയിച്ച് നിത്യജീവന് അവകാശിയായിത്തീരുന്നു. “ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും. ആത്മാവു സഭകളോടു പറയു ന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ” (വെളിപ്പാട് 2:28,29) എന്നു ക്രിസ്തു അരുളിച്ചെയ്യുന്നു.

## സർദ്ദിസിലെ സഭ - നവീകരണ കാലഘട്ടം (വെളിപ്പാട് 3:1-6) 1517-1798 A.D.

തുയഥൈരാ പട്ടണത്തിന്റെ തെക്കുഭാഗത്തായി പെരുവഴിയോടു ചേർന്നു സർദ്ദിസ് പട്ടണം സ്ഥിതിചെയ്തിരുന്നു. ഈ പേരിന്റെ അർത്ഥം

ആർക്കും വ്യക്തമല്ല. പക്ഷെ ഈ പേരിന്റെ അർത്ഥം "സന്തോഷ ഗാനം", "ശേഷിപ്പുള്ളത്", "പുതിയത്" എന്നൊക്കെയാണെന്ന് പറയപ്പെടുന്നു. ക്രിസ്തീയ ചരിത്രത്തിൽ സർദ്ദിസ് സഭയുടെ കാലഘട്ടം എ.ഡി. 1517 മുതൽ 1798 വരെ നീണ്ടുനില്ക്കുന്നു. ക്രിസ്തു ഈ സഭയോടു പറയുന്നത് ശ്രദ്ധിക്കുക: "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ടെങ്കിലും നീ മരിച്ചവനായിരുന്നു. ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല. ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തത് എങ്ങനെ എന്ന് ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികക്കു നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല" (വെളിപ്പാട് 3:1–3).

ഈ കാലഘട്ടത്തിലെ സഭ കപടനാട്യത്തിൽ മാത്രം മുഴുകി നിൽക്കുകയായിരുന്നു. പുറമോടിയിൽ ആശ്രയിച്ച് തിരുവെഴുത്തിനെ തള്ളിക്കളഞ്ഞിരുന്നു. ആത്മീകമായി മരിച്ച അവസ്ഥയിൽ സഭ എത്തിച്ചേർന്നു. പക്ഷെ ദൈവാത്മാവു നടത്തിയ വ്യക്തികൾ എഴുന്നേറ്റ് സഭയുടെ ഉപദേശങ്ങളെ തിരുവെഴുത്തുമായി തുലനം ചെയ്തു. ഇപ്രകാരമുള്ളവരെ നവീകരണകർത്താക്കൾ എന്ന് വിളിക്കുന്നു. അവരിൽ ചിലർ സ്ഥാപിച്ച സഭകൾ ഇന്നും നിലവിൽ ഉണ്ട്. പക്ഷെ അവരുടെ കാലശേഷം പിൻഗാമികൾ തിരുവചന സത്യങ്ങൾ കണ്ടെത്താതെ സത്യവചനംവിട്ടു മാറിക്കളഞ്ഞു. അവർ പിന്നാക്കം തിരിഞ്ഞു തങ്ങളുടെ മാതൃസഭയുമായുള്ള വിട്ടുവീഴ്ചകൾക്ക് അടിമപ്പെട്ടുപോയി. അതുകൊണ്ടു ക്രിസ്തു അപ്രകാരമുള്ളവരെക്കുറിച്ച് ഇങ്ങനെ പറയുന്നു: "ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല." അവരോടു മാനസാന്തരപ്പെടണമെന്നു ക്രിസ്തു വീണ്ടും അഭ്യർത്ഥിക്കുന്നു. അല്ലാഞ്ഞാൽ അവർ നിത്യനാശത്തിന്റെ ഇരകളായി ഭവിക്കും.

ഈ പാഠം ഇന്നു നമുക്കും ബാധകമാണ്. സത്യത്തെ പിൻചെല്ലുക. കണ്ടെത്തുന്ന സത്യം അനുസരിക്കുക. അപ്പോൾ അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ വരും. സത്യം ഉപേക്ഷിച്ചാൽ നാശമായിരിക്കും ഫലം. ഒരാൾക്ക് അനുസരിക്കാവുന്നവിധം സാവധാനത്തിൽ യേശു വെളിച്ചം

വീശുന്നു. വെളിപ്പെട്ടു കിട്ടുന്ന വെളിച്ചം അനുഗമിച്ച് ആ വ്യക്തി പിൻ ചെല്ലുമ്പോൾ വീണ്ടും അധികമായ വെളിച്ചം യേശു വെളിപ്പെടുത്തി ക്കൊടുക്കും (സദൃശവാക്യങ്ങൾ 4:18,19). ഒരുവൻ വെളിച്ചം ഉപേക്ഷി ക്കുമ്പോൾ അത് അവന് നഷ്ടപ്പെടുകയും അവൻ ഇരുട്ടിൽ വീഴു കയും ചെയ്യുന്നു (യോഹന്നാൻ 12:35).

സർദ്ദിസ് സഭയുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന വിശുദ്ധ ന്മാരായ നവീകരണകർത്താക്കളെയും സത്യവിശ്വാസികളെയുംകുറിച്ച് ക്രിസ്തു ഇപ്രകാരം പറയുന്നു: "എങ്കിലും ഉടുപ്പു മലിനമാകാത്ത കുറെ പേർ സർദ്ദിസിൽ നിനക്കുണ്ടു. അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ള യുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ" (വെളിപ്പാട് 3:4-6).

## ഫിലദെൽഫ്യയിലെ സഭ - ഉണർവ്വിന്റെ കാലം (വെളിപ്പാട് 3:7-13)

**1798 - 1844 A.D.**

ഫിലദെൽഫ്യ എന്ന വാക്കിന്റെ അർത്ഥം സഹോദര സ്നേഹം എന്നാണ്. ബി.സി. 138 നു മുമ്പുതന്നെ ഏഷ്യാമൈനർ പ്രദേശത്ത് ഈ പട്ടണം സ്ഥാപിതമായി. എ.ഡി. 17 ൽ ഇത് ഭൂകമ്പത്താൽ തകർന്നു പോയപ്പോൾ തിബരിയോസ് കൈസർ ഇതിനെ പുതുക്കിപ്പണിതു. സർദ്ദിസിന്റെ തെക്കുകിഴക്കായി 48 കിലോമീറ്റർ അകലെ ഈ പട്ടണം സ്ഥിതിചെയ്തിരുന്നു.

ക്രിസ്തീയ ചരിത്രത്തിൽ എ.ഡി. 1798 ൽ തുടങ്ങി 1844 വരെ ഇതിന്റെ കാലസംഖ്യ എത്തിനില്ക്കുന്നു. ക്രിസ്തീയ സഭയിൽ സഹോദര സ്നേഹത്തിന്റെ ആത്മാവ് ഈ കാലഘട്ടത്തിൽ ഉടലെ ടുത്തു. നശിച്ചുപോകുന്ന സഹോദരവർഗ്ഗത്തെ അന്ധകാരത്തിലും നിത്യനാശത്തിലുംനിന്ന് അത്ഭുത പ്രകാശത്തിലേക്കും നിത്യജീവങ്ക ലേക്കും കരകയറ്റുന്നതിനുള്ള ആഗ്രഹം മനുഷ്യഹൃദയങ്ങളിൽ നിറഞ്ഞു വന്നു. സ്വദേശവും വിദേശവുമായ അനവധി മിഷനറി പ്രസ്ഥാനങ്ങൾ ഈ കാലയളവിൽ ഉദയം ചെയ്തു പുരോഗതി പ്രാപിച്ചു. മിഷനറി മാർ ലോകമെങ്ങും പടർന്നെത്തി. ഉണർവ്വു പ്രസംഗകർ ലോകമെങ്ങും

പുത്തൻ ഉണർവ്വിന്റെ തീപ്പൊരി വിതറി. അമേരിക്കൻ - ബ്രിട്ടീഷ് ബൈബിൾ സൊസൈറ്റികൾ രൂപംകൊണ്ടു വളർന്നു. വെളിപ്പാട്, ദാനീയേൽ പുസ്തകങ്ങൾ മനുഷ്യർ പഠിച്ചുതുടങ്ങി. മനുഷ്യർക്ക് സത്യവചനം നൽകുന്നതിനെക്കാളും വലിയ താല്പര്യമൊന്നുംതന്നെ അവർക്കുണ്ടായിരുന്നില്ല. ഫിലദെൽഫിയ എന്ന വാക്കിന്റെ അർത്ഥ മായ "സഹോദരസ്നേഹം" ഈ കാലഘട്ടത്തിലെ സഭക്ക് നന്നായി യോജിച്ചിരിക്കുന്നു. ഈ സഭയെ യേശു പ്രത്യേകമായി ഒന്നിലും ശാസിക്കുന്നില്ല.

ഒരു കൂട്ടർ ഈ സഭയെ ശല്യപ്പെടുത്തിയതിനെക്കുറിച്ച് ക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക: "യെഹൂദരല്ലാതിരിക്കെ യെഹൂദരെന്നു കള വായി പറയുന്ന ചിലരെ സാത്താന്റെ പള്ളിയിൽനിന്നും വരുത്തും; അവർ നിന്റെ കാല്ക്കൽ വന്നു നമസ്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിവാനും സംഗതി വരുത്തും" (വെളിപ്പാട് 3:9). സാത്താന്റെ പള്ളിക്കാരായവർ സത്യവിശ്വാസികൾ എന്നു നടിക്കും. അവർ യഥാർത്ഥ നിറം വെളിപ്പെടുത്തുകയില്ല. നീതിമാന്മാർ നല്ലവർ സ്നേഹസമ്പന്നർ എന്നൊക്കെ അവർ നടിക്കും. ഇക്കൂട്ടർ ഭീകര ന്മാരായ സാത്താന്യ സേവകരാണ്. ആടുകളുടെ വേഷമണിഞ്ഞ ചെന്നായ്ക്കളെന്നു യേശു ഇവരെ വിളിക്കുന്നു. സാത്താൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും അത്രെ (യോഹന്നാൻ 8:44) എന്നു യേശു പറയുന്നു. നമുക്കു ലഭിക്കുന്ന ഉപദേശങ്ങൾ തിരുവചനവുമായി നാം തുലനം ചെയ്യുമെങ്കിൽ വഞ്ചിക്കപ്പെടുകയില്ല.

"വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനുമായി ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാത്തവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ" (വെളിപ്പാട് 3:7) എന്നു തന്നെക്കുറിച്ച് യേശു ഈ സഭയോടു പറയുന്നു. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിന്റെ അതിവിശുദ്ധസ്ഥലത്ത് മഹാപുരോഹിതനായി ഈ കാലഘട്ടത്തിൽ യേശു ശുശ്രൂഷ ആരംഭിക്കുന്നു. അവിടേക്കുള്ള വാതിൽ ഒരു വ്യക്തി യിൽനിന്നു അടച്ചുകളയുവാൻ ആർക്കും സാധിക്കുകയില്ല. അത് അടച്ചുകളയുന്നതിനുവേണ്ടി ഭൂമിയിൽതന്നെ വിവിധ തരത്തിലുള്ള പൗരോഹിത്യശുശ്രൂഷകൾ സാത്താൻ സ്ഥാപിച്ചിരിക്കുന്നു എങ്കിലും സ്വർഗ്ഗത്തിനുവേണ്ടി വചനാനുസൃതം ആഗ്രഹിക്കുന്ന ഒരാളെ തടയു വാൻ സാത്താനു സാധിക്കുകയില്ല. ക്രിസ്തു തുറക്കുന്ന വാതിൽ ആരും അടയ്ക്കുകയില്ല. മാത്രമല്ല, ദൈവം തള്ളിക്കളഞ്ഞ ഒരാളെ

സ്വർഗ്ഗത്തിലെത്തിക്കുന്നതിനും ആർക്കും സാധ്യമല്ല. ക്രിസ്തു അടച്ച വാതിൽ ആരും തുറക്കുകയില്ല. ഓരോ മനുഷ്യനും ക്രിസ്തുവുമായി നേരിട്ടു ബന്ധപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു. ദൈവത്തിനും മനുഷ്യനും മദ്ധ്യേ മദ്ധ്യസ്ഥൻ യേശു മാത്രമാണ്.

ഈ സഭയുടെ കാലഘട്ടത്തിന്റെ അവസാനത്തോടടുത്ത് എ.ഡി. 1844 നോടനുബന്ധിച്ച് യേശു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ വിശുദ്ധ സ്ഥല ശുശ്രൂഷ അവസാനിപ്പിച്ച് അതിവിശുദ്ധസ്ഥല ശുശ്രൂഷയിലേക്ക് പ്രവേശിച്ചു. അവിടെ വിശുദ്ധ നിയമപ്പെട്ടകത്തിനു മുമ്പിലുള്ള തന്റെ ശുശ്രൂഷ ആരംഭിച്ചു. വിശുദ്ധസ്ഥല വാതിൽ യേശു അടയ്ക്കുകയും അതിവിശുദ്ധസ്ഥല വാതിൽ തുറക്കുകയും ചെയ്തു. അതു അടയ്ക്കുവാൻ ആർക്കും സാദ്ധ്യമല്ല.

ക്രിസ്തു ഇപ്രകാരം അരുളിചെയ്യുന്നു: "ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽ നിന്നു, സ്വർഗ്ഗത്തിൽനിന്നുതന്നെ ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെമേൽ എഴുതും. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ" (വെളിപ്പാട് 3:11-13).

## ലവൊദിക്ക്യയിലെ സഭ - ഇന്നത്തെ ക്രിസ്ത്യാനിത്വം (വെളിപ്പാട് 3:14-22) 1844 A.D. - the End

ലവൊദിക്ക്യ എന്ന വാക്കിന്റെ അർത്ഥം "ജനത്തെ ന്യായം വിധിക്കുന്നു", "ന്യായം വിധിക്കപ്പെടുന്ന ജനം" എന്നൊക്കെയാണ്. ഫിലദൽഫിയയിൽനിന്നും ലവൊദിക്യ പട്ടണത്തിലേക്കുള്ള ദൂരം ഏകദേശം 80 കി. മീറ്റർ മാത്രമാണ്. ബി.സി. 261-നും, 246-നും ഇടക്ക് അന്ത്യോക്കസ് രണ്ടാമൻ രാജാവ് ഈ പട്ടണം സ്ഥാപിക്കുകയും ലവോഡീസ് എന്ന അദ്ദേഹത്തിന്റെ ഭാര്യയുടെ ബഹുമാനാർത്ഥം ഇതിന് ലവൊദിക്ക്യ എന്ന് പേരു കൊടുക്കുകയും ചെയ്തു. ലൈക്കസ് നദീതടത്തിൽ സ്ഥിതിചെയ്തിരുന്ന ഈ പട്ടണം കമ്പിളി വ്യവസായത്തിൽ കീർത്തി നേടിയതായിരുന്നു. യോഹന്നാൻ വെളിപ്പാട് എഴുതുമ്പോൾ ലവൊദിക്ക്യ പട്ടണത്തിൽ ക്രിസ്തുമതം കടന്നുവന്ന് നാല്പതു വർഷത്തോളം കഴിഞ്ഞിരുന്നു.

ക്രിസ്തീയ ചരിത്രത്തിൽ ലവൊദിക്ക്യസഭയുടെ കാലഘട്ടം 1844 മുതൽ ക്രിസ്തു വീണ്ടും വരുന്നതുവരെയാണ്. ഇന്നത്തെ ക്രിസ്ത്യാനികൾക്കുള്ള ശാസനയും ഇതിൽ കാണാവുന്നതാണ്. അതു കേൾക്കുമ്പോൾ നമ്മുടെ ഹൃദയത്തുടുപ്പിനു വേഗത കൂടും. നമ്മുടെ ആത്മീക പ്രശ്നങ്ങളും ആവശ്യങ്ങളും യേശുവിനറിയാം. അതിനുള്ള പ്രതിവിധികളും യേശു നിർദ്ദേശിക്കുന്നുണ്ട്.

ഇന്നത്തെ പ്രശ്നങ്ങളെപ്പറ്റി യേശു ഇപ്രകാരം പറയുന്നു: "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ, ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും" (വെളിപ്പാട് 3:15,16).

ലവൊദിക്ക്യ പട്ടണത്തിൽ ലഭിച്ചിരുന്ന വെള്ളത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അതിന്റെ പരിസരപ്രദേശമായ ഹീറപോലിയിൽനിന്ന് ഉത്ഭവിച്ചുവന്നിരുന്ന ഉഷ്ണജലപ്രവാഹം പിന്നീട് ശീതജലവുമായി ചേർന്ന് സമശീതോഷ്ണജലമായി ലവൊദിക്ക്യ പട്ടണത്തിൽ എത്തിയിരുന്നു. ആ പ്രദേശത്തിന്റെ ഇപ്രകാരമുള്ള പരിതസ്ഥിതി അവിടത്തെ ജനങ്ങളുടെ ആത്മിക അവസ്ഥയുമായി ഇവിടെ തുലനം ചെയ്യപ്പെട്ടിരിക്കുന്നു. ലവൊദിക്ക്യ സഭയുടെ ഈ അവസ്ഥ ഇന്നത്തെ ക്രിസ്ത്യാനികൾക്കെല്ലാം ബാധകമാണ്. ഇത് ഒരു അപകടസൂചന കൂടെയാണ്. എനിക്ക് അത്യാവശ്യമായി മാനസാന്തരം വേണ്ടുന്നിടത്ത് ഞാൻ ദൈവേഷ്ടത്തിന് അനുസരിച്ചാണ് ജീവിക്കുന്നത് എന്ന് ചിന്തിക്കുന്നതുപോലെ ഭയാനകമായ അവസ്ഥ വേറെയില്ല. ഇന്ന് ഭക്തിയുള്ളവരെന്നു കാണപ്പെടുന്ന പലരും ഇതേ കാരണത്താൽ അന്ത്യന്യായവിധിയിൽ നഷ്ടമായിപ്പോകും (മത്തായി 7:21-23). ഒരു വിഷമഘട്ടത്തിൽപ്പെട്ടു പോകുന്നത് ഖേദകരം തന്നെയാണ്. പക്ഷെ അതിനെക്കാൾ ഖേദകരമാണ് വിഷമസ്ഥിതിയിലാണെന്നുള്ള അവസ്ഥയെക്കുറിച്ച് അറിവില്ലാതെ ഇരിക്കുന്നത്. "ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും" എന്നു ക്രിസ്തു അരുളിചെയ്തിരിക്കുന്നു. ഇന്നു മനുഷ്യരുടെ ഉള്ളിൽ കാണുന്ന ആത്മിക അഹങ്കാരം ദൈവത്തിനു സഹിക്കാവുന്നതല്ല. "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ട് നീ

നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും" എന്നുള്ള അവസ്ഥയിൽ ദൈവം നിന്നെ കാണുന്നു. ഈ അവസ്ഥയിൽനിന്ന് മോചനത്തിനുള്ള ഒരു വഴി എല്ലാവരുടെയും മുന്നിൽ ക്രിസ്തു തുറന്നു കാണിക്കുന്നു. അതിനെക്കുറിച്ച് ഇപ്രകാരം നാം വായിക്കുന്നു:

"നീ സമ്പന്നൻ ആകേണ്ടതിനു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന് വെള്ള ഉടുപ്പും നിനക്ക് കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു... ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക" (വെളി. 3:18,19). ഇവിടെ മൂന്നു കാര്യങ്ങൾ ദൈവത്തോടു വിലയ്ക്കു വാങ്ങുവാൻ ദൈവം ആവശ്യപ്പെടുന്നു.

1. **സ്വർണ്ണം:** ഇത് സ്വർഗ്ഗത്തിന്റെ യഥാർത്ഥ നിധിയെ സൂചിപ്പിക്കുന്നു. ഒരു സുവർണ്ണ സ്വഭാവമായി ദൈവമനുഷ്യരിൽ ഇത് വെളിപ്പെട്ടുവരുന്നു. പ്രതികൂലങ്ങളും കഷ്ടപ്പാടുകളും നിറഞ്ഞ അന്തരീക്ഷമെന്ന അഗ്നിശോധനയിലും തളരാതെ അത് നിലനില്ക്കുന്നു. സ്നേഹത്തിൽ വ്യാപരിക്കുന്ന വിശ്വാസത്തെ സ്വർണ്ണം പ്രതിനിധാനം ചെയ്യുന്നു. ദൈവവചനത്തിൽകൂടെ ഇത് നമുക്കു ലഭിക്കുന്നു (സങ്കീർത്തനം 19:7-10; ഗലാത്യർ 5:6; യാക്കോബ് 2:5; ഇയ്യോബ് 23:10).

2. **വെള്ളയുടുപ്പ്:** ഇത് യേശുവിന്റെ നീതിയിൻ വസ്ത്രമാണ്. (യെശയ്യാവ് 61:10; വെളിപ്പാട് 19:8). നമ്മുടെ നീതിപ്രവൃത്തികൾ ദൈവസന്നിധിയിൽ സ്വീകാര്യമല്ല. യേശു തന്നിരിക്കുന്ന വചനത്തിനു നാം കീഴ്പ്പെട്ടു ജീവിക്കേണ്ടതാണ്. ഒരു സൗജന്യദാനമായി ഇത് യേശു തന്നെ കൊടുക്കുന്നു. അതു സമ്പാദിക്കേണ്ടതിന് നാം ഒന്നുംതന്നെ അദ്ധ്വാനിക്കേണ്ടതില്ല. അത് നാം യേശുവിൽനിന്ന് വിശ്വാസത്താൽ സ്വീകരിക്കുന്നു (സെഖര്യാവ് 3:1-5). യേശുവിങ്കലെ വിശ്വാസത്താൽ മാത്രം അത് നമ്മിൽ നിലനില്ക്കുകയും ചെയ്യുന്നു (റോമർ 1:17).

3. **കണ്ണിൽ എഴുതുന്ന ലേപം:** ദൈവവചനം ഗ്രഹിക്കുന്നതിനുള്ള വിവേചനബുദ്ധിയാണ് ഈ ലേപം (സങ്കീ. 119:18; 1 യോഹ. 2:20,27). ഇത് പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നതിൽകൂടെ സാധ്യമായിത്തീരുന്നു. നമ്മുടെ യഥാർത്ഥ അവസ്ഥ കണ്ടറിഞ്ഞ് യോഗ്യമായ തീരുമാനം ദൈവസന്നിധിയിൽ കൈകൊള്ളുന്നതിനുള്ള പരിശുദ്ധാത്മ സഹായമാണ് നമുക്കാവശ്യം (യോഹ. 14:26; എഫെ. 1:17-19).

വിലയേറിയ സ്വർണ്ണവും വെള്ളയുടുപ്പും കണ്ണിൽ എഴുതുന്ന ലേപവും എനിക്കുണ്ടെന്നു ഉറപ്പുവരുത്തുവാൻ ഞാൻ എന്താണു ചെയ്യേണ്ടത്? എന്റെ ഹൃദയവാതിൽ ഞാൻ ക്രിസ്തുവിനായി തുറന്നു കൊടുക്കുക മാത്രമെ വേണ്ടൂ. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും" (വെളിപ്പാട് 3:20). എത്ര വിലയേറിയ വാഗ്ദത്തം ക്രിസ്തു തരുന്നു എന്നു നോക്കുക. ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്ന വ്യക്തിയുമായി അവൻ ഒരു ജീവനാന്ത ഉടമ്പടി ചെയ്യുന്നു. അപ്രകാരം ഇങ്ങനെയുള്ള വ്യക്തികൾക്ക് ക്രിസ്തു വാസം ചെയ്യുന്ന ഒരു ഹൃദയം ലഭ്യമാകുന്നു. അവരുടെ സംസാരവും പെരുമാറ്റങ്ങളും പ്രവൃത്തിയും ജീവിതവും ക്രിസ്തുസഹജമായിത്തീരുന്നു.

ഇവിടെ ഒരു കാര്യം നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. പല വാതിലുകളും തുറക്കുവാൻ യേശുവിനു സാധിക്കുമെങ്കിലും എന്റെ ഹൃദയത്തിലേക്കുള്ള വാതിൽ തുറക്കുന്നതിനവൻ ബലപ്രയോഗം നടത്തുകയില്ല. ഞാൻ തന്നെ അതു ചെയ്യേണ്ടതാണ്. നാം ഓരോരു ത്തരും നമ്മെക്കുറിച്ചുള്ള വ്യക്തിപരമായ ഈ വസ്തുത ഒരിക്കലും മറന്നുപോകരുത്. ക്രിസ്തുവിനോടു ചേർന്ന് ഈ ലോകജീവിതം നാം ജയിക്കേണ്ടതാണ്. "ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും. ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെതന്നേ. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവി യുള്ളവൻ കേൾക്കട്ടെ" (വെളിപ്പാട് 3:21,22).

ഏഴു സഭകൾക്കുള്ള ദൂത് ഓരോ കാലഘട്ടത്തിലും ഉള്ള ക്രിസ്തീയ സഭയുടെ ആത്മികമായ ചരിത്രത്തെ സൂചിപ്പിക്കുന്നു. ഇത് അവസാനിക്കുന്നത് ഖേദകരമായ ഒരു മുന്നറിയിപ്പോടുകൂടിയാണ്. "ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും." ക്രിസ്തുവിന്റെ അന്ത്യ കാലസഭ അവന്റെ പ്രത്യക്ഷതയ്ക്ക് ഒരുക്കമുള്ളതല്ല. നിങ്ങൾ വ്യക്തി പരമായി എവിടെ നില്ക്കുന്നു?

പക്ഷെ, ദൈവരാജ്യം ആഗ്രഹിക്കുന്നവർക്കായി പ്രത്യാശയുടെ വചനം വീണ്ടും ശേഷിക്കുന്നു. "ജയിക്കുന്നവന്നു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും

ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നേ. ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ" (വെളിപ്പാട് 3:21,22).

ലോമാലിന്റാ യൂണിവേഴ്സിറ്റിയിലെ പ്രഫസർ ജോൺ പാളിയൻ വെളിപ്പാടിലെ മർമ്മങ്ങൾ തുറക്കുന്ന "ഏഴു താക്കോലുകൾ" എന്ന തന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "ഏഴു സഭകൾക്കുള്ള ദൂതുകളിലെ അതിപ്രധാന കാര്യം ഇതാണ്; ഏഴു സഭകൾക്കും യേശു വാഗ്ദത്തങ്ങൾ നൽകുന്നു. ഒന്നാമത്തെ സഭയ്ക്ക് ഒരു വാഗ്ദത്തം ലഭിക്കുന്നു - ജീവവൃക്ഷം. രണ്ടാമത്തെ സഭയ്ക്ക് രണ്ടെണ്ണം - ജീവ കിരീടവും രണ്ടാം മരണത്തിൽനിന്ന് വിടുതലും. മൂന്നാമത്തെ സഭയ്ക്ക് മൂന്നു വാഗ്ദത്തങ്ങൾ ലഭിക്കുന്നു - മറഞ്ഞിരിക്കുന്ന മന്ന, വെള്ള ക്കല്ല്, പുതിയ പേര്, നാലാമത്തെ സഭയ്ക്ക് നാലെണ്ണം, അഞ്ചാമത്തെ സഭയ്ക്ക് അഞ്ചെണ്ണം, ആറാമത്തെ സഭയ്ക്കു ആറെണ്ണം, ഏഴാമത്തെ സഭയായ ലവൊദിക്ക്യ സഭയ്ക്ക് എല്ലാ വാഗ്ദത്തങ്ങളുടെയും ആകെ തുകയായ വാഗ്ദത്തവും ലഭിക്കുന്നു. അതിലെ വിജയികൾ യേശുവി നോടൊത്ത് തന്റെ സിംഹാസനത്തിൽ ഇരിക്കുന്നു. യേശുവിനോ ടൊത്തു സിംഹാസനത്തിൽ ഇരിക്കുന്നവർക്കു സർവ്വവും ലഭിക്കുന്നു.

**ഏഴു സഭകൾക്കുള്ള വാഗ്ദത്തങ്ങൾ**

| | |
|---|---|
| എഫെസൊസ് | - ജീവവൃക്ഷഫലത്തിൽ അവകാശം |
| സ്മുർന്ന | - ജീവകിരീടം, രണ്ടാം മരണത്തിൽനിന്ന് വിടുതൽ |
| പെർഗ്ഗമൊസ് | - മറഞ്ഞിരിക്കുന്ന മന്ന<br>- വെള്ളക്കല്ല്<br>- പുതിയ പേര് |
| തുയഥൈര | - ജാതികളുടെ മേൽ അവകാശം<br>- ഇരിമ്പുകോൽകൊണ്ട് മേയ്ക്കുവാൻ അധികാരം<br>- ശത്രുക്കളെ പാത്രംപോലെ നുറുക്കുവാൻ അധികാരം<br>- ഉദയനക്ഷത്രം |
| സർദ്ദിസ് | - യേശുവിനോടൊത്ത് നടക്കുവാൻ അവകാശം<br>- വെള്ള ഉടുപ്പ് ധരിക്കുന്നു<br>- അവരുടെ പേരുകൾ ജീവപുസ്തകത്തിൽ എഴുതുന്നു |

| | |
|---|---|
| | - അവരുടെ പേരുകൾ പിതാവിന്റെ മുമ്പിൽ ഏറ്റുപറയുന്നു.<br>- അവരുടെ പേരുകൾ ദൂതന്മാരുടെ മുമ്പാകെ ഏറ്റു പറയുന്നു |
| ഫിലദെൽഫിയ | - പരീക്ഷകാലത്ത് സംരക്ഷണം<br>- ആലയത്തിലെ തൂണുകൾ ആക്കപ്പെടുന്നു<br>- ആലയത്തിൽ നിത്യവ്യാസം<br>- ദൈവത്തിന്റെ നാമം അവരുടെ മേൽ എഴുതുന്നു<br>- ദൈവനഗരത്തിന്റെ നാമം അവരുടെമേൽ എഴുതുന്നു<br>- യേശുവിന്റെ പുതിയ നാമം അവരുടെമേൽ എഴുതുന്നു |
| ലവൊദിക്ക്യ | - യേശുവിനോടൊത്ത് സിംഹാസനത്തിൽ ഇരിപ്പാൻ അവകാശം |

ഇതിൽനിന്ന് മനസ്സിലാകുന്നത് ഇപ്രകാരമാണ്: സഭകൾക്ക് ശ്രേഷ്ഠമായ വലിയ വാഗ്ദത്തങ്ങൾ ലഭിക്കുന്നതനുസരിച്ച് അവയ്ക്കുള്ള ദൂതുകളും കൂടുതൽ കർശനമാക്കപ്പെടുന്നു. സഭകളിലെ പ്രശ്നങ്ങൾ അധികമധികം വഷളായി വരുന്നത് കാണാവുന്നതാണ്. കാര്യങ്ങൾ കൂടുതൽ വഷളാകുന്തോറും ദൈവം നൽകുന്ന ശക്തിയും കൃപയും അത്യധികം വർദ്ധിക്കുന്നതായി ദൂതുകളിൽ കാണപ്പെടുന്നു. പാപം അതികഠിനമാകുന്തോറും ദൈവകൃപയും അത്യധികം വർദ്ധിച്ചു വരുന്നു. അതുകൊണ്ട് ജീവിതത്തിൽ നിങ്ങൾ നേരിടുന്ന പ്രശ്നങ്ങളുടെ ആഴം കൂടുന്തോറും യേശുക്രിസ്തുവിന്റെ കൃപ അത്യധികം നിങ്ങളുടെമേൽ ചൊരിയപ്പെടുന്നു. നിങ്ങളുടെ ജീവിതത്തിന് മാറ്റം വരുത്തുവാൻ അതിനു സാധ്യമാകുമെന്നാണ് ഇത് അർത്ഥമാക്കുന്നത്.

പഴയകാലങ്ങളിലും ചരിത്രത്തിലുടനീളവും ഏഴു സഭകൾക്കുള്ള ദൂതകൾ സംസാരിച്ചിരുന്നതുപോലെ ഇന്നു നമ്മോടും അത് അതിശക്തമായി ഘോഷിക്കുകയാണ്. ഇന്ന് നമ്മുടെ ഹൃദയങ്ങളെയും ജീവിതങ്ങളെയും മാറ്റുവാൻ ശക്തമായ ദൂത് വെളിപ്പാടിലുണ്ട്.

## വെളിപ്പാടിലെ ഏഴു സഭകൾ – ഒറ്റനോട്ടത്തിൽ

| സഭ | ഏകദേശ കാലം | പേരിന്റെ അർത്ഥം | പ്രധാന സവിശേഷത | സഭ യേശുവിനു കൊടുത്ത പേര് | നിരൂപണം | ശാസന | ഉപദേശം | വിജയിക്കുള്ള വാഗ്ദാനം |
|---|---|---|---|---|---|---|---|---|
| എഫെസൊസ് | എ.ഡി. 31 – 100 | ആദ്യത്തേത്, ആഗ്രഹിക്കത്തക്കത് | സ്നേഹ സമ്പന്നതയുടെ കാലം | വലങ്കയ്യിൽ 7 നക്ഷത്രം പിടിച്ച് 7 നില വിളക്കുകളുടെ മദ്ധ്യേ നടക്കുന്നവൻ | ക്ഷമയുള്ളവൻ ദുരുപദേശം വെറുക്കുന്നു. തളർന്നു പോകുന്നില്ല | ആദ്യസ്നേഹം വിട്ടുകളഞ്ഞു | മാനസാന്തരപ്പെടുക, ആദ്യത്തെ പ്രവൃത്തി ചെയ്യുക | ജീവവൃക്ഷ ഫലം ഭക്ഷിക്കും |
| സ്മുർന്ന | എ.ഡി. 100 – 313 | മൂര് - സൗരഭ്യ വാസന | പീഡനകാലം രക്ത സാക്ഷിത്വം | ആദിയും അന്ത്യവും, മരിച്ചവനായിരുന്നു. എന്നേക്കും ജീവിച്ചിരിക്കുന്നവൻ | കഷ്ടതയും കപട നാട്യവും ഉണ്ടെങ്കിലും സൽപ്രവൃത്തിയിലും വിശ്വാസത്തിലും സമ്പന്നത | ഒന്നുമില്ല | മരണ പര്യന്തം വിശ്വസ്തനായിരിക്ക | ജീവകിരീടം പ്രാപിക്കും, രണ്ടാം മരണത്തിൽ ദോഷം വരികയില്ല. |
| പെർഗ്ഗമൊസ് | എ.ഡി. 313 – 538 | വിവാഹ ബന്ധത്തിൽക്കൂടെയുള്ള ഉയർച്ച (അധികാരം) | രാഷ്ട്രമതം അനുരഞ്ജനം | മൂർച്ചയേറിയ ഇരു വായ്ത്തല വാളുള്ളവൻ | യേശുവിന്റെ നാമത്തെ മുറുകെപ്പിടിക്കുകയും വിശ്വാസം വിടാതിരിക്കുകയും ചെയ്യുന്നു | നിക്കൊലാവ്യരെയും ബിലെയാമിനെയും അനുവദിക്കുന്നു. വിഗ്രഹാരാധനയും അധാർമ്മികതയും അനുവദിക്കുന്നു | മാനസാന്തരപ്പെടുക | മറഞ്ഞിരിക്കുന്ന മന്ന പ്രാപിക്കും. വെള്ളക്കല്ലും പുതിയ പേരും ലഭിക്കും. |

| സഭ | ഏകദേശ കാലം | പേരിന്റെ അർത്ഥം | പ്രധാന സവിശേഷത | സഭ യേശുവിനു കൊടുത്ത പേര് | നിരൂപണം | ശാസന | ഉപദേശം | വിജയിക്കുള്ള വാഗ്ദാനം |
|---|---|---|---|---|---|---|---|---|
| തുയഥൈര | എ.ഡി. 538-1517 (നവീകരണ കാലം | അദ്ധ്വാന ത്തിന്റെ സൗരഭ്യം. പശ്ചാത്താപ ത്യാഗം | അന്ധകാര യുഗം - വിശ്വാസ ത്യാഗം | ദൈവ പുത്രൻ | സ്നേഹം, വിശ്വാസം, സഹിഷ്ണുത, സൽപ്രവൃത്തി എന്നിവ സ്വീക രിക്കുക | ഈസേബെൽ വിഗ്രഹാരാധന, അധാർമ്മികത എന്നിവ അനു വദിക്കുന്നു | നിനക്കുള്ളതു പിടിച്ചു കൊൾക | ജാതികളുടെ മേൽ അധി കാരം - ഉദയ നക്ഷത്രം - കൊടുക്കും. |
| സർദ്ദിസ് | നവീകരണം എ. ഡി. 1517-1798 | രക്ഷപ്പെടുന്ന വർ - ശേഷി പ്പുള്ളവർ | നവീകരണം | ഏഴു ആത്മാ ക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ | കുറേപ്പേർ മലിനമായിട്ടില്ല | ചത്ത പ്രവൃത്തികൾ | സൂക്ഷിക്കുക ശേഷിപ്പുള്ളതു പിടിച്ചു കൊൾക. മാനസാന്തര പ്പെടുക | വെള്ളയു ടുപ്പ് - പേര് ജീവപുസ് തകത്തിൽ സൂക്ഷിക്കും |

| സഭ | ഏകദേശ കാലം | പേരിന്റെ അർത്ഥം | പ്രധാന സവിശേഷത | സഭ യേശുവിനു കൊടുത്ത പേര് | നിരൂപണം | ശാസന | ഉപദേശം | വിജയിക്കുള്ള വാഗ്ദാനം |
|---|---|---|---|---|---|---|---|---|
| ഫില ദെൽഫിയ | എ.ഡി. 1798 - 1844 | സഹോദര സ്നേഹം | ഉണർവ്വ് - സുവിശേഷ വ്യാപ്തി | ദാവീദിന്റെ താക്കോൽ ഉള്ളവൻ - അടക്കുകയും തുറക്കുകയും - ചെയ്യുന്നവൻ വിശ്വസ്തനും സത്യവാനും | വിശ്വാസം കാത്തു യേശു വിനു ത്യജിച്ചു കളഞ്ഞില്ല | ഒന്നുമില്ല | വിശ്വാസ ത്തിൽ ഉറച്ചു നില്ക്കുക | ആലയത്തിൽ തൂണ്. പരീക്ഷാ ദിവസത്തിൽ കാക്കും. ദൈവത്തിന്റെ പേര് ലഭിക്കും. |
| ലവൊദിക്ക്യ | എ.ഡി. 1844 - ക്രിസ്തു വിന്റെ വീണ്ടും വരവുവരെ | ജനത്തെ ന്യായംവിധി ക്കുന്നു. നീതി യുള്ള ജാതി | ആധുനിക ക്രിസ്ത്യാനിത്വം - ഇന്നത്തെ സഭ | ആമേൻ എന്നു ള്ളവൻ, വിശ്വസ്ത സാക്ഷി, ദൈവ സൃഷ്ടിയുടെ ആരംഭം | ഒന്നുമില്ല | ശീതോഷ്ണം - ആത്മികമായി ദാരിദ്ര്യവും കാഴ്ചയില്ലാ യ്മയും നഗ്ന തയും | തീയിൽ ഊതി ക്കഴിച്ച പൊന്നും വെള്ളയു ടുപ്പും ലേപവും വാങ്ങുക. ജാഗ്രതയുള്ള വനായിരിക്ക. മാനസാന്തര പ്പെടുക. | ക്രിസ്തുവി നോടുകൂടെ സിംഹാസന ത്തിൽ ഇരിക്കുകയും ഭക്ഷിക്കു കയും ചെയ്യും. |

# അറുക്കപ്പെട്ട കുഞ്ഞാട്
## (വെളിപ്പാട് നാലും അഞ്ചും അദ്ധ്യായങ്ങൾ)

**യോ**ഹന്നാനുണ്ടായ രണ്ടാം ദർശനം വെളിപ്പാട് പുസ്തകം 4-ാം അദ്ധ്യായത്തിൽ ആരംഭിക്കുന്നു. ഈ ദർശനം ദൈർഘ്യമേറിയതും വൈവിദ്ധ്യമാർന്നതുമാണ്. അതിൽ മുദ്രകളും കാഹളങ്ങളും അടങ്ങിയിരിക്കുന്നു. ക്രിസ്തുവും സാത്താനുമായുള്ള പോരാട്ടത്തെക്കുറിച്ച് അത് പറയുന്നു. ലോകത്തിനുള്ള മുന്നറിയിപ്പുകൾ അതിലുണ്ട്. അന്ത്യ ബാധകൾ ഏഴും തുടർന്നുള്ള ക്രിസ്തുവിന്റെ വീണ്ടും വരവും അവിടെ കാണാം. ഈ ദർശനത്തിലെ കേന്ദ്രബിന്ദു രക്തം ചൊരിഞ്ഞുകൊണ്ട് നില്ക്കുന്നതായ അറുക്കപ്പെട്ട കുഞ്ഞാടാണ്.

വെളിപ്പാട് 4-ാം അദ്ധ്യായം 1-ാം വാക്യം മുതൽ നാം ഇങ്ങനെ വായിക്കുന്നു:

"അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നത് ഞാൻ കണ്ടു; കാഹളനാദംപോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറി വരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം എന്നു കല്പിച്ചു. ഉടനെ ഞാൻ ആത്മവിവശനായി സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു."

യോഹന്നാൻ ആത്മാവിൽ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടപ്പോൾ ആദ്യമായി കണ്ടത് ഒരു സിംഹാസനമാണ്. ആ സിംഹാസനത്തെപ്പറ്റി കൂടുതൽ വിവരിക്കാതെ അതിന്മേൽ ഇരിക്കുന്നവനെ യോഹന്നാൻ വർണ്ണിക്കുന്നു: "ഇരിക്കുന്നവൻ കാഴ്ചക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ" (വെളി. 4:3). ഇത് പിതാവായ ദൈവത്തെക്കുറിച്ചു പറയുന്നു. കാരണം "സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു

കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ള തൊക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്ത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു" (വെളിപ്പാട് 5:13). ഇവിടെ പിതാവിനെയും കുഞ്ഞാടിനെയുംക്കുറിച്ച് പ്രത്യേകം നാം കാണുന്നു.

ഇരിക്കുന്നവൻ കാഴ്ചക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ എന്നു എന്തുകൊണ്ടു പറയുന്നു? ഈ കല്ലുകൾ എപ്രകാര മുള്ളതാണ്? മറ്റു പ്രവാചകന്മാർ ദൈവത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന തുകൂടെ നമുക്കു നോക്കാം:

"സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിനുമീതെ മനുഷ്യ സാദൃശത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. അവന്റെ അര മുതൽ മേലോട്ടു അതിനകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അര മുതൽ കീഴോട്ടു തീപോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു" (യെഹെസ്കേൽ 1:26,27).

"വയോധികനായ (The Ancient of Days) ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു" (ദാനീയേൽ 7:9).

ഈ രണ്ടു ദർശനങ്ങൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്. ദൈവ സിംഹാസനത്തെ യെഹെസ്കേൽ നീലക്കല്ലിന്റെ കാഴ്ചപോലെയും (1:26) ദാനീയേൽ അതിനെ അഗ്നിജ്വാലപോലെയും കണ്ടതായി പറയുന്നു. സിംഹാസനത്തിന്മേൽ ഇരിക്കുന്നവനെ യെഹെസ്കേൽ "തീക്കൊത്ത ശുക്ലസ്വർണ്ണംപോലെയും തീപോലെയും" കാണുന്നു. എന്നാൽ ദാനീയേൽ ആകട്ടെ അവനെ ഹിമംപോലെ വെളുത്തതായി കാണുന്നു. ഇതിന്റെ കാരണമെന്തെന്നു നാം മനസ്സിലാക്കുന്നത് ദർശനങ്ങളുടെ ഉദ്ദേശ്യം അറിയുമ്പോഴാണ്.

ന്യായവിസ്താര സഭയെക്കുറിച്ച് ദാനീയേൽ പറയുന്നു. ഈ ന്യായ വിധിയിൽ രാജത്വം യേശുവിനു ലഭിക്കുന്നു. "രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. സകല വംശങ്ങളും

ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു അവനു ആധിപത്യവും മഹത്ത്വവും രാജത്വവും ലഭിച്ചു" (ദാനീയേൽ 7:13,14).

ന്യായാധിപന്റെ വെണ്മ അവന്റെ നീതിയെ കാണിക്കുന്നു. "ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം... വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ (വെളിപ്പാട് 19:8).

യെഹെസ്കേൽ ദർശനം പ്രാപിക്കുമ്പോൾ അവൻ അടിമത്വത്തിൽ കഴിയുകയാണ്. അന്നത്തെ യെഹൂദന്മാരെയും യെരൂശലേമിനെയും സർവ്വനാശം ഭീഷണിപ്പെടുത്തുന്നു. ആ ജനത്തെ ആശയറ്റവരായി കാണുകയാണ്. ഈ അവസരത്തിൽ ദൈവം തന്റെ സിംഹാസനത്തിൽ ഇരിക്കുന്നത് പ്രവാചകൻ കാണുന്നു. സിംഹാസനത്തിനു കീഴെ വ്യത്യസ്തങ്ങളായ ചക്രങ്ങൾ, കത്തുന്ന തീപ്പന്തങ്ങൾ, കെരൂബുകൾ ഇവയൊക്കെ കാണപ്പെടുന്നു (യെഹെസ്കേൽ 1:4-28).

യെഹൂദന്മാർക്കുണ്ടായ നാശം സംഭവിച്ചത് ദൈവത്തിന്റെ അറിവുകൂടാതെ അല്ലായെന്ന് ദൈവം പ്രവാചകനെ ഇവിടെ മനസ്സിലാക്കിക്കുകയാണ്. എപ്പോഴും ദൈവഹിതംതന്നെ നിറവേറപ്പെടും. സകല ലോകരാജ്യങ്ങളിന്മേലും അധികാരങ്ങളിന്മേലും കലങ്ങിമറിയുന്ന സകല പ്രശ്നങ്ങളിന്മേലും ദൈവനിയന്ത്രണം നിലനില്ക്കുന്നു എന്ന് യെഹെസ്കേലിനു കിട്ടിയ ദർശനം വെളിവാക്കുന്നു. കലങ്ങിമറിയുന്ന രാഷ്ട്രീയ സ്ഥിതിഗതികളിന്മേൽ ദൈവസാന്നിദ്ധ്യം തീയായി പ്രത്യക്ഷപ്പെടുന്നത് ദൈവത്തിന്റെ തീക്ഷ്ണതയെ വെളിപ്പെടുത്തുന്നു. ആദിയിങ്കൽത്തന്നെ അവസാനവും കാണുന്ന ദൈവത്തിന്റെ സർവ്വജ്ഞാനം നിമിത്തം ദൈവസിംഹാസനം നീലനിറമായി കാണും. ഇത് നീലാകാശത്തെയും സൂചിപ്പിക്കുന്നു. ദൈവം സർവ്വജ്ഞാനി ആകയാൽ ദൈവത്തിന് ഭാവവ്യത്യാസങ്ങളോ ഗതിഭേദങ്ങളോ ഉണ്ടാകുന്നില്ല. തന്റെ സിംഹാസനം സ്ഥിരമായും സ്വച്ഛന്ദമായും ഇരിക്കുന്നു. സീനായി മലയിൽ മിന്നലും ഇടിനാദവും കൊടുങ്കാറ്റും കാഹളധ്വനിയും എല്ലാമായി ശബ്ദമുഖരിതമായ ഭയാനക ദൃശ്യത്തിന്റെ നടുവിൽ ദൈവം തന്റെ നിയമം പ്രഖ്യാപിച്ച അന്തരീക്ഷവും ഇപ്രകാരംതന്നെ ആയിരുന്നു. അവിടെ മോശെയും അഹരോനും അബീഹുവും യിസ്രായേൽ മൂപ്പന്മാരിൽ 70 പേരുംകൂടെ കയറിച്ചെന്നു. "അവർ യിസ്രായേലിന്റെ ദൈവത്തെ കണ്ടു; അവന്റെ പാദങ്ങൾക്കു കീഴെ നീലക്കല്ലു പടുത്ത തളംപോലെയും ആകാശത്തിന്റെ സ്വച്ഛതപോലെയും ആയിരുന്നു" (പുറ. 24:10).

സമാധാനത്തെ വിളിച്ചറിയിക്കുന്നതിനു നീലാകാശത്തിന്റെ സ്വച്ഛതയെക്കാളും വലുതായി മറ്റൊന്നില്ല. അതിനു താഴെ നടന്നു കൊണ്ടിരിക്കുന്ന യുദ്ധകോലാഹലങ്ങൾ, സർവ്വസംഹാരം, സൈന്യ ങ്ങളുടെ ആരവം, രാഷ്ട്രീയ കലഹങ്ങൾ, അന്താരാഷ്ട്ര പ്രശ്നങ്ങൾ എന്നിവയുടെ എല്ലാം മുകളിൽ സർവ്വ സംഭവങ്ങളെയും നിയന്ത്രിച്ചു കൊണ്ടു ദൈവം വസിക്കുന്നു. തന്റെ ലക്ഷ്യം നിറവേറത്തക്കവിധം ദൈവം സകലത്തെയും നിയന്ത്രിക്കുന്നു. ദൈവസിംഹാസനം പരിപൂർണ്ണ മായ സ്വച്ഛതയിൽ സ്ഥിരമായിരിക്കുന്നു. കാലാകാലങ്ങളിൽ മനുഷ്യ രാശിക്കുവേണ്ടി ദൈവം വെളിപ്പെടുത്തുന്നതും പ്രഖ്യാപിക്കുന്നതു മായ സത്യത്തിനു യോജിക്കുന്നവിധം മാത്രം അവൻ തന്റെ പ്രവാ ചകന്മാർക്ക് തന്നെത്താൻ വെളിപ്പെടുന്നു എന്ന് നാം ഇവിടെ മനസ്സി ലാക്കുന്നു. വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തങ്ങളായ വിധം പ്രവാ ചകന്മാരിൽക്കൂടെ തന്റെ പദ്ധതി ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നു.

യോഹന്നാനു ലഭിച്ച ദർശനത്തിൽ സിംഹാസനത്തിൽ ഇരിക്കു ന്നവൻ കാഴ്ചക്ക് സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ എന്നു നാം വായിക്കുന്നു. ഈ രത്നക്കല്ലുകളിൽ ഒന്നു മഞ്ഞയും മറ്റൊന്നു ചുവപ്പുമാണ്. പത്മരാഗത്തിന് മാംസത്തിന്റെ നിറമാണ്. നല്ല സൂര്യകാന്തം നീലനിറത്തിൽ കാണപ്പെടുന്നു. ചുവപ്പും മഞ്ഞയുമായ സൂര്യകാന്തക്കല്ലുകളുമുണ്ട്. ഇവിടെ കല്ലുകൾക്കല്ല, നിറങ്ങൾക്കാണ് പ്രാധാന്യം. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരത്തിന്റെ കാര്യ ത്തിലും ഇതു സത്യമാണ്. “അതിന്റെ ജോതിസ്സ് ഏറ്റവും വിലയേറിയ രത്നത്തിന് തുല്യമായി സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു” (വെളിപ്പാട് 21:11) ഇവിടെ വെളിച്ചത്തിന് പ്രാധാന്യം കൊടു ത്തിരിക്കുന്നു,

ചുവപ്പിന്റെ പ്രാധാന്യം യെശയ്യാവിന്റെ പ്രവചനത്തിലും നാം കാണുന്നുണ്ട്. രക്ഷിക്കുവാൻ ശക്തനായവൻ (യേശു) ഏദോമിൽനിന്നു വരുന്നതായി അവിടെ പറയുന്നു. (യെശ. 63:1–6 വായിക്കുക). ഏദോം ദുഷ്ടജനത്തെ സൂചിപ്പിക്കുന്നു. ഈ ലോകത്തിനുവേണ്ടി ജന്മാവ കാശം വിറ്റുകളഞ്ഞവരാണവർ. “നിന്റെ ഉടുപ്പു ചുവന്നിരിക്കുന്നത് എന്ത്?” എന്നു യേശുവിനോടു ചോദിക്കുന്നു. “ഞാൻ ഒരു പ്രതികാര ദിവസം കരുതിയിരുന്നു; എന്റെ വിമുക്തന്മാരുടെ സംവത്സരം വന്നി രുന്നു” എന്നവൻ ഉത്തരം പറയുന്നു. പ്രതികാരത്തിന്റെ നിറംകൂടെ യാണ് ചുവപ്പ്. “കാഴ്ചക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും

സദൃശൻ" എന്നവിധം ഇവിടെ ദൈവം യോഹന്നാനു വെളിപ്പെട്ടതിന്റെ കാരണം ദൈവത്തിന്റെ പ്രതികാരദിവസം വന്നിരിക്കുന്നതിനാലും തന്റെ വിമുക്തന്മാരുടെ സംവത്സരം ആയിരിക്കുന്നതിനാലുമാണ്. ഓരോരുത്തർക്കും അവനവന്റേതായ പ്രതിഫലം നിശ്ചയിക്കുന്ന ന്യായ വിധിയാണ് വെളിപ്പാടിലെ ഈ ദർശനരംഗം.

സിംഹാസനത്തെക്കുറിച്ചുള്ള ഒരു വിവരണം ഇവിടെ കാണുന്നില്ല. "വലിയൊരു വെള്ള സിംഹാസനം" എന്നു അതിനെക്കുറിച്ച് വെളി പ്പാട് 20:11 ൽ പറയുന്നു. സിംഹാസനത്തെയും അതിൽ ഇരിക്കുന്ന വനെയുംക്കുറിച്ച് ഇവിടെയും ദാനിയേലിന്റെ ദർശനത്തിലും പറയ പ്പെടുന്ന നിറവ്യത്യാസം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ ദർശനങ്ങൾ വിവരിക്കുന്ന ന്യായവിധിയിൽ ദൈവിക ഭരണകൂടത്തിന്റെ നീതിയെ എടുത്തുകാണിക്കുന്നു. എല്ലായ്പ്പോഴും സിംഹാസനം ഒരു രാജാവിന്റെ നിയമങ്ങളെയും ഭരണത്തെയും പ്രതിപാദിക്കുകയാണ് ചെയ്യുന്നത്.

"സിംഹാസനത്തിന്റെ ചുറ്റും കാഴ്ചക്ക് മരതകത്തോടു സദൃശ മായ ഒരു പച്ച വില്ല്" കാണപ്പെടുന്നതായി പറയുന്നു (വെളിപ്പാട് 4:3). മരതകം പച്ചനിറമാണ്. അത് പ്രത്യാശയുടെ നിറവുംകൂടെയാണ്. അവൻ മനുഷ്യരോടു ചെയ്യുന്ന തന്റെ വാഗ്ദാനത്തിന്റെ അഥവാ നിയമത്തിന്റെ അടയാളമാണിത് (ഉല്പ. 9:8-15). ദൈവം ചെയ്യുന്ന നിയമം അവൻ ഒരുനാളും മറക്കുകയില്ല. അതു മനുഷ്യർക്കു പൂർണ്ണമായ പ്രത്യാശ നൽകുന്നു. ന്യായാധിപതി കൃപാലുവാണെന്നുകൂടെ സിംഹാസന ത്തിനു ചുറ്റുമുള്ള പച്ച വില്ല് പ്രസ്താവിക്കുന്നു. ഒരിക്കലും ക്ഷയിച്ചു പോകാത്ത ദൈവത്തിന്റെ വിശ്വസ്തത മനുഷ്യന്റെ അവിശ്വസ്തതയെ ശിക്ഷിക്കാതെ വിടുകയുമില്ല.

"സിംഹാസനത്തിന്റെ ചുറ്റിലും 24 സിംഹാസനം. വെള്ളയുടുപ്പ് ധരിച്ചുകൊണ്ട് സിംഹാസനങ്ങളിലിരിക്കുന്ന 24 മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം" (വെളിപ്പാട് 4:4). സിംഹാസനത്തിൽ ഇരി ക്കുന്നവരുടെ വെള്ളയുടുപ്പ് ദൈവത്തിന്റെ നീതിയെ വെളിപ്പെടു ത്തുന്നു. അവരുടെ കറപുരണ്ട അങ്കികളെ കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ചു കഴിഞ്ഞു. അതുകൊണ്ടവർക്ക് ശുഭ്രമായ വിശേഷ വസ്ത്രം ലഭിച്ചിരിക്കുന്നു. "ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾതന്നെ" (വെളിപ്പാട് 19:8). അവരുടെ തലയിലെ

പൊൻകിരീടങ്ങൾ അവർ ലോകത്തെ ജയിച്ചതിന്റെ പ്രതീകങ്ങളാണ്. അവരുടെ കരങ്ങളിൽ "വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും അവർ പിടിച്ചിരിക്കുന്നു" (വെളി. 5:8). ഇതിന്റെ അർത്ഥം അവർ പുരോഹിത പദവികൂടെ ഉള്ള വരാകുന്നു എന്നാണ്. ഇവർ ആരാണ്?

മുൻകാലത്ത് ദൈവാലയ ശുശ്രൂഷയുമായി ബന്ധപ്പെട്ടുള്ള പുരോ ഹിതന്മാരുടെ ക്രമീകരണങ്ങൾ നിർവ്വഹിച്ചപ്പോൾ 24 കൂറുകളായി അവരെ തിരിക്കുകയും ഓരോ കൂറിനും ഓരോ നേതാവിനെ അവ രോധിക്കുകയും ചെയ്തിരുന്നു (1 ദിനവൃ. 24:1–18; 28:11–13,19; 9:22). എന്നാൽ ഇവിടെ സ്വർഗ്ഗീയ കൂടാരത്തിലെ ക്രമീകരണം യോഹന്നാൻ ദർശനത്തിൽ കാണുകയാണ്. ഭൗമിക കൂടാരം സ്വർഗ്ഗീയമായതിന്റെ മാതൃകപ്രകാരം ഉള്ളതായിരുന്നു. ഇവിടെ സ്വർഗ്ഗീയ കൂടാരത്തിന്റെ ദർശനത്തിൽ കാണുന്ന 24 മൂപ്പന്മാർ ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടവരാണ്. യേശു തന്റെ ഇഹലോകവാസാന്ത്യത്തിൽ ക്രൂശി ന്മേൽ പ്രാണൻ വിടുമ്പോൾ ഭയാനകമായൊരു ഭൂകമ്പം ഉണ്ടാകയും കല്ലറകൾ പിളർക്കുകയും ചെയ്തിരുന്നു. നിദ്ര പ്രാപിച്ചിരുന്ന അനേക വിശുദ്ധന്മാർ യേശുവിന്റെ ഉയിർത്തെഴുന്നേല്പിനോടനുബന്ധിച്ച് പുനരുത്ഥാനം ചെയ്യുകയും അവർ വിശുദ്ധ നഗരത്തിൽ ചെന്നു പലർക്കും പ്രത്യക്ഷമാകുകയും ചെയ്തു (മത്തായി 27:51–53). യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അവരെയുംകൂടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി പിതാവിന്റെ സന്നിധിയിൽ ആദ്യഫലമായി അവരെ സമർപ്പിച്ചു. സമാഗമനകൂടാര ശുശ്രൂഷയുമായി ബന്ധപ്പെട്ടുള്ള ആദ്യഫലക്കറ്റയുടെ നീരാജനം നിഴലായി നടന്നിരുന്നത് ഇവിടെ യാഥാർത്ഥ്യമായിത്തീരുകയാണ്. തുടർന്നുള്ള പെന്തെക്കൊസ്ത നാളിൽ ക്രിസ്തു പരിശുദ്ധാത്മദാനത്തെ ഭൂമിയിലുള്ള തന്റെ മക്കളുടെ മേൽ അയച്ചു.

ഇതിനെ സംബന്ധിച്ച് നാം തിരുവെഴുത്തിൽ ഇപ്രകാരം വായി ക്കുന്നു: "അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു" (എഫെസ്യർ 4:8). മരണബന്ധന ത്തിൽ ആയിരുന്ന പലരെയും ക്രിസ്തു വിടുവിച്ച് അവരെയും കൊണ്ട് ഉയരത്തിലേക്കു കയറിപ്പോകയും ഭൂമിയിൽ കാത്തിരുന്നവർക്കു പരി ശുദ്ധാത്മദാനങ്ങളെ കൊടുക്കുകയും ചെയ്തു. അപ്രകാരം ക്രിസ്തു വിനോടൊത്തു സ്വർഗ്ഗാരോഹണം ചെയ്ത വിശുദ്ധന്മാർ സ്വർഗ്ഗീയ

കൂടാരശുശ്രൂഷയിൽ ഇപ്പോൾ സഹകരിച്ചുകൊണ്ടിരിക്കുന്നു. അവരാണ് സിംഹാസനങ്ങളിൽ ഇരിക്കുന്ന 24 മൂപ്പന്മാർ (Elders).

"സിംഹാസനത്തിൽനിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു" (വെളിപ്പാട് 4:5). ഇതിന്റെ അർത്ഥം എന്താണ്? സർവ്വശക്തന്റെ സിംഹാസനത്തിൽനിന്നും അതിഭയങ്കരവും അതിപ്രാധാന്യവുമുള്ള പ്രവർത്തനങ്ങളുടെ ആജ്ഞകൾ പുറപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഈ വാക്യം വ്യക്തമായി പറയുന്നു. ദൈവകല്പനയും ചട്ടങ്ങളും ജനത്തിനു കൊടുക്കേണ്ടതിനു സീനായി മലയിൽ ദൈവം പ്രത്യക്ഷപ്പെട്ടപ്പോഴുള്ള അവസ്ഥ എന്തായിരുന്നു എന്നു നോക്കാം. "മൂന്നാം ദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി. പാളയത്തിലെ ജനം ഒക്കെയും നടുങ്ങി... യഹോവ തീയിൽ സീനായി പർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവ്വതം ഒക്കെയും ഏറ്റവും കുലുങ്ങി" (പുറപ്പാട് 19:16-20). ഇപ്രകാരമൊരു ദൈവിക ദർശനം യെഹെസ്കേൽ പ്രവാചകനുണ്ടായതുകൂടെ നമുക്കു നോക്കാം. "ജീവികളുടെ നടുവിൽ കത്തിക്കൊണ്ടിരിക്കുന്ന തീക്കനൽ പോലെയും പന്തങ്ങൾപോലെയും ഒരു കാഴ്ച ഉണ്ടായിരുന്നു... ആ തീ തേജസ്സുള്ളതായിരുന്നു; തീയിൽനിന്നു മിന്നൽ പുറപ്പെട്ടുകൊണ്ടിരുന്നു... കെരൂബുകളുടെ ചിറകുകളുടെ ഇരെച്ചൽ പുറത്തെ പ്രാകാരം വരെ സർവ്വശക്തനായ ദൈവം സംസാരിക്കുന്ന നാദംപോലെ കേൾപ്പാനുണ്ടായിരുന്നു" (യെഹെസ്കേൽ 1:13,14; 10:5).

ദൈവസിംഹാസന ദർശനത്തിലേക്കു നമുക്കു വീണ്ടുമൊന്നു ശ്രദ്ധിക്കാം. "ദൈവത്തിന്റെ ഏഴു ആത്മാക്കളായ ഏഴു ദീപങ്ങൾ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു" (വെളിപ്പാട് 4:5). അവയെ കുഞ്ഞാടിന്റെ ഏഴു കണ്ണുകൾ എന്നും പറഞ്ഞിരിക്കുന്നു. "ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു കണ്ടു; അതിനു ഏഴു കൊമ്പും സർവ്വ ഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കൾ ആയ ഏഴു കണ്ണും ഉണ്ട്" (വെളിപ്പാട് 5:6).

സിംഹാസനത്തിന്റെ മുമ്പിൽ എന്താണ്? "സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ" (വെളിപ്പാട് 4:6). ഈ പളുങ്കു

കടലിനെക്കുറിച്ച് വീണ്ടും വെളിപ്പാടു 15:2 ൽ നാം ഇപ്രകാരം വായിക്കുന്നു: "തീ കലർന്ന പളുങ്കുകടൽപോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടു പളുങ്കുകടലിന്നരികെ നില്ക്കുന്നതും ഞാൻ കണ്ടു" യെഹെസ്കേൽ പ്രവാചകൻ ദർശനത്തിൽ ദൈവസിംഹാസനം കാണുമ്പോൾ അതിനെ "ഭയങ്കരമായൊരു പളുങ്കുപോലെയുള്ള വിതാനത്തിന്റെ (Firmament) മീതെ" കണ്ടതായി പറയുന്നു (യെഹെസ്കേൽ 1:22,26). അതായത് അതിനു സ്ഥിതി ചെയ്യുവാൻ പ്രത്യേകമായൊരു പ്രതലം ആവശ്യമില്ല എന്ന് അർത്ഥം.

സിംഹാസനത്തിനുചുറ്റും മറ്റെന്തുകൂടെ കാണുന്നു എന്നു നോക്കാം. "സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലു ജീവികൾ; അവയ്ക്കു മുമ്പുറവും പിമ്പുറവും കണ്ണു നിറഞ്ഞിരിക്കുന്നു. ഒന്നാം ജീവി സിംഹത്തിനു സദൃശം; രണ്ടാം ജീവി കാളെക്കു സദൃശം; മൂന്നാം ജീവി മനുഷ്യനെപ്പോലെ മുഖമുള്ളതു; നാലാം ജീവി പറക്കുന്ന കഴുകനു സദൃശം. നാലു ജീവികളും ഓരോന്നിനു ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു" (വെളിപ്പാട് 4:6–8). യെഹെസ്കേൽ പ്രവാചകന്റെ ദർശനത്തിലും ഈ ജീവികളെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു (യെഹെസ്കേൽ 1:5–11,23; 10:12,20). ഇവയെ കെരൂബുകൾ എന്നു പറഞ്ഞിരിക്കുന്നു. കെരൂബുകൾ മാലാഖമാരിൽ ഒരു വിഭാഗമാണ്. എല്ലാ മാലാഖമാരും കെരൂബുകൾ അല്ല. അവയ്ക്കു കണ്ണു നിറഞ്ഞിരിക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥം അവയുടെ പരിജ്ഞാനത്തെയും മയക്കമില്ലാത്ത ശ്രദ്ധയെയും സൂക്ഷ്മതയെയുംകൂടെ ഉദ്ദേശിക്കുന്നതിനാണ്. യെശയ്യാപ്രവാചകന്റെ ദർശനത്തിൽ ഈ ജീവികളെ സാറാഫുകൾ എന്നു പറഞ്ഞിരിക്കുന്നു (യെശയ്യാവ് 6:2).

ദൈവസിംഹാസനത്തിനു നടുവിലും ചുറ്റിലുമുള്ള ഈ ജീവികൾ എന്താണു ചെയ്തുകൊണ്ടിരിക്കുന്നത്? ഈ ജീവികൾ "ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു.'' ഈ ജീവികൾ ദൈവത്തിനു മഹത്വം കൊടുക്കുമ്പോഴൊക്കെയും "ഇരുപത്തിനാലു മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്ക്കരിച്ച്:

കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞും കൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്റെ മുമ്പിൽ ഇടും" (വെളിപ്പാട് 4:9–11).

## മുദ്രയിട്ട ഒരു പുസ്തകം

സിംഹാസനത്തിൽ ഇരിക്കുന്നവനായ സർവ്വശക്തദൈവത്തിന്റെ വലംകൈയിൽ ഉണ്ടായിരുന്നതു എന്താണെന്നു നോക്കാം. "ഞാൻ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ വലംകൈയിൽ അകത്തും പുറത്തും എഴുത്തുള്ളതായി ഏഴു മുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം കണ്ടു" (വെളിപ്പാട് 5:1). ദൈവവേലയുടെ ഒരു ഭാഗം നിർവ്വഹിക്കുന്ന എല്ലാവരും വെളിപ്പാടു അഞ്ചാം അദ്ധ്യായം അതീവ ശ്രദ്ധയോടെ പഠിച്ചിരിക്കേണ്ടതാണെന്ന് പ്രശസ്ത വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു. മുദ്രയിട്ടതായി കാണപ്പെട്ടിരുന്ന ഈ പുസ്തകത്തിന്റെ ആരംഭം എപ്രകാരമായിരുന്നെന്നു ക്രിസ്തുവിന്റെ ഉപമകൾ എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" (മത്തായി 27:25) എന്നുള്ള തിരഞ്ഞെടുപ്പു യഹൂദാനേതാക്കന്മാർ നടത്തി. സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കയ്യിൽ ഉള്ളതും ആർക്കും തുറക്കുവാൻ സാധിക്കാത്തതുമായി യോഹന്നാൻ കണ്ടതായ പുസ്തകത്തിൽ അവരുടെ ഈ തീരുമാനം രേഖപ്പെടുത്തിക്കഴിഞ്ഞിരുന്നു. യെഹൂദാഗോത്രത്തിലെ സിംഹമായ ക്രിസ്തു അവരുടെ ഈ തീരുമാനത്തെ അതിന്റെ തീവ്രതയിൽ പ്രതികാരാഗ്നിയോടുകൂടെ ആ ദിവസത്തിൽ അവർക്കു തുറന്നു കാണിക്കും" (Christ's Object Lessons p. 294).

ആ പുസ്തകത്തെ ഏഴു മുദ്രകൊണ്ട് മുദ്രയിട്ടിരുന്നു. ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനും യോഗ്യൻ ആരുള്ളൂ എന്നു അത്യുച്ചത്തിൽ ഒരു ദൈവദൂതൻ ഘോഷിക്കുന്നുണ്ടായിരുന്നു. എന്നാൽ "പുസ്തകം തുറപ്പാനോ, നോക്കുവാനോ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആർക്കും കഴിഞ്ഞില്ല" (വെളിപ്പാട് 5:3).

ഏഴ് എന്നത് പൂർണ്ണതയെ കുറിക്കുന്നു. ദൈവത്തിന്റെ കുഞ്ഞാടിനല്ലാതെ മറ്റാർക്കുംതന്നെ ആ പുസ്തകം തുറക്കുവാൻ സാദ്ധ്യവുമല്ല. ക്രിസ്തീയസഭയുടെ ചരിത്രം ഒന്നാം നൂറ്റാണ്ടു മുതൽ അന്ത്യം വരെ

യുള്ളതു അതിൽ രേഖപ്പെടുത്തിയിരിക്കുന്നതോടൊപ്പം ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു രാജാധിരാജാവായി വീണ്ടും വരുന്നതും നിന്റെ നിത്യരാജ്യം സ്ഥാപിക്കുന്നതുമെല്ലാം അതിൽ അടങ്ങിയിരിക്കുന്നു വെന്നു തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണാവുന്നതാണ്.

ക്രിസ്തുവിനോടു സാത്താൻ പോരാടുന്നതുകൊണ്ടും ഈ ഭൂമിയിലെ ആധിപത്യം സാത്താൻ കരസ്ഥമാക്കിയിരിക്കുന്നതിനാലും ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്ര പൊട്ടിപ്പാനുമുള്ള ആഹ്വാനം ദൂതൻ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും അയയ്ക്കുന്നു. അനേകം അവതാരങ്ങളും മതങ്ങളും മതസ്ഥാപകരും നേതാക്കളുമായി ഭൂലോകം നിറഞ്ഞിരിക്കുന്നതുകൊണ്ട് ഇപ്രകാരമൊരു അവസരം എമ്പാടും നല്കേണ്ടതും ആവശ്യമാണ്. പക്ഷെ "പുസ്തകം തുറന്നു വായിപ്പാനെങ്കിലും അതു നോക്കുവാനെങ്കിലും യോഗ്യനായി ആരെയും കാണ്മാനുണ്ടായില്ല. ഭാവിയെക്കുറിച്ചുള്ള സകല രഹസ്യ ങ്ങളും പ്രവചനങ്ങളുമെല്ലാം അതിൽ അടങ്ങിയിരിക്കുകയുമാണ്. "ഇവിടെ കയറി വരിക: മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം" എന്നു പറഞ്ഞാണ് യോഹന്നാൻ ദൈവസിംഹാസന മുമ്പാകെ ആനയിക്കപ്പെട്ടത്. പക്ഷെ ആ രഹസ്യങ്ങൾ അടങ്ങിയിരി ക്കുന്ന പുസ്തകം തുറപ്പാൻ ഒരിടത്തും ആരെയും കണ്ടതുമില്ല. അതുകൊണ്ട് യോഹന്നാൻ ഏറ്റവും കരഞ്ഞു (വെളിപ്പാട് 5:4).

ഈ അവസ്ഥയിൽ സ്വർഗ്ഗസിംഹാസനത്തിൻ മുമ്പാകെയുള്ള മൂപ്പന്മാരിൽ ഒരുവൻ യോഹന്നാനു ധൈര്യം പകർന്നതെങ്ങനെയെന്നു നോക്കുക. "മൂപ്പന്മാരിൽ ഒരുത്തൻ എന്നോട് കരയേണ്ടാ; യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു" (വെളിപ്പാട് 5:5). അപ്പോൾ സിംഹാസനത്തിന്റെയും നാലു ജീവികളുടെ നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു" യോഹന്നാൻ കണ്ടു. "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തി നായി വിലയ്ക്കുവാങ്ങി" എന്നു മൂപ്പന്മാർ കുഞ്ഞാടിനെക്കുറിച്ചു പാടുകയും ചെയ്തു. നാശത്തിൽ വീണുപോയവരെ വീണ്ടെടുക്കുന്ന തിനു സ്വയം യാഗമായിത്തീർന്ന ക്രിസ്തു തന്റെ രക്തത്താൽ അവരെ

വിലയ്ക്കു വാങ്ങിയതുകൊണ്ട് അവൻ സർവ്വത്തിന്മേലും ജയാളിയി ത്തീർന്നിരിക്കുന്നു.

മനുഷ്യവംശത്തിനായി ക്രിസ്തു തുറന്നു വച്ച കൃപയുടെ വാതിൽ ഇന്നും അടഞ്ഞുപോയിട്ടില്ല എന്നുള്ളതിന്റെ ഉറപ്പാണ് അവനെ അറുക്കപ്പെട്ട രീതിയിൽ കണ്ടിരിക്കുന്നത്. തന്റെ രക്തം പാപമോചന ത്തിനായി ചൊരിയപ്പെട്ടതു ഇന്നും ഒഴുകിക്കൊണ്ടുതന്നെയിരിക്കുന്നു. ആരുടെ പാപവും രക്താംബരംപോലെ ചുവപ്പായിരുന്നാലും അതു പഞ്ഞിപോലെ വെളുക്കുന്നതിനും ഹിമത്തോളം വെണ്മയാകുന്ന തിനുമുള്ള ശക്തി ഈ രക്തത്തിനുണ്ട്. ഒരുവൻ "മനസ്സുവെച്ചു കേട്ടനുസ രിക്കുമെങ്കിൽ" ക്രിസ്തു അവന് അതു സാദ്ധ്യമാക്കിത്തീർക്കും. പാപ മോചനത്തിനായുള്ള ആ വ്യക്തിയുടെ പ്രാർത്ഥന സ്വർഗ്ഗം സൗരഭ്യ വാസനയായിത്തന്നെ കൈക്കൊള്ളുന്നു. മൂപ്പന്മാരുടെ കൈകളിലെ "വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻ കലശം" അതു പ്രഖ്യാപിക്കുന്നു.

മൂപ്പന്മാർ ഇത്തരുണത്തിൽ ക്രിസ്തുവിനെ സ്തുതിച്ചു പാടുന്ന പാട്ടു ശ്രദ്ധിക്കുക: "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടി പ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ടു സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി; ഞങ്ങളുടെ ദൈവത്തിനു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു" (വെളിപ്പാട് 5:9,10). ദൈവ സന്നിധിയിലെ മൂപ്പന്മാർ പാടിയ ഈ പാട്ടിനോടു സകല സ്വർഗ്ഗീയ മാലാഖവൃന്ദവും എപ്രകാരം പ്രതികരിച്ചു എന്നുള്ളതു വളരെ പ്രാധാന്യമർഹിക്കുന്നു. അപ്പോൾ "സിംഹാസനത്തിന്റെയും ജീവിക ളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു; അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു. അവർ അത്യുച്ചത്തിൽ: അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമി യുടെ കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലു ള്ളതു ഒക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും

ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു. നാലു ജീവികളും ആമേൻ എന്നു പറഞ്ഞു. മൂപ്പന്മാർ വീണു നമസ്കരിച്ചു" (വെളിപ്പാട് 5:11-14).

## പുതിയ പാട്ട്

ഇവിടെ പ്രതിപാദിച്ചിരിക്കുന്ന "പുതിയ പാട്ട്" എന്നതിന്റെ അർത്ഥം എന്താണ്? അതുവരെയും പാടിക്കേട്ടിട്ടില്ലാത്ത പാട്ട് എന്നോ അതുവരെ പാടിയതിൽനിന്നും വ്യത്യസ്തമായ പാട്ട് എന്നോ അതിന് അർത്ഥമുണ്ട്. ഇപ്രകാരമുള്ള പ്രയോഗം തിരുവെഴുത്തിൽ സാധാരണ യാണ്. "അവന്നു പുതിയ പാട്ടു പാടുവിൻ; ഘോഷസ്വരത്തോടെ നന്നായി വാദ്യം വായിപ്പിൻ" (സങ്കീർത്തനം 33:3). "അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നേ (സങ്കീ. 40:3). "യഹോവെക്കു ഒരു പുതിയ പാട്ടും ഭൂമിയുടെ അറ്റത്തുനിന്നു അവന്നു സ്തുതിയും പാടുവിൻ" (യെശയ്യാവ് 42:10). യേശുവിന്റെ ജയത്തിൽനിന്നു തന്റെ മക്കൾ അനുഭവിച്ചതും അവരിൽ വളർന്നുവന്ന പ്രത്യേക അനുഭവത്തിന്റേതുംകൂടെ ആയ പാട്ടാണത് (വെളി. 5:5). യേശുവിന്റെ രക്തത്താൽ വീണ്ടും ജനനം പ്രാപിച്ചവരായ വർക്കു യേശുതന്നെ കൊടുക്കുന്ന "പുതിയ പേരും", "ദൈവത്തിന്റെ നാമവും... പുതിയ യെരൂശലേം എന്ന ദൈവത്തിൻ നഗരത്തിന്റെ നാമവും ക്രിസ്തുവിന്റെ പുതിയ നാമവും" ലഭിച്ചവർ പാടുന്നതായ പുതിയ പാട്ടാണത് (വെളി. 2:17; 3:12). ആ പാട്ടു പാടുന്നതു പുതിയ യെരൂശലേമിൽ വാഴുന്നവരാണ് (വെളി. 21:2). സർവ്വവും പുതുതാക്ക പ്പെടുമ്പോഴാണ് അവർ ആ പാട്ടു പാടുന്നത് (വെളി. 21:5).

ദൈവസന്നിധിയിലെ മൂപ്പന്മാരുടെയും സകല മാലാഖവൃന്ദത്തി ന്റെയും പുതിയ പാട്ടിനനുസരിച്ച് ഭൂമിയിൽനിന്നു വീണ്ടെടുക്കപ്പെട്ട സകല വിശുദ്ധഗണത്തിന്റെയും സ്തുതിസ്തോത്രങ്ങളുടെ പല്ലവി അലയടിക്കുന്നപ്രകാരം സകല ലോകങ്ങളിലെയും സകല ജീവികളും ചേർന്നു പിതാവിനും പുത്രനും മഹത്വവും പുകഴ്ചയും കൊടുക്കുന്നു. ക്രിസ്തു ജയാളിയായിത്തീർന്നിരിക്കുന്നു. സാത്താന്റെ വാദഗതികൾ തെറ്റായിരുന്നുവെന്നു തെളിയിച്ചുകൊണ്ടു ദൈവസ്വഭാവം സർവ്വ ലോകങ്ങളുടെയും മുമ്പിൽ വിളങ്ങി നില്ക്കുന്നു. ദൈവകുഞ്ഞാടായ ക്രിസ്തുവിന്റെ ജീവരക്തത്താൽ ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങ പ്പെട്ട സകല വിശുദ്ധ ഗണവും ഈ പാട്ടിൽ ഒത്തൊരുമിക്കുന്നു. ഈ ഭൂമിയിലെ അവരുടെ പോരാട്ടം അവസാനിച്ചുകഴിഞ്ഞു. ദുഃഖവും

മുറവിളിയും കഷ്ടതയും അവസാനിച്ചുപോയി. അതുകൊണ്ടവർ തങ്ങളുടെ രക്ഷിതാവിനു പുകഴ്ച കൊടുക്കുന്നു. ഭൂമിയിൽ സർവ്വവും പുതുതാക്കപ്പെട്ടിരിക്കയാൽ വിശുദ്ധ ഗണങ്ങളുടെ പുതിയ പാട്ടിനു വിഘ്നം വരുത്തുവാനോ അപസ്വരം കേൾപ്പിക്കുവാനോ സാത്താന്റേയും പാപത്തിന്റെയും ഒരു കണികപോലും പിന്നെ ശേഷിച്ചിരിപ്പില്ല. ഭൂതലമെങ്ങും ദൈവമഹത്വത്താൽ നിറയപ്പെട്ടിരിക്കുന്നു. സകല സൃഷ്ടിയും ദൈവമഹത്വത്തെ സ്തുതിച്ചു പാടുന്നു.

നിത്യതയോളം വിശുദ്ധർ ഈ പാട്ടു പാടിക്കൊണ്ടിരിക്കും. ഇതിനു പ്രത്യേക സമയപരിധിയില്ല. പ്രാർത്ഥനാമനസ്സോടെ വെളിപ്പാടു പുസ്തകത്തിന്റെ നാലും അഞ്ചും അദ്ധ്യായങ്ങൾ നാം പഠിക്കുമ്പോൾ നാം കാണുന്നതു ക്രൂശിനുശേഷം ദൈവപുത്രനെയും അവൻ സ്വർഗ്ഗത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനത്തെയുമാണ്. സ്വർഗ്ഗത്തിൽ ക്രിസ്തു എന്തു പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു വെന്നുള്ളത് നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുവും സാത്താനും തമ്മിലുള്ള വൻപോരാട്ടം വിജയത്തിലെത്തിച്ചേരുന്നത് ഇവിടെയും നാം കാണുന്നു. പാപരഹിതമായ നിത്യതയുടെ ഒരു ചിത്രം ഇതിൽ നിന്ന് നമ്മുടെ ദൃഷ്ടിയിൽ പതിക്കുന്നു. ആ നിത്യതയിൽ നാം എത്തിച്ചേരുന്നതിനുമുമ്പ് ഭൂമിയിൽ സംഭവിക്കേണ്ടതായ ഓരോന്നും വരുന്ന അദ്ധ്യായങ്ങളിൽ ക്രിസ്തു നമുക്കായി തുറന്നുതരുന്നു. പിതാവിന്റെ കയ്യിൽ കാണപ്പെട്ടതും പിന്നീടു ക്രിസ്തു തന്റെ കരങ്ങളിൽ എടുത്തതും അകത്തും പുറത്തും എഴുത്തുള്ളതുമായ പുസ്തകത്തിന്റെ ഓരോ മുദ്രയും രക്ഷകൻ തന്നെ നമ്മുടെ അറിവിന്നായി നമുക്കു തുറന്നു തരുന്നു. അതു ക്രിസ്തുവിന്റെ ആത്മാവിൽത്തന്നെ ഗ്രഹിക്കുന്നതിന് വിനയത്തോടും പ്രാർത്ഥനയോടുംകൂടെ അടുത്ത അദ്ധ്യായങ്ങൾ നമുക്കു പഠിക്കാം.

# ഏഴു മുദ്രകൾ

## (വെളിപ്പാട് ആറാം അദ്ധ്യായവും എട്ടാം അദ്ധ്യായം ഒന്നാം വാക്യവും)

സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരിക്കുന്നവനായ പിതാവായ ദൈവത്തിന്റെ വലംകൈയിൽ ഇരിക്കുന്നതും അകത്തും പുറത്തും എഴുത്തുള്ളതും ഏഴു മുദ്രയാൽ മുദ്രയിടപ്പെട്ടിരിക്കുന്നതുമായ പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു ജയം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. പിതാവിന്റെ കയ്യിൽനിന്നു അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു പുസ്തകം വാങ്ങിയപ്പോൾ സിംഹാസനത്തിനു ചുറ്റുമുള്ള ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും എണ്ണമറ്റ മാലാഖവൃന്ദവും കുഞ്ഞാടിന്റെ മുമ്പിൽ വീണു വണങ്ങിക്കൊണ്ട് ഇപ്രകാരം സ്തുതിച്ചുപാടി: “പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു, നിന്റെ രക്തംകൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി.” കുഞ്ഞാടിനുണ്ടായ ഈ അത്ഭുത വിജയംകൊണ്ട് സാത്താന്റെ മരണബന്ധനത്തിൽ ആയിരുന്നവരുടെ വീണ്ടെടുപ്പ് സാധ്യമായിത്തീർന്നു. കുഞ്ഞാട് ആ പുസ്തകത്തിന്റെ മുദ്രകൾ ഓരോന്നായി പൊട്ടിക്കുമ്പോൾ ചരിത്രത്തിന്റെ അത്ഭുത ദൃശ്യങ്ങൾ കടന്നുപോകുന്നു. യെഹൂദാപ്രമാണികൾ “അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതിമേലും വരട്ടെ” എന്നു അട്ടഹസിച്ചുകൊണ്ട് ക്രിസ്തുവിനെ ക്രൂശിപ്പാൻ ഏല്പിച്ചതുമുതലുള്ള ദൃശ്യങ്ങൾ ആ പുസ്തകത്തിൽ കാണപ്പെടുന്നു. ക്രിസ്തുവും സാത്താനും തമ്മിലുള്ള വൻപോരാട്ടത്തിൽ ക്രിസ്തുവിന്റെ മരണത്തോടുകൂടെ സാത്താന്റെ തല തകർത്തപ്പെട്ടു. ഈ ഭൂമിയിലെ സാത്താന്റെ വാഴ്ചയുടെയും പാപരോഗത്തി

ന്റെയും തുടർന്നുള്ള ചരിത്രം ഈ പുസ്തകത്തിൽ മുദ്രകൾ പൊട്ടിക്കുമ്പോൾ നമുക്കു കാണാവുന്നതാണ്.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മുതൽ അവൻ രാജാധിരാജാവായി സ്വർഗ്ഗീയ സൈന്യത്തോടൊപ്പം വീണ്ടും വരുന്നതുവരെയുള്ള ഈ ഭൂമിയുടെ ചരിത്രം ഏഴു മുദ്രയാൽ മുദ്രയിടപ്പെട്ടിരിക്കുന്ന ഈ പുസ്തകത്തിൽനിന്ന് നാം മനസ്സിലാക്കുന്നു. ഈ ഭൂമിയിൽ ദൈവജനങ്ങൾ നേരിടുന്നതും അനുഭവിക്കുന്നതും അവർ കടന്നുപോകുന്നതുമായ അവസ്ഥകളും സംഭവങ്ങളും ഈ മുദ്രകളിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ മുദ്രകൾ പ്രതിനിധീകരിക്കുന്ന വസ്തുതകളും സംഭവങ്ങളും അതിപ്രാധാന്യമുള്ളവ ആകകൊണ്ട് ക്രിസ്തുതന്നെ നേരിട്ട് അത് നൽകിയിരിക്കുന്നു. വെളിപ്പാടു പുസ്തകം 2,3 അദ്ധ്യായങ്ങളിൽ ക്രിസ്തു തന്നിരിക്കുന്ന ഏഴു സഭകൾക്കുള്ള ദൂതിന്റെ കാലയളവു തന്നെയാണ് ഏഴു മുദ്രകളുടെ കാലയളവും എന്നുള്ള സത്യം പ്രത്യേകം നാം ശ്രദ്ധിക്കേണ്ടതാണ്. ഏഴു മുദ്രകളിൽകൂടെ യേശു നമുക്കു തരുന്ന പ്രത്യേക ദൂതുകൾ നാം നന്നായി ഗ്രഹിക്കേണ്ടതിന് പരിശുദ്ധാത്മാവിന്റെ പ്രചോദനം നമ്മെ നടത്തുമാറാകട്ടെ.

## കുതിരകളും കുതിരക്കാരും

വെളിപ്പാടു പുസ്തകം 6-ാം അദ്ധ്യായത്തിലും 8-ാം അദ്ധ്യായത്തിന്റെ 1-ാം വാകൃത്തിലുമായി ഏഴു മുദ്രകളുടെ ചരിത്രം നാം കാണുന്നു. ഇവിടെ നാലു കുതിരകളെ പ്രത്യേകമായി നമുക്കു കാണാവുന്നതാണ്. പ്രവചനത്തിൽ കുതിരകളും കുതിരക്കാരും അർത്ഥമാക്കുന്നത് എന്താകുന്നു എന്ന് നമുക്ക് ആദ്യമായി പരിശോധിക്കാം.

സെഖര്യാവിന്റെ പുസ്തകം 1-ാം അദ്ധ്യായം 8 മുതൽ 11 വരെയുള്ള വാകൃങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: "ഞാൻ രാത്രിയിൽ ചുവന്ന കുതിരപ്പുറത്തു കയറിയിരിക്കുന്ന ഒരു പുരുഷനെ കണ്ടു; ...അവന്റെ പിമ്പിൽ ചുവപ്പും കരാൽനിറവും വെണ്മയും ഉള്ള കുതിരകൾ ഉണ്ടായിരുന്നു. യജമാനനേ, ഇവർ ആരാകുന്നു എന്നു ഞാൻ ചോദിച്ചതിനു എന്നോടു സംസാരിക്കുന്ന ദൂതൻ... ഇവർ ഭൂമിയിൽ ഊടാടി സഞ്ചരിക്കേണ്ടതിന് യഹോവ അയച്ചിരിക്കുന്നവർതന്നെ എന്നു ഉത്തരം പറഞ്ഞു.

സെഖര്യാവ് 6-ാം അദ്ധ്യായം 2 മുതൽ 8 വരെയുള്ള വാകൃങ്ങളിലും ഇപ്രകാരം കുതിരകളുടെ ചിത്രീകരണം നമുക്കു കാണാവുന്ന

താണ്: "ഒന്നാമത്തെ രഥത്തിന് ചുവന്ന കുതിരകളെയും 2-ാമത്തെ രഥത്തിന് കറുത്ത കുതിരകളെയും മൂന്നാമത്തെ രഥത്തിന് വെളുത്ത കുതിരകളെയും നാലാമത്തെ രഥത്തിന് പുള്ളിയും കരാൽ നിറവും ഉള്ള കുതിരകളെയും പൂട്ടിയിരുന്നു. എന്നോടു സംസാരിക്കുന്ന ദൂതനോടു: യജമാനനേ, ഇത് എന്താകുന്നു എന്നു ഞാൻ ചോദിച്ചു. ദൂതൻ എന്നോടു ഉത്തരം പറഞ്ഞത്: ഇത് സർവ്വഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നിന്നിട്ട് പുറപ്പെടുന്ന ആകാശത്തിലെ നാലു കാറ്റ് ആകുന്നു. കറുത്ത കുതിരകൾ ഉള്ളത് വടക്കേ ദേശത്തിലേക്ക് പുറപ്പെട്ടു; വെളുത്തവ അവയുടെ പിന്നാലെ പുറപ്പെട്ടു; പുള്ളിയുള്ളവ തെക്കേദേശത്തേക്കു പുറപ്പെട്ടു; കരാൽ നിറമുള്ളവ പുറപ്പെട്ടു ഭൂമിയിൽ ഊടാടി സഞ്ചരിപ്പാൻ നോക്കി; നിങ്ങൾ പോയി ഭൂമിയിൽ ഊടാടി സഞ്ചരിപ്പിൻ എന്നു അവൻ കല്പിച്ചു. അങ്ങനെ അവ ഭൂമിയിൽ ഊടാടി സഞ്ചരിച്ചു. അവനെന്നോടു ഉറക്കെ വിളിച്ചു പറഞ്ഞത്; വടക്കെ ദേശത്തേക്കു പുറപ്പെട്ടിരിക്കുന്നവ വടക്കെ ദേശത്തിങ്കൽ എന്റെ കോപത്തെ ശമിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞു."

ഇവിടെ കുതിരകളെ ആകാശത്തിലെ നാലു കാറ്റ് എന്നു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഇംഗ്ലീഷിൽ അത്, "These are four spirits of Heaven" എന്നു കാണുന്നു. ഇത് സ്വർഗ്ഗീയ മാലാഖമാരെയാണ് സൂചിപ്പിക്കുന്നത്. എബ്രായർക്കെഴുതിയ ലേഖനം 1-ാം അദ്ധ്യായം 13, 14 വാക്യങ്ങൾ വായിച്ചു നോക്കുക. അവിടെ ദൂതന്മാരെ സേവകാത്മാക്കൾ എന്നു വിളിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ അവരെ "Ministering Spirits" എന്നു പറഞ്ഞിരിക്കുന്നു. "Spirit" എന്ന ഇംഗ്ലീഷ് വാക്കിനെ "കാറ്റ്" എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് യഥാർത്ഥത്തിൽ അതിന്റെ ശരിയായ അർത്ഥം സേവകാത്മാക്കൾ അഥവാ ശുശ്രൂഷക്കാർ എന്നാണ്. മാലാഖമാർ ഈ ഭൂമിയിൽ ദൈവമക്കളുടെ സഹായത്തിനായി അയയ്ക്കപ്പെടുന്നവരാണ്. കുതിരപ്പുറത്തു കയറി സഞ്ചരിക്കുന്നവരായി ചിലപ്പോഴൊക്കെ പ്രവചനത്തിൽ ദൂതന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

ഇപ്രകാരമുള്ള ഒരു ചിത്രീകരണം യേശുവിന്റെ വീണ്ടുംവരവിൽ അവൻ രാജാധിരാജാവായി വെള്ളക്കുതിരപ്പുറത്തു കയറി എഴുന്നള്ളുന്നതായും സ്വർഗ്ഗീയ സൈന്യം കുതിരപ്പുറത്തു കയറി അവനെ അനുഗമിക്കുന്നതായും വെളിപ്പാടു പുസ്തകം 19-ാം അദ്ധ്യായം 1 മുതലുള്ള വാക്യങ്ങളിൽ നാം കാണുന്നു. "അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത്

ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേലിരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണു അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു; അവന് ദൈവവചനം എന്നു പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു."

വെളിപ്പാട് 6-ൽ പറയുന്ന കുതിരകളുടെയും കുതിരക്കാരുടെയും നിറം, വസ്ത്രം, പ്രവൃത്തികൾ എന്നിവ വ്യത്യസ്തവും സുപ്രധാനവുമായ നാലു കാലഘട്ടങ്ങളെ അല്ലെങ്കിൽ യുഗങ്ങളെ കുറിക്കുന്നതായി നമുക്കു കാണാവുന്നതാണ്. ഇപ്രകാരം പ്രത്യേകവും വ്യത്യസ്തവുമായ കാലഘട്ടങ്ങളിൽകൂടെ ദൈവമക്കൾ കടന്നുപോകുന്നതിനെക്കുറിച്ചും ഇതു പ്രസ്താവിക്കുന്നു. അപ്പൊസ്തലന്മാരുടെ കാലം മുതൽ ലോകാന്ത്യം വരെയുള്ള ഈ ഭൂമിയുടെ ചരിത്രവും ദൈവജനങ്ങളുടെ ഓരോ കാലഘട്ടത്തിലുമുള്ള അവസ്ഥയും ഇതിൽ ഉൾക്കൊള്ളുന്നു.

കുതിരകളും കുതിരക്കാരും പ്രവചനത്തിന്റെ വെള്ളിത്തിരയിൽ കടന്നുവരുന്നതിനെ വിളംബരം ചെയ്യുന്നത് ആരാണെന്നു നോക്കുക: വെളിപ്പാടു പുസ്തകം 6-ാം അദ്ധ്യായം 1,3,5,7 തുടങ്ങിയ വാക്യങ്ങളിൽ "നീ വരിക എന്നു നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ കേട്ടു"; "വരിക എന്നു രണ്ടാം ജീവി പറയുന്നതു ഞാൻ കേട്ടു." "വരിക എന്ന് മൂന്നാം ജീവി പറയുന്നത് ഞാൻ കേട്ടു." "വരിക എന്നു നാലാം ജീവി പറയുന്നതു ഞാൻ കേട്ടു" എന്നിങ്ങനെ നാം വായിക്കുന്നു. ഈ ജീവികളെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ വായിച്ചത് ഓർക്കുമല്ലോ. ഈ ജീവികൾ ആജ്ഞാപിക്കുന്നത് കുതിരകളോടും അവയുടെ സവാരിക്കാരോടും ആണ്. അതിന്റെ അർത്ഥം ഈ ഭൂമിയിൽ ദൈവിക പദ്ധതി നിറവേറ്റുന്നവരാണ് ഈ കുതിരകളും അതിന്മേലിരിക്കുന്നവരും എന്നാണ്. ഏഴു മുദ്രകൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് പെന്തെക്കൊസ്തു നാൾ മുതൽ പുതിയ ഭൂമി സ്ഥാപിതമാകുന്നതുവരെ ഈ ഭൂമിയിൽ ചെയ്തു തീർക്കപ്പെടുന്ന ദൈവവേലയുടെ ചരിത്രവും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്.

**ഒന്നാം മുദ്ര**

*"കുഞ്ഞാട് മുദ്രകളിൽ ഒന്ന് പൊട്ടിച്ചപ്പോൾ നീ വരിക എന്നു നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്; അവന് ഒരു കിരീടവും ലഭിച്ചു. അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു"* (വെളിപ്പാട് 6:1,2).

ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ഏറ്റവും മനോഹരമായ ഒരു ചിത്രീകരണം ഇവിടെ കാണുന്നു. അന്നത്തെ സഭയുടെ വിജയം മഹത്ത്വമേറിയതായിരുന്നു. "ആകാശത്തിൻകീഴെ സകല സൃഷ്ടികളുടെ ഇടയിലും" സുവിശേഷം എത്തിച്ചേർന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് തന്റെ മരണത്തിനു മുമ്പുതന്നെ സാക്ഷീകരിച്ചു (കൊലൊ. 1:6, 23). വെള്ളനിറം സഭയുടെ പരിശുദ്ധിയെ സൂചിപ്പിക്കുന്നു (സങ്കീ. 51:7; യെശ. 1:18). കിരീടം വിജയത്തെ കുറിക്കുന്നു (യാക്കോ. 1:12; 2 തിമൊ. 4:7,8; 1 കൊരി. 9:25). ദുഷ്ടതക്കെതിരേയുള്ള വിജയകരമായ യുദ്ധത്തെയാണ് വില്ല് സൂചിപ്പിക്കുന്നത് (സങ്കീ. 7:11,12; 45:4-7). വെളിപ്പാട് 19:8 ൽ കാണുന്ന പ്രകാരം ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾതന്നെ എന്നതുപോലെയാണ് കുതിരയുടെ വെള്ളനിറം. എഫെസൊസ് സഭയുടെ കാലഘട്ടവും വെള്ളക്കുതിരയുടെ അല്ലെങ്കിൽ ഒന്നാം മുദ്രയുടെ കാലഘട്ടവും ഒന്നുതന്നെയാണ്.

സ്വർഗ്ഗാരോഹണശേഷം യേശു സ്വർഗ്ഗത്തിൽ തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ പ്രവേശിച്ചതു മുതൽ ഭൂമിയിലുള്ള തന്റെ പ്രവർത്തനത്തെ 45-ാം സങ്കീർത്തനം വിവരിക്കുന്നു. പിതാവായ ദൈവം ക്രിസ്തുവിനെ സംബന്ധിച്ച് താൻ പുരോഹിതനായി പ്രവേശിച്ചപ്പോൾ സംസാരിച്ചത് ശ്രദ്ധിക്കുക: "വീരനായുള്ളോവേ, നിന്റെ വാൾ അരക്കു കെട്ടുക... നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവ ആകുന്നു; ജാതികൾ നിന്റെ കീഴിൽ വീഴുന്നു. രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്ത് അവ തറക്കുന്നു. ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു ...അതുകൊണ്ട് ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു (സങ്കീ. 45:2-8 വായിക്കുക). എബ്രായർ 1:8,9 എന്നീ വാക്യങ്ങളിലും ഇത് ആവർത്തിച്ചിരിക്കുന്നത് കാണാവുന്നതാണ്. സ്വർഗ്ഗീയ വിശുദ്ധ മന്ദിര ശുശ്രൂഷയെ ഒരു യുദ്ധമായി ചിത്രീകരി

ച്ചിരിക്കുന്നു. ഭൗമീക വിശുദ്ധമന്ദിര ശുശ്രൂഷയിലും യുദ്ധസന്നദ്ധരായ വരെ മാത്രമാണ് പൗരോഹിത്യത്തിനും വിശുദ്ധമന്ദിര ശുശ്രൂഷകൾക്കും തിരഞ്ഞെടുത്തിരിക്കുന്നത് (സംഖ്യ 4:3, 23, 30).

പെന്തെക്കൊസ്തനാളിൽ യേശു സ്വർഗ്ഗീയ പൗരോഹിത്യ ശുശ്രൂഷയിൽ പ്രവേശിക്കുകയും അപ്പോൾ മുതൽ തന്റെ വചനമായ അസ്ത്രങ്ങൾ "രാജാവിന്റെ ശത്രുക്കളുടെ മേൽ" തറച്ചുതുടങ്ങുകയും ചെയ്തു. "ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ട് പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു" (അപ്പൊ. 2:36-42). അന്ന് "ഹൃദയത്തിൽ കുത്തുകൊണ്ടവരിൽ" പലരും ഏകദേശം ഏഴ് ആഴ്ചകൾക്കുമുമ്പ് "അവനെ കൊന്നുകളക, കൊന്നുകളക" എന്നു നിലവിളിച്ചവരായിരുന്നു (യോഹ. 19:15). വിദഗ്ധനായ ഒരു ശസ്ത്രക്രിയാനിപുണന്റെ കത്തിപോലെ ദൈവത്തിന്റെ വചനമായ അസ്ത്രങ്ങൾകൊണ്ടുള്ള മുറിവുകൾ ഏറ്റവർക്കെല്ലാം സൗഖ്യവും പാപമോചനവും അന്നു മുതൽ ലഭ്യമായിത്തുടങ്ങി.

ഇപ്രകാരം കടന്നുവരുന്ന വിശ്വാസികൾതന്നെയാണ് കുതിരകൾ (സെഖ. 1:10). വില്ലും അവർ തന്നെയാണ് (സെഖ. 9:13). തന്റെ വിശ്വാസികളിൽകൂടെ തിരുവചനമായ അസ്ത്രങ്ങൾ ക്രിസ്തു ഭൂമിയിലെ മനുഷ്യരിലേക്കു അയയ്ക്കുന്നു. അവരിൽകൂടെ യേശു ഭൂമിയിലെ തന്റെ വേല പൂർത്തീകരിക്കുന്നു. അസ്ത്രം ദൈവവചനമാണ് (എബ്രാ. 3:8,9; സെഖ. 9:14). തന്റെ എല്ലാ വിശ്വാസികൾക്കും ഭൂമിയിൽ എല്ലാടവും ഉള്ള ശത്രുപാളയങ്ങളിൽ യുദ്ധത്തിനായി പോകാനാകയില്ല. എന്നാൽ അവർക്കെല്ലാം വില്ലുകളായി അവരവരുടെ സ്ഥലങ്ങളിൽ പ്രവർത്തിച്ച് പാപികളുടെ (രാജാവിന്റെ ശത്രുക്കളുടെ) ഹൃദയങ്ങളിൽ അസ്ത്രം (രക്ഷയുടെ വചനം) പ്രയോഗിക്കാവുന്നതാണ്.

ഒന്നാം മുദ്രയുടെ കാലഘട്ടം ക്രിസ്തുവിന്റെ ക്രൂശുമരണവും ഉയിർപ്പും മുതൽ എ.ഡി. 100 വരെയുള്ള കാലഘട്ടമാണ്. റോമാസാമ്രാജ്യം അക്കാലത്ത് വിജയം ആഘോഷിക്കുമ്പോൾ വെള്ളക്കുതിരകളെ മാത്രം ഉപയോഗിച്ചിരുന്നതുപോലെ ഒന്നാം നൂറ്റാണ്ടിലെ സഭ ജയിക്കുന്നതായും ജയിപ്പാനായും പുറപ്പെട്ടു. ഇപ്രകാരം ഇത്രയധികം ശക്തിയോടും കൃപയോടുംകൂടെ ആരംഭിച്ച ഈ പ്രവർത്തനം ഏതു രീതിയിൽ തുടർന്നുപോകുകയായിരുന്നു? ഇനി വരുന്ന രംഗങ്ങളിൽ നമുക്കതു വീക്ഷിക്കാം.

**രണ്ടാം മുദ്ര**

*"അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ വരിക എന്നു രണ്ടാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്തു ഇരിക്കുന്നവനു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തു കളയേണ്ടതിനു അധികാരം ലഭിച്ചു; ഒരു വലിയ വാളും അവനു കിട്ടി"* (വെളിപ്പാട് 6:3,4).

കുഞ്ഞാട് രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ "വരിക" എന്നു രണ്ടാം ജീവി പറയുന്നത് ചുവന്ന കുതിര അനുസരിക്കുന്നു. കുഞ്ഞാടും ജീവികളും തമ്മിലുള്ള സഹകരണം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ദൈവസിംഹാസനത്തിൽനിന്ന് സകലവും നിയന്ത്രിക്കപ്പെടുന്നു. പ്രകൃതിശക്തികളുടെ മേലെല്ലാം മാലാഖമാർക്ക് നിയന്ത്രണ അധികാരം നൽകിയിരിക്കുന്നതായി വെളിപ്പാടു പുസ്തകത്തിൽ ആദ്യാവസാനം കാണുന്നു. കാറ്റുകളുടെ മേലും (വെളിപ്പാട് 7:1) തീയുടെ മേലും (വെളിപ്പാട് 14:18) വെള്ളത്തിന്റെ മേലും (വെളിപ്പാട് 16:5) എല്ലാം അവർക്ക് അധികാരമുണ്ട്. ഇതെല്ലാംതന്നെ ന്യായവിധിയുമായി ബന്ധപ്പെട്ടവയുമാണ്.

ചുവന്ന കുതിരപ്പുറത്ത് ഇരിക്കുന്നവന് ഒരു വാളുണ്ട്. അവൻ ഭൂമിയിൽനിന്നു സമാധാനം എടുത്തുകളയുന്നു. സഭയുടെ പ്രവർത്തനത്തിൽ വന്ന വലിയ മാറ്റം ഇവിടെ കാണാം. ഭൂമിയിൽ വാളത്രെ വരുത്തുവാൻ ഞാൻ വന്നത് എന്നുള്ള യേശുവിന്റെ വചനം ഇതു ഓർമ്മപ്പെടുത്തുന്നു (മത്തായി 10:34). "എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ച് നീതി എന്ന ഫലം കൊയ്യും" (യാക്കോബ് 3:18).

രണ്ടും മൂന്നും നൂറ്റാണ്ടുകളിലും നാലാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും റോമൻ സാമ്രാജ്യം ദൈവജനത്തെ രക്തരൂക്ഷിതമായി പീഡിപ്പിച്ചതും നശിപ്പിച്ചതും ചുവന്ന നിറം വെളിവാക്കുന്നു (യെഹെ. 32:6,11; യിരെ. 46:10; നഹൂം 2:3). ഈ പീഡനം നിമിത്തം ദൈവജനങ്ങളുടെ സമാധാനം നഷ്ടപ്പെട്ടു. വാളെന്നതിന്റെ അർത്ഥം യുദ്ധവും രക്തച്ചൊരിച്ചിലുമൊക്കെയാണ് (യെശ. 3:25; 1 ദിന. 22:8). അത് പീഡനത്തെയും സൂചിപ്പിക്കുന്നു (അപ്പൊ. പ്രവൃത്തികൾ 12:1,2).

സ്മുർന്നയിലെ സഭയുടെ അതേ കാലഘട്ടംതന്നെയാണ് ചുവന്ന കുതിരയുടെ കാലഘട്ടവും എ.ഡി. 100–313 വരെ ഇതു വന്നെത്തുന്നു. കോൺസ്റ്റന്റൈൻ രാജാവിന്റെ നാമമാത്രമായ ക്രിസ്തുമതമാനസാന്ത

രവും വിജാതീയ ആചാരങ്ങൾ സഭയിൽ കടന്നുവന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു (അപ്പൊസ്തലിക കാലഘട്ടത്തിന്റെ അവസാനം മുതൽ നിഖ്യാ കൗൺസിൽവരെ ഈ കാലയളവ് വന്നെത്തുന്നു. അന്ന് പുറമെ കാണപ്പെട്ടിരുന്ന സഭയിൽ അനേകം അവാന്തര വിഭാഗങ്ങളും ദുരുപ ദേശങ്ങളും കടന്നുവന്നു. അതേസമയം സത്യസഭയിൽ വിശ്വസ്തതയും മരണത്തോളമുള്ള പീഡനങ്ങളും കാണപ്പെട്ടു (വെളിപ്പാട് 2:8–11).

**മൂന്നാം മുദ്ര**

*“മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു മൂന്നാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസ് കയ്യിൽ പിടിച്ചി രുന്നു. ഒരു പണത്തിന്നു ഒരിടങ്ങഴി ഗോതമ്പ്; ഒരു പണത്തിനു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുത് എന്നു നാലു ജീവികളുടെയും നടുവിൽനിന്നു ഒരു ശബ്ദം ഞാൻ കേട്ടു”* (വെളി. 6:5,6).

കറുപ്പ് അർത്ഥമാക്കുന്നത് എന്താണ്? തിരുവെഴുത്തിലുടനീളം കറുപ്പ് (ഇരുട്ട്) അർത്ഥമാക്കുന്നത് ധാർമ്മിക അന്ധകാരം, പാപം, വിശ്വാസത്യാഗം, ദുരുപദേശങ്ങൾ എന്നിവയൊക്കെയാണ് (അപ്പൊ. പ്രവൃത്തികൾ 26:18; യോഹ. 12:35). സത്യസുവിശേഷത്തിന്റെ നേരെ വിപരീതമാണിത്. നാലും അഞ്ചും നൂറ്റാണ്ടുകളിലെയും ആറാം നൂറ്റാണ്ടിന്റെ ആദ്യപകുതി ഭാഗത്തിലെയും സഭയുടെ ഒരു നല്ല വിശേഷണമാണിത്.

അക്കാലത്ത് ക്രിസ്തുമതം രാഷ്ട്രീയവൽക്കരിക്കപ്പെട്ടു കഴിഞ്ഞി രുന്നു. പെർഗ്ഗമൊസ് സഭയുടെ കാലഘട്ടവും ഇതുതന്നെയാണ്. എ.ഡി. 313–538 വരെ ഈ കാലഘട്ടം വന്നെത്തുന്നു. ലക്ഷക്കണക്കായ ജനം മാനസാന്തരം കൂടാതെ ഉള്ളിൽ കടന്നുവന്നു. ദുരാചാരങ്ങളോടു രമ്യതയിലെത്താൻ പ്രശസ്തി പ്രേരിതമാക്കി. സത്യ സുവിശേഷത്തെ അതു മൂടിക്കളഞ്ഞു.

കറുത്ത കുതിരപ്പുറത്തിരിക്കുന്നവന്റെ കയ്യിൽ ഒരു തുലാസ് ഉണ്ടാ യിരുന്നു. “ഒരു പണത്തിനു ഒരിടങ്ങഴി ഗോതമ്പ്, ഒരു പണത്തിനു മൂന്നിടങ്ങഴി യവം, എന്നാൽ എണ്ണക്കും വീഞ്ഞിനും കേടുവരുത്ത രുത് എന്ന് നാലു ജീവികളുടെ നടുവിൽനിന്ന് ഒരു ശബ്ദം ഉണ്ടായി.” ഗോതമ്പ്, യവം എന്നിങ്ങനെ പറയുന്നത് ദൈവവചനത്തിന്റെ

ദൗർലഭ്യത്തെയുംകൂടെ സൂചിപ്പിക്കുന്നു (ആമോസ് 8:11,12; യിരെ. 23:28; യോഹ. 6:51,63). ജനങ്ങൾക്ക് ബൈബിൾ ലഭ്യമായിരുന്നില്ല. സഭാ നേതൃത്വം അതിൽനിന്നും പ്രസംഗിച്ചതുമില്ല. തൽഫലമായി ദൈവ വചനത്തിന് ക്ഷാമം നേരിട്ടു. ഒരുപണം അക്കാലത്ത് ഒരു ദിവസത്തെ വേലക്കൂലിയാണ്. അതുകൊണ്ട് ഒരു മനുഷ്യന്റെ സ്വന്തം ചെലവു തന്നെയും നടക്കുന്നില്ല. അങ്ങനെ എങ്കിൽ അവൻ തന്റെ കുടുംബത്തെ മുഴുവൻ എങ്ങനെ പോറ്റും. മറ്റാവശ്യങ്ങൾ എങ്ങനെ നടക്കും. ഏതർത്ഥ ത്തിലും അന്ന് ക്ഷാമം രൂക്ഷമായി വന്നു.

ഡയോക്ലീഷ്യൻ ചക്രവർത്തി റോമാസാമ്രാജ്യത്തിൽ ഏർപ്പെടു ത്തിയ ചെമ്പുനാണയമായിരുന്നു അന്നു പണമായി ഉപയോഗിച്ചിരു ന്നത്. ധാന്യങ്ങൾ, മറ്റു നിത്യോപയോഗ സാധനങ്ങൾ എന്നിവ യുടെയും വിവിധ ജോലികൾ ചെയ്യുന്നവരുടെയുമെല്ലാം കൂലി തുടങ്ങി യവയൊക്കെ തീരുമാനിച്ചെങ്കിൽ മോശമായ കാലാവസ്ഥകളും പ്രകൃതിക്ഷോഭങ്ങളുമെല്ലാം സമ്പദ്ഘടനയെ ദുർബ്ബലമാക്കി എന്നു ചരിത്രം പറയുന്നു.

എണ്ണ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു (സെഖ. 4:2-6), വീഞ്ഞ് യേശു ചൊരിഞ്ഞ പാപപരിഹാരരക്തത്തെ കുറിക്കുന്നു (മത്തായി 26:27-29). ഇത്ര ഭയങ്കരമായ ആത്മിക ക്ഷേമകാലത്തും ഈ രണ്ടു വിലയേറിയ ദാനങ്ങളും അപ്രത്യക്ഷമാകാതെ ഇരുന്നു. എണ്ണയ്ക്കും വീഞ്ഞിനും കേടുവന്നിരുന്നു എങ്കിൽ അതിന്റെ അർത്ഥം മരണം തന്നെയാണ് അതായത് ആത്മിക മരണം. എ.ഡി. 313-538 വരെയുള്ള ഇക്കാലത്ത് സഭാനേതാക്കൾ പ്രത്യക്ഷത്തിൽതന്നെ ക്രിസ്തുവാകുന്ന വിലയേറിയ മുത്തിനെ ചപ്പുചവറുകളായ രാഷ്ട്രീയ പ്രാധാന്യത്തിനും പ്രശസ്തിക്കുമായി വിറ്റുകളഞ്ഞു. സഭയുടെ നേതൃത്വസ്ഥാനങ്ങൾ അലങ്കരിക്കുന്നതു അധികാരം നടത്തുന്നതിനും ദുർലാഭ നേട്ടങ്ങൾക്കു മായി അധഃപതിച്ചു. "അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞ് നിങ്ങളെ വാണിഭം ആക്കും" (2 പത്രൊസ്. 2:3).

### നാലാം മുദ്ര

*"നാലാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു നാലാം ജീവി പറ യുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ മഞ്ഞനിറമുള്ളോരു കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന് മരണം എന്നു പേർ; പാതാളം അവനെ പിന്തുടർന്നു; അവർക്കു വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാ*

*വ്യാധികൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു"* (വെളി. 6:7,8).

മഞ്ഞ നിറത്തെ ഇംഗ്ലീഷിൽ "പെയ്ൽ" (Pale) എന്നു ഇവിടെ പറഞ്ഞിരിക്കുന്നു. മരണത്തിന്റെ നിറംതന്നെയാണ് പെയ്ൽ അല്ലെങ്കിൽ മഞ്ഞനിറം. "എണ്ണയ്ക്കും വീഞ്ഞിനും കേടുവരുത്തരുത്" എന്ന് മൂന്നാം മുദ്രയിൽ കൊടുത്തിരുന്ന മുന്നറിയിപ്പു തള്ളിക്കളഞ്ഞു. അതിനും കേടുവരുത്തിയതുകൊണ്ടു മരണംതന്നെ കുതിരയുടെ കടിഞ്ഞാണിൽ പിടിമുറുക്കി. മരണം യാത്രചെയ്യുന്ന മഞ്ഞക്കുതിര പാതാളത്തോളം (ശവക്കല്ലറയോളം) കടന്നുചെല്ലുന്നു. ദൈവജനത്തെ പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനു അവരുടെ മേൽ വരുത്തിയ വാളും ക്ഷാമവും വന്യമൃഗങ്ങളും മറ്റു ഉപാധികളുമെല്ലാം ഇവിടെ വ്യക്തമായി നിഴലിക്കുന്നു. "മനുഷ്യരെയും മൃഗങ്ങളെയും ഛേദിച്ചുകളയേണ്ടതിനു വാൾ, ക്ഷാമം, ദുഷ്ടമൃഗം, മഹാമാരി എന്നിങ്ങനെ അനർത്ഥകരമായ ന്യായവിധികൾ നാലുംകൂടെ അയച്ചാലോ?" (യെഹെ. 14:21). നാലാം മുദ്രയിൽ "ഭൂമിയുടെ കാലാംശത്തിന്മേൽ അധികാരം ലഭിച്ചു" എന്നതിന്റെ അർത്ഥം നാലിൽ ഒരു ഭാഗത്തിന്മേൽ അധികാരം ലഭിച്ചു എന്നതാണ്. ഈ വിശ്വാസ ത്യാഗിനിയായ സഭ അതിന്റെ പരമാധികാരം നടത്തിയിരുന്നതും വിശുദ്ധന്മാരെ കൊന്നൊടുക്കിയതുമായിരുന്ന യൂറോപ്യൻ രാജ്യങ്ങളെ ഭൂമിയുടെ കാലാംശം എന്നു ഇവിടെ പറഞ്ഞിരിക്കുന്നു.

ലോകത്തിനു ജീവൻ നൽകേണ്ടതിനു കർത്താവു ആരംഭിച്ച സഭ ഇപ്പോൾ ലോകത്തിന്റെ നാശമായി മാറിക്കഴിഞ്ഞു. പാപത്തോടു പോരാടിക്കൊണ്ട് മനുഷ്യനു നിത്യജീവന്റെ വഴി തുറന്നുകൊടുക്കുന്നതിനുപകരം അവൾ അവരെ നിത്യനാശത്തിലേക്കു വഴിനടത്തി: ദൈവവഴി അനുസരിക്കുന്നവരെ കൂട്ടത്തോടെ കൊന്നൊടുക്കി. ഇത് പരിപൂർണ്ണമായി വിശ്വാസത്യാഗത്തിന്റെ കാലമായിരുന്നു. എ.ഡി. 538 മുതൽ മതനവീകരണകാലംവരെ ഇതു വന്നെത്തുന്നു. തുയഥൈരാ സഭയുടെ കാലഘട്ടവും ഇതുതന്നെ.

ആറാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തെ അന്ധകാരയുഗം (Dark Ages) എന്നു ചരിത്രം വിളിച്ചുവരുന്നു. പാപ്പാത്വ പരമാധികാരം നിലനിന്നിരുന്ന കാലഘട്ടമായിരുന്നു ഇത്. "ആ കാലത്തിലെ കഷ്ടം" എന്നു യേശു ഇതിനെ പറഞ്ഞിരിക്കുന്നതുകൊണ്ട് ഇത് ഏറ്റവും ഭീകര കാലഘട്ടമാണെന്ന് നേരത്തെതന്നെ കർത്താവു

സൂചിപ്പിച്ചു (മത്തായി 24:21,22,29). ഇതിൽ അധികം ഭീതിജന്യമായ വസ്തുത സഭ തന്നെയാണ് ഈ ക്രൂരകൃത്യം ചെയ്യുന്നത് എന്നതു തന്നെയാണ്. അവളോടു യോജിക്കാത്ത എല്ലാവരെയും അവൾ നിഷ്കരുണം കൊന്നുകളയുന്നു. "വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ (സഭ) മത്തയായിരിക്കുന്നതു ഞാൻ കണ്ടു (വെളി. 17:6). ദൈവത്തിന്റെ സത്യവിശ്വാസികളെ മിക്കവാറും ഭൂമിയിൽനിന്ന് പൂർണ്ണമായി ഛേദിച്ചുകളഞ്ഞു. "അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളയും" (ദാനീ. 7:25) എന്നുള്ള പ്രവചനം ഇവിടെ നിറവേറുകയായിരുന്നു. എന്നാൽ രക്തസാക്ഷികളായിത്തീർന്ന ഈ വിശുദ്ധന്മാർക്ക് യേശു തന്റെ രാജ്യത്തിൽ അതിമഹത്തായ സ്ഥാനം കൊടുക്കുകയും തന്റെ സമീപംതന്നെ ആയിരിക്കുവാൻ അവരെ എപ്പോഴും അനുവദിക്കയും ചെയ്യുമെന്ന് പ്രവചനം പറയുന്നു (വെളി. 7:13-17 വായിക്കുക.)

മഞ്ഞക്കുതിരയുടെ കാലഘട്ടം മതനവീകരണ കാലഘട്ടത്തോടുകൂടെ അവസാനിക്കുന്നില്ല. മറ്റൊരു കുതിര അതിന്റെ പിന്നാലെ വരുന്നതുമില്ല. അന്ത്യത്തിൽ വെള്ളക്കുതിര അതിനെ നേരിടുന്നതുവരെ (വെളി. 19:11-21)യും ഗന്ധകത്തീപ്പൊയ്കയിൽ മരണവും പാതാളവും എരിഞ്ഞടങ്ങുംവരെയും ഇതു തുടരുന്നു. ഈ വെള്ളക്കുതിരയുടെ ശക്തിയും അധികാരവും അതിരില്ലാത്തതാണ്. എന്നാൽ മഞ്ഞക്കുതിരയുടെ പ്രവർത്തനത്തിനു പ്രത്യേകമായ അതിർവരമ്പുകളുണ്ട്. ദൈവം നിശ്ചയിച്ചിരിക്കുന്ന പരിധി വിട്ട് ഒന്നുംതന്നെ ചെയ്യുവാൻ സാത്താനു സാധിക്കുകയില്ല.

**അഞ്ചാം മുദ്ര**

"അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻകീഴിൽ കണ്ടു; വിശുദ്ധനും സത്യവാനും ആയ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം അല്പകാലംകൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി" (വെളി. 6:9-11).

മഞ്ഞക്കുതിരപ്പുറത്തു സഞ്ചരിച്ചിരുന്ന മരണത്തിന്റെ പ്രവൃത്തിയുടെ ഒരു ഭാഗം തന്നെയാണ് അഞ്ചാം മുദ്ര വെളിപ്പെടുത്തുന്നത്. കൊല്ലുന്നവൻ പോയി കൊന്നുകൂട്ടി. കൊല്ലപ്പെട്ടവർ ഇതാ കിടക്കുന്നു. ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം അവർ കൊല്ലപ്പെട്ടു. അവർ കല്പന പ്രമാണിച്ചവരും പ്രവചനത്തിന്റെ ആത്മാവുള്ളവരും ആയിരുന്നു. അതുകൊണ്ടു അവരെ കൊന്നുകളഞ്ഞു.

അവരെ ഹീനന്മാരായ കുറ്റവാളികളെ എന്നപോലെ അതിഹീനമാം വിധം കൊന്നുകളഞ്ഞു. പക്ഷെ 16-ാം നൂറ്റാണ്ടിലെ മതനവീകരണം ഉണ്ടായിക്കഴിഞ്ഞപ്പോൾ അവരെല്ലാം യേശുവിന്റെ ഉത്തമദാസന്മാരും ദൈവത്തിന്റെ വിശുദ്ധന്മാരും ആയിരുന്നു എന്നു തിരുവചനം വെളിപ്പെടുത്തി. ദൈവത്തിന്റെ വാഗ്ദത്തപ്രകാരം അവർ വെള്ള നിലയങ്കി ധരിക്കുവാൻ യോഗ്യരായി കണ്ടു. അപ്രകാരം മാനുഷിക ദൃഷ്ടിയിൽ അവർക്കു വെള്ളനിലയങ്കി ലഭിച്ചു. എന്നാൽ കൊല അവസാനിച്ചില്ല. ഇനിയും രക്തസാക്ഷികളായി ധാരാളം പേർ വരാനുണ്ട്. തന്നോടു നിലവിളിക്കുന്ന വിശുദ്ധന്മാർക്കുവേണ്ടി ദൈവം വേഗത്തിൽതന്നെ പ്രതിക്രിയ നടത്തും (ലൂക്കൊസ് 18:7,8).

അഞ്ചാം മുദ്രയിൽ കൂടാര ശുശ്രൂഷയിലെ യാഗപീഠത്തിന്റെയും ഹോമയാഗങ്ങളുടെയും ഒരു പ്രതീകം കാണാവുന്നതാണ്. യാഗം അർപ്പിക്കുമ്പോൾ രക്തം യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിക്കുന്നു (ലേവ്യാ. 4:7). രക്തസാക്ഷികളായ വിശുദ്ധന്മാരുടെ രക്തം പ്രതീകാത്മകമായി ദൈവത്തോടു നിലവിളിക്കുന്നതായി ഇവിടെ പറയപ്പെട്ടിരിക്കുന്നു. സഹോദരനാൽ കൊല്ലപ്പെട്ട ഹാബേലിന്റെ രക്തം അതുപോലെ ദൈവത്തോടു നിലവിളിച്ചു (ഉല്പത്തി 4:10). ആത്മാവ് (Soul) എന്ന വാക്കിന് "ജീവൻ" എന്ന് അർത്ഥമുണ്ട് (ഇയ്യോബ് 12:10). രക്തം എന്നതിനെയും ജീവൻ എന്നു പറഞ്ഞിരിക്കുന്നത് കൊല്ലപ്പെട്ടവരുടെ രക്തം എന്നോ ജീവൻ എന്നോ ആണ് അർത്ഥമാക്കുന്നത്. "യാഗപീഠം ഭൂമിയിൽത്തന്നെയാണ്, സ്വർഗ്ഗത്തിലല്ല." (Unfolding Revelation p. 69). "ഇത് അക്ഷരീകമായി നിറവേറിയതാണെന്നു നാം ചിന്തിക്കരുത്. ഈ വിവരണം മുഴുവനും പ്രതീകാത്മകങ്ങളാണ്. മുറിവേറ്റവരും കഷ്ടം സഹിക്കേണ്ടിവന്നവരും തങ്ങൾക്കു ദോഷം ചെയ്തവരോടു പ്രതികാരം ചെയ്യണമെന്നു എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു എന്നും ചിന്തിക്കുവാൻ പാടില്ല."

രക്തസാക്ഷികൾ കൈവരിച്ച വിജയത്തെയാണ് വെള്ളനിലയങ്കി സൂചിപ്പിക്കുന്നത് (വെളി. 19:8; 3:5). അവർ യഥാർത്ഥത്തിൽ വിജയിച്ചു

കഴിഞ്ഞു എങ്കിലും യേശു വീണ്ടും വരികയും എല്ലാ വിശുദ്ധന്മാർക്കും ഒരുമിച്ചു പ്രതിഫലം നൽകുകയും ചെയ്യുന്നതുവരെ അവർ അല്പ കാലം കല്ലറകളിൽ വിശ്രമിക്കേണ്ടതാകുന്നു (വെളി. 22:12; എബ്രാ. 11:39,40). മരണത്തിൽ മനുഷ്യന്റെ അവസ്ഥയ്ക്കോ, മരിച്ചവർ ഉയിർക്കുന്നതിനുമുമ്പ് അവർക്കുള്ള അവസ്ഥയ്ക്കോ യോഹന്നാൻ "മരിച്ചവരുടെ ആത്മാക്കളെ യാഗപീഠത്തിൻകീഴിൽ കണ്ടു" എന്നു പറയുന്ന വസ്തുതയ്ക്കു യാതൊരു വിധത്തിലും ബാധകമല്ല. അവർ ദൈവത്തിന്റെ നാമത്തിൽ ആണ് കൊല്ലപ്പെടുവാൻ ഇടയായത് എന്നുള്ള ശോകകരമായ യാഥാർത്ഥ്യം മാത്രമേ ഇതുകൊണ്ട് അർത്ഥ മാക്കുന്നുള്ളൂ.

അഞ്ചാം മുദ്ര സർദ്ദീസ് സഭയുടെ കാലഘട്ടത്തെക്കുറിക്കുന്നു. പതിനാറാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെ അത് വ്യാപിച്ചിരിക്കുന്നു. നാലാം മുദ്രയിലെ ഭയാനകമായ പീഡനം അഞ്ചാം മുദ്രയിലേക്കും വ്യാപിച്ചുകിടക്കുന്നു. ഈ കാലഘട്ടത്തിലെ പീഡനം തന്റെ വിശുദ്ധന്മാരുടെ നിമിത്തം ചുരുങ്ങുമെന്നു യേശു പറഞ്ഞിരി ക്കുന്നു. അതു ചുരുങ്ങാതിരുന്നാൽ ഒരു വിശുദ്ധനും ജീവനോടിരി ക്കയില്ല (മത്തായി 24:22). ജോൺ ഹസ്സ്, ജെറോം, ജോൺ നോക്സ്, വില്യം ടിൻഡേൽ, മാർട്ടിൻ ലൂഥർ തുടങ്ങിയ ശ്രേഷ്ഠന്മാരായ ദൈവ മനുഷ്യരുടെ ശക്തിയേറിയ പ്രസംഗം നിമിത്തം ആ നാളുകൾ ചുരുങ്ങി പ്പോയി.

അഞ്ചാം മുദ്രയിൽ കാണുന്ന രക്തസാക്ഷികളായവരുടെ ആത്മാ ക്കൾ നിലവിളിക്കുന്നു എന്നുള്ള ചിത്രീകരണം ക്രിസ്തുവിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവർക്കും ധൈര്യവും പ്രത്യാശയും പകരുന്നതിനുവേണ്ടിയുള്ളതാണ്. അവരുടെ ആത്മാക്കൾ നിലവിളിച്ചുകൊണ്ടിരിക്കുന്നു എന്നല്ല ഇതിന്റെ അർത്ഥം. മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും യാതൊന്നും അറിയുന്നില്ല തന്നെ മറ്റു മുദ്രകളിൽ പറയപ്പെടുന്ന വിവിധ നിറങ്ങളുള്ള കുതിര കളും കുതിരക്കാരും ചിത്രീകരണങ്ങൾ മാത്രമാണ്. അതുപോലെ യേശുവും രക്തം ഒഴുക്കുന്ന ആട്ടിൻകുട്ടിയായിട്ടല്ല നില്ക്കുന്നത്. ഇതെല്ലാം ആത്മിക പാഠങ്ങൾ പഠിപ്പിക്കുന്നതിനുള്ള ചിത്രീകരണ ങ്ങളും അടയാളങ്ങളുമാണ്.

**ആറാം മുദ്ര**

*"ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു.*

*അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ടു കുലുങ്ങിയിട്ടു കായ് ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്നു ഇളകിപ്പോയി. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും: ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതെവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു"* (വെളി. 6:12-17).

യേശുക്രിസ്തു ശക്തിയോടും മഹത്ത്വത്തോടുംകൂടെ വീണ്ടും വരുന്നതിന്റെ അടയാളങ്ങളായി ആറാം മുദ്രയിൽ നാലു അടയാളങ്ങൾ പറയപ്പെട്ടിരിക്കുന്നു. ഇതേ അടയാളങ്ങൾ പുതിയ നിയമത്തിലും പഴയനിയമത്തിലുമായി പലേടത്തും പറയപ്പെട്ടിട്ടുണ്ട്. ഇത് ആവർത്തിച്ചു പറയപ്പെടുന്നതിന്റെ കാരണം അക്ഷരീകമായിത്തന്നെ നാം ഗ്രഹിക്കേണ്ടതിനാണ്.

ഈ ഭൂമിയിൽനിന്ന് പാപവും മരണവും സാത്താന്റെ വാഴ്ചയും അവസാനിപ്പിക്കുന്ന ദിവസമാണ് യേശുവിന്റെ രണ്ടാം വരവ്. മനുഷ്യനു വീഴ്ച ഭവിച്ചതു മുതൽ സകല പ്രവാചകന്മാരും വിശുദ്ധന്മാരും അതിനെക്കുറിച്ചുതന്നെ പ്രവചിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. മാലാഖമാർ ഇതു പലപ്പോഴായി ആവർത്തിക്കുന്നുണ്ടായിരുന്നു. മനുഷ്യനായി വന്ന യേശുവിന്റെ സുവിശേഷം ദൈവരാജ്യം മാത്രമായിരുന്നു. പ്രവചനം അതിന്റെ പൂർണ്ണ നിറവേറലിൽ എത്തിയപ്പോൾ ആറാം മുദ്രയിൽ ദൈവം ഈ അടയാളങ്ങൾ പ്രകൃതിയിൽ കാണിച്ചു. ദൈവരാജ്യം വരാറായി എന്നു പ്രകൃതി നമ്മോടു ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു.

ആറാം മുദ്രയിൽ പറഞ്ഞിരിക്കുന്ന അടയാളങ്ങൾ സംഭവിക്കേണ്ടത് എപ്പോഴാണെന്ന് യേശുതന്നെ വ്യക്തമാക്കിയിരിക്കുന്നു. ഇവയെല്ലാം പ്രകൃതിയിൽ ഉണ്ടായ അടയാളങ്ങളാണ്. "ആ കാലത്തെ കഷ്ടം കഴിഞ്ഞ ശേഷം സൂര്യൻ ഇരുണ്ടുപോകയും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കയും ആകാശത്തുനിന്നു നക്ഷത്രങ്ങൾ വീണുകൊണ്ടിരിക്കയും ആകാശത്തിലെ ശക്തികൾ ഇളകിപ്പോകയും ചെയ്യും" (മർക്കൊസ് 13:24,25).

"ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടു പോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും" (മത്തായി 24:29). "സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും'' (ലൂക്കൊസ് 21:25). "യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരും മുമ്പേ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും" (യോവേൽ 2:31).

ഇവ സംഭവിക്കേണ്ടത് "ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ" ആണെന്ന് യേശു വ്യക്തമാക്കിയിരിക്കുന്നു. ആ കാലത്തിലെ കഷ്ടം എന്ന് യേശു സൂചിപ്പിക്കുന്നത് പാപ്പാത്വ അധികാരം ഈ ഭൂമിയിൽ നിലനിന്നിരുന്ന കാലയളവിൽ തന്റെ വിശുദ്ധന്മാരെ മൃഗീയമായി പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തതിനെക്കുറിച്ചാണ്. ദാനീയേൽ പ്രവാചകൻ മുഖാന്തിരം അരുളി ചെയ്തിരിക്കുന്ന ആയിരത്തി ഇരുന്നൂറ്റി അറുപത് (1260) വർഷക്കാലയളവിനെ ഇതു വെളിവാക്കുന്നു. അതിന്റെ വ്യക്തമായ വിശദീകരണം വെളിപ്പാട് 12-ാം അദ്ധ്യായത്തെ വിശദീകരിക്കുന്ന ഭാഗത്ത് നിങ്ങൾക്കു കാണാവുന്നതാണ്. ഈ 1260 വർഷക്കാലയളവ് എ. ഡി. 538 മുതൽ 1798 വരെ നീണ്ടുനില്ക്കുന്നു. മാർപാപ്പക്ക് പരമാധികാരം കിട്ടിയ കാലം മുതൽ തടവുകാരനായി ജയിലിൽ മരിക്കുന്നതുവരെ ഉള്ള സമയമാണിത്. നെപ്പോളിയൻ ചക്രവർത്തിയുടെ കാലത്ത് അതു സംഭവിച്ചതായി ചരിത്രത്തിൽ നാം കാണുന്നു. എന്നാൽ കർത്താവിന്റെ വിശുദ്ധന്മാർക്ക് ഇത്രയും വർഷം കഷ്ടകാലം തന്നെ ആയിരുന്നു. എന്നാൽ കർത്താവിന്റെ വിശുദ്ധന്മാർ നിമിത്തം ആ കാലയളവ് ചുരുങ്ങുമെന്നു യേശു പറഞ്ഞതും അതു സംഭവിച്ചതും മുകളിൽ നിങ്ങൾ വായിച്ചത് ശ്രദ്ധിക്കുക.

ദൈവം സൂര്യചന്ദ്ര നക്ഷത്രങ്ങളെ സൃഷ്ടിച്ചപ്പോൾ "അവ അടയാളങ്ങളാലും, കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിവാനായും ഉതകട്ടെ" എന്നു കല്പിച്ചു (ഉല്പത്തി 1:14). അതുകൊണ്ട് അവയിലുംകൂടെ ക്രിസ്തുവിന്റെ വരവിനുള്ള അടയാളങ്ങൾ ദൈവം തരുന്നതിൽ അത്ഭുതപ്പെടുവാനില്ല.

ഇന്നെയോളം രേഖപ്പെടുത്തിയിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ ഒരു ഭൂകമ്പമാണ് 1260 വർഷപ്രവചനം അവസാനിക്കാറായപ്പോൾ 1755 നവംബർ 1 ന് പോർട്ടുഗലിലെ ലിസ്ബണിൽ ഉണ്ടായത്. ആ പട്ടണത്തിന്റെ അധികഭാഗവും നശിക്കുകയും 60,000 ത്തിനും 90,000 ത്തിനും

ഇടയ്ക്കു മരണസംഖ്യ ഉണ്ടാകയും ചെയ്തു. യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽപോലും അതിന്റെ പ്രകമ്പനം അലയടിച്ച് 40 ലക്ഷം ചതുരശ്രമൈൽ ദൂരം വ്യാപിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നു - (“Wonders of the World" pp 50, 58; Unfolding Revelation p. 71). നോഹയുടെ കാലത്തെ ജലപ്രളയത്തിനുശേഷം ലോകചരിത്രത്തിൽ അന്നുവരെ ഇത്ര വലിയൊരു പ്രകൃതിദുരന്തം ഉണ്ടായിട്ടില്ലായിരുന്നു. എൻസൈക്ലോപ്പീഡിയ ബ്രിട്ടാണിക്കാ തുടങ്ങി പല പ്രസിദ്ധീകരണങ്ങളും ഇതിന്റെ തീവ്രത വ്യക്തമാക്കുന്നു.

1780 മേയ് മാസം 19-ാം തീയതി സൂര്യൻ ഇരുണ്ടുപോയി. ഇതിനെക്കുറിച്ചുള്ള ദൃക്സാക്ഷികളുടെ വിശദീകരണങ്ങളും പത്രവാർത്തകളുമെല്ലാം ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അന്ന് പുരുഷന്മാർ പ്രാർത്ഥിക്കുകയും സ്ത്രീകൾ നിലവിളിക്കുകയും ആയിരുന്നു. രാവിലെ സാധാരണ രീതിയിൽ സൂര്യോദയം ഉണ്ടായി. കന്നുകാലികൾ മേച്ചിലിനിറങ്ങി. കുട്ടികൾ പാഠശാലകളിലേക്കു പുറപ്പെട്ടു. മനുഷ്യർ ചന്തകളിലേക്കും കൃഷികാര്യങ്ങൾക്കും മറ്റു പല പ്രവൃത്തികളിലും ഏർപ്പെട്ടു. പക്ഷെ സമയം നീങ്ങുന്നതിനനുസരിച്ച് അന്ധകാരം വർദ്ധിച്ചുതുടങ്ങി. നട്ടുച്ച സമയം ഭീകരമായ കൂരിരുട്ടായിരുന്നു. എന്തോ ന്യായവിധി അടുത്തുവരുന്നു എന്നും ജനം ഭയപ്പെട്ടു.

അന്നേദിവസം രാത്രിയിൽ ചന്ദ്രൻ വെളിച്ചം കൊടുക്കാതെ കടുംചുവപ്പു നിറത്തിൽ കാണപ്പെട്ടു എന്ന് ചരിത്രം സാക്ഷ്യം പറയുന്നു. അന്ന് സൂര്യഗ്രഹണമോ ചന്ദ്രഗ്രഹണമോ യാതൊന്നുംതന്നെ ഉള്ളതുമായിരുന്നില്ല. (R.M. Devens, "Our First Centuary" pp. 89,90; Noah Webster, American Dictionary of English Language" 1882 Edition, The Universal Cyclopedia Art, "Dark Day, New York; D Appleton & Co; 1900; History of Wears, New Hampshire, 1735-1888, WM. Little Lowell, Mass p. 276 printed byt S.W. Huse & Co; 1888; The History and Philosophy of Earthquakes, J. Nourse, p. 334, London 1757 തുടങ്ങിയ പ്രസിദ്ധീകരണങ്ങളെല്ലാം ഇതിന്റെ വിവരണം നൽകുന്നു.

1833 നവംബർ 13 നുണ്ടായ നക്ഷത്ര വീഴ്ച (Shooting Stars) ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ ഉല്ക്കാപതനം ആയിരുന്നു. American Journal of Science and Arts vol. XXV, 1834, The Great Events of Our Past History, pp. 214, 215, Manuel of Astronomy, p. 469, Fifty three years in Syria, H.H. Jessop D.D., Vol. 1, pp. 316, 317

തുടങ്ങിയ പുസ്തകങ്ങൾ ഇതിനെപ്പറ്റി ഇന്നും സംസാരിച്ചുകൊണ്ടിരിക്കുന്നു.

ആറാം മുദ്രയിലെ അടുത്ത സംഭവം എന്താണെന്നു നോക്കുക. "പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്ന് ഇളകിപ്പോയി." ഇത് യേശുക്രിസ്തുവിന്റെ വരവാണ്. അപ്പോൾ മനുഷ്യരുടെ പ്രതികരണം നോക്കുക: "ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു."

ആറാം മുദ്രയുടെ കാലത്ത് 13-ാം വാക്യത്തിനും 14-ാം വാക്യത്തിനും മദ്ധ്യേ നാം ഇന്നു ജീവിച്ചുകൊണ്ടിരിക്കുന്നു. അതിലെ അവസാന അടയാളമായ നക്ഷത്രവീഴ്ച കഴിഞ്ഞിട്ട് 180 വർഷം പിന്നിട്ടു. എന്തുകൊണ്ട് കർത്താവു വരുന്നില്ല. കാരണം നിലവിളിച്ചുകൊണ്ടോടുന്ന സകല ദുഷ്ടന്മാരും ചോദിക്കുന്ന ഒരു ചോദ്യം വളരെ പ്രാധാന്യമുള്ളതാണ്. "ദൈവത്തിന്റെ മഹാകോപദിവസം വന്നു. ആർക്കു നില്പാൻ കഴിയും?" ഈ ചോദ്യത്തിനു ഉത്തരം നല്കേണ്ടത് ക്രിസ്തുവിന്റെ ഉത്തരവാദിത്വമാണ്. തന്റെ മുമ്പിൽ നില്പാൻ കഴിയുന്നവരാരെന്നും അതിനു എന്താണു വേണ്ടതെന്നും യേശുതന്നെ വിശദീകരിക്കുന്നു. ഈ വിശദീകരണം എല്ലാവരും നന്നായി മനസ്സിലാക്കേണ്ടതിന് 7-ാം അദ്ധ്യായം മുഴുവനും കർത്താവ് ഉപയോഗിക്കുന്നു. അതിന്റെ ശേഷം മാത്രമാണ് ഏഴാം മുദ്രയെക്കുറിച്ച് പറയുന്നത്. അത് എട്ടാം അദ്ധ്യായം 1-ാം വാക്യമാണ്. എന്നാൽ നാം 7-ാം അദ്ധ്യായത്തെക്കുറിച്ച് ഏഴാം മുദ്ര മനസ്സിലാക്കിയതിനുശേഷം അടുത്ത അദ്ധ്യായത്തിൽ പഠിക്കുന്നതാണ്.

യേശുവിന്റെ വീണ്ടുംവരവിനുള്ള സമയം നാം അറിയുന്നില്ല. എന്നാൽ അതിനുശേഷം അനേകമായ അടയാളങ്ങൾ അത് ഏറ്റവും അടുത്തായിരിക്കുന്നു എന്ന് നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നു. ആറാം മുദ്രയും ഇക്കാര്യം കർശനമായും കൃത്യമായും നമ്മെ ഓർമ്മപ്പെടുത്തുകയാണ്.

## ഏഴാം മുദ്ര

"അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി" (വെളിപ്പാട് 8:1).

യേശു വീണ്ടും വരുമ്പോഴാണ് ഈ മൗനത ഉണ്ടാകുന്നത്. സകല സ്വർഗ്ഗീയ വാസികളും മാലാഖവൃന്ദവും യേശുവിനെ അനുഗമിക്കുന്നു. "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരും" (മത്തായി 25:31). "സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു" (വെളിപ്പാട് 19:14). അപ്പോൾ സ്വർഗ്ഗത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. പൂർണ്ണമായ നിശ്ശബ്ദത ആയിരിക്കും.

അരമണിക്കൂർ എന്നത് ഒരു ദിവസത്തിന് ഒരു വർഷം എന്നുള്ളത് (സംഖ്യാപുസ്തകം 14:34; യെഹെസ്കേൽ 4:6) അനുസരിച്ച് കണക്കുകൂട്ടുമ്പോൾ ഏഴര ദിവസം എന്ന് കാണാവുന്നതാണ്. സ്വർഗ്ഗീയ സൈന്യവുമായി വരുന്ന യേശു ഭൂമിയിൽനിന്നുള്ള വിശുദ്ധന്മാരെ ചേർത്തുകൊണ്ട് സ്വർഗ്ഗത്തിൽ മടങ്ങി എത്തുന്നതിന് ഒരാഴ്ചയുടെ സമയം എടുക്കുന്നതാണ്. ഇത് പൊതുവായി വിശ്വസിക്കപ്പെടുന്നു. അര മണിക്കൂർ മൗനതക്ക് മറ്റൊരു വിശദീകരണം കൂടെ ഉണ്ട്. ഗത്ശെമനത്തോട്ടത്തിൽ യേശു പാപിയുടെ സ്ഥാനം ഏറ്റെടുത്തുകൊണ്ട് അതികഠിനമായ മനോവ്യഥയിൽ പിതാവിൻമുമ്പിൽ ഏല്പിക്കപ്പെട്ടുകൊണ്ട് വീഴുമ്പോൾ സർവ്വവും ഭയാനകമായ നിശ്ശബ്ദതയിൽ ആണ്ടുപോയി. അന്ത്യത്തിൽ പാപികൾക്ക് നിത്യനാശം വരുമ്പോൾ സർവ്വവും നിശ്ശബ്ദതയിലായിരിക്കും. മറ്റൊരു വിശദീകരണമുള്ളത് ഏഴു മുദ്രകളോടുകൂടെ സാത്താനുമായുള്ള വൻപോരാട്ടവും ഭൂമിയിലെ ദുഷ്ടതയും അവസാനിക്കുന്നു എന്ന് പ്രതീക്ഷിച്ചിരുന്ന സ്വർഗ്ഗീയ സൈന്യം ഉടൻതന്നെ ഏഴു കാഹളങ്ങളെക്കുറിച്ച് കേൾക്കുമ്പോൾ നിശ്ശബ്ദതയിൽ അതീവ ശ്രദ്ധാലുക്കളായിത്തീരുന്നു എന്നുള്ളതാണ്. എന്നാൽ നാം പൊതുവായി വിശ്വസിക്കുന്നത് യേശുവിന്റെ വീണ്ടും വരവിൽ സ്വർഗ്ഗത്തിൽ ഉണ്ടാകുന്ന നിശ്ശബ്ദതയും വിശുദ്ധന്മാരുമായി തിരിച്ചെത്തുന്നതിനുള്ള ഒരാഴ്ച സമയമെന്ന വിശദീകരണവുമാണ്.

# ഏഴു മുദ്രകൾ ഒറ്റനോട്ടത്തിൽ

| ക്രമനമ്പർ | വിവരണം | പ്രവർത്തനങ്ങൾ | ഏകദേശ കാലഘട്ടം | സംജ്ഞകളുടെ അർത്ഥം | ബന്ധപ്പെട്ട സഭ |
|---|---|---|---|---|---|
| ഒന്നാം മുദ്ര | വെള്ളക്കുതിര - അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ വില്ലും കിരീടവും | ജയിക്കുവാനായി പുറപ്പെട്ടു | എ.ഡി. ഒന്നാം നൂറ്റാണ്ട് | കുതിരയും കുതിരക്കാരനും = ദൂതന്മാർ; വെള്ളനിറം = വിശുദ്ധി; കിരീടം = വിജയം; വില്ല് = ദുഷ്ടതയുടെമേൽ വിജയം | എഫെസൊസ് |
| രണ്ടാം മുദ്ര | ചുവന്ന കുതിര - കയ്യിൽ വലിയൊരു വാൾ | ഭൂമിയിൽനിന്ന് സമാധാനം എടുത്തുകളയുന്നു. പരസ്പരം കൊന്നുകളയുന്നു | രണ്ടും മൂന്നും നൂറ്റാണ്ടും നാലാം നൂറ്റാണ്ടിന്റെ പകുതിയും | ചുവപ്പുനിറം = രക്തച്ചൊരിച്ചിലും പീഡനവും; വാൾ = രക്തച്ചൊരിച്ചിലിന്റെ അടയാളം. | സ്മുർന്ന |
| മൂന്നാം മുദ്ര | കറുത്ത കുതിര - കയ്യിൽ തുലാസ് | ഗോതമ്പും യവവും അളന്നു കൊടുക്കുന്നു. വലിയ വിലയ്ക്കു വില്ക്കുന്നു | നാലും അഞ്ചും നൂറ്റാണ്ടും ആറാം നൂറ്റാണ്ടിന്റെ പകുതിയും | കറുപ്പ് = ധാർമ്മിക അന്ധകാരം; അളന്നു വലിയ വിലയ്ക്കു വില്ക്കുന്നു = തിരുവചനത്തിനു ക്ഷാമം; എണ്ണ = പരിശുദ്ധാത്മാവ്; വീഞ്ഞ് = യേശുവിന്റെ രക്തം | പെർഗ്ഗമോസ് |
| നാലാം മുദ്ര | മഞ്ഞക്കുതിര - കുതിര പ്പുറത്തു മരണം; പാതാളം പിന്തുടരുന്നു. | വിശപ്പ്, വാൾ, വന്യമൃഗം എന്നിവകൊണ്ടു കൊല്ലുവാൻ അധികാരം | ആറാം നൂറ്റാണ്ടിന്റെ പകുതി മുതൽ 15-ാം നൂറ്റാണ്ടുവരെ | മഞ്ഞ = മരണത്തിന്റെ അടയാളം; മരണവും പാതാളവും = പീഡനകാലത്തു ദൈവജനത്തെ നിർമ്മാർജ്ജനം ചെയ്തു | തുയഥൈര |
| അഞ്ചാം മുദ്ര | കൊല്ലപ്പെട്ടവരുടെ ആത്മാക്കൾ യാഗപീഠത്തിൻ കീഴിൽ | പ്രതികാരം ചെയ്യുവാൻ ദൈവ ത്തോടു നിലവിളിക്കുന്നു വെള്ളനിലയങ്കി കൊടുക്കു ന്നു. അല്പം കൂടെ കാത്തിരി ക്കുന്നതിന് ആവശ്യപ്പെടുന്നു. | 16,17 നൂറ്റാണ്ടുകളും 18-ാം നൂറ്റാണ്ടിന്റെ പകുതി ഭാഗവും | കരയുന്ന ആത്മാക്കൾ = ഹാബേലിന്റെ രക്തം നിലവിളിക്കുന്നു എന്നതുപോലെ അടയാളം മാത്രം; വെള്ളനിലയങ്കി = യേശുവിന്റെ രക്ത ത്തിൽക്കൂടെ വിജയം; അല്പസമയം കൂടെ വിശ്രമിക്കുക = യേശു വീണ്ടും വരുന്നതുവരെ കല്ലറകളിൽ വിശ്രമിക്കുക | സർദ്ദിസ് |
| ആറാം മുദ്ര | ഭൂകമ്പം, സൂര്യൻ കറുത്തു, ചന്ദ്രൻ രക്തതുല്യം, നക്ഷത്ര വീഴ്ച | ദൈവജനം പ്രതീക്ഷയോടെ കാത്തിരിക്കുന്നു. | 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ വീണ്ടും വരവു വരെ | ലിസ്ബൺ ഭൂകമ്പം = 1-11-1755<br>സൂര്യൻ ഇരുണ്ടു = 19-5-1780<br>ചന്ദ്രൻ രക്തതുല്യം = 19-5-1780<br>നക്ഷത്ര വീഴ്ച = 13-11-1833<br>വീണ്ടും വരവ് = ഇനി സംഭവിക്കണം | ഫിലദെൽഫിയയും ലവൊദിക്യയും |
| ഏഴാം മുദ്ര | സ്വർഗ്ഗത്തിൽ മൗനത | സ്വർഗ്ഗീയ സൈന്യവുമായി വന്നു വിശുദ്ധന്മാരെ ചേർത്തു മടങ്ങിയെത്തുന്നു. | വീണ്ടും വരവിൻ കാലഘട്ടം | $\frac{1}{2}$ മണിക്കൂർ = $7\frac{1}{2}$ദിവസം (1 ദിവസം = 1 വർഷം); വീണ്ടും വന്നു തിരിച്ചെത്തുന്നതിന് $7\frac{1}{2}$ ദിവസം എടുക്കുന്നു. | |

# കോപദിവസത്തിൽ നില്പാൻ കഴിയുന്നവർ

## (വെളിപ്പാട് ഏഴാം അദ്ധ്യായം)

യേശുവിന്റെ മഹത്ത്വപ്രത്യക്ഷതയിൽ നിലവിളിച്ചുകൊണ്ടോടുന്ന ജനസമൂഹം ചോദിക്കുന്ന വലിയൊരു ചോദ്യമാണ് "അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും" എന്നുള്ളത് (വെളിപ്പാട് 6:17). ഉടൻതന്നെ ദൈവം അതിനുള്ള ഉത്തരവും കൊടുക്കുന്നു. പ്രവാചകനിൽകൂടെ ലോകത്തെ അറിയിക്കാതെ ദൈവം യാതൊന്നും രഹസ്യത്തിൽ ചെയ്യുന്നില്ല. 7-ാം അദ്ധ്യായം മുഴുവനും ദൈവത്തെ എതിരേല്പാൻ ഒരുങ്ങുന്നത് എപ്രകാരമെന്നും ആരെല്ലാം ഒരുങ്ങുന്നു എന്നും വ്യക്തമാക്കുന്നു. "യഹോവയായ കർത്താവു പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല" (ആമോസ് 3:7).

വെളിപ്പാട് 7-ാം അദ്ധ്യായം 1-ാം വാക്യം മുതൽ നാം ഇപ്രകാരം വായിക്കുന്നു: "അതിന്റെശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റും ഊതാതിരിക്കേണ്ടതിനു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റു പിടിച്ചുകൊണ്ട് ഭൂമിയുടെ നാലു കോണിലും നില്ക്കുന്നതു ഞാൻ കണ്ടു. മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്നു കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു: നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടുവരുത്തരുത് എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു" (വെളിപ്പാട് 7:1-3).


നാല് കാറ്റും പിടിച്ചിരിക്കുന്ന നാല് ദൂതന്മാർ

പാപം നിമിത്തം തകിടം മറിഞ്ഞുപോയ മാനുഷിക വികാരങ്ങളെയും നാശകരമായ പ്രകൃതിശക്തികളെയുമെല്ലാം ദൈവം നിയന്ത്രിച്ചിരിക്കുന്നു എന്നു നാം ഇവിടെ കാണുന്നു. രക്ഷാപദ്ധതി പൂർത്തിയാകുന്നതുവരെ ശക്തന്മാരായ ദൂതന്മാർ നാശകരമായ കാറ്റുകളെ പിടിച്ചുനിർത്തിക്കൊണ്ടിരിക്കുന്നു. ദൈവവേല അതിന്റെ സമാപ്തിയിലേക്കു കടക്കുംതോറും ശത്രുവിന്റെ ക്രോധവും ആക്രമണങ്ങളും അധികരിക്കുന്നു. എന്നാൽ സർവ്വവും ദൈവിക നിയന്ത്രണത്തിൻ കീഴിലാണെന്നു ദൈവജനം മനസ്സിലാക്കേണ്ടതുണ്ട്. ദൈവിക പദ്ധതിക്കു വിഘ്നം വരുത്തുന്ന യാതൊന്നും തന്നെ സംഭവിക്കുകയില്ല.

പ്രകൃതിശക്തികളായ ഭൂകമ്പം, കൊടുങ്കാറ്റ് തുടങ്ങി രാഷ്ട്രീയ പ്രതിബന്ധങ്ങൾ എന്നിവയെല്ലാം രാഷ്ട്രീയ പ്രതിബന്ധങ്ങൾ എന്നിവയെല്ലാം തന്നെ സ്വർഗ്ഗീയ പദ്ധതി പൂർത്തിയാകുന്നതുവരെയും ദൈവിക നിയന്ത്രണത്തിൻകീഴിലായിരിക്കും. ലോകമെങ്ങും സർവ്വ കാര്യങ്ങളും കലങ്ങിമറിഞ്ഞ അവസ്ഥയിൽ നീങ്ങിക്കൊണ്ടിരിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഏറിവരുന്നു. യുദ്ധസന്നാഹങ്ങൾ എവിടെയും ദൃശ്യമാണ്. ജാതി ജാതിയോടും രാജ്യം രാജ്യ

ത്തോടും പോരിന്നൊരുങ്ങുന്നു. ദൈവത്തിന്റെ വലിയ ദിവസം അടുത്തിരിക്കുന്നു. കാറ്റുകളെ പിടിച്ചുകൊള്ളണമെന്ന ദൂതന്മാരോടുള്ള ആജ്ഞ ഇന്നും പ്രാബല്യത്തിലിരിക്കുന്നതുകൊണ്ടുമാത്രം ചെറിയൊരു സമാധാനം ഇപ്പോൾ കാണപ്പെടുന്നു.

നാലു കാറ്റുകൾ എന്താണ്? തിരുവെഴുത്തിൽ ഇതു സാധാരണയായി നാലു ദിക്കുകളെ സൂചിപ്പിക്കുന്നു (ദാനീ. 8:8; മർക്കൊസ് 13:27). എന്നാൽ ഇവിടെ നാലു കാറ്റുകൾ ഭൂതലമെങ്ങുമുള്ള വിനാശകരമായ ശക്തികളെകൂടെ സൂചിപ്പിക്കുന്നു. "ആകാശത്തിലെ നാലു കാറ്റും മഹാസമുദ്രത്തിന്റെ നേരെ അടിക്കുന്നത് ഞാൻ കണ്ടു. അപ്പോൾ തമ്മിൽ ഭേദിച്ചിരിക്കുന്ന നാലു മൃഗങ്ങൾ സമുദ്രത്തിൽനിന്നു കരേറിവന്നു" (ദാനീയേൽ 7:2,3). രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ പുതിയ രാഷ്ട്രങ്ങളുടെ ഉത്ഭവത്തിന് വഴിതുറന്നത് ഇവിടെ നാം കാണുന്നു.

വെളിപ്പാട് 7-ാം അദ്ധ്യായം വെളിപ്പാട് 6:17 ന്റെ ഉത്തരമാകയാൽ താൽക്കാലികമായി കാറ്റുകളെ പിടിച്ചു നിർത്തിയിരിക്കുന്നതിന്റെ അർത്ഥം വെളിപ്പാട് 6 ൽ ഓരോ മുദ്രയുടെയും കാലഘട്ടത്തിൽ സംഭവിച്ച ഭീകരതകളെക്കാളും അതിഭയാനകമായതു ഇനി സംഭവിക്കുമ്പോൾ ഒരുങ്ങി നിൽക്കുന്നതിനു സന്നദ്ധരായ ദൈവമക്കളെ വാർത്തെടുക്കുന്നതിനുള്ള ദൈവീക പദ്ധതിയെ സാത്താൻ ഒരു പ്രകാരത്തിലും തടസ്സപ്പെടുത്താതിരിക്കേണ്ടതിനത്രേ. വൻപോരാട്ടത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഈ നാശകരമായ കാറ്റുകളുടെ അർത്ഥം സകലവും തകർത്തു നശിപ്പിക്കുന്നതിനുള്ള സാത്താന്റെ പരിശ്രമങ്ങളാണ്. ഇവിടെ നാലു ദൂതന്മാരെക്കുറിച്ചു പറഞ്ഞിരിക്കുന്നു എങ്കിലും അനേക മടങ്ങു ദൂതന്മാർ ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. അലറുന്ന സിംഹംപോലെയുള്ള സാത്താന്യ പ്രവർത്തനങ്ങൾക്കു ദൈവം ഇപ്പോൾ പരിധി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ മുദ്രയിടൽ തീർന്നുകഴിയുമ്പോൾ ദൂതന്മാർ ഈ പ്രവർത്തനത്തിൽനിന്നു മാറ്റപ്പെടും. അനുസരണക്കേടിന്റെ മക്കളിൽക്കൂടെ സാത്താൻ ഇപ്പോൾ ഭൂമിയെ ഭീകരാന്തരീക്ഷത്തിൽ ആമഗ്നമാക്കും. മനുഷ്യന്റെ അധമവികാരങ്ങളായ കാറ്റുകളെക്കൊണ്ടു ഭൂമി സംഘർഷനിർഭരമാകും. പുരാതന യെരൂശലേം നഗരത്തിനു സംഭവിച്ചതിനെക്കാൾ രൂക്ഷമായ സംഹാരം ഭൂതലമെങ്ങും നടക്കുന്നതായി കാണപ്പെടും. അതോടൊപ്പം പ്രകൃതിദുരന്തങ്ങളും അനിയന്ത്രിതമാകും.

“ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിനു” എന്നു വെളി. 7:1-ാം വാക്യം പറയുന്നതിന്റെ അർത്ഥം ഭൂതലമെങ്ങും വിവിധ തരത്തിലുള്ള നാശങ്ങൾ വിതപ്പാൻ സാത്താൻ ഒരുങ്ങിയിരിക്കുന്നു എന്നാണ്. ദൈവം തന്റെ ദൂതന്മാരെ നിയോഗിച്ച് അവയെ നിയന്ത്രിച്ചിരിക്കുന്നതുകൊണ്ടുമാത്രം ഇന്ന് അല്പമായ സമാധാനം ലോകത്തിനുണ്ട്. ഇത് ഒരു പ്രത്യേകമായ ദൈവപദ്ധതി നിറവേറ്റപ്പെടുന്നതിനു മാത്രമാണ്. എന്താണ് ആ ദൈവ പദ്ധതി?

“മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കു നിന്നു കയറുന്നതു കണ്ടു.” കിഴക്ക് എന്നതിനെ അക്ഷരികമായി “സൂര്യോദയത്തിൽനിന്ന്” എന്നാണു പറഞ്ഞിരിക്കുന്നത്. പഴയ കാല ങ്ങളിൽ കിഴക്കിന് വളരെ പ്രാധാന്യമുണ്ടായിരുന്നു. ദിക്കുകൾ കണ ക്കാക്കിയിരുന്നത് രാവിലെ സൂര്യനെ നോക്കി നിൽക്കുന്ന മനുഷ്യനെ സങ്കൽപ്പിച്ചുകൊണ്ടാണ്. ക്രിസ്തുവും ദൂതന്മാരും കിഴക്കുനിന്നു വരുന്നതായി വെളിപ്പാട് 16:12 ൽ കാണുന്നു. “വൻപോരാട്ടം” എന്ന പുസ്തകത്തിലും മനുഷ്യപുത്രന്റെ അടയാളം കിഴക്കു പ്രത്യക്ഷപ്പെടു മെന്നു പറഞ്ഞിരിക്കുന്നു. ഇവിടെ ദിക്കിന്റെ പ്രാധാന്യമല്ല, ഉദയസൂര്യ രശ്മികൾ എല്ലായിടത്തും പ്രകാശം പരത്തുന്നതുപോലെ ദൈവമുദ്ര എല്ലായിടത്തും ദൃശ്യമാകും എന്നതാണ് വിഷയം. ദൈവത്തിന്റെ മുദ്ര എന്താണെന്ന് മുഴുലോകവും ഗ്രഹിക്കുകയും താൽപര്യമുള്ളവർ മുദ്ര ഏല്ക്കുകയും വേണം.

ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ പാടില്ലാത്തത് എപ്പോൾ വരെയാണ്? “നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റി യിൽ ഞങ്ങൾ മുദ്രയിട്ടുകഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷ ങ്ങൾക്കും കേടുവരുത്തരുത്.” ദൈവത്തിന്റെ മുദ്രയെ സംബന്ധിക്കു ന്നതും അത്യന്തം ഗൗരവമേറിയതുമായ ഈ ദൂത് “ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാനുള്ള നിത്യസുവിശേഷം” ആണ്.

എന്താണ് ദൈവത്തിന്റെ മുദ്ര? “നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട്...പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു” (എഫെസ്യർ 1:13,14). “ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പി

ക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടി രിക്കുന്നത്" (എഫെസ്യർ 4:30). ദൈവം ഉദ്ദേശിക്കുന്ന ഒരു പദ്ധതിയെ പ്പറ്റിയോ ഒരു ഉപദേശ സത്യത്തെക്കുറിച്ചോ ചിലപ്പോൾ മുദ്ര എന്നു തിരുവെഴുത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ ദൈവത്തിന്റെ അംഗീകാരവും ഉടമസ്ഥതയും സ്ഥാപിക്കുന്നതിനെയും മുദ്രയെന്നു വിവക്ഷിച്ചിട്ടുണ്ട്.

ഭൗമികമായി രാഷ്ട്രത്തിന്റെ നിയമങ്ങൾ സ്ഥാപിക്കപ്പെടുന്നതിനും നിയമപരമായ രേഖകൾക്ക് ഉറപ്പുവരുത്തുന്നതിനും മുദ്ര ഉപയോഗി ക്കുന്നു. ഒരു ഭരണകൂടത്തിന്റെ മുദ്രയിൽ നിയമം നടപ്പാക്കുന്നവരുടെ പേര്, മേലെഴുത്ത്, അധികാരപരിധി എന്നിവയെല്ലാം അടങ്ങിയിരി ക്കുന്നു.



ദൈവത്തിന്റെ മുദ്ര

ഇവിടെ വെളിപ്പാട് 7-ാം അദ്ധ്യായത്തിൽ പറയുന്ന "ജീവ നുള്ള ദൈവത്തിന്റെ മുദ്ര എന്താണ്? ദൈവം തന്റെ വിരൽ കൊണ്ട് എഴുതിക്കൊടുത്ത പത്തു കല്പനയാകുന്ന രാജ കീയ നിയമത്തിന്റെ മുദ്രയായി നാലാം കല്പന തിളങ്ങി ശോഭി ക്കുന്നു. "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക, ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നു കാലികളും നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥ മായിരുന്നു. അതുകൊണ്ടു യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു" (പുറപ്പാട് 20:8-11). ഇതിൽ ദൈവത്തിന്റെ പേരുണ്ട് - നിന്റെ ദൈവമായ യഹോവ. ദൈവത്തിന്റെ സ്ഥാനം അല്ലെ ങ്കിൽ പദവി അല്ലെങ്കിൽ മേലെഴുത്ത് അതിൽ കാണാം - സൃഷ്ടി

കർത്താവ് – ആകാശവും ഭൂമിയും അതിലുള്ളതൊക്കെയും സൃഷ്ടിച്ചവൻ. ദൈവത്തിന്റെ അധികാരം എവിടെ എല്ലാം ഉണ്ടെന്നു അതിൽ പറയുന്നു – ആകാശവും ഭൂമിയും.

ദൈവത്തിന്റെ നിയമമായ പത്തുകല്പനയുടെ അധികാരത്തെ സ്ഥാപിക്കുന്നത് നാലാം കല്പനയാണെന്ന് വ്യക്തമായി കാണാം. സൃഷ്ടികർത്താവിന്റെയും ദൈവിക ഭരണകൂടത്തിന്റെയും അധികാരം അതിൽ കാണുന്നു. ദൈവത്തിന്റെ അധികാരത്തെ അംഗീകരിക്കുവാൻ ഇഷ്ടപ്പെടാത്ത പിശാച് നാലാം കല്പനയെ നിശ്ശേഷം വെറുക്കുന്നു. "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്നു ദൈവം പറയുമ്പോൾ അതിനെ മറക്ക എന്നു സാത്താൻ പഠിപ്പിക്കുന്നു.

സൃഷ്ടിപ്പിന്റെയും വീണ്ടെടുപ്പിന്റെയും ശക്തിയുടെ അടയാളം അല്ലെങ്കിൽ മുദ്ര ആയി ദൈവം തന്നെയാണ് ശബ്ബത്തിനെ സ്ഥാപിച്ചത്. "ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്ന് അവർ അറിയേണ്ടതിന് എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും അവർക്കു കൊടുത്തു." അത് ലോക ആരംഭത്തിൽതന്നെ സ്ഥാപിക്കപ്പെട്ടതാണ്. "ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാംദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പത്തി 2:1–3). "ശുദ്ധീകരിച്ചു" എന്നതിന്റെ അർത്ഥം വിശുദ്ധകാര്യത്തിനായി മാറ്റിവച്ചു എന്നാണ്. ബൈബിൾ മറ്റു പുസ്തകങ്ങളിൽനിന്ന് വ്യത്യസ്തമായിരിക്കുന്നതുപോലെയും നമ്മുടെ ദേശീയ പതാക മറ്റു തുണിക്കഷണങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നതു പോലെയും മറ്റേതൊരു ദിവസത്തിൽനിന്നു ശബ്ബത്തും വ്യത്യസ്തമായിത്തന്നെയിരിക്കുന്നു. ആ ഇരുപത്തിനാലു മണിക്കൂർ സമയത്തെ സൃഷ്ടിപ്പിൻ വേളയിൽ ദൈവം തന്നെയാണ് വിശുദ്ധീകരിച്ചിരിക്കുന്നത്. അതിനു കൊടുത്തിരിക്കുന്ന ശുദ്ധീകരണവും അനുഗ്രഹവും പുതിയ ഭൂമിയിലും തുടരുന്നു (യെശയ്യാവ് 66:22,23).

ദൈവം ശബ്ബത്തിനെ സ്ഥാപിച്ചിരിക്കുന്നത് സമയത്തിലാണ്. ദൈവവുമായി ഊഷ്മളമായ ഒരു സ്നേഹബന്ധം നിലനിർത്തുന്നതിന്

സമയമാണ് ആവശ്യം. ഞാനും ദൈവവും ഉറ്റ മിത്രങ്ങളായിത്തീരുന്നതിന് ദൈവം തന്റെ വിലപ്പെട്ട സമയത്തിൽനിന്ന് ആഴ്ചതോറും ഇരുപത്തിനാലു മണിക്കൂർ എനിക്കുവേണ്ടി മാറ്റിവയ്ക്കുന്നു. വിവാഹിതരായ ദമ്പതികൾ ഒരുമിച്ചിരിക്കുവാൻ സമയം എടുക്കുന്നില്ലെങ്കിൽ ആ വിവാഹജീവിതം വിജയിക്കില്ല. അപ്രകാരം ദൈവത്തോടുള്ള സ്നേഹബന്ധം നിലനിർത്തി വിജയിക്കണമെന്നുണ്ടെങ്കിൽ ഞാൻ ദൈവത്തോടൊത്ത് കഴിയുന്നതിനും ദൈവംതന്നെ മാറ്റിവച്ചിരിക്കുന്ന വിശുദ്ധ ശബ്ബത്തായ തന്റെ സമയം ഉപയോഗിക്കേണ്ടതുണ്ട്.

എന്റെ രാഷ്ട്രത്തലവൻ എന്നോടൊത്ത് ഒരു ദിവസം ചെലവിടാൻ എന്നെ ക്ഷണിക്കുകയാണെങ്കിൽ ഞാൻ എത്ര ബഹുമാന്യനായിരിക്കും! അതിനു തടസ്സമായി ഒന്നും സംഭവിക്കാതെ ഞാൻ സൂക്ഷ്മതയോടെ കാര്യങ്ങൾ ക്രമീകരിക്കും. എന്നാൽ സർവ്വലോകങ്ങളുടെയും സൃഷ്ടികർത്താവായ രാജാധിരാജാവ് തന്റെ അതിപ്രാധാന്യമേറിയ സമയപ്പട്ടികയിൽ ആഴ്ചതോറും ഒരു ദിവസം എന്നോടൊത്ത് കഴിയുന്നതിന് ക്രമീകരണം വരുത്തിയിരിക്കുന്നു. എനിക്കെങ്ങനെ ഇതു മറക്കാനാകും?

യെഹൂദന്മാർക്കുവേണ്ടി മാത്രമാണ് ദൈവം ശബ്ബത്തിനെ നൽകിയിരിക്കുന്നതെന്ന് ചിലർ പറയും. എന്നാൽ യേശു പറയുന്നത് എല്ലാ മനുഷ്യർക്കുംവേണ്ടിയാണ് ഇതിനെ കൊടുത്തിരിക്കുന്നത് എന്നാണ്. “മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത്. അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു” (മർക്കൊസ് 2:27,28; മത്തായി 12:8; ലൂക്കൊസ് 6:5). ശബ്ബത്ത് അനുസരിക്കുന്നതിൽ നമുക്കു മാതൃക ക്രിസ്തുവാണ്. പത്തു കല്പനയിൽനിന്ന് ഒരു വള്ളിയോ പുള്ളിയോ ഒരു നാളും ഒഴിഞ്ഞുപോകയില്ല എന്നു യേശു പ്രഖ്യാപിച്ചിരിക്കുന്നു (ലൂക്കൊസ് 16:17; മത്തായി 5:17–19). യേശു ശബ്ബത്തിൽ പതിവുപോലെ പള്ളിയിൽ പോകുമായിരുന്നു (ലൂക്കൊസ് 4:16). അപ്പൊസ്തലന്മാരുടെയും പതിവ് അതുതന്നെയായിരുന്നു.

ശബ്ബത്ത് കല്പന നൂറ്റാണ്ടുകളായി ജനം അനുസരിച്ചിരുന്നു എങ്കിൽ ഭൂമിയിൽ ഒരിക്കലും ഒരു പരിണാമ വാദിയോ, വിഗ്രഹ ആരാധിയോ, നിരീശ്വരവാദിയോ, അവിശ്വാസിയോ ഉണ്ടാകുമായിരുന്നില്ല. ദൈവത്തിന്റെ മുദ്ര ആയ ശബ്ബത്തിനെക്കുറിച്ചുള്ള അറിവ് അന്ത്യ

കാലത്ത് ദൂതൻതന്നെ ലോകത്തിനു നൽകുന്നതായി നാം കാണുന്നു. നെറ്റിയിൽ മുദ്രയിടുക എന്നതിന്റെ അർത്ഥം ബുദ്ധികൊണ്ട് ഗ്രഹിക്കുക എന്നതാണ്.

പക്ഷെ, ദൈവത്തിന്റെ വിശുദ്ധ ദിവസത്തെ വെറും ബാഹ്യമായി ആചരിച്ചതുകൊണ്ടു മാത്രം മുദ്ര ഏല്ക്കപ്പെടുന്നില്ല. ലോകത്തിൽ നടക്കുന്ന മ്ലേച്ഛതകൾ നിമിത്തം നെടുവീർപ്പിട്ട് കരയുകയും സ്വർഗ്ഗത്തിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നവരാണ് മുദ്ര ഏല്ക്കപ്പെടുന്നവർ (യെഹെസ്കേൽ 9:4). വരുവാനുള്ള മഹത്ത്വരാജ്യത്തിലേക്കു പ്രവേശന യോഗ്യത നേടുന്നവരുടെ സ്വഭാവ രൂപീകരണമാണ് പ്രധാനം. യേശുവിന്റെ വീണ്ടുംവരവിനു തൊട്ടുമുമ്പുള്ള അതിഭയാനകമായ പീഡനവേളയിൽ ഉറച്ചുനില്ക്കുന്ന ദൈവമക്കൾ മനസ്സിലെയും ആത്മാവിലെയും സകല കന്മഷവും നീങ്ങി ശുദ്ധീകരണം പ്രാപിച്ചവരും സൃഷ്ടിയുടെ അടയാളമായ വിശുദ്ധ ശബ്ബത്തിനെ കാക്കുന്നവരും ആയിരിക്കും. അവിശ്വസ്തരായ ശബ്ബത്ത് അനുസാരികൾ ഈ സമയം ദൈവജനത്തിന്റെ കൂട്ടം വിട്ട് സാത്താന്റെ പക്ഷത്ത് ചേർന്നുകൊണ്ട് സൃഷ്ടികർത്താവും വീണ്ടെടുപ്പുകാരനുമായ കർത്താവിനെതിരെ പോരാടുന്നതാണ്. അവർ അപ്പോൾ ദുഷ്ട ജനതയുടെ കൂടെ ചേർന്നു നില്ക്കും. ദൈവത്തിന്റെ വിശുദ്ധ ശബ്ബത്തിനെ ഉയർത്തിപ്പിടിക്കുന്ന നിഷ്കളങ്കരും സത്യസന്ധരുമായവർ മാത്രം നിലകൊള്ളും. ഇതുവരെയും വിവിധ സഭകളിലും മതങ്ങളിലുമായി നിന്നിരുന്ന വിശുദ്ധരും ഹൃദയ പരമാർത്ഥികളും ക്രിസ്തുവിനെ രക്ഷകനായി അംഗീകരിച്ച് തന്റെ കല്പനകൾ പാലിച്ചിരുന്ന ദൈവമക്കൾ ഈ സമയം തങ്ങളുടെ മാതൃസമൂഹങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ശബ്ബത്ത് അനുസാരികളോടു ചേർന്നു സാത്താനെതിരെ നിലകൊള്ളുവാൻ കടന്നുവരും. ഇവർ കർത്താവിന്റെ പ്രത്യക്ഷതയെ എതിരേല്പാൻ ഒരുക്കമുള്ള കൂട്ടമായ “മുദ്രയേറ്റവർ” ആണ്.

## നൂറ്റിനാല്പത്തിനാലായിരം

“യിസ്രായേൽ മക്കളുടെ സകല ഗോത്രങ്ങളിലുംനിന്ന് മുദ്രയേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ” (വെളിപ്പാട് 7:4). ഇവിടെ അടുത്ത വാകൃങ്ങളിൽ പറയുന്ന പന്ത്രണ്ടു ഗോത്രങ്ങൾ പഴയ പന്ത്രണ്ടു ഗോത്രങ്ങളിൽനിന്ന് വ്യത്യസ്തമാണ് (സംഖ്യ 1:5–15; ആവ. 27:12,13; ഉല്പത്തി 35:22–26; 49:3–28; 1 ദിന. 2:1,2). പഴയക്രമം സാധാരണ

രൂബേനിൽ ആരംഭിക്കുന്നു. ഇവിടെ യഹൂദയിൽ തുടങ്ങുന്നു. യേശു യഹൂദാഗോത്രത്തിൽ നിന്നായതുകൊണ്ടായിരിക്കാം അത് (വെളി. 5:5). ലേവ്യരെ പലപ്പോഴും പന്ത്രണ്ടു ഗോത്രങ്ങളിൽ കൂട്ടാതെ അവരെ എല്ലാ ഗോത്രങ്ങളിലും ചിതറിപ്പാർക്കുവാൻ അനുവദിച്ചിരുന്നു. ലേവിക്ക് ദേശം അവകാശമായി കൊടുത്തതുമില്ല (യോശുവ 13:14). ഇവിടെ വെളിപ്പാടിൽ ലേവ്യാഗോത്രത്തെ കൂട്ടിയിട്ടുണ്ട്. പക്ഷെ ദാൻ ഗോത്രത്തെ കാണുന്നില്ല. യോസേഫിന്റെ രണ്ടു മക്കൾക്കും (എഫ്രയിം, മനശ്ശെ) അവകാശം കൊടുത്തതുകൊണ്ട് യോസേഫിന് രണ്ടവകാശമാണ് കിട്ടി യിരുന്നത്. എന്നാൽ ഇവിടെ എഫ്രയീമിന്റെ സ്ഥാനത്ത് യോസേഫ് ഗോത്രം (വെളി. 7:8) എന്നും കാണുന്നു. വിഗ്രഹാരാധനയിൽ മുന്നിട്ടു നിന്നതുകൊണ്ടായിരിക്കാം ഇവിടെ ദാൻ ഗോത്രത്തെ ഒഴിവാക്കിയിരി ക്കുന്നത്. എന്തൊക്കെ ആയാലും വെളിപ്പാടിലെ ഈ ഗോത്രക്രമം പഴയ ഏതൊരു ക്രമത്തിൽനിന്നും വ്യത്യസ്തമാണ്.

ഇവിടെ പറയുന്ന യിസ്രായേൽ ആത്മിക യിസ്രായേൽ ആണ്. അത് ക്രിസ്തുവിന്റെ സഭയെ സൂചിപ്പിക്കുന്നു. “പുറമെ യഹൂദനായവൻ യഹൂദനല്ല... അകമെ യഹൂദനായവനത്രെ യഹൂദൻ” (റോമർ 2:28,29). ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു” (ഗലാത്യർ 3:29). “ഈ പ്രമാണം അനുസരിച്ചു നടക്കുന്ന ഏവർക്കും ദൈവത്തിന്റെ യിസ്രാ യേലിനും...” (ഗലാത്യർ 6:16). “നാമല്ലോ പരിച്ഛേദനക്കാർ; ദൈവ ത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നെ” (ഫിലി. 3:3). ഇപ്രകാരം മുദ്രയിടപ്പെട്ടവർ ആത്മിക യിസ്രായേലും ക്രിസ്തുവിന്റെ സഭയിൽപെട്ടവരുമാണ്. ആത്മിക യിസ്രായേലിനെയും പന്ത്രണ്ടായി വിഭജിച്ചിരിക്കുന്നത് നാം ഇവിടെ കാണുന്നു. “അതിനു പൊക്കമുള്ള വൻമതിലും പന്ത്രണ്ടു ഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്; യിസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെയും പേർ കൊത്തിട്ടുമുണ്ട്” എന്നു പുതിയ യെരൂശലേമിനെക്കുറിച്ച് വെളിപ്പാട് 21:12 ൽ കാണുന്നു. അതായത് ആത്മിക യിസ്രായേൽ പന്ത്രണ്ട് ഗോത്രങ്ങളിൽപ്പെട്ടിരിക്കുന്നതായി പ്രതീകാത്മക രൂപത്തിൽ ബൈബിൾ പ്രസ്താവിക്കുന്നു. ദൈവ രാജ്യത്തിൽ കടക്കുന്നവരുടെ പേരുകൾ അവിടെ കൊത്തിയിരി ക്കുന്നതായി പറയുന്നു.

മുദ്രയേറ്റവരുടെ ഈ സംഖ്യയെ സംബന്ധിച്ച് രണ്ട് അഭിപ്രായ ങ്ങളുണ്ട്. അതിൽ ഒന്ന് ഈ സംഖ്യ അക്ഷരീകമാണ് എന്നുള്ളതാണ്. മത്തായി 14:21 ൽ അയ്യായിരം പേരെ പോഷിപ്പിച്ചു എന്നു പറയു ന്നിടത്ത് സ്ത്രീകളെയും കുട്ടികളെയും കൂട്ടിയിട്ടില്ല. അപ്രകാരം "...നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരടയാളം ഇടുക എന്നു കല്പിച്ചു" (യെഹെ. 9:4). ആയതുപോലെ ഈ സംഖ്യ പുരുഷന്മാരുടേതു മാത്രമാണെന്നു ഈ അഭിപ്രായക്കാർ വിശ്വസിക്കുന്നു.

രണ്ടാമത്തെ അഭിപ്രായം ഇത് ഒരു പ്രതീക ഭാഷയിൽ ഉള്ളതു മാത്രമാണെന്നാണ്. അക്ഷരീക സംഖ്യയല്ല. മറ്റു അടയാള പ്രവചന ങ്ങളും അക്ഷരീകമായി വിവരിക്കാതിരിക്കുന്നതുപോലെ തന്നെയാണ് ഇതും. പന്ത്രണ്ട് എന്നത് ഒരു പ്രധാന സംഖ്യയായി ബൈബിളിൽ കാണാം. പന്ത്രണ്ടു ശിഷ്യന്മാർ, പന്ത്രണ്ടു ഗോത്രങ്ങൾ, പന്ത്രണ്ടു വിധം ഫലം കായിക്കുന്ന ജീവവൃക്ഷം (വെളി. 22:2), പന്ത്രണ്ടു നക്ഷത്രം കൊണ്ടുള്ള കിരീടം (വെളി. 12:1), പന്ത്രണ്ടു ഗോപുരങ്ങൾ (വെളി. 21:12), പന്ത്രണ്ട് അടിസ്ഥാനങ്ങൾ (വെളി. 21:14), പന്ത്രണ്ടു മുത്ത് (വെളി. 21:21) പന്ത്രണ്ടായിരം വീണ്ടും പന്ത്രണ്ടു മടങ്ങായി പറഞ്ഞിരി ക്കുന്നതിന്റെ അർത്ഥം മുദ്രയേറ്റവരുടെ കൃത്യമായ സംഖ്യ അതാണ് എന്ന് പറയുവാനല്ല. പിന്നെയോ ആത്മീക യിസ്രായേലിൽനിന്ന് വീണ്ടെടുക്കപ്പെട്ടവരെ പ്രത്യേകമായി വിഭജിച്ചിരിക്കുന്നത് രേഖപ്പെടു ത്തുവാനാണ്. അവർ ഭൂവാസികളായ സകല ഗോത്ര-ഭാഷ-വർഗ്ഗ ങ്ങളിൽ നിന്നുള്ളവരാണ്.

ക്രിസ്തുവിന്റെ രണ്ടാം വരവിൽ "ആർക്കു നില്ക്കാൻ കഴിയും" എന്നുള്ള ചോദ്യത്തിന് നില്ക്കാൻ കഴിയുന്നവരെ വിവരിക്കുന്നതാണ് ഈ ഭാഗം. ഇതിന്റെ അർത്ഥം നില്ക്കാൻ കഴിയുന്ന ദൈവമക്കൾ വ്യത്യസ്ത തട്ടുകളിൽ ഉൾപ്പെട്ടവരാണ് എന്നതൊന്നുമല്ല. ഇവർ മുഴുവനായി ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ മാത്രം. ഇവിടെ മറ്റൊരു പ്രത്യേകത കൂടെ നാം ശ്രദ്ധിക്കേണ്ടതുണ്ട്. "മുദ്ര യേറ്റവരുടെ എണ്ണവും ഞാൻ കേട്ടു;... നൂറ്റിനാല്പത്തിനാലായിരം പേർ" (വെളി. 7:4). ഇത് യോഹന്നാൻ കേട്ടതാണ്. എന്നാൽ കണ്ടത് എന്താ ണെന്നു നോക്കുക: "സകല ജാതികളിലും ഗോത്രങ്ങളിലും വംശ ങ്ങളിലും ഭാഷകളിലും നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നില്ക്കുന്നതു ഞാൻ

കണ്ടു" (വെളി. 7:9). ഇപ്രകാരം വെളിപ്പാടിൽ യോഹന്നാൻ കേൾക്കുന്നതും കാണുന്നതും വ്യത്യസ്തങ്ങളായി നമുക്ക് വേറെയും ഭാഗങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി ഒന്നാം അദ്ധ്യായത്തിൽ "കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു" എന്നും ആ നാദം എന്തെന്നു കാണ്മാൻ തിരിഞ്ഞപ്പോൾ "മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു" എന്നു നാം വായിക്കുന്നു. അതുപോലെ അഞ്ചാം അദ്ധ്യായത്തിൽ "യഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരും ആയവൻ" എന്നു മൂപ്പന്മാരിൽ ഒരുവൻ പരിചയപ്പെടുത്തിയ വ്യക്തിയെ നോക്കിയപ്പോൾ കണ്ടത് "ഒരു കുഞ്ഞാടു അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു ആയിരുന്നു." സിംഹത്തിനുപകരം കുഞ്ഞാടിനെ കണ്ടു. ഇതു രണ്ടും യേശുവിനെക്കുറിച്ച് പറയുന്ന വ്യത്യസ്ത അടയാളങ്ങൾ തന്നെയാണ്. അതുപോലെ 17-ാം അദ്ധ്യായത്തിൽ "പെരുവെള്ളത്തിനുമീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം" എന്നു ദൂതൻ പറഞ്ഞപ്പോൾ "കടുംചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു" എന്നു നാം വായിക്കുന്നു. ഇതും ഒരേ കാര്യത്തെപ്പറ്റി പറയുന്ന രണ്ടു വ്യത്യസ്ത അടയാളങ്ങളാണ്. 21-ാം അദ്ധ്യായത്തിലും നാം ഇങ്ങനെ കാണുന്നു: "വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചു തരാം" എന്നു ദൂതൻ പറയുകയും കണ്ടത് "യെരൂശലേം എന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽനിന്ന്" ഇറങ്ങിവരുന്നതുമാണ്. കുഞ്ഞാടിന്റെ കാന്തയും വിശുദ്ധ നഗരവും വ്യത്യസ്ത അടയാളങ്ങളാണെങ്കിലും അവ പ്രതിനിധീകരിക്കുന്നത് ഒരേ കാര്യം തന്നെയാണ്. അപ്രകാരം നൂറ്റിനാല്പത്തിനാലായിരം എന്ന മഹാപുരുഷാരം അന്ത്യകാലത്തുള്ള ദൈവത്തിന്റെ വിശ്വസ്ത ജനത്തെ സൂചിപ്പിക്കുന്നു. കുഞ്ഞാടിന്റെ രക്തവും അവന്റെ സാക്ഷ്യവചനവുമായി അവർ ലോകത്തെ ജയിച്ചു.

നൂറ്റിനാല്പത്തിനാലായിരത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്? വെളി. 6:17 ൽ കാണുന്ന ഭീകര കാലഘട്ടത്തിൽ അവർ ഉറച്ചു നില്ക്കും. അവർക്ക് ജീവനുള്ള ദൈവത്തിന്റെ മുദ്രയുണ്ട് (വെളി. 7:2). ആഗോളവ്യാപകമായ നാശത്തിൽനിന്ന് അവർ രക്ഷിക്കപ്പെടും (യെഹെ. 9:6). സ്വർഗ്ഗം അവരെ അംഗീകരിച്ചിരിക്കുന്നു. അവർ കുഞ്ഞാടിനോടൊപ്പം ഉണ്ട് (വെളി. 14:1). ഭോഷ്ക്കു അവരുടെ വായിൽ ഉണ്ടായിരുന്നില്ല. അവർ കളങ്കരഹിതരാണ് (വെളി. 14:5). മറ്റാർക്കും

അറിഞ്ഞുകൂടാത്ത പാട്ട് അവർ പാടുന്നു (വെളി. 14:3). അവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമാണ്.

"മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു: വെള്ളനിലയങ്കി ധരിച്ചിരിക്കുന്ന ഇവർ ആർ? എവിടെനിന്നു വന്നു എന്നു ചോദിച്ചു. യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞതിനു അവൻ എന്നോടു പറഞ്ഞത്: ഇവർ മഹാകഷ്ടത്തിൽനിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. അതുകൊണ്ട് അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്ന് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്ക് കൂടാരം ആയിരിക്കും. ഇനി അവർക്ക് വിശക്കയില്ല ദാഹിക്കയുമില്ല; വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല. സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും ദൈവം താൻ അവരുടെ കണ്ണുനീർ എല്ലാം തുടച്ചുകളകയും ചെയ്യും" (വെളി. 7:13-17). നാം ഈ കൂട്ടത്തിൽ കാണപ്പെടേണ്ടതല്ലേ? ഒരുങ്ങുക!

# ഏഴു കാഹളങ്ങൾ
## (വെളിപ്പാട് 8, 9 അദ്ധ്യായങ്ങൾ)

**എ**ട്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ പറയുന്ന "അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി" എന്നതിന്റെ അർത്ഥം കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടുവല്ലോ. തുടർന്നു രണ്ടാം വാക്യം ഇപ്രകാരം പറയുന്നു: "അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നില്ക്കുന്നത് ഞാൻ കണ്ടു; അവർക്ക് ഏഴു കാഹളം ലഭിച്ചു." എന്നാൽ അവർ കാഹളങ്ങൾ ഊതുന്നതിനുമുമ്പ് മറ്റൊരു കാര്യം അടുത്ത വാക്യങ്ങളിൽ നാം വായിക്കുന്നു:

"മറ്റൊരു ദൂതൻ ഒരു സ്വർണ്ണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികെ നിന്നു. സിംഹാസനത്തിൻമുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനു വളരെ ധൂപവർഗ്ഗം അവനു കൊടുത്തു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്കു കയറി. ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറച്ചു ഭൂമിയിലേക്കു എറിഞ്ഞു; ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി" (വെളിപ്പാട് 8:3-5).

സ്വർഗ്ഗീയമായതിന്റെ നിഴലായി ഭൂമിയിലുണ്ടായിരുന്ന കൂടാരശുശ്രൂഷയിൽ ജനങ്ങളാണ് വഴിപാടായി ധൂപവർഗ്ഗം കൂടാരത്തിൽ കൊണ്ടുവന്നിരുന്നത്. യാഗവസ്തുക്കൾ കൊണ്ടുവരുന്നതുപോലെ ധൂപവർഗ്ഗവും കൊണ്ടുവന്നിരുന്നു. ഹോമയാഗപീഠം പ്രതിഷ്ഠിച്ചപ്പോൾ യിസ്രായേൽ പ്രഭുക്കന്മാരിൽ പന്ത്രണ്ടുപേരും അവരവരുടെതായ വഴിപാടുകൾ കൊണ്ടുവന്നിരുന്നു. മൃഗങ്ങളോടും ധാന്യമാവിനോടുംകൂടെ

സ്വർണ്ണപാത്രങ്ങളിൽ ധൂപവർഗ്ഗവും അവർ കൊണ്ടുവന്നു (സംഖ്യാ. 7:86; യിരെ. 41:5; പുറപ്പാട് 35:28; 36:2–4; 31:6,11). സുവിശേഷഘോഷണം വിജയിക്കുന്നതിനനുസരിച്ച് ജാതികൾ ധൂപവർഗ്ഗം കൊണ്ടുവരുന്ന തിനെപ്പറ്റി യെശ. 60:6 ഉം ഇപ്രകാരം തന്നെ പറയുന്നു (അറേബ്യ സുഗന്ധദ്രവ്യങ്ങളുടെ നാടാണ് യിരെ. 6:20). യേശുവിന്റെ ജനന സമയത്തു വിദ്വാന്മാർ സുഗന്ധവർഗ്ഗം കൊണ്ടുവന്നത് മത്തായി 2:11 ൽ കാണാം. ഹോമയാഗപീഠത്തിലെ കനൽകൊണ്ടാണ് ധൂപവർഗ്ഗം പുകച്ചിരുന്നത് (ലേവ്യ 16:12). അന്യാഗ്നി പാടില്ല (പുറ. 30:9; ലേവ്യ 10:1,2). പ്രാർത്ഥനാവേളയിൽ അത് പുകച്ചിരുന്നു (പുറ. 30:7; ലൂക്കൊസ് 1:9,10). ധൂപവർഗ്ഗം യിസ്രായേൽ മക്കൾ ദൈവാലയത്തിൽ കൊണ്ടു വരികയും പ്രാർത്ഥനാവേളയിൽ നിത്യവും പുരോഹിതൻ അതു പുകയ്ക്കുകയും ദൈവമക്കളുടെ പ്രാർത്ഥനയോടുകൂടെ ധൂപമേഘം ഉയരുകയും ചെയ്തിരുന്നു (GC p. 420,421).

“യിസ്രായേലിന്റെ പ്രാർത്ഥനയോടൊത്ത് ഉയർന്നുപൊങ്ങിയിരുന്ന സുഗന്ധധൂപവർഗ്ഗപ്പുക ക്രിസ്തുവിന്റെ ശ്രേഷ്ഠതയെയും പരിശുദ്ധി യെയും മദ്ധ്യസ്ഥതയെയും പ്രതിനിധീകരിക്കുന്നു. ദൈവജനങ്ങൾക്ക് അതു വിശ്വാസത്താൽ മാത്രം ലഭ്യമാകുന്നു. പാപികളായ മനുഷ്യ രുടെ ആരാധന ദൈവസന്നിധിയിൽ സ്വീകാര്യമാക്കുന്നത് അതുമാത്ര മാണ് (GC p. 353).

എന്നാൽ ഈ കാലത്തു മനുഷ്യർ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ അവർ ധൂപവർഗ്ഗം യാഗപീഠത്തിൽ കൊണ്ടുവരി കയാണ്. “ക്രിസ്തുവിന്റെ യോഗ്യത ദൈവസന്നിധിയിൽ നാം അംഗീ കരിക്കുമ്പോൾ നമ്മുടെ മദ്ധ്യസ്ഥതക്കു സൗരഭ്യം നൽകപ്പെടുന്നു”, 8T. 178. യേശുവിന്റെ നാമത്തിൽ സമർപ്പിക്കപ്പെടുമ്പോൾ ഓരോ അപേക്ഷയും പിതാവിനു സ്വീകാര്യം മാത്രമല്ല, സംതൃപ്തവുമാണ്. യേശുവിന്റെ പേരു ഒഴിവാക്കുന്നത് ധൂപവർഗ്ഗമില്ലാത്ത പ്രാർത്ഥന യാണ്. മറ്റാരുടെയെങ്കിലും പേരിലോ യോഗ്യതയിലോ പ്രാർത്ഥിക്കു ന്നതു ദൈവത്തിന്റെ യാഗപീഠത്തിൽ പുകയ്ക്കുവാൻ പറ്റാത്ത അന്യധൂപവർഗ്ഗങ്ങൾ കൊണ്ടുവരുന്നതിനു തുല്യമാണ്. അതിനെ സ്വീകര്യമാക്കുന്ന സുഗന്ധം അതിനുണ്ടാവുകയില്ല. യേശുവിന്റെ നാമ ത്തിൽ വരാത്തവരുടെ അപേക്ഷകൾ പിതാവിന്റെ മുമ്പാകെ സമർപ്പി ക്കുന്നതിനോ, അവയ്ക്കുത്തരം കൊടുക്കുന്നതിനോ യേശുവിനു

സാധിക്കുകയില്ല. കാരണം ധൂപവർഗ്ഗം യേശുവിന്റെ പാപപരിഹാര രക്തത്തെ സൂചിപ്പിക്കുന്നതുകൊണ്ടുതന്നെ.

ഇവിടെ ഈ ദർശനത്തിൽ ദൂതനു വളരെയധികം ധൂപവർഗ്ഗം ലഭിക്കുന്നു. അതിന്റെ അർത്ഥം ധാരാളം മനുഷ്യർ യേശുവിന്റെ യോഗ്യതയിൽ മാത്രം അഭയം പ്രാപിച്ചു അവന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു എന്നതാണ്. വിശ്വാസികൾ അനുതാപ ഹൃദയത്തോടുകൂടെ യേശുവിന്റെ നാമത്തിൽ അവന്റെ യോഗ്യതയിൽ മാത്രം അഭയം വെച്ചുകൊണ്ടു പ്രാർത്ഥിക്കുന്നില്ലായെങ്കിൽ തന്റെ നീതിയെന്ന വിലപ്പെട്ട സുഗന്ധം അവരുടെ പ്രാർത്ഥനയോടു ചേർക്കുവാൻ ക്രിസ്തുവാകുന്ന പുരോഹിതനു സാധിക്കുകയില്ല.

ഇവിടെ നാം വീണ്ടും കാണുന്നത് പ്രാർത്ഥനയോടുകൂടെ ധൂപവർഗ്ഗം ചേർക്കുന്ന പ്രക്രിയ അവസാനിക്കുന്നതും പുകയ്ക്കുന്നതിനുപയോഗിച്ചിരുന്ന തീക്കനൽ ഭൂമിയിലേക്കു എറിഞ്ഞുകളയുന്നതും ഇടിമുഴക്കവും മിന്നലും ഭൂകമ്പവും ഉണ്ടാകുന്നതുമാണ്. എന്താണ് ഇതിനു കാരണം?

ഇതിനെപ്പറ്റി സാധാരണയായി പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: കൃപാകാലം അവസാനിച്ചു കഴിയുമ്പോൾ സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിന്റെ അതിവിശുദ്ധ സ്ഥലത്തു മദ്ധ്യസ്ഥന്റെ ആവശ്യമില്ല. മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ പുരോഹിത ശുശ്രൂഷ അവസാനിക്കുന്നു. അപ്പോൾ തീക്കനലെല്ലാം വാരി ഭൂമിയിലേക്കു എറിഞ്ഞുകളയുന്നു. ദൈവകോപത്തിന്റെ തീക്കനൽ അനുസരണംകെട്ടവരുടെ മേൽ വരുന്നു.

മറ്റൊരു വിശദീകരണം ഇപ്രകാരമാണ്: വിശുദ്ധമന്ദിരത്തിന്റെ ആദ്യഭാഗത്തു സിംഹാസനത്തിനുമുമ്പാകെ കാണപ്പെടുന്ന സ്വർണ്ണധൂപപീഠത്തിൽ നിത്യവും ധൂപവർഗ്ഗം ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മുതൽ അർപ്പിച്ചുകൊണ്ടിരുന്നു. അതായത് ദൈവമക്കൾ ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചിരുന്നു. എന്നാൽ കൃപാകാലം അവസാനിക്കുന്നതിനുമുമ്പ് ക്രിസ്തുവാകുന്ന മഹാപുരോഹിതന് വിശുദ്ധ മന്ദിരത്തിലെ രണ്ടാം ഭാഗത്തുള്ള ശുശ്രൂഷയും പൂർത്തിയാക്കേണ്ടതുണ്ട്. തന്റെ ശുശ്രൂഷയുടെ അന്ത്യഘട്ടത്തിൽ യേശു എത്തിച്ചേർന്നിട്ടില്ല. അങ്ങനെയാണെങ്കിൽ ധൂപവർഗ്ഗം അർപ്പിക്കാത്തതിന്റെ ഏക കാരണം ധൂപവർഗ്ഗം അവിടെ ആരും കൊണ്ടുവരുന്നില്ല എന്നുള്ളതാണ്.

അതായത് യേശുവിന്റെ യോഗ്യതയിൽ ആശ്രയിച്ച് അവന്റെ നാമത്തിലുള്ള പ്രാർത്ഥന ഭൂമിയിൽ നിലച്ചുപോയി എന്നുള്ളതാണ്. സഭ മറ്റു മദ്ധ്യസ്ഥന്മാരിലേക്കു തിരിയുകയും ദൈവത്തിന്റെ യാഗപീഠത്തിന്മേൽ ധൂപവർഗ്ഗം കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നു. തൽഫലമായി യാഗപീഠത്തിലെ ശുദ്ധീകരണ ശക്തിയുള്ള തീക്കനൽ ന്യായവിധിയുടെ തീക്കനലായി മാറുന്നു. കാഹളങ്ങൾ ഊതുമ്പോൾ ഒന്നിനുമീതെ ഒന്നായി ഭൂമിമേൽ നാശം വരുന്നു. ജാതികളുടെ ആചാരപ്രകാരം മനുഷ്യർക്കു വിശുദ്ധി കല്പിച്ചുകൊണ്ട് സഭ അവരുടെ നാമത്തിൽ പ്രാർത്ഥിച്ചുതുടങ്ങി. അപ്രകാരമുള്ളവരുടെ കല്ലറകളിലോ അവരുടെ നാമത്തിലുള്ള ക്ഷേത്രങ്ങളിലൊ വെച്ച് രോഗസൗഖ്യങ്ങളും അത്ഭുതങ്ങളും നടന്നു എന്നുള്ള ജാതീയ ആചാരങ്ങൾ കടന്നുവന്നപ്പോൾ അവരുടെ ആചാരങ്ങളുംകൂടെ സഭയിലേക്കു കടത്തിക്കൊണ്ടുവന്നു. കൂട്ടത്തോടെയുള്ള മതംമാറ്റത്തിന്റെ അനന്തരഫലം ഇതൊക്കെയായിരുന്നു. പഴയനിയമകാലത്തും ആദിമ ക്രിസ്തീയ നൂറ്റാണ്ടുകളിലും രക്തസാക്ഷികളായിത്തീർന്നവർക്കെല്ലാം വിശുദ്ധ പദവി കല്പിക്കപ്പെടുകയും അവരോടു പ്രാർത്ഥിക്കുകയും ചെയ്തു തുടങ്ങി. പലരുടെയും കല്ലറകൾ അറിയാമായിരുന്നിടത്തെല്ലാം ജനം തീർത്ഥാടനം നടത്തിത്തുടങ്ങി. പല രക്തസാക്ഷികളും അവർക്ക് ദർശനം നൽകുന്നതായി കഥകൾ പ്രചരിപ്പിച്ചു. ഇങ്ങനെ ഇയ്യോബ്, ഹബക്കൂക്ക്, മീഖ, ശമൂവേൽ, സെഖര്യാവ്, യോസേഫ് തുടങ്ങിയവരുടെയെല്ലാം കല്ലറകൾ കണ്ടെത്തി എന്നു പറഞ്ഞ് തീർത്ഥാടനങ്ങളും പൂജകളും ആരംഭിച്ചു. എല്ലാറ്റിലുമുപരിയായി സ്തേഫാനോസിന്റെ കല്ലറ കണ്ടെത്തി എന്നു പറയപ്പെടുന്ന 415-ാമാണ്ട് അതു തുറന്നപ്പോൾ ക്രിസ്തീയ ലോകത്തിലെങ്ങും പറഞ്ഞറിയിക്കാൻ പറ്റാത്തവിധം വികാരങ്ങൾ അലതല്ലി. മാത്രമല്ല ദൂതന്മാരെപ്പോലും ക്രിസ്തീയ സഭ ആരാധിച്ചു തുടങ്ങുകയാണുണ്ടായത്.

ഇതാണു തീക്കനൽ ഭൂമിയിലേക്കു എറിഞ്ഞുകളവാൻ കാരണം എന്നു വിശദീകരിക്കപ്പെടുന്നു. സഭ ക്രിസ്തുവിനെ ഒഴിവാക്കിക്കൊണ്ടു മറ്റു മദ്ധ്യസ്ഥന്മാരിലേക്കു തിരിഞ്ഞു. അങ്ങനെ അവർ തങ്ങളുടെ പ്രാർത്ഥനയെന്ന ധൂപവർഗ്ഗം യാഗപീഠത്തിന്മേൽ കൊണ്ടുവരാതെ ഒഴിഞ്ഞുമാറി.

ഇയ്യോബിന്റെ പുസ്തകത്തിൽനിന്ന് നാം പഠിക്കുന്ന പ്രകാരം യുദ്ധങ്ങളുടെയും മറ്റു ദുരന്തങ്ങളുടെയും കാരണക്കാരൻ സാത്താനാണ്.

ദൈവം അവനു സ്വാതന്ത്ര്യം അനുവദിക്കുന്നിടത്തോളം മാത്രം അവൻ പ്രവർത്തിക്കുന്നു. ദൈവം തന്റെ സ്വന്ത ജനത്തിനു ചുറ്റും ഒരു വേലി കെട്ടിയിട്ടുണ്ട്. അവർ ആ വേലിക്കുള്ളിൽ നില്ക്കുന്നിടത്തോളം യാതൊരു ദുഷ്ടതയും അവരോടു അടുക്കുകയില്ല. എന്നാൽ സഭ ക്രിസ്തുവിന്റെ രക്തത്തിൽകൂടെയുള്ള സംരക്ഷണവലയത്തിൽനിന്ന് പുറത്തുചാടിപ്പോകയും അവളുടെ ആശ്രയവും പ്രത്യാശയും മരിച്ചു പോയ മനുഷ്യരായ വിശുദ്ധന്മാരിൽ അർപ്പിക്കുകയും ക്രിസ്തുവിന്റെ നീതി എന്ന മതിൽക്കെട്ടു കടന്നു പുറത്തുപോവുകയും ചെയ്തപ്പോൾ ശത്രുവിന്റെ ആക്രമണങ്ങൾക്കു അവൾ തന്നെത്താൻ ഏല്പിക്കപ്പെട്ടു. സകല മനുഷ്യരുടെയും സകല ജീവജാലങ്ങളുടെയും സംരക്ഷകൻ ക്രിസ്തുവാകുന്ന സൃഷ്ടികർത്താവു തന്നെയാണ്. ജീവനും സമൃദ്ധിക്കുമായി അവിശ്വാസികളും ജാതികളുമായ മനുഷ്യർപോലും യേശുവിനോടു കടപ്പെട്ടിരിക്കുന്നു. സാത്താൻ അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് അലഞ്ഞുനടക്കുകയാണ്. അവനെ തടയുവാൻ യേശുവിനു മാത്രമെ കഴിയുകയുള്ളൂ. അവന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരെ സാത്താനിൽനിന്നു അവൻ സംരക്ഷിക്കുന്നു. യേശുവിനെ ഉപേക്ഷിച്ചിട്ട് മറ്റു മദ്ധ്യസ്ഥന്മാരെ യേശുവിനോടു തുല്യരാക്കുന്നത് സാത്താനെ അവന്റെ ഹീനപ്രവൃത്തികൾക്കായി ക്ഷണിച്ചുവരുത്തുകയാണ്. പക്ഷെ ഇവിടെയും സാത്താന്റെ പ്രവൃത്തികൾക്ക് ദൈവം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കാരണം ദൈവസ്നേഹം സകല ബുദ്ധിയെയും ജ്ഞാനത്തെയും കവിയുന്നതാണ്.

"അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നില്ക്കുന്നതു ഞാൻ കണ്ടു; അവർക്ക് ഏഴു കാഹളം ലഭിച്ചു." "ഏഴു കാഹളമുള്ള ദൂതന്മാർ ഏഴുപേരും കാഹളം ഊതുവാൻ ഒരുങ്ങി നിന്നു" (വെളി. 8:2,6).

എന്തെങ്കിലും അപകടം അടുത്തുവരുമ്പോൾ അതിനെക്കുറിച്ച് ജനത്തെ ബോധവാന്മാരാക്കേണ്ടതിന് കാഹളം ഊതുന്നത് പുരാതന യിസ്രായേലിൽ നടപ്പായിരുന്നു. സുപ്രധാന കാര്യങ്ങളെക്കുറിച്ച് ജനത്തിന് അറിയിപ്പുകൊടുക്കേണ്ടതിനും കാഹളം ഊതുമായിരുന്നു. കാഹളനാദം കേൾക്കുമ്പോൾ ജനം അതനുസരിച്ച് ഒരുങ്ങുകയും പതിവായിരുന്നു. ഇവിടെ വെളിപ്പാടു പുസ്തകത്തിൽ പറയപ്പെടുന്ന കാഹളങ്ങളുടെ പ്രവചനം ക്രിസ്തീയ ലോകത്തിലും ക്രിസ്തീയ കാലഘട്ടത്തിലും സംഭവിക്കേണ്ടുന്ന രാഷ്ട്രീയ സംഭവഗതികളെ സൂചിപ്പിക്കുന്നു. ഏഴു സഭകൾക്കുള്ള ദൂത് ക്രിസ്തീയ യുഗങ്ങളിലെ

സഭകളുടെ ചരിത്രം വിവരിക്കുന്നതും ഏഴു മുദ്രകൾ മതപരമായ ചരിത്രം വിവരിക്കുന്നതും ഏഴു കാഹളങ്ങൾ രാഷ്ട്രീയ ചരിത്രം വിവരിക്കുന്നതുമാണ്. ഓരോ കാഹളവും ഊതുന്നത് റോമാസാമ്രാജ്യത്തിന്റെ ഓരോ ഭാഗത്തിന്മേലും ആക്രമണം അഴിച്ചുവിടുന്നതിന്റെ അടയാളമാണ്. ദൈവത്തിന്റെ സംരക്ഷണം പിൻവലിക്കപ്പെട്ടു എന്നു നശീകരണ ശക്തികളെ അഴിച്ചുവിട്ടു എന്നും അത് അറിയിപ്പു കൊടുക്കുന്നു. ക്രിസ്ത്യാനികളെന്ന് അഭിമാനിച്ചിരുന്നവരുടെ പാപം നിമിത്തം അവരുടെ മേലുള്ള സംരക്ഷണം പിൻവലിക്കപ്പെട്ടപ്പോൾ ആ സാമ്രാജ്യം മറ്റുള്ളവർക്ക് ഏല്പിക്കപ്പെട്ടുപോയി. ഗോത്ത് വർഗ്ഗക്കാർ, വാന്റലുകൾ, ഹെറുലി വർഗ്ഗക്കാർ, ഹൂണന്മാർ എന്നിവരുടെയെല്ലാം ഭീകരാക്രമണം റോമാസാമ്രാജ്യത്തെ ശിഥിലമാക്കിയത് ചരിത്രവസ്തുതയാണ്.

**ഒന്നാം കാഹളം**

"ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ട് ഭൂമിയിൽ മൂന്നിലൊന്ന് വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്ന് വെന്തുപോയി; എല്ലാ പച്ചപ്പുല്ലും വെന്തുപോയി" (വെളിപ്പാട് 8:7).

അലറിക്ക് എന്ന കിരാതനായ നേതാവിന്റെ കീഴിൽ ഗോത്തു വർഗ്ഗക്കാർ റോമാസാമ്രാജ്യത്തിനു നേരെ നടത്തിയ ഭീകരാക്രമണമാണ് "രക്തം കലർന്ന കൽമഴയും തീയും ഭൂമിമേൽ ചൊരിയപ്പെട്ടു" എന്നു പറയുന്നത്. അതിക്രൂരമായ സംഹാരതാണ്ഡവം നടത്തികൊണ്ട് അവർ ഒരു ഭീകര കൽമഴപോലെ പാഞ്ഞുവന്നു. ഗ്രീസ്, ഏഷ്യാമൈനർ, ഇറ്റലി, സ്പെയിൻ, ഫ്രാൻസിന്റെ തെക്കുഭാഗം എന്നിവിടങ്ങളിൽ എല്ലാം ഇരച്ചുകയറിയ ഈ ഗോത്തുവർഗ്ഗക്കാർ കുടുംബങ്ങളെ ചിതറിക്കയും മനുഷ്യരെ മൃഗങ്ങൾ കണക്കെ വേട്ടയാടുകയും ചെയ്തു. എ.ഡി. 410 ൽ റോമാനഗരത്തെ തോല്പിച്ചു ആറു ദിവസം അവർ കൈവശം വെച്ചു അതിക്രമം നടത്തി. അക്കാലത്തു ഭരണ സൗകര്യാർത്ഥം റോമാസാമ്രാജ്യത്തിനു മൂന്നു തലസ്ഥാനങ്ങൾ ഉണ്ടായിരുന്നു. ഒന്ന് റോമാനഗരവും മറ്റേത് കോൺസ്റ്റാന്റിനോപ്പിളും (പുതിയ റോം) മറ്റൊന്ന് വടക്കെ ആഫ്രിക്കയിലെ കാർത്തേജ് നഗരവുമായിരുന്നു. മൂന്നിനെയും റോം എന്നുതന്നെ വിളിച്ചിരുന്നു. ഇവിടെ മൂന്നിലൊന്നു വെന്തുപോയി എന്നു പറയുന്നത് റോമാനഗരം പിടിക്കപ്പെട്ടു എന്നുള്ളതാണ്. അവസാനം ഈ വർഗ്ഗം സ്പെയിനിൽ

ആധിപത്യം ഉറപ്പിച്ചു. രക്തവും തീയും എന്നുള്ളത് യുദ്ധത്തിൽ ഉണ്ടാകുന്ന രക്തച്ചൊരിച്ചിലും അഗ്നിപ്രളയവും തന്നെയാണെന്നുള്ളതാണ്.

വൃക്ഷങ്ങളിൽ മൂന്നിൽ ഒന്നും എല്ലാ പച്ചപ്പുല്ലും വെന്തുപോയി എന്നു പറയുന്നത് യുദ്ധത്തിൽ സർവ്വ കൃഷിയും നശിപ്പിക്കപ്പെട്ടു എന്നാണ്. പുരാതന യുദ്ധങ്ങളെല്ലാം വ്യാപക കൃഷിനാശവും ശത്രുക്കളുടെമേൽ വരുത്തിയിരുന്നു. (വൃക്ഷങ്ങളും പച്ചപ്പുല്ലും എന്നത് സത്യവിശ്വാസികളെ സൂചിപ്പിക്കുന്നു എന്നു പറയുന്നവരും ഉണ്ട്. നശീകരണത്തിന്റെ പൂർണ്ണതയിൽ സത്യവിശ്വാസികൾക്കും അതീവ കഷ്ടതകൾ നേരിടേണ്ടിവന്നു.)

കാഹളനാദം കേൾപ്പിക്കേണ്ടതായ ചുറ്റുപാടിലേക്കു റോമാസാമ്രാജ്യത്തിലെ സ്ഥിതിഗതികൾ സാവധാനം വളർന്നുവരികയായിരുന്നു. പാപ്പാത്വ അധികാരത്തിന്റെ സ്വാധീന വലയത്തിൽപ്പെട്ട് ക്രിസ്തീയ സഭ അധഃപതിച്ചുപോയി. പുണ്യവാളന്മാരെയും രക്തസാക്ഷികളെയും ഡയാന ദേവിക്കും ഹെർക്കുലീസ് ദേവനുമുള്ള അൾത്താരകളിൽ പ്രതിഷ്ഠിച്ചാലെന്നവണ്ണം പൊതു ആരാധന അക്കാലത്ത് തരംതാണു എന്ന് സുപ്രസിദ്ധ ചരിത്രകാരനായ എഡ്വേർഡ് ഗിബ്ബൺ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരുണത്തിൽ ഗോത്തുവർഗ്ഗക്കാരുടെ ആക്രമണം റോമാസാമ്രാജ്യത്തിന്റെ മൂന്നിലൊരു ഭാഗത്തെ നശിപ്പിക്കത്തക്കവണ്ണമുള്ളതായിരുന്നു.

**രണ്ടാം കാഹളം**

“രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെ ഒന്ന് സമുദ്രത്തിലേക്ക് എറിഞ്ഞിട്ട് കടലിൽ മൂന്നിലൊന്ന് രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്ന് ചത്തുപോയി; കപ്പലുകളിലും മൂന്നിലൊന്നു ഛേദം വന്നു” (വെളി. 8:8,9).

ഇവിടെ ഭീകരമായോരു കടൽയുദ്ധമാണു നടക്കുന്നത്. കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു എന്നത് യുദ്ധത്തിൽ ചൊരിയപ്പെട്ട രക്തത്തെ കുറിക്കുന്നു. പർവ്വതം എന്നത് ഒരു ജാതിയെയോ രാഷ്ട്രത്തെയോ സൂചിപ്പിക്കുന്നു. ആഫ്രിക്കയിൽനിന്ന് മെഡിറ്ററേനിയൻ കടൽവഴി റോമിനെ ആക്രമിച്ച വാന്റലുകളുടെ യുദ്ധങ്ങളെ ഇവിടെ വിവരിക്കുന്നു. ഗെൻസെറിക്ക് എന്ന നേതാവിന്റെ കീഴിൽ വാന്റലു

കളുടെ ആക്രമണത്തെ “തീ കത്തുന്ന വൻമല” എന്ന് വർണ്ണിച്ചിരിക്കുന്നു. മെഡിറ്ററേനിയൻ പ്രദേശങ്ങളെല്ലാം നിയന്ത്രിച്ചിരുന്നത് കപ്പലുകളായിരുന്നു. ഈ കടൽകൊള്ളക്കാർ ഒരിക്കൽ ഒരു രാത്രി കൊണ്ട് ആയിരത്തി ഒരുന്നൂറ്റിപ്പത്തു റോമൻ കപ്പലുകളാണ് നശിപ്പിച്ചു കളഞ്ഞത്. കരയിലും അവർ കൊള്ളയും കൊലയും നടത്തി. വാന്റൽ എന്ന പേരിന്റെ അർത്ഥംതന്നെയും അപ്രകാരമാണ്. എ.ഡി. 455 ൽ 14 ദിവസം അവർ റോമാനഗരത്തെ കവർച്ച ചെയ്തു. മഹാറാണിയും അവരുടെ പെൺമക്കളുമടക്കം ആയിരത്തിലധികം പേരെ തടവുകാരായി പിടിച്ചു. “മൂന്നിലൊന്ന്” എന്നത് വലിയൊരു ഭാഗം ജനം കൊല്ലപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു എന്നതാണ്. സ്പെയിൻ, ഇറ്റലി, ഗ്രീസ് എന്നീ രാജ്യങ്ങളുടെ തീരപ്രദേശത്തെങ്ങുമുള്ള റോമൻ കപ്പൽവ്യൂഹങ്ങളെ അവർ ആക്രമിച്ചു നശിപ്പിച്ചുകളഞ്ഞു.

“അധർമത്തിന്റെ മർമം” (2 തെസ്സ. 2:7) എന്ന് വിശുദ്ധ പൗലൊസ് പറഞ്ഞിരിക്കുന്ന പാപ്പാത്വ ഉപദേശത്തിൽ അടിമപ്പെട്ട് സത്യദൈവ ആരാധന അക്കാലത്ത് വികലമായിപ്പോയിരുന്നു. വാന്റലുകൾ നടത്തിയ ആക്രമണം ഇപ്രകാരമുള്ള സത്യദൈവ നിഷേധികൾ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളിൽ ആയിരുന്നു എന്നത് ഒരു പ്രധാന വസ്തുതയാണ്. വാന്റലുകളുടെ തലവൻ ഗൻസെറിക് റോമാനഗരത്തിൽ നടത്തിയ കൊള്ളമുതൽകൊണ്ട് അയാളുടെ കപ്പലുകൾ നിറക്കുകയും അക്കൂട്ടത്തിൽ യെരൂശലേം ദൈവാലയത്തിൽനിന്ന് റോമിലേക്കു കടത്തിക്കൊണ്ടുവന്ന ഏഴു തിരിയുള്ള സ്വർണ്ണനിലവിളക്കു സഹിതം ഉൾപ്പെട്ടിരുന്നു എന്നും പറയപ്പെടുന്നു.

**മൂന്നാം കാഹളം**

“മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപംപോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിൽ ഒന്നിന്മേലും നീരുറവുകളിന്മേലും ആയിരുന്നു വീണത്. ആ നക്ഷത്രത്തിന് കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്ന് കാഞ്ഞിരം പോലെ ആയി; വെള്ളം കയ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചു പോയി” (വെളി. 8:10,11).

“ദീപംപോലെ ജ്വലിക്കുന്ന മഹാനക്ഷത്രം” ഹൂണന്മാരുടെ (HUNS) നേതാവായ അറ്റിലയെക്കുറിക്കുന്നു. വോൾഗാ നദി മുതൽ ഡാന്യൂബ് നദി വരെയുള്ള യൂറോപ്പിന്റെ പ്രദേശങ്ങളെ അവന്റെ

സൈന്യങ്ങൾ തകർത്തു കൈവശപ്പെടുത്തി. നിർദ്ദാക്ഷിണ്യം അവർ ജനത്തെ കൊന്നൊടുക്കി. ജീവനോടെ ശേഷിച്ചവരിൽനിന്ന് ഭീമമായ തുകകൾ ജാമ്യമായി കൈവശപ്പെടുത്തി. “ദൈവത്തിന്റെ ചമ്മട്ടി” എന്ന് അറ്റില തന്നെത്താൻ വിശേഷിപ്പിച്ചു. തന്റെ കുതിരക്കുളമ്പുകൾ പതിഞ്ഞ സ്ഥലങ്ങളിൽ ഒരിക്കലും യാതൊന്നു മുളയ്ക്കുകയില്ലെന്നു അറ്റില വീമ്പിളക്കിയിരുന്നു. തങ്ങളുടെ മുഖത്തിനു ഭീകരത കൂട്ടുവാൻ അറ്റിലയുടെ പട്ടാളക്കാർ മുഖത്തു പാടുകൾ വരുത്തിയിരുന്നു. ഒരിക്കൽ അറ്റിലയുടെ പട്ടാളക്കാർ ഇരുന്നൂറു യുവതികളെ കുതിരക്കുളമ്പടി കൊണ്ടു കൊന്നിട്ട് ശവങ്ങൾ കഴുകന്മാർക്കു കൊടുക്കുകയുണ്ടായി. കൊള്ളയുടെയും കൊലയുടെയും പര്യായമായി ഹൂണൻ (HUN) എന്ന വാക്ക് ഉപയോഗിക്കപ്പെടുന്നു.

“കാഞ്ഞിരം” എന്ന വാക്ക് കയ്പ്, കഷ്ടത എന്നൊക്കെ അർത്ഥമാക്കുന്നു (യിരെമ്യാവ് 9:13–15). ക്രൂരവും ഹൃദയശൂന്യവുമായി ഹൂണന്മാർ നടത്തിയ സംഹാരം വലിയൊരു കൂട്ടം ജനത്തിന്റെ നാശത്തിനു വഴിവെച്ചു.

ഹൂണന്മാരുടെ വരവുവരെ റൈൻ നദി, ഡാന്യൂബ് നദി, യൂഫ്രട്ടീസ് നദി എന്നിവയുടെ നിയന്ത്രണം റോമാസാമ്രാജ്യത്തിന്റെ കയ്യിലായിരുന്നു. ഒടുവിൽ ഡാന്യൂബ് നദിപ്രദേശങ്ങൾ ഹൂണന്മാരുടെ കയ്യിൽ വന്നുചേർന്നു. എ. ഡി. 451 ൽ അവർ റൈൻ നദി കടന്ന് ആക്രമണം തുടർന്നു. പക്ഷെ എ. ഡി. 453 ൽ അറ്റിലായുടെ മരണത്തോടുകൂടെ ഹൂണന്മാർ ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായി. എന്നാലും ഹീനവും മൃഗീയവുമായ കൂട്ടക്കൊലക്കും പീഡനങ്ങൾക്കും സർവ്വനാശത്തിനും പര്യായമായി ഹൂണൻ എന്ന പേര് ചരിത്രത്തിൽ ഉപയോഗിക്കപ്പെടുന്നു.

### നാലാം കാഹളം

“നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിനും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനും ബാധ തട്ടി; അവയിൽ മൂന്നിലൊന്ന് ഇരുണ്ടുപോയി. രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെ ആയി” (വെളി. 8:12).

ഒഡേവാക്കർ എന്ന രാജാവിന്റെ നേതൃത്വത്തിൽ ഹെറൂലി എന്ന വർഗ്ഗക്കാർ റോമാസാമ്രാജ്യത്തെ തകർത്തതിനെ ഇതു സൂചിപ്പിക്കുന്നു. റോമൻ ചക്രവർത്തിയായിരുന്ന റോമുലസ്സ് അഗസ്റ്റുലസിനെ സ്ഥാന

ഭ്രഷ്ടനാക്കിക്കൊണ്ട് പടിഞ്ഞാറൻ റോമാസാമ്രാജ്യത്തെ അവർ അവസാനിപ്പിച്ചുകളഞ്ഞു. എ.ഡി. 476-ൽ റോം അവർക്ക് കീഴ്പ്പെട്ടു. തുടർന്നു 14 വർഷം അവർ ഭരിച്ചു.

ഇവിടെ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് റോമാസാമ്രാജ്യത്തിലെ ചക്രവർത്തിമാർ, സെനറ്റർമാർ, കൗൺസിലർ മാർ എന്നിവരടങ്ങുന്ന ഭരണകൂടത്തെയാണ്. ഈ ഭരണകൂടത്തെ ഇളക്കിമറിച്ചുകളഞ്ഞു. അവരുടെ അധികാരം അവസാനിപ്പിച്ചു. എ.ഡി. 476 ൽ ഒഡേവാക്കർ ഇറ്റലിയുടെ ഭരണാധികാരിയായി പ്രഖ്യാ പിക്കപ്പെടുകയും പടിഞ്ഞാറൻ റോമാസാമ്രാജ്യം അപ്രത്യക്ഷമാവു കയും ചെയ്തു. ബാൾക്കൻ പ്രദേശങ്ങളും ആഫ്രിക്കയും ഒഴികെയുള്ള യൂറോപ്പിന്റെ ഭാഗങ്ങളെല്ലാം ആക്രമണകാരികളായ ബർബ്ബരവർഗ്ഗക്കാർ പങ്കിട്ടെടുത്തു. റോമൻ ഭരണകൂടമായിരുന്ന സൂര്യൻ, ചന്ദ്രൻ, നക്ഷത്ര ങ്ങൾ (ചക്രവർത്തിമാർ, സെനറ്റർമാർ, കൗൺസിലർമാർ) എന്നിവ യുടെ പ്രകാശം യൂറോപ്പിന്റെ ഒരു പ്രദേശത്തും തട്ടാതെയാക്കി. ദാനീ യേൽ 2-ാം അദ്ധ്യായത്തിലും 7-ാം അദ്ധ്യായത്തിലും പറഞ്ഞിരിക്കുന്ന പ്രകാരം യൂറോപ്പ് പത്തായി വിഭജിക്കപ്പെട്ടു. ആയിരക്കണക്കായി ദൈവമക്കളെ കൊന്നൊടുക്കിയ റോമാസാമ്രാജ്യം ഈ നാലു കാഹള ങ്ങളോടുകൂടെ നശിപ്പിക്കപ്പെട്ടു പോയി.

മറ്റൊരു പ്രധാന വസ്തുതകൂടെ നാം മനസ്സിൽ സൂക്ഷിക്കേണ്ട തുണ്ട്. ദാനീയേൽ 7-ാം അദ്ധ്യായം 7-ാം വാക്യം അനുസരിച്ച് നാലാ മത്തെ മൃഗം റോമാസാമ്രാജ്യവും ആ മൃഗത്തിനുണ്ടായിരുന്ന പത്തു കൊമ്പുകൾ റോമാസാമ്രാജ്യം പത്തായി ചിതറിക്കപ്പെട്ടതിനെയും സൂചിപ്പിക്കുന്നു. അതേ അദ്ധ്യായം 8-ാം വാക്യം ഇപ്രകാരം പറയുന്നു: “ഞാൻ ആ കൊമ്പുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അവയുടെ ഇടയിൽ മറ്റൊരു ചെറിയ കൊമ്പ് മുളച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്ന് വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനു ഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു.” കണ്ണും വമ്പു പറയുന്ന വായും ഉള്ളതും പിന്നീട് മുളച്ചുവന്നതും ആയ കൊമ്പ് പരിശുദ്ധ റോമാസാമ്രാജ്യം എന്ന് അറിയപ്പെടുന്നു. അതിന്റെ തലവനായ മാർപ്പാപ്പക്ക് മത അധികാരവും രാഷ്ട്രീയ അധികാരവും ഒരുമിച്ചുണ്ടായിരുന്നു. നാം മുമ്പു കണ്ട ബർബ്ബര വർഗ്ഗക്കാരിൽ മൂന്നെണ്ണത്തെ പാപ്പാത്വ റോമ ഇളക്കി നശിപ്പിച്ചുകളഞ്ഞു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവ വാന്റലുകൾ, ഓസ്ട്രഗോത്തു

കൾ, ഹെറൂലി എന്നിവ ആയിരുന്നു. പടിഞ്ഞാറൻ റോമാസാമ്രാജ്യ ത്തിന്റെ ശവക്കല്ലറയിൽനിന്നു പരിശുദ്ധ റോമാസാമ്രാജ്യം മുളച്ചുവന്നു എന്ന് ചരിത്രം സാക്ഷ്യം പറയുന്നു. റോമാസാമ്രാജ്യം നിലനിന്നിരുന്ന കാലത്ത് പോപ്പിനുണ്ടായിരുന്ന അധികാരത്തെക്കാളും വലിയ അധി കാരം ചിതറിപ്പോയ യൂറോപ്പിൽ പോപ്പിനുണ്ടായിരുന്നു. ഈ പാപ്പാത്വ അധികാരം വിശുദ്ധ ബൈബിളിനുമേലായി പാരമ്പര്യത്തെ ഉയർത്തി കൊണ്ട് ആരാധനാദിവസത്തിനുപോലും മാറ്റം വരുത്തിക്കളഞ്ഞു. ഭാവി യിൽ സംഭവിപ്പാനുള്ളതല്ലാം അറിയുന്ന ദൈവം എത്ര കൃത്യമായി മുമ്പേ കൂട്ടിത്തന്നെ ഇതെല്ലാം വെളിപ്പെടുത്തിയെന്നത് നോക്കുക.

അഞ്ചാമത്തെ കാഹളം ഊതുന്നതിനുമുമ്പ് മറ്റൊരു സംഭവം നാം ഇപ്രകാരം വായിക്കുന്നു: “അനന്തരം ഒരു കഴുക്: ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസി കൾക്ക് കഷ്ടം, കഷ്ടം, കഷ്ടം എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കാൺകയും കേൾക്കയും ചെയ്തു” (വെളി. 8:13).

ഇനി ഊതുവാനുള്ള അവസാനത്തെ മൂന്നു കാഹളം ഹേതുവായി ഭൂവാസികൾക്കു കഷ്ടം എന്നു ഇവിടെ കാണുന്നു. നാശത്തിന്റെ ദുശ്ശ കുനമായി കഴുകനെ പലപ്പോഴും വിവരിക്കാറുണ്ട്. “ശവം ഉള്ളേടത്തു കഴുക്കൾ കൂടും” (മത്തായി 24:28). “തിന്നുവാൻ ബദ്ധപ്പെടുന്ന കഴുക നെപ്പോലെ” (ഹബ. 1:8). ഇതുപോലെ ആവർത്തനം 28:49; ഹോശേയ 8:1 എന്നിവിടങ്ങളിലും കഴുകന്റെ ദുഷ്ടത നമുക്കു കാണാവുന്നതാണ്. കഷ്ടം, കഷ്ടം, കഷ്ടം എന്നു മൂന്നു തവണ പറയുന്നതിന്റെ കാരണം മൂന്നു കാഹളവും ഭൂമിയിലെ മനുഷ്യരുടെ മേൽ മൂന്നു ന്യായവിധി ഉദ്ദേശിക്കുന്നത് മാനസാന്തരപ്പെടാത്ത നീതികെട്ട മനുഷ്യരെപ്പറ്റിയാണ്.

## അഞ്ചാം കാഹളം

“അഞ്ചാമത്തെ ദൂതൻ ഊതി; അപ്പോൾ ഒരു നക്ഷത്രം ആകാശത്തു നിന്നു ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു; അവനു അഗാധ കൂപത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധകൂപം തുറന്നു; ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽനിന്നു പുക പൊങ്ങി; കൂപ ത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി. പുകയിൽനിന്നു വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിനു ഭൂമിയിലെ തേളിനുള്ള ശക്തി ലഭിച്ചു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത

മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും പച്ചയായതൊന്നിനും യാതൊരു വൃക്ഷത്തിനും കേടുവരുത്തരുത് എന്നു അതിനു കല്പന ഉണ്ടായി. അവരെ കൊല്ലുവാനല്ല, അഞ്ചു മാസം ദണ്ഡിപ്പിപ്പാനത്രേ അതിനു അധികാരം ലഭിച്ചതു; അവരുടെ വേദന തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ. ആ കാലത്തു മനുഷ്യർ മരണം അന്വേഷിക്കും; കാണുകയില്ലതാനും; മരിപ്പാൻ കൊതിക്കും; മരണം അവരെ വിട്ടു ഓടിപ്പോകും. വെട്ടുക്കിളിയുടെ രൂപം യുദ്ധത്തിനു ചമയിച്ച കുതിരക്കു സമം; തലയിൽ പൊൻകിരീടം ഉള്ളതു പോലെയും മുഖം മാനുഷമുഖംപോലെയും ആയിരുന്നു. സ്ത്രീകളുടെ മുടിപോലെ അതിനു മുടി ഉണ്ട്; പല്ലു സിംഹത്തിന്റെ പല്ലുപോലെ ആയിരുന്നു. ഇരുമ്പു കവചംപോലെ കവചം ഉണ്ട്; ചിറകിന്റെ ഒച്ച പടെക്കു ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ആയിരുന്നു. തേളിനുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ടു; മനുഷ്യരെ അഞ്ചു മാസം ഉപദ്രവിപ്പാൻ അതിനുള്ള ശക്തി വാലിൽ ആയിരുന്നു. അഗാധദൂതൻ അതിന്നു രാജാവായിരുന്നു; അവന് എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ” (വെളി 9:1–11).

അഞ്ചും ആറും ഏഴും കാഹളങ്ങൾ ഓരോന്നും കഷ്ടം, കഷ്ടം, കഷ്ടം എന്ന് നേരത്തെ പ്രഖ്യാപിക്കപ്പെട്ടു. ഇതിനെക്കുറിച്ച് പലരും പല വ്യാഖ്യാനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ പൊതുവെ ദൈവ മക്കൾ വിശ്വസിക്കുന്നത് ഇപ്രകാരമാണ്: ആദ്യമായി ഒരു നക്ഷത്രം ആകാശത്തുനിന്ന് വീണുകിടക്കുന്നതു കാണുന്നു. ദൈവത്തിനെതിരെയുള്ള പ്രവർത്തനത്തിന് സാത്താൻ വീണ്ടും ഒരുക്കങ്ങൾ കൂട്ടുകയാണ്. ഈ നക്ഷത്രം സ്വർഗ്ഗത്തിൽനിന്നു തള്ളപ്പെട്ട സാത്താനെ സൂചിപ്പിക്കുന്നു. അഞ്ചാം കാഹളനാദത്തിന്റെ യോദ്ധാക്കൾ കടന്നു വന്നതായ അറേബ്യയുടെയും സഹാറയുടെയും അതിവിപുലമായ മരുഭൂപ്രദേശത്തെയാണ് ഇവിടെ അഗാധകൂപം എന്നു പറഞ്ഞിരിക്കുന്നത്. അത്ര വിശാലമായ അല്ലെങ്കിൽ അഗാധമായ മരുഭൂമിയാണിത്. അറേബ്യൻ പ്രദേശത്തുനിന്നുള്ള അറബികളായ ഈ ജനസമൂഹത്തെ വെട്ടുക്കിളികളോടു ഇവിടെ സാമ്യപ്പെടുത്തിയിരിക്കുന്നു. ഇവിടെനിന്ന് അവർ സമീപ പൂർവ്വ രാജ്യങ്ങളിലേക്കു വ്യാപിച്ചു.

അറേബ്യയുടെ താക്കോൽ എന്നാൽ അത് ഇസ്ലാം വിശ്വാസത്തെ സൂചിപ്പിക്കുന്നു എന്നു ചിലർ പഠിപ്പിക്കുന്നു. അറബികളെ ഒരു നേതാ

വിന്റെ കീഴിൽ ഏകോപിപ്പിക്കുവാൻ ഇസ്ലാം മതത്തിനു സാധിച്ചു. ഭൂമിയുടെ വലിയൊരു ഭാഗത്തെ മേഘം മൂടുന്നതുപോലെ ആക്രമിച്ചു ജയിച്ചടക്കുവാൻ അവരുടെ നേതാവു അവരെ നയിച്ചു. റോമാ സാമ്രാജ്യത്തിന്റെ ശേഷിച്ച മൂന്നിലൊന്നായ കിഴക്കൻ പ്രദേശങ്ങളെ ജയിച്ചടക്കുകയില്ല, 150 വർഷം പീഡിപ്പിക്കുകയത്രേ അവർ ചെയ്തത്. സാമ്രാജ്യത്തിന്റെ ചക്രവർത്തിക്കു (സൂര്യനും ആകാശവും) ബലക്ഷയം ഉണ്ടായി.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഈ സമയം പാപ്പത്വം ശക്തിപ്രാപിച്ചു വരികയായിരുന്നു. പ്രവൃത്തികൊണ്ടുള്ള നീതീകരണവും രക്ഷാമാർഗ്ഗവും അവർ പഠിപ്പിച്ചുകൊണ്ട് തിരുവെഴുത്തിനെ ജനമദ്ധ്യേനിന്ന് മറച്ചുവച്ചു. അപ്രകാരം കിഴക്കൻ പ്രദേശങ്ങളിൽ ഈ പുതിയ മതമായ ഇസ്ലാം മതം പ്രവൃത്തികൊണ്ടുള്ള രക്ഷയെക്കുറിച്ച് വ്യാജമായി പഠിപ്പിച്ച് രക്ഷകന്റെ ആവശ്യകതയെ നിരാകരിച്ചു. ക്രിസ്തുവിന്റെ സഭയ്ക്കും തിരുവചന ഉപദേശത്തിനും മങ്ങലേൽപ്പിച്ചതിന് "കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി" എന്നുള്ള ഭാഗം വിവരിക്കുന്നതായും നമുക്കു കാണാവുന്നതാണ്.

താക്കോൽ നൽകപ്പെട്ട നക്ഷത്രം അറേബ്യയിലെ പ്രവാചകനായ മുഹമ്മദ് ആണ്. നാടോടികളായിരുന്ന അറബികളെയെല്ലാം യുദ്ധസജ്ജരായി ഒരുമിച്ചണിനിരത്തി ചുരുങ്ങിയ കാലംകൊണ്ട് പേർഷ്യ, സിറിയ, ഈജിപ്റ്റ്, ആഫ്രിക്ക, സ്പെയിൻ എന്നീ രാജ്യങ്ങളെയെല്ലാം കീഴടക്കുവാൻ അവർക്കു സാധിച്ചു. ആഫ്രിക്കയിലെയും ഏഷ്യയിലെയും ക്രിസ്ത്യാനികളിൽ മൂന്നിൽ രണ്ടു ഭാഗം ഇസ്ലാമിലേക്കു മതം മാറ്റപ്പെട്ടു. യേശുവിനെ അവർ തള്ളിക്കളഞ്ഞിട്ട് പ്രവൃത്തിയാലുള്ള നീതീകരണം പഠിപ്പിക്കുന്നു. മതത്തിന്റെ പേരിലുള്ള അവരുടെ തീവ്രതയുടെ ശക്തിയിൽ സുവിശേഷ വെളിച്ചത്തിനു തന്നെയും മങ്ങലേറ്റു. അവരുടെ ആക്രമണങ്ങൾ കൂടുതൽ കിഴക്കൻ റോമിന്റെ പ്രദേശങ്ങളിലായിരുന്നു.

മുഹമ്മദ് നബിയുടെ മരണശേഷം ഈ സമൂഹം സംഘടനാ ബലമില്ലാതെ വർഷങ്ങളോളം നാടോടികളായി കഴിഞ്ഞിരുന്നു. എന്നാൽ 13-ാം നൂറ്റാണ്ടിന്റെ അവസാനം ഒട്ടോമൻ എന്ന വ്യക്തി അവരെ ഒരുമിച്ചു ചേർത്ത് ഒട്ടോമൻ സാമ്രാജ്യം സ്ഥാപിച്ചു. ചരിത്രകാരന്മാർ പറയുന്നതനുസരിച്ച് 1299 ജൂലൈ മാസം 27-ാം തീയതി ഒട്ടോമൻ

നിക്കോമീഡിയ (ഗ്രീസ്) പ്രദേശം ആക്രമിച്ചു കീഴടക്കി. അന്നു മുതൽ ഗ്രീക്കുകാരുമായി 150 വർഷത്തോളം യുദ്ധം നടന്നുകൊണ്ടിരുന്നു. വെട്ടുക്കിളികൾക്ക് രാജാവ് ഇല്ലായെന്ന് സദൃശവാക്യം 30:27 പറയുന്നു. പക്ഷെ ഇവിടെ തിരുവെഴുത്തിൽ വെട്ടുക്കിളികളുടെ രാജാവിനെക്കുറിച്ചു പറയുന്നുണ്ട്. ഒട്ടോമൻ ഒന്നാമൻ (1299–1326) ഈ സാമ്രാജ്യ സ്ഥാപകനും അവരുടെ രാജാവുമായി അറിയപ്പെടുന്നു.

തിരുവെഴുത്തിൽ അഞ്ചുമാസം എന്നു പറയുന്നത് പ്രവചന വ്യാഖ്യാന നിയമമനുസരിച്ച് 150 ദിവസം 150 വർഷമായി കണക്കാക്കപ്പെടുന്നു. ഇവർ ജനത്തെ പീഡിപ്പിച്ചിരുന്ന 150 വർഷം 1449-ൽ അവസാനിക്കുന്നതായി നമുക്ക് മനസ്സിലാക്കാവുന്നതാണ്. വെട്ടുക്കിളികൾ സാധാരണ കൃഷി നശിപ്പിക്കുന്നു. പക്ഷെ ഇവിടെ "നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ" ഭൂമിയിലെ പുല്ലിനും പച്ചയായതൊന്നിനും യാതൊരു വൃക്ഷത്തിനും കേടു വരുത്തുന്നില്ല. അവരുടെ രൂപവും പ്രവൃത്തിയും സംഘടനാരീതിയും വെട്ടുക്കിളികളുടേതല്ല. വെട്ടുക്കിളികളോടുള്ള അവരുടെ ഏക സാമ്യം അവരുടെ ഉത്ഭവപ്രദേശം മാത്രമാണ് (പുറപ്പാട് 10:12–15). അവർക്ക് മനുഷ്യരെപ്പോലെ മുഖമുണ്ട്. നീണ്ട മുടി അവർക്കുണ്ട്. സിംഹങ്ങളുടെ പല്ല് അവരുടെ ധൈര്യത്തെ സൂചിപ്പിക്കുന്നു. കുതിരപ്പുറത്തായിരുന്നു അവരുടെ യുദ്ധങ്ങളെല്ലാം.

തേളിനുള്ള ശക്തി ആ വെട്ടുക്കിളികൾക്ക് ഉണ്ടായിരുന്നു. അവരുടെ പീഡനം അത്രമാത്രം വേദനാജനകമായിരുന്നു. അക്കാലത്തു മനുഷ്യർ മരണം അന്വേഷിക്കുംവിധം അവരെ ദണ്ഡിപ്പിച്ചു (വെളി. 6:16; ഇയ്യോബ് 3:21; യിരെ. 8:3).

തലയിലെ കിരീടം അവർക്കുണ്ടായ വിജയങ്ങളെക്കുറിക്കുന്നു. അറബികൾ ധരിക്കുന്ന ശിരോവസ്ത്രം എന്നും ചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു.

അബദ്ദോൻ എന്ന വാക്കിന്റെ അർത്ഥം നാശം (destruction, ruin) എന്നാണ്. ഇയ്യോബ് 31:12 ൽ നരകം എന്ന അർത്ഥത്തിൽ ഈ വാക്ക് എബ്രായഭാഷയിൽ ഉപയോഗിച്ചിരിക്കുന്നു. ഇയ്യോബ് 26:6; സദൃശ. 15:11 എന്നീ വാക്യങ്ങളിലും ഇതു കാണാവുന്നതാണ്. യെഹൂദാ പാരമ്പര്യത്തിൽ അബദ്ദോൻ ദേഹരൂപം പ്രാപിച്ചവനാണെന്നും പറയപ്പെടുന്നു.

ഗ്രീക്കുഭാഷയിൽ അപ്പൊല്ലുവോൻ എന്ന വാക്കിന്റെ അർത്ഥം നശിപ്പിക്കുന്നവൻ എന്നാണ്.

അവർ മനുഷ്യരെ കൊല്ലുകയല്ല പീഡിപ്പിക്കുകയാണ് ചെയ്തിരുന്നത് എന്ന് ചരിത്രവും സാക്ഷീകരിക്കുന്നു. അറബികളുടെ നയ പ്രകാരം യെഹൂദന്മാരും ക്രിസ്ത്യാനികളും അവർക്കു കപ്പം കൊടുക്കുന്നിടത്തോളം അവരെ കൊല്ലരുതെന്ന് പടയാളികൾക്ക് കല്പന യുണ്ടായിരുന്നു എന്നും പറയപ്പെടുന്നു. മുദ്രയുള്ള മനുഷ്യർ എന്ന് പറയപ്പെട്ടിരിക്കുന്നത് ശബ്ബത്ത് അനുസരിച്ചിരുന്ന ക്രിസ്ത്യാനികൾ ആയിരുന്നെന്ന് പറയുന്നു. അവരെ ഉപദ്രവിച്ചിരുന്നില്ല.

അറബികൾ വിജയിച്ചാൽ കുട്ടികളെയും വൃദ്ധജനങ്ങളെയും സ്ത്രീകളെയും കൊന്നിരുന്നില്ല. കൃഷികളും കന്നുകാലികളും നശിപ്പിക്കപ്പെട്ടിരുന്നില്ല. ഇതൊക്കെയാണെങ്കിലും അബദ്ദോൻ എന്നും അപ്പൊല്ലുവോൻ എന്നും പറയുന്ന പ്രകാരം അറബികൾ ശത്രുക്കളെ നശിപ്പിക്കുകയും അവരുടെ വസ്തുവകകൾ തകർക്കുകയും സംസ്കാരത്തിന്റെ സൂചന കൊടുക്കുന്ന സകലത്തെയും നിർമ്മാർജ്ജനം ചെയ്യുകയും ചെയ്തിരുന്നു.

തിരുവെഴുത്തിൽ അബദ്ദോൻ എന്നും അപ്പൊല്ലുവോൻ എന്നും പറയുന്നതെല്ലാം നശീകരണമൂർത്തിയായ സാത്താൻതന്നെയാണ്. ജ്ഞാനസമ്പൂർണ്ണമായ സാത്താന്റെ മനസ്സ് സൃഷ്ടികർത്താവിനെതിരെ മനുഷ്യവർഗ്ഗത്തെ അണിനിരത്തുന്നതിന് അവരുടെ മനസ്സുകളെ ഇരുട്ടിലാക്കത്തക്കവിധമുള്ള മതങ്ങളെയും ആചാരങ്ങളെയും തത്വസംഹിതകളെയും ഒക്കെ വാർത്തെടുക്കുന്നു. അപ്രകാരമുള്ള വ്യത്യസ്ത മതങ്ങളിൽ അതിതീവ്രമായ ഒരു മതമാണ് അഞ്ചാം കാഹളത്തിൽ നാം കണ്ടത്. ഇത് ആറാം കാഹളത്തിലേക്കും വ്യാപിക്കുന്നു. ക്രിസ്തുവും സാത്താനും തമ്മിലുള്ള വൻപോരാട്ടത്തിന്റെ ഓരോ ഘട്ടങ്ങളായി ഇതെല്ലാം നമുക്കു കാണാവുന്നതാണ്. ലക്ഷോപലക്ഷം ജനം ഇന്ന് സാത്താന്റെ ഈ മഹാവഞ്ചനയിൽ കുടുങ്ങിക്കിടക്കുന്നു. "ഇനി രണ്ടു കഷ്ടം പിന്നാലെ വരുന്നു" (വെളിപ്പാട് 9:12).

**ആറാം കാഹളം**

"ആറാമത്തെ ദൂതൻ ഊതി; അപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽനിന്നു ഒരു ശബ്ദം കാഹളമുള്ള

ആറാം ദൂതനോടു: യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചു വിടുക എന്നു പറയുന്നതു ഞാൻ കേട്ടു. ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ടു, മാസം, ദിവസം, നാഴികെക്കു ഒരുങ്ങിയിരുന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു. കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങു ഇരുപതിനായിരം എന്നു ഞാൻ കേട്ടു. ഞാൻ കുതിരകളെയും കുതിരപ്പുറത്തു ഇരിക്കുന്നവരെയും ദർശനത്തിൽ കണ്ടതു എങ്ങനെ എന്നാൽ: അവർക്കു തീ നിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു; കുതിരകളുടെ തല സിംഹങ്ങളുടെ തലപോലെ ആയിരുന്നു; വായിൽനിന്നു തീയും പുകയും ഗന്ധകവും പുറപ്പെട്ടു. വായിൽനിന്നു പുറപ്പെട്ട തീ, പുക, ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്നു മരിച്ചുപോയി. കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു; വാലോ സർപ്പത്തെപ്പോലെയും തല യുള്ളതും ആയിരുന്നു; ഇവയാലത്രേ കേടുവരുത്തുന്നത്. ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ല്, മരം ഇവ കൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാത വണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കൊലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല" (വെളിപ്പാട് 9:13–21).

അഞ്ചാം കാഹളത്തിൽ അറേബ്യൻ മുസ്ലീം വർഗ്ഗക്കാർ മരുഭൂപ്രദേശത്തുനിന്ന് പുറപ്പെട്ട് കിഴക്കൻ റോമയെ കൊന്നുകളയാതെ ദണ്ഡിപ്പിക്കുന്നതിനെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. ഇവിടെ ആറാം കാഹളത്തിൽ ആക്രമണം ആരംഭിക്കുന്നത് യൂഫ്രാത്തേസ് എന്ന മഹാനദീതീരത്തുനിന്നാണ്.

"അപ്പോൾ ദൈവസന്നിധിയിലെ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽനിന്ന് ഒരു ശബ്ദം കാഹളമുള്ള ആറാം ദൂതനോട്" പറഞ്ഞു എന്ന് പറയുന്നതിന്റെ അർത്ഥം സകല സംഭവ ഗതികളുടെയും നിയന്ത്രണം ഇപ്പോഴും എപ്പോഴും ദൈവകരങ്ങളിൽതന്നെ ആകുന്നു എന്നുള്ളതാണ്. പിതാവായ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പാകെ സ്വർണ്ണപീഠത്തിന്മേൽ ക്രിസ്തു ശുശ്രൂഷ ചെയ്യുന്നു. കാഹളമുള്ള ഏഴു ദൂതന്മാരിൽ ഈ ആറാം കാഹളക്കാരന് ക്രിസ്തു പ്രത്യേക നിർദ്ദേശ

ങ്ങൾ നൽകുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യ ശുശ്രൂഷ ഇപ്പോഴും തുടരുന്നതിനെ ഇതു സാക്ഷിക്കുന്നു. ആയതിനാൽ ചിലർ വ്യാഖ്യാനിക്കുന്നതുപോലെ കാഹളനാദങ്ങൾ അന്ത്യബാധകളോടു തുലനം ചെയ്യാവുന്നതല്ല. ആറാം കാഹളത്തിന്റെ ഈ സമയം സ്വർണ്ണപീഠത്തിനരികെ നിന്നു ക്രിസ്തു സംസാരിച്ചു കേൾക്കുന്നതിന്റെ അർത്ഥം അന്നേരം താൻ അതിവിശുദ്ധ സ്ഥലത്തു ശുശ്രൂഷയിലേക്കു കടന്നിട്ടില്ല എന്നുള്ളതാണ്. അതു എപ്പോഴാണെന്ന് വെളിപ്പാട് 10,11 അദ്ധ്യായങ്ങൾ നമ്മോടു പറയുന്നത് നാം ഉടനെതന്നെ പരിശോധിക്കുന്നതാണ്.

"നദീതീരത്തു ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിടുക" എന്നു പറയുന്നത് ശ്രദ്ധിക്കുക. വെളിപ്പാട് 7-ാം അദ്ധ്യായം 1-ാം വാക്യം അനുസരിച്ച് ഭൂമിയിലെ യുദ്ധങ്ങളുടെയും കുഴപ്പങ്ങളുടെയുമെല്ലാം കാറ്റുകളെ ദൂതന്മാർ നിയന്ത്രിക്കുന്നു. നൂറ്റാണ്ടുകളായി ഇതു നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ വിജയകരമായ യുദ്ധത്തിനായി പുറപ്പെട്ടു പോകുവാൻ ഒട്ടോമൻ സാമ്രാജ്യത്തെ ദൂതൻ ഇപ്പോൾ അഴിച്ചുവിടുന്നു. നാലു ദൂതന്മാർ എന്നു പറയുന്നത് ആ സാമ്രാജ്യത്തിലെ നാലു സുൽത്താനേറ്റുകളാണ്. അവ ആലെപ്പോ, ഐക്കോണിയം, ദമസ്ക്കസ്, ബാഗ്ദാദ് എന്നിവയാണ്. യൂഫ്രാത്തേസ് എന്ന മഹാനദി ആ സാമ്രാജ്യത്തിലെ ജനസഞ്ചയത്തെക്കുറിക്കുന്നു. പടിഞ്ഞാറൻ രാജ്യങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ശക്തികളായും ചിലർ ഈ ദൂതന്മാരെ വിശേഷിപ്പിക്കുന്നു. ഈ നാലു സുൽത്താനേറ്റുകളെയും അഴിച്ചുവിട്ടപ്പോൾതന്നെ പ്രവചന നിറവേറലായി കിഴക്കൻ റോമാ സാമ്രാജ്യത്തെ ആക്രമിക്കുവാൻ അവ പുറപ്പെട്ടു.

എ.ഡി. 1453-ൽ കോൺസ്റ്റാന്റിനോപ്പിളിനെതിരെ ഭീകരാക്രമണം തുടങ്ങി. ആ യുദ്ധത്തിൽ ആദ്യമായി തോക്കുകളും വെടിമരുന്നു ഉപയോഗിച്ചത് ഒരു വലിയ സംഭവമായിത്തീർന്നു. തുർക്കി സുൽത്താനായിരുന്ന മുഹമ്മദ് രണ്ടാമൻ നയിച്ച സൈന്യവ്യൂഹത്തിൽ രണ്ടു ലക്ഷത്തി അൻപത്തെട്ടായിരം യോദ്ധാക്കൾ പങ്കെടുത്തു. കോൺസ്റ്റാന്റിനോപ്പിളിന്റെ തകർച്ച യൂറോപ്പിനെ ആകെ പരിഭ്രമിപ്പിച്ചു. എന്നാൽ ആ സമയത്ത് യൂറോപ്പിലെങ്ങും നടന്നുകൊണ്ടിരുന്ന മതനവീകരണം അന്ധകാരത്തിൽനിന്ന് ക്രിസ്തുവിന്റെ അത്ഭുത പ്രകാശത്തിലേക്ക് ജനത്തെ നയിച്ച് ആശ്വസിപ്പിച്ചു.

തുർക്കി സൈന്യവ്യൂഹത്തിന്റെ കുതിരപ്പട, “വായിൽനിന്നു പുറപ്പെടുന്ന തീ, പുക, ഗന്ധകം” എന്നിവയെപ്പറ്റി തിരുവെഴുത്തു പറയുന്നത് യുദ്ധത്തിൽ തോക്കുകൾ ഉപയോഗിച്ചതിനെ വെളിപ്പെടുത്തുന്നു.

ഒട്ടോമൻ സാമ്രാജ്യം (തുർക്കി) എത്രകാലം നിലനില്ക്കേണ്ടതാണ്? ഇവിടെ ആണ്ട്, മാസം, ദിവസം എന്നു പറയുന്നത് 391 വർഷവും 15 ദിവസങ്ങളും അടങ്ങുന്ന പ്രവചനകാലമാണ്. സാമ്രാജ്യം സ്ഥാപിതമായതു എ. ഡി. 1449 ജൂലൈ 27 ൽ ആണ്. അതിനോടു 391 വർഷവും 15 ദിവസവും കൂട്ടുമ്പോൾ 1840 ആഗസ്റ്റ് 11-ൽ എത്തിച്ചേരും. ഇതനുസരിച്ച് ജോസിയാ ലിച്ച് എന്ന അമേരിക്കൻ സുവിശേഷകൻ 1840 ആഗസ്റ്റ് 11-ൽ ഓട്ടോമൻ സാമ്രാജ്യത്തിന്റെ ശക്തി തകരുമെന്നു 1833-ൽ പ്രവചിച്ചു. ഈജിപ്ത് തുർക്കിയെ ഭീഷണിപ്പെടുത്തുകയായിരുന്നു. അതിനെ തോല്പിക്കുവാൻ എളുപ്പവുമായിരുന്നു. ഗത്യന്തരമില്ലാതെ തുർക്കി യൂറോപ്പ്യൻ രാജ്യങ്ങളോടു സഹായം അഭ്യർത്ഥിക്കുകയും അവർ അതു വാഗ്ദാനം ചെയ്യുകയും ചെയ്തു. അവർ അയച്ച അന്ത്യശാസനം 1840 ആഗസ്റ്റ് 11-ന് ഈജിപ്റ്റിൽ എത്തി. തുർക്കിയുടെ സ്വാതന്ത്ര്യവും പരമാധികാരവും അന്നു അവസാനിച്ചു പോയി. ബ്രിട്ടൺ, ആസ്ട്രിയ, പ്രഷ്യ, റഷ്യ എന്നിവർ ഒരുമിച്ച് തുർക്കിയുമായി സന്ധി ചെയ്തു. അന്നു മുതൽ കിഴക്കിന്റെ രോഗി എന്നു തുർക്കി അറിയപ്പെട്ടു തുടങ്ങി. ലിച്ച് പറഞ്ഞത് കാറ്റിൽ പറത്തിയിരുന്ന അവിശ്വാസികൾ ഈ പ്രവചന നിറവേറൽ കണ്ട് അതിശയിച്ചു. ആയിരത്തിലധികം പേർ ക്രിസ്ത്യാനിത്വം സ്വീകരിക്കുന്നതായി അദ്ദേഹത്തിന് കത്തുകളെഴുതി.

ഓട്ടോമൻ (തുർക്കി) സാമ്രാജ്യം കിഴക്കൻ റോമൻ സാമ്രാജ്യത്തിന് അറുതി വരുത്തി. അവരുടെ മതമായ ഇസ്ലാമിന്റെ അനുയായികൾ ഇന്നു കോടിക്കണക്കാണ്. സുവിശേഷം കടന്നുചെല്ലുവാൻ പ്രയാസമുള്ള ഒരു വിഭാഗമായി അവർ നിലകൊള്ളുന്നു.

മറ്റൊരു വിശദീകരണം ഇപ്രകാരമാണ്: കിഴക്കൻ റോമാസാമ്രാജ്യം (കോൺസ്റ്റാന്റിനോപ്പിൾ തലസ്ഥാനം) എ.ഡി. 1453-ൽ തകർന്നു. അന്നു മുതൽ 391 വർഷം കൂട്ടിനോക്കുമ്പോൾ എ.ഡി. 1844-ൽ വന്നെത്തുന്നു. സകല സമയ പ്രവചനങ്ങളും 1844 വരെ മാത്രമാണ്. അതോടെ പ്രവചനം അവസാനിക്കുന്നു. “അന്നു മുതൽ കാലം ഉണ്ടാകയില്ല” എന്നു ക്രിസ്തു കരം ഉയർത്തി സത്യം ചെയ്യുന്നു. ഇതിന്റെ വിശദീകരണം നാം ഉടനെ പഠിക്കുന്നതാണ്.

കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ നാശം ഇപ്രകാരം സംഭവിക്കുകയും ഇങ്ങനെ ഒരു മതം ലോകമെങ്ങും പടർന്നുപിടിക്കുകയും ചെയ്തിട്ടും മനുഷ്യർ തങ്ങളുടെ വിഡ്ഢിത്വത്തിൽനിന്ന് തല ഉയർത്തുന്നില്ല എന്നതോർത്ത് യോഹന്നാൻ ഇവിടെ വിലപിക്കുന്നത് നാം കാണുന്നു. "ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ ദുർഭൂതങ്ങളെയും കാണ്മാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ല്, മരം ഇവ കൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കൊലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല" (വെളിപ്പാട് 9:20,21).

# തുറന്നോരു ചെറുപുസ്തകം
## (വെളിപ്പാട് 10 – ാം അദ്ധ്യായം)

**ഏ**ഴു കാഹളങ്ങളിൽ ആറെണ്ണത്തിന്റെയും നാദങ്ങളുടെ സംക്ഷിപ്തചരിത്രം നാം കഴിഞ്ഞ അദ്ധ്യായത്തിൽ പഠിച്ചുവല്ലോ.

ഈ ലോകചരിത്രത്തെ സംബന്ധിക്കുന്ന വ്യക്തമായ ഒരു സമയ വിവരപ്പട്ടിക ഏകദേശം 2500 (രണ്ടായിരത്തി അഞ്ഞൂറ്) വർഷങ്ങൾക്ക് മുമ്പ് ദൈവം തന്റെ പ്രിയനായ ദാനീയേൽ പ്രവാചകന് ദർശനത്തിൽ കൂടെ നൽകുകയുണ്ടായി. ഇതിലെ സുപ്രധാന ഭാഗമായ സ്വർഗ്ഗീയ വിശുദ്ധ മന്ദിര ശുശ്രൂഷ അഥവാ സ്വർഗ്ഗീയ കോടതിയിലെ ന്യായ വിധി സംബന്ധിച്ച് ദൈവം ഇന്ന് വീണ്ടും ലോകത്തിന് മുന്നറിയിപ്പു കൊടുക്കുന്നു. ഇത് നമുക്ക് അവിശ്വസനീയമായി തോന്നിയേക്കാം. എന്നാൽ ഇതിനെപ്പറ്റി വെളിപ്പാട് പുസ്തകത്തിൽ അൻപതോളം സ്ഥലങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ യേശുക്രിസ്തു ആവർത്തിച്ചു പറയുന്നുണ്ട്. ഇതിൽ ആരും തെറ്റിപ്പോകരുതെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. അതിന്റെ കാരണം ഈ അത്ഭുത വെളിപ്പാട് ഓരോ വ്യക്തിയുടെയും ജീവന്മരണ പ്രശ്നമാണെന്നതുതന്നെ. നമുക്കു ചിന്തിക്കാവുന്നതിലും പ്രാധാന്യമേറിയതാണിത്. വെളിപ്പാടിലെന്നതുപോലെ ദാനീയേൽ പ്രവചനത്തിലും പറഞ്ഞിരിക്കുന്ന അത്ഭുതവചനങ്ങൾ ഒരുമിച്ച് നമ്മൾ പഠിക്കേണ്ടതാണ്. ദാനീയേലും വെളിപ്പാടും പുസ്തകങ്ങൾ പരസ്പരം നമുക്ക് ഈ ലോകചരിത്രത്തെയും അതിന്റെ അന്ത്യത്തെയും പ്രതിപാദിക്കുന്ന ദൈവത്തിന്റെ അത്ഭുത സമയ വിവരപട്ടിക തുറന്നുതരുന്നു. ഇതു ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ!

വെളിപ്പാട് പുസ്തകം 10–ാം അദ്ധ്യായത്തിലേക്കു നമുക്കു കടന്നുവരാം. 1–ാം വാക്യം മുതൽ നാം ഇപ്രകാരം വായിക്കുന്നു: "ബലവാനായ

മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ല് ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവൻ." മേഘം ഉടുത്തു, തലയിൽ ആകാശവില്ലു ധരിച്ച് മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ആയിട്ടുള്ള ഈ ദൂതൻ ആരാണ്?

"രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു... സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്ത്വവും രാജത്വവും ലഭിച്ചു" (ദാനീ. 7:13,14). ഈ ഭൂമിയിൽ മനുഷ്യപുത്രനായി കടന്നുവന്ന കർത്താവും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിന്റെ സന്നിധിയിലേക്കു കടന്നുപോയത് ഇവിടെ വിവരിക്കുന്നു. താൻ സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ "ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചക്ക് മറഞ്ഞു" (അപ്പൊ. പ്രവൃ. 1:9). ക്രിസ്തുവിന്റെ വീണ്ടുംവരവിനെ സംബന്ധിച്ച്, "ഇതാ അവൻ മേഘാരൂഢനായി വരുന്നു" എന്ന് വെളി. 1:7 പറയുന്നു. "പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു" (വെളി. 14:14). "അവൻ തന്റെ മാളികകളുടെ തുലാങ്ങളെ വെള്ളത്തിന്മേൽ നിരത്തുന്നു; മേഘങ്ങളെ തന്റെ തേരാക്കി കാറ്റിൻ ചിറകിന്മേൽ സഞ്ചരിക്കുന്നു" (സങ്കീ. 104:3). യേശുവിന്റെ വീണ്ടുംവരവിൽ വിശുദ്ധന്മാർ കർത്തൃസന്നിധിയിലേക്കു എടുക്കപ്പെടുന്നതിനെക്കുറിച്ച് നാം ഇപ്രകാരം വായിക്കുന്നു: "പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും" (1 തെസ്സ. 4:17). ദൈവം സിംഹാസനത്തിൽ ഇരിക്കുന്നതിനെ വിവരിക്കുന്ന വെളിപ്പാട് 4:3 നോക്കുക: "ഇരിക്കുന്നവൻ കാഴ്ചക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ; സിംഹാസനത്തിന്റെ ചുറ്റും കാഴ്ചക്കു മരതകത്തോടു സദൃശമായൊരു പച്ചവില്ല്." ദൈവസിംഹാസനത്തെക്കുറിച്ച് യെഹെസ്കേൽ പ്രവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "...സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിനു മീതെ മനുഷ്യസാദൃശത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു... അതിന്റെ ചുറ്റുമുള്ള പ്രകാശം മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു." മഹത്ത്വീകരണം പ്രാപിച്ച യേശുവിനെ യോഹന്നാൻ

കാണുമ്പോൾ "അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു" (വെളി. 1:16). "അവന്റെ കാൽ ഉലയിൽ ചുട്ടിപഴുപ്പിച്ച വെള്ളോട്ടിനു സദൃശം" (വെളി. 1:15) (ഉത്തമഗീതം 5:15; യെഹെ. 1:7 വായിക്കുക). "നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ" എന്നു മലാഖി 3:1 പറയുന്ന ദൈവപുത്രനായ യേശുക്രിസ്തുവെന്ന വീണ്ടെടുപ്പുകാരനെക്കുറിച്ചു തന്നെയാണ് നാം ഇവിടെ ചിന്തിച്ചതും വെളിപ്പാട് 10:1-ൽ നാം കാണുന്നതും. ആ കർത്താവിന്റെ കയ്യിൽ എന്താണ് ഉണ്ടായിരുന്നത്?

"അവന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു" (വെളി. 10:2).

നമ്മൾ സത്യവേദപുസ്തകം (ബൈബിൾ) എന്നു പറയുന്ന തിരുവെഴുത്ത് 66 (അറുപത്തിയാറ്) പുസ്തകങ്ങളടങ്ങിയ ഒന്നാണ്. ബൈബിൾ എന്ന വാക്കിന്റെ അർത്ഥം പുസ്തകങ്ങളുടെ കൂട്ടം എന്നാണ്. എല്ലാ പുസ്തകങ്ങളും ചേർന്നുള്ള തിരുവെഴുത്ത് ദൈവശ്വാസീയമാകുന്നു. അവയെ കൂട്ടിവരുത്തിയത് ദൈവാത്മാവാണ്. യേശുക്രിസ്തുതന്നെയാണ് അവയുടെ എല്ലാം കർത്താവ്. ഈ അറുപത്തിആറ് പുസ്തകങ്ങളിൽ ഒന്ന് ക്രിസ്തുവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം അന്ത്യകാലംവരെ മുദ്രയിട്ടിരിക്കുന്നു. അത് ദാനീയേൽ പ്രവചനപുസ്തകമാണ്. "നീയോ ദാനീയേലേ, അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ച് പുസ്തകത്തിന് മുദ്രയിടുക." "ദാനീയേലേ, പൊയ്ക്കൊൾക; ഈ വചനങ്ങൾ അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടും ഇരിക്കുന്നു" (ദാനീയേൽ 12:4,9). കർത്താവുതന്നെ അടച്ചു മുദ്രയിട്ടിരിക്കുന്ന പുസ്തകം തുറന്നുകൊടുപ്പാൻ കർത്താവിനു മാത്രമെ സാധ്യമാകൂ. അന്ത്യകാലം വന്നപ്പോൾ ക്രിസ്തുതന്നെ അത് തുറന്നു കൊടുക്കുന്നു. ഇവിടെ വെളിപ്പാട് 10:2-ൽ കർത്താവിന്റെ കയ്യിൽ കാണുന്ന തുറന്നോരു ചെറുപുസ്തകം ഈ വസ്തുത നമ്മെ ബോധ്യപ്പെടുത്തുന്നു.

യേശുക്രിസ്തു "വലംകാൽ സമുദ്രത്തിന്മേലും ഇടംകാൽ ഭൂമിമേലും വെച്ചു സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു" (വെളി. 10:2,3). യേശു നൽകുന്ന ദാനീയേൽ പ്രവചനത്തിലെ ഉൽകൃഷ്ട സന്ദേശം ഭൂതലം എങ്ങും, സമുദ്രത്തിലെ വിദൂര ദ്വീപുകളിലും

എല്ലാം ഉള്ളതായി സകല ഭൂസീമാവാസികൾക്കും വേണ്ടിയുള്ളതാണെന്ന് ഇത് വെളിവാക്കുന്നു. മുഴുലോകത്തെയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

"അവൻ സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു." സിംഹത്തിന്റെ ഗർജ്ജനം കേൾക്കുമ്പോൾ അതിന് ഇരയാകേണ്ട മൃഗങ്ങൾ ഇളകി ഓടുന്നത് സാധാരണയാണ്. സിംഹഗർജ്ജനം അടുത്തും അകലെയും ഒരുപോലെ മാറ്റൊലിക്കൊള്ളും. ദൈവവചനത്തിന്റെ ശക്തി അത്രമാത്രം വലുതാണ്.

യേശുക്രിസ്തു അത്യുച്ചത്തിൽ ആർത്തപ്പോൾ "ഏഴു ഇടിനാദം മുഴക്കി. ഏഴു ഇടിനാദം മുഴക്കിയപ്പോൾ ഞാൻ എഴുതുവാൻ ഭാവിച്ചു. എന്നാൽ ഏഴ് ഇടി മുഴക്കിയത് എഴുതാതെ മുദ്ര ഇട്ടേക്ക എന്നു സ്വർഗ്ഗത്തിൽനിന്നും ഒരു ശബ്ദം കേട്ടു" (വെളി. 10:4). ഏഴു ഇടിനാദത്തിന്റെ മർമം എഴുതാതെ മുദ്രയിട്ടേക്ക എന്ന് പറഞ്ഞതിന്റെ അർത്ഥം അത് ആ കാലത്തേക്ക് ഉള്ളതല്ല എന്നും വീണ്ടും ഭാവിയെ സംബന്ധിച്ചുള്ളതാണെന്നും ആണ്. അപ്രകാരംതന്നെ ദാനീയേൽ പ്രവചനങ്ങൾ അന്ത്യകാലത്തേക്ക് ഉള്ളതാകയാൽ അത് മുദ്രയിടുവാൻ അന്ന് ദൈവം കല്പിച്ചു (ദാനീ. 12:4). അതുപോലെതന്നെ യേശു ക്രിസ്തുവിനെ കണ്ടുമുട്ടിയ പൗലൊസ് കേട്ട ചില ശബ്ദങ്ങളുടെ അർത്ഥം എഴുതുവാൻ അവന് സാധിച്ചിരുന്നില്ല (2 കൊരിന്ത്യർ 12:4).

ഏഴു ഇടിനാദത്തിന്റെ മർമം ദൈവമക്കൾ അറിയേണ്ടതായ സമയമാകുമ്പോൾ യേശുതന്നെ അത് അവർക്ക് വെളിപ്പെടുത്തിക്കൊടുക്കും. യേശുവിന്റെ വീണ്ടും വരവ് സമീപിക്കുമ്പോൾ അതിന്റെ നാളും നാഴികയും പിതാവു പ്രഖ്യാപിക്കുന്നത് അന്നുള്ള വിശുദ്ധന്മാർ മനസ്സിലാക്കും. എന്നാൽ ആ ശബ്ദം വെറും ഇടിമുഴക്കമായിരുന്നു എന്ന് ദുഷ്ടന്മാർ പറയും.

"സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലംകൈ ആകാശത്തേക്ക് ഉയർത്തി: ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാൻ ഇരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ മർമം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്ക് അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്ന് ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരി

ക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു" (വെളി. 10:5-7). യേശു പ്രഖ്യാപിക്കുന്നത് അതിപ്രധാന മർമ്മം ആകയാൽ അവൻ വലംകൈ ആകാശത്തേക്കുയർത്തി പിതാവിനെ ചൊല്ലി സത്യം ചെയ്യുന്നു. ഇപ്രകാരം കരങ്ങളുയർത്തി സത്യം ചെയ്യുന്നത് പുരാതന കാലങ്ങളിൽ പതിവായിരുന്നു (ഉല്പത്തി 14:22,23; ആവ. 32:40; യെഹെ. 20:16; ദാനീ. 12:7).

യേശുമുഖാന്തരമാണ് സകലവും സൃഷ്ടിച്ചത്. മനുഷ്യർ ഒരു കാലത്തും സൃഷ്ടികർത്താവിനെ മറന്നുപോകാതിരിക്കേണ്ടതിന് സൃഷ്ടിയുടെ അടയാളമായി അപ്പോൾതന്നെ ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു നൽകി. പിന്നെ അതിനെ പത്തു കല്പനകളിൽ ഒന്നായി ദൈവം വീണ്ടും എഴുതിക്കൊടുത്തു. ഈ അന്ത്യകാലത്തു അതിന്റെ പ്രാധാന്യം ക്രിസ്തു ആവർത്തിച്ചു പ്രഖ്യാപിക്കുന്നതിന് മതിയായ കാരണങ്ങളുണ്ട്.

"ഇനി കാലം ഉണ്ടാകയില്ല" എന്നുള്ള സന്ദേശം വളരെ പ്രധാനപ്പെട്ടതാണ്. ഏഴാം ദൂതന്റെ കാഹളത്തിന്റെ കാലം മുതൽ "കാലം ഉണ്ടാകയില്ല." ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയുടെ സമയപ്പട്ടിക അതിന്റെ പൂർത്തീകരണത്തിൽ എത്തിയിരിക്കുന്നു. ഏഴാം ദൂതന്റെ കാഹളത്തിന്റെ കാലഘട്ടം ന്യായവിധിയുടെ കാലഘട്ടമാണ്.

"ദൈവത്തിന്റെ മർമ്മം" എന്താണ്? അത് ലോകത്തെ സാത്താന്റെ കയ്യിൽനിന്ന് വീണ്ടെടുക്കുന്ന ദൈവപദ്ധതിയാണ്. വിശുദ്ധന്മാരിൽ സംജാതമാകുന്ന "വിശ്വാസത്താലുള്ള നീതീകരണം" അതിൽ ഉൾക്കൊണ്ടിരിക്കുന്നു (റോമർ 16:25; എഫെ. 1:9,10; 3:3; 3:5-9; 1 കൊരി. 2:7; കൊലൊ. 1:25-27; 2:2; 4:3). ദൈവത്തിന്റെ മർമ്മം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. എത്രയും വേഗം കൃപാകാലം അവസാനിക്കും. പിന്നെ രക്ഷാമാർഗ്ഗം ആരുടെയും മുന്നിൽ തുറന്നിരിക്കയില്ല. ദൈവത്തിന്റെ അന്ത്യവിളി നിരസിച്ചവർ സാത്താന്റെ കരങ്ങളിലാണ്. ഓരോ വ്യക്തിക്കും ഇപ്പോൾ അല്പസമയം മാത്രം ശേഷിച്ചിരിക്കുന്നു. "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ! അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ! നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്" (വെളി. 22:11,12). ഈ വിധി വളരെ

വേഗം ദൈവസന്നിധിയിൽനിന്നു വരും. അതുകൊണ്ട് ഇനി കാലം ഉണ്ടാകയില്ലായെന്ന് ക്രിസ്തു സത്യം ചെയ്യുന്നു. സാത്താൻ നിയന്ത്രിക്കുന്ന ഇന്നത്തെ മാനവസംസ്ക്കാരം എന്നെന്നേക്കുമായി തുടച്ചു നീക്കപ്പെടുവാൻ പോകുന്നു.

"ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട ശബ്ദം പിന്നെയും എന്നോടു സംസാരിച്ചു: നീ ചെന്നു സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കുന്ന പുസ്തകം വാങ്ങുക എന്നു കല്പിച്ചു. ഞാൻ ദൂതന്റെ അടുക്കൽ ചെന്നു ആ ചെറുപുസ്തകം തരുവാൻ പറഞ്ഞു. അവൻ എന്നോടു: നീ ഇതു വാങ്ങി തിന്നുക; അതു നിന്റെ വയറ്റിനെ കയ്പിക്കും എങ്കിലും വായിൽ തേൻപോലെ മധുരിക്കും എന്നു പറഞ്ഞു. ഞാൻ ദൂതന്റെ കയ്യിൽ നിന്നു ചെറുപുസ്തകം വാങ്ങി തിന്നു; അതു എന്റെ വായിൽ തേൻപോലെ മധുരമായിരുന്നു; തിന്നു കഴിഞ്ഞപ്പോൾ എന്റെ വയറ് കയ്ച്ചുപോയി" (വെളി. 10:8–10).

പുസ്തകം തിന്നുക എന്നതിന്റെ അർത്ഥം എന്താണ്? "ഞാൻ നിനക്കു തരുന്നത് നീ വായ് തുറന്ന് തിന്നുക. ഞാൻ നോക്കിയപ്പോൾ; ഒരു കൈ എങ്കലേക്കു നീട്ടിയിരിക്കുന്നതും അതിൽ ഒരു പുസ്തകച്ചുരുൾ ഇരിക്കുന്നതും കണ്ടു. അവൻ അതിനെ എന്റെ മുമ്പിൽ വിടർത്തി; അതിൽ അകത്തും പുറത്തും എഴുത്തുണ്ടായിരുന്നു... നീ കാണുന്നതു തിന്നുക; ഈ ചുരുൾ തിന്നിട്ട് ചെന്ന് യിസ്രായേൽ ഗൃഹത്തോടു സംസാരിക്ക എന്നു കല്പിച്ചു" (യെഹെ. 2:8–3:4). പുസ്തകം തിന്നുക എന്നതിന്റെ അർത്ഥം അത് വായിച്ച് അതിൽ എഴുതിയിരിക്കുന്നത് ജനത്തോട് അറിയിക്കുക എന്നുള്ളതാണ്. ദൈവവചനം ഹൃദയത്തിൽ ആക്കുന്നവർ തങ്ങളുടെ വായ് തുറന്ന് ഹൃദയം നിറഞ്ഞിരിക്കുന്നത് പ്രസ്താവിക്കും. "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിനു ആനന്ദവും ആയി" (യിരെ. 15:16).

ചെറുപുസ്തകം എന്ന് ഇവിടെ വെളിപ്പാടിൽ നാം കാണുന്ന ദാനീയേൽ പ്രവചന പുസ്തകം യേശുക്രിസ്തു തുറന്നുകൊടുത്തപ്പോൾ അത് ഗ്രഹിച്ച് പഠിപ്പിച്ചവർക്കും പഠിച്ചവർക്കും എന്താണ് സംഭവിച്ചത്? എപ്രകാരം അത് അവരുടെ വായിൽ തേൻപോലെ മധുരമായിരുന്നു? പിന്നെ കയ്പുള്ള അനുഭവം എങ്ങനെയുണ്ടായി? ചരിത്രം എന്തു പറയുന്നു എന്ന് നമുക്കു നോക്കാം.

1840 കാലയളവിൽ സൈനിക സേവനത്തിൽനിന്നു വിരമിച്ച് കാർഷിക വൃത്തിയിൽ മുഴുകിയിരുന്ന വില്യം മില്ലർ പരിശുദ്ധാത്മ പ്രേരണയിൽ തിരുവെഴുത്ത് ആദി മുതൽ പഠിച്ചുതുടങ്ങി. ഓരോ പ്രവചനവും കൃത്യമായി നിറവേറിയിരിക്കുന്നത് ഉല്പത്തി പുസ്തകം മുതൽ തന്നെ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. തുടരെയുള്ള അദ്ദേഹത്തിന്റെ പഠനം ദാനീയേൽ പ്രവചനത്തിൽ വന്നെത്തി. അവിടെയും അദ്ദേഹം എല്ലാ സമയ പ്രവചനങ്ങളുടെയും നിറവേറൽ ചരിത്രം സാക്ഷീകരിക്കുന്നത് വ്യക്തമായി കണ്ടു. ഒടുവിൽ തിരുവെഴുത്തിലെ ഏറ്റവും വലിയ സമയ പ്രവചനമായ "രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളംതന്നെ പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും" എന്ന പ്രവചനവാക്യത്തിൽ അദ്ദേഹം വന്നെത്തി (ദാനീ. 8:14). അതിന്റെ വിശദീകരണം വളരെ വ്യക്തമായി അദ്ദേഹം പഠിച്ചു. അത് 1844ൽ അവസാനിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. അന്ന് ലോകം അവസാനിക്കുമെന്ന് അല്ലെങ്കിൽ യേശു വീണ്ടും വരുമെന്നു അദ്ദേഹം ചിന്തിച്ചുപോയി. കാരണം, അന്നത്തെ ക്രിസ്തീയ സഭകളെല്ലാം പഠിപ്പിച്ചിരുന്നത് ഈ ഭൂമിയാണ് വിശുദ്ധ മന്ദിരമെന്നും അത് യഥാസ്ഥാനപ്പെടുന്നത് അല്ലെങ്കിൽ ശുദ്ധീകരിക്കപ്പെടുന്നത് യേശു വീണ്ടും വരുമ്പോൾ ആകുന്നു എന്നും ആയിരുന്നു. യേശു വന്ന് ഈ ഭൂമിയെ തീകൊണ്ടു ശുദ്ധീകരിക്കുമ്പോൾ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടുമെന്നു അദ്ദേഹം ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ തിരുവെഴുത്തു ശോധന ചെയ്യാതെ വില്യം മില്ലർ അന്നത്തെ സഭകളുടെ ഉപദേശങ്ങൾക്ക് അടിമപ്പെട്ടു. ക്രിസ്തുവിന്റെ വീണ്ടും വരവിനുള്ള ഒരു തീയതിയും അദ്ദേഹം തീരുമാനിച്ചു.

ആ പ്രത്യേക ദിവസം ക്രിസ്തു വീണ്ടും വരുമെന്നു ഹൃദയംഗമമായി വിശ്വസിച്ച മില്ലർ തന്റെ മുമ്പിൽ തുറന്നുകിട്ടിയ അവസരങ്ങളെല്ലാം ഇതു പ്രസംഗിക്കുന്നതിന് ഉപയോഗിച്ചു. വായിൽ തേൻപോലെ മധുരമായിരുന്ന ഈ സന്ദേശം കേൾക്കുന്നതിന് ജനങ്ങൾ ആയിരം ആയിരമായി തിങ്ങിക്കൂടിക്കൊണ്ടിരുന്നു. ദൂതുഘോഷണത്തിന് നൂറുകണക്കായ സുവിശേഷകരെ അദ്ദേഹം നിയോഗിച്ചു. അമേരിക്കയിലെങ്ങും ഈ ദൂത് മാറ്റൊലികൊണ്ടു. പിന്നെ അത് യൂറോപ്പിലേക്കും മറ്റു പ്രദേശങ്ങളിലേക്കും വ്യാപിച്ചു. കേട്ടവർക്കെല്ലാം അത് "വായിൽ തേൻപോലെ മധുരമായിരുന്നു." എന്നാൽ മില്ലർ തീരുമാനിച്ച ദിവസം ഒന്നും സംഭവിക്കാതെ കടന്നുപോയി.

തുടർന്ന് വില്യം മില്ലർ ബൈബിളും ചരിത്രവും വീണ്ടും പഠിച്ചു. പിന്നെ അദ്ദേഹം ആറു മാസം കഴിഞ്ഞുള്ള മറ്റൊരു തീയതി യേശുവിന്റെ വീണ്ടും വരവിനായി നിശ്ചയിച്ചു. അന്ന് കർത്താവ് വീണ്ടും വരുമെന്ന് അവരെല്ലാവരും പൂർണ്ണമായി വിശ്വസിച്ചിരുന്നു. ഈ കാലയളവിൽ വിവിധ സഭാകൂട്ടായ്മകളിൽനിന്ന് മില്ലറുടെ ഉപദേശം സ്വീകരിച്ചവരെ മില്ലറൈറ്റ്സ് എന്ന് മറ്റുള്ളവർ വിളിച്ചുതുടങ്ങി. യേശുവിന്റെ വീണ്ടും വരവിനെ അവർ കാത്തിരുന്നതുകൊണ്ട് അവർക്ക് അഡ്വന്റിസ്റ്റുകാർ (പുനരാഗമനകാംക്ഷികൾ) എന്ന പേരും ഉണ്ടായി. പക്ഷെ മില്ലർ നിശ്ചയിച്ച രണ്ടാമത്തെ ദിവസവും ഒന്നു സംഭവിക്കാതെ കഴിഞ്ഞുപോയി. അതിനെ വൻ നിരാശയുടെ ദിവസമെന്നു ചരിത്രം ഇന്നും സാക്ഷീകരിക്കത്തക്കവിധം അന്നത്തെ നിരാശ ഏറ്റവും വലുതായിരുന്നു. പലരും ബൈബിൾ ഉപേക്ഷിച്ചു. മില്ലറുടെ അനുയായികൾ പല കൂട്ടങ്ങളായി പിരിഞ്ഞു. ചില കൂട്ടങ്ങളുടെ നേതാക്കൾ ക്രിസ്തുവിന്റെ വീണ്ടും വരവിന് പിന്നെയും തീയതികൾ വയ്ക്കുകയും വ്യത്യസ്ത ഉപദേശങ്ങൾകൊണ്ട് സമൂഹത്തെ നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരുന്നു.

എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? വായിൽ തേൻപോലെ മധുരമായിരുന്നത് തിന്നുകഴിഞ്ഞപ്പോൾ വയറു കയ്ച്ചുപോയി. മനുഷ്യന്റെ ബലഹീനതകളും ബുദ്ധിമോശങ്ങളും എല്ലാം ദൈവം മുൻകൂട്ടി കാണുന്നുണ്ട്. യേശുക്രിസ്തു പ്രഖ്യാപിക്കാത്തതും സ്വർഗ്ഗീയ പിതാവു മാത്രം അറിയുന്നു എന്ന് കർത്താവ് സാക്ഷീകരിച്ചിരിക്കുന്നതുമായ വീണ്ടും വരവിൻനാൾ മില്ലർ എങ്ങനെ നിശ്ചയിച്ചു? മില്ലറുടെ ഉപദേശം കേട്ട ജനം ഇത് എങ്ങനെ വിശ്വസിച്ചു? 1844 ൽ സംഭവിച്ച ഈ കാര്യം ഒന്നാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിവയ്ക്കുവാൻ വെളിപ്പാടു ലഭിച്ച യോഹന്നാന് എങ്ങനെ സാധിച്ചു? ഈ പ്രവചനം പഠിക്കുന്ന നമുക്കെല്ലാവർക്കും നമ്മുടെ വിശ്വാസത്തിന്റെ ദൃഢീകരണത്തിനായി പരിശുദ്ധാത്മാവ് ഇത് രേഖപ്പെടുത്തിയതാണ്. വയറു കയ്പ്പായിപ്പോയതിനുശേഷം എന്തു സംഭവിക്കുമെന്നാണ് വെളിപ്പാടിൽ ക്രിസ്തുവിന്റെ ആത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്?

യേശു ഇപ്രകാരം പിന്നെയും പറയുന്നു: "അവൻ എന്നോട്: നീ ഇനിയും അനേകം വംശങ്ങളെയും ജാതികളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ച് പ്രവചിക്കേണ്ടിവരും എന്നു പറഞ്ഞു" (വെളി. 10:11). ഈ വാക്യം മൂലഭാഷകളിൽ നീ ഇനിയും അനേകം വംശങ്ങളു

ടെയും ജാതികളുടെയും ഭാഷകളുടെയും രാജാക്കന്മാരുടെയും മുന്നിൽ പ്രവചിക്കേണ്ടിവരും എന്നാണ്. കാരണം യേശുക്രിസ്തു തുറന്നു കൊടുക്കുന്ന ദൂതു മൂടിവെക്കപ്പെടുവാനുള്ളതല്ല. ക്രിസ്തു വലംകാൽ സമുദ്രത്തിന്മേലും ഇടംകാൽ ഭൂമിമേലും വച്ച് സിംഹം അലറുമ്പോലെ അത്യുച്ചത്തിൽ ആർത്തുകൊണ്ട് പ്രഖ്യാപിക്കുന്ന ഒരു ദൂതാണിത്. അത് അനേകം വംശങ്ങളുടെയും ജാതികളുടെയും ഭാഷകളുടെയും രാജാക്കന്മാരുടെയും മുമ്പിൽ പ്രവചിക്കപ്പെടേണ്ടതാണ്. 1844 ൽ വില്യം മില്ലറുടെയും അനുയായികളുടെയും വയറ്റിൽ കയ്പ്പായിത്തീർന്ന "രണ്ടായിരത്തിമുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളംതന്നെ, പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും" (ദാനീയേൽ 8:14) എന്ന പ്രവചനത്തിന്റെ സത്യാവസ്ഥ എന്താണ്? എന്താണ് വിശുദ്ധമന്ദിരം? അതെവിടെയാണ്?

## എന്താണ് വിശുദ്ധമന്ദിരം? (ദാനീ. 8:14).

ഏകദേശം 3500 വർഷം മുമ്പ് തന്റെ ജനമായ യിസ്രായേലിന് ദൈവീകമായ രക്ഷാപദ്ധതിയുടെ ഒരു വിവരണം കണ്ണിനുകാണത്തക്കവിധം ദൈവം വെളിപ്പെടുത്തികൊടുത്തു. അത് നടപ്പിലാക്കുവാൻ ദൈവം അവരോട് ഇങ്ങനെ പറഞ്ഞു: "ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്ക് ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃക പ്രകാരമൊക്കെയും തന്നെ ഉണ്ടാക്കേണം" (പുറപ്പാട് 25:8,9).

ആരാധനക്കും യാഗാർപ്പണത്തിനും കടന്നുവന്നിരുന്ന തന്റെ ജനത്തോടു ദൈവം ബന്ധപ്പെട്ടിരുന്ന ആലയം ആയിരുന്നു വിശുദ്ധമന്ദിരം. അവരുടെ മരുഭൂയാത്രയിൽ ഉടനീളം പൊളിച്ചുകൊണ്ടു പോകത്തക്കവിധം അതും അതിലെ ഉപകരണങ്ങളും പണിതീരുന്നു. അത് പണിയേണ്ട വിധമെല്ലാം ദൈവംതന്നെ മോശെയിൽകൂടെ ജനത്തെ അറിയിച്ചു. "പർവ്വതത്തിൽവെച്ച് കാണിച്ചുതന്ന മാതൃക പ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചുകൊള്ളണം" (പുറപ്പാട് 25:40).

ദൈവം കാണിച്ചുകൊടുത്ത മാതൃകയുടെ അസൽ പതിപ്പു എവിടെയാണ്? "ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈ വകയാൽ ശുദ്ധമാക്കുന്നത് ആവശ്യം. സ്വർഗ്ഗീയമായവയ്ക്കോ ഇവയെക്കാൾ നല്ല യാഗങ്ങൾ ആവശ്യം. ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തി

ലേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രെ പ്രവേശിച്ചത്" (എബ്രായർ 9:23,24). "നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ: സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്തു ഇരുന്നവനായി, വിശുദ്ധ സ്ഥലത്തിന്റെയും മനുഷ്യനല്ല കർത്താവു സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട്" (എബ്രായർ 8:1,2).

ഭൂമിയിൽ ഉണ്ടായിരുന്നതും "സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലും" (എബ്രായർ 8:5) ആയതിന്റെ പൊരുളായത്, അല്ലെങ്കിൽ അസ്സൽ പതിപ്പ് സ്വർഗ്ഗത്തിലാണ്. കാരണം പാപം സ്വർഗ്ഗത്തിൽ ആരംഭിച്ചതുകൊണ്ട് അവിടെ അത് ആവശ്യമായി വന്നു. സാത്താൻ സ്വർഗ്ഗത്തിൽവെച്ച് ദൈവത്തോട് മത്സരിക്കുകയും ദൈവത്തിന്റെ സിംഹാസനം കൈവശപ്പെടുത്തുവാൻ മോഹിക്കുകയും സ്വർഗ്ഗീയ ദൂതഗണത്തിൽ മൂന്നിലൊരു ഭാഗത്തെ വഞ്ചിച്ച് തന്റെ പക്ഷത്താക്കുകയും അവസാനം ദൈവത്തിന് എതിരെയുള്ള യുദ്ധത്തിൽ ഭൂമിയിലേക്കു തള്ളപ്പെടുകയുമാണുണ്ടായത് (യെശയ്യാവ് 14:12-19; യെഹെ. 28:12-19; വെളി. 12:7-10 വായിക്കുക). മനുഷ്യന്റെ ന്യായവിധിയും അവരുടെ നന്മപ്രവൃത്തികളും ഉൾപ്പെടെയുള്ള സകല രേഖകളും അവിടെ സൂക്ഷിച്ചിരിക്കുന്നു. അവിടെ മഹാപുരോഹിതൻ ക്രിസ്തുവാണ്. വിശുദ്ധന്മാരുടെ പ്രാർത്ഥന അവിടെയാണ് ദൈവസന്നിധിയിൽ എത്തുന്നത് (വെളിപ്പാട് 8:3,4 വായിക്കുക).

സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കു തള്ളപ്പെട്ട പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിന്റെ അധീനതയിൽ മുഴുലോകവും അമർന്നിരിക്കയാൽ ഈ ലോകം ഇന്ന് രോഗം, കഷ്ടപ്പാട്, മരണം, ഭീകരത, യുദ്ധങ്ങൾ, അപകടങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവയുടെ എല്ലാം രംഗങ്ങളായി മാറിയിരിക്കുന്നു. ഇതിൽനിന്നും ലോകത്തെ വീണ്ടെടുത്ത് സ്വർഗ്ഗവുമായി ബന്ധിപ്പിക്കുന്ന ദൈവിക രക്ഷാപദ്ധതി വിശുദ്ധമന്ദിര ശുശ്രൂഷയിൽകൂടെ ദൈവം വെളിപ്പെടുത്തി. പുറപ്പാട് 25-40 വരെയുള്ള അദ്ധ്യായങ്ങൾ വായിക്കുക. വിശുദ്ധ മന്ദിരത്തിനു പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ ഉണ്ടായിരുന്നു, പ്രാകാരത്തിൽ താമ്രതൊട്ടിയും ഹോമയാഗപീഠവും ക്രമീകരിച്ചിരുന്നു. വിശുദ്ധ സ്ഥലത്ത് കാഴ്ചയപ്പം വെക്കുന്ന മേശയും ഏഴു തണ്ടുള്ള നിലവിളക്കും ധൂപപീഠവും ആയിരുന്നു ഉപകരണങ്ങൾ. അതിവിശുദ്ധ സ്ഥലത്ത് ദൈവത്തിന്റെ നിയമ

പ്പെട്ടകം സൂക്ഷിച്ചിരുന്നു. ഈ ഓരോ ഭാഗത്തെയും വേർതിരിച്ചിരുന്നത് തിരശ്ശീലകൾകൊണ്ടായിരുന്നു.

യേശു ക്രൂശിൽ മരിച്ചപ്പോൾ വിശുദ്ധ മന്ദിരത്തിന് എന്താണ് സംഭവിച്ചത്? “യേശു ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. ഉടനെ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളവും രണ്ടായി ചീന്തിപ്പോയി” (മർക്കൊസ് 15:37,38). നിങ്ങളുടെ കൈപ്പത്തിയോളം ഘനമുള്ള തിരശ്ശീല മുകൾതൊട്ട് അടിയോളം കീറിപ്പോയി. അതിപരിശുദ്ധ സ്ഥലം എല്ലാവർക്കും കാണാവുന്ന വിധത്തിലായി. അന്നുവരെയും മഹാപുരോഹിതനൊഴികെ ആരുംതന്നെ അവിടം കണ്ടിരുന്നില്ല. വർഷത്തിൽ ഒരിക്കൽ മാത്രം മഹാപുരോഹിതൻ അവിടെ കടന്നുചെന്നിരുന്നു. അത് മഹാപാപപരിഹാര ദിവസത്തിൽ മാത്രമായിരുന്നു. യേശുവിന്റെ മരണത്തോടുകൂടി ഈ ഭൂമിയിൽ വിശുദ്ധമന്ദിര ശുശ്രൂഷകൾക്ക് അറുതി വന്നു. യഥാർത്ഥ പെസഹകുഞ്ഞാട് യേശുവാണ് (1 കൊരിന്ത്യർ 5:7). എല്ലാ യാഗങ്ങളും യേശുവിങ്കലേക്ക് വിരൽചൂണ്ടിയിരുന്നു (ഗലാത്യർ 3:16,19). യേശുവിന്റെ മരണം മുതൽ ഭൗമിക വിശുദ്ധ മന്ദിര ശുശ്രൂഷ അവസാനിക്കുകയും സ്വർഗ്ഗീയ മന്ദിരത്തിൽ ഭൂമിയിലെ ദൈവമക്കൾക്കുവേണ്ടിയുള്ള ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു (എബ്രാ. 8:1–5; 9:24; 7:26).

## യേശുവാണ് നമ്മുടെ മഹാപുരോഹിതൻ

ഭൂമിയിൽ വന്ന് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റശേഷം സ്വർഗ്ഗാരോഹണം ചെയ്ത യേശു സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ ഏതു ഭാഗത്താണ് തന്റെ ശുശ്രൂഷ ആരംഭിച്ചത്? “എന്നോടു സംസാരിച്ച നാദം എന്ത് എന്നു കാണ്മാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു” (വെളിപ്പാട് 1:12,13). ഏഴു പൊൻനിലവിളക്കുകളുള്ള വിശുദ്ധ സ്ഥലത്ത് യേശു തന്റെ സ്വർഗ്ഗീയ വിശുദ്ധ മന്ദിര ശുശ്രൂഷ ആരംഭിച്ചു. ഭൗമിക വിശുദ്ധ മന്ദിര ശുശ്രൂഷയിൽ വർഷത്തിലുടനീളം പുരോഹിതന്മാർ വിശുദ്ധ മന്ദിരത്തിന്റെ ആദ്യഭാഗമായ വിശുദ്ധ സ്ഥലത്ത് ശുശ്രൂഷ ചെയ്തിരുന്നു. അവിടെയാണ് ഏഴ് തണ്ടുള്ള നിലവിളക്ക് സ്ഥാപിച്ചിരുന്നത്. എന്നാൽ വർഷത്തിൽ ഒരിക്കൽ മാത്രം നടന്നിരുന്ന മഹാപാപപരിഹാര ശുശ്രൂഷയിൽ മഹാപുരോഹിതൻ അതിവിശുദ്ധ സ്ഥലത്തു കടന്ന് ദൈവത്തിന്റെ നിയമ

പ്പെട്ടകത്തിൻമുമ്പാകെ ശുശ്രൂഷ ചെയ്തിരുന്നു. ഇതിന്റെ പൊരുളായ സ്വർഗ്ഗീയ വിശുദ്ധ മന്ദിര ശുശ്രൂഷയിൽ മഹാപുരോഹിതനായ യേശു അതിവിശുദ്ധ സ്ഥലത്തു കടന്നുചെന്നതു എപ്പോഴായിരുന്നുവെന്നു നമുക്കു നോക്കാം.

“അതിനു അവൻ അവനോടു: രണ്ടായിരത്തിമുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാന പ്പെടും” (ദാനീ. 8:14). "And he said unto me, Unto two thousand and three hundred days; then shall the sanctuary be cleansed" എന്ന് ഇംഗ്ലീഷ് ഭാഷയിൽ നാം വായിക്കുന്നു. അതായത് വിശുദ്ധമന്ദിരം യഥാസ്ഥാന പ്പെടും എന്നതിന്റെ അർത്ഥം വിശുദ്ധമന്ദിരം ശുദ്ധീകരിക്കപ്പെടും എന്നാണ്. ഭൗമിക വിശുദ്ധ മന്ദിരം ശുദ്ധീകരിക്കപ്പെട്ടിരുന്നത് വർഷ ത്തിലൊരിക്കൽ മഹാപുരോഹിതൻ സകല ജനത്തിന്റെയും പാപം വഹിച്ചുകൊണ്ട് ദൈവത്തിനെന്ന് ചീട്ടുവീണ ആട്ടിൻകുട്ടിയുടെ രക്ത വുമായി അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് ദൈവത്തിന്റെ പത്തു കല്പന ഇരുന്നിരുന്ന നിയമപ്പെട്ടകത്തിന്മേൽ ആ രക്തം തളിച്ചു കൊണ്ടാണ്. അനുതപിച്ച് തങ്ങളുടെ പാപങ്ങളെ ഏറ്റുപറയുന്ന സകല ജനത്തിന്റെയും പാപം പുരോഹിതൻ വഹിച്ചുകൊണ്ട് പുറത്തുവന്ന് അസസ്സേലിന് ചീട്ടുവീണ ആട്ടിൻകുട്ടിയുടെ മേൽ ചുമത്തിയിട്ട് അതിനെ ആരെങ്കിലും മരുഭൂമിയിൽ കൊണ്ടുവിടുകയും അതവിടെ അലഞ്ഞു നശിക്കയും ചെയ്യുമായിരുന്നു. അന്നേദിവസം അനുതപിച്ച് പാപങ്ങൾ ഏറ്റുപറയാത്തവരെ ജനത്തിൽനിന്ന് ഛേദിച്ചുകളയുമായി രുന്നു. അന്ത്യത്തിൽ ദുഷ്ടന്മാരെയും ദുഷ്ടതയുടെ ഉറവിടമായ സാത്താനെയും നശിപ്പിക്കുന്നതിനെ ഇത് സൂചിപ്പിച്ചിരുന്നു. നിഴലായി ഭൂമിയിൽ നടന്നിരുന്ന ഈ ശുശ്രൂഷയുടെ പൊരുളായത് സ്വർഗ്ഗീയ മായതിൽ ക്രിസ്തുവാകുന്ന മഹാപുരോഹിതൻ നിർവ്വഹിക്കുകയാണ്.

രണ്ടായിരത്തിമുന്നൂറു വർഷം പ്രവചനത്തിന്റെ വിശദീകരണം ദൈവം നമുക്കു വീണ്ടും ഇപ്രകാരം തരുന്നു: “അതുകൊണ്ട് നീ കാര്യം ചിന്തിച്ച് ദർശനം ഗ്രഹിച്ചുകൊൾക. അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപതു ആഴ്ചവട്ടം നിയമിച്ചിരി ക്കുന്നു. അതുകൊണ്ടു നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെ

ന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായോരു പ്രഭുവരെ ഏഴു ആഴ്ച വട്ടം; അറുപത്തിരണ്ടു ആഴ്ചവട്ടംകൊണ്ടു അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽതന്നെ വീണ്ടും പണിയും. അറുപത്തി രണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; അവനു ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ട ത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കി ക്കളയും" (ദാനീയേൽ 9:24–27).

കാലഗണിതങ്ങളുടെ പ്രവചനങ്ങൾ വ്യാഖ്യാനിക്കുന്നതിന് ഒരു ദിവസത്തെ ഒരു വർഷമായി കണക്കാക്കിക്കൊള്ളുവാൻ ദൈവം അരുളിച്ചെയ്തിരിക്കുന്നു. "...നാല്പതു ദിവസത്തിന്റെ എണ്ണത്തി നൊത്തവണ്ണം ഒരു ദിവസത്തിനു ഒരു സംവത്സരം വീതം നാല്പതു സംവത്സരം" എന്ന് സംഖ്യാപുസ്തകം 14:34 പറയുന്നു. "ഒരു സംവ ത്സരത്തിന് ഒരു ദിവസം വീതം ഞാൻ നിനക്ക് നിയമിച്ചിരിക്കുന്നു." (യെഹെ. 4:6). അപ്പോൾ രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും എന്നുള്ളത് രണ്ടായിരത്തി മുന്നൂറു ദിവസം രണ്ടായിരത്തി മുന്നൂറു വർഷമായി നാം മനസ്സിലാക്കുന്നു.

ഈ വലിയ പ്രവചനത്തിന്റെ ആദ്യഭാഗത്തുള്ള എഴുപതു ആഴ്ച വട്ടം യെഹൂദാ ജനത്തിനുവേണ്ടി മാറ്റുവച്ചതാണ് (ദാനീയേൽ 9:24). ഈ പ്രവചനം ആരംഭിക്കുന്നത് യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുമ്പോൾ ആണ് (ദാനീയേൽ 9:25). ഇതിൽ ആദ്യഭാഗത്തുള്ള ഏഴ് ആഴ്ചവട്ടം (7X7=49 വർഷം) യെരൂശലേമിനെ വീഥിയും കിടങ്ങുമായി പുതുക്കി പണിയുന്നതിനുവേണ്ടിയുള്ളതാണ് (ദാനീയേൽ 9:25). തുടർന്നുള്ള അറുപത്തിരണ്ടു ആഴ്ച (62X7=434 വർഷം) കഴിയുമ്പോൾ യേശു അഭിഷിക്തനാകും (ദാനീയേൽ 9:25). അതായത് യേശു യോഹന്നാൻ സ്നാപകനാൽ യോർദ്ദാൻ നദിയിൽ സ്നാനം ഏറ്റപ്പോൾ പിതാവായ ദൈവം പരിശുദ്ധാത്മാവുകൊണ്ട് പുത്രനെ അഭിഷേകം ചെയ്തു. എഴുപതാമത്തെ ആഴ്ചവട്ടത്തിന്റെ മദ്ധ്യേ യേശു ക്രൂശിക്കപ്പെടും (ദാനീയേൽ 9:26). യേശുവിന്റെ ക്രൂശു

മരണത്തിനുശേഷം മൂന്നര വർഷംകൂടെ, യെഹൂദന്മാർക്കായി മാറ്റി വച്ച എഴുപതു ആഴ്ചവട്ടത്തിൽ (70X7=490 വർഷം) ബാക്കിയുണ്ട്. സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊല്ലുന്ന ദിവസത്തോടുകൂടി ഇത് അവസാനിച്ചുകഴിഞ്ഞു. പിന്നെ ശിഷ്യന്മാർ സുവിശേഷവുമായി ജാതി കളിലേക്കു തിരിഞ്ഞു.

ഈ പ്രവചന കാലഘട്ടത്തിന്റെ ആരംഭം എവിടെയാണ്? അതു കൊണ്ട് നീ അറിഞ്ഞ് ഗ്രഹിച്ചുകൊള്ളേണ്ടത് എന്തെന്നാൽ: യെരൂ ശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ (ദാനീയേൽ 9:25) എന്ന് ഇതിന്റെ ആരംഭത്തെക്കുറിച്ച് നാം കാണുന്നു.

യെഹൂദന്മാർ സ്വന്തനാട്ടിലേക്ക് തിരികെ പോകുവാനും പണികൾ നടത്തുവാനും ഉള്ള ആദ്യവിളംബരം പാർസി രാജാവായ കോരശിന്റെ ഒന്നാം ആണ്ടിൽ (ബി.സി. 538) ആയിരുന്നു (എസ്രാ. 1:1–4). രണ്ടാം വിളംബരം ദാര്യാവേശ് രാജാവ് ബി.സി. 519–ൽ നടത്തി എസ്രാ. 6:1–12). മൂന്നാം വിളംബരം അർത്ഥഹ്ശഷ്ടാ രാജാവ് ബി.സി. 457–ൽ നടത്തി (എസ്രാ. 6:14; 7:11–26). മൂന്നാം വിളംബരത്തോടുകൂടെ എസ്രാ ശാസ്ത്രി, രാജാവിന്റെ പാനപാത്രവാഹകൻ ആയിരുന്ന നെഹെമ്യാവ്, യെഹൂദ യിൽ ഗവർണ്ണറായിരുന്ന സെരൂബാബേൽ, പ്രവാചകന്മാരായ ഹഗ്ഗായി, സെഖര്യാവ് എന്നിവർ ജനത്തോടൊന്നിച്ച് യെരൂശലേം നാല്പ ത്തൊൻപതു വർഷംകൊണ്ട് പണിതുതീർത്തു. പ്രവചന ആരംഭമായ ബി.സി 457–ൽ ആരംഭിച്ച പണി ബി.സി. 408–ൽ പൂർത്തിയായി.

ബി.സി. 408 മുതൽ അറുപത്തിരണ്ട് ആഴ്ചവട്ടം (62X7=434 വർഷം) കഴിയുമ്പോൾ യേശു സ്നാനപ്പെടണം. ഒരു മാറ്റവുമില്ലാതെ എ.ഡി. 27–ൽ അതു സംഭവിച്ചു (മത്തായി 3:16; ലൂക്കൊസ് 3:1, 21, 22). തുടർന്ന് എ.ഡി. 31 ൽ പെസഹായുടെ കാലത്ത് യേശു ക്രൂശിക്കപ്പെട്ടു. എ.ഡി. 34 ൽ സ്തെഫാനൊസ് കൊല്ലപ്പെട്ടു (അപ്പൊ. പ്രവൃത്തി 6:10; 7:60).

യെഹൂദന്മാർക്കായി നീക്കിവച്ച കാലസംഖ്യാ ഇതോടെ അവസാ നിച്ചു. “അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്ക് കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു” (മത്തായി 21:43). “അതുകൊണ്ട് വിശ്വാസി കൾ അത്രെ അബ്രഹാമിന്റെ മക്കൾ എന്ന് അറിവിൻ.” “ക്രിസ്തുവിനു ള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്ത

പ്രകാരം അവകാശികളും ആകുന്നു” (ഗലാത്യർ 3:7,29). “പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; അകമെ യെഹൂദനായവനത്രെ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയ പരിച്ഛേദനയത്രെ പരിച്ഛേദന; അവന് മനുഷ്യരാലല്ല ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും” (റോമർ 2:28,29).

“ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളയും” (ലൂക്കൊസ് 21:24). യേശുവിന്റെ വീണ്ടുംവരവുവരെ ജാതികളുടെ കാലമാണ് (മത്തായി 24:14). ഭൗമിക യെരൂശലേം ഇനി ഒരിക്കലും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പട്ടണം ആയിരിക്കയില്ല. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന പട്ടണമായ പുതിയ യെരൂശലേം ആണ് ദൈവത്തിന്റെ നഗരം.

## മഹോപദ്രവകാലത്തെ സംബന്ധിച്ച ദുരുപദേശം

സാധാരണ വേദപുസ്തക പണ്ഡിതന്മാർ എഴുപതു ആഴ്ചവട്ട പ്രവചനത്തിന്റെ അവസാന ഒരാഴ്ച യേശുവിന്റെ വീണ്ടും വരവിനു തൊട്ടുമുമ്പുള്ള ഏഴു വർഷമായി കണക്കാക്കുന്നു. ബൈബിളിലെ മറ്റൊരു പ്രവചനത്തെയും അവർ ഇപ്രകാരം മുറിച്ചുമാറ്റുന്നില്ല. ഈ പ്രവചനത്തെ എന്തിനാണ് ഇങ്ങനെ മുറിച്ചുമാറ്റുന്നത്? കാരണം, ഈ ഭൂമിയിൽ ദൈവത്തിനും ദൈവവചനത്തിനും എതിരെ പ്രവർത്തിക്കുന്നവനും സകല നന്മയുടെയും ശത്രുവുമായ സാത്താൻ ലോകത്തിലെ ക്രിസ്ത്യാനികളെന്നു പേർ പറയുന്നവരടക്കം എല്ലാവരും തന്റെ കൂടെ നിന്നുകാണ്മാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഏക മഹാപുരോഹിതൻ ക്രിസ്തുവായിരിക്കെ സഭകളിൽ വിവിധ ശ്രേണികളിലുള്ള ആയിരക്കണക്കായ പുരോഹിതന്മാരെയും മഹാപുരോഹിതന്മാരെയും സൃഷ്ടിച്ചിരിക്കുന്നു. ഈ പ്രവചനത്തെ ദുർവ്യാഖ്യാനം ചെയ്താൽ അനേകർ അതിൽ കുടുങ്ങി നിത്യരക്ഷയെ തള്ളിക്കളയുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ സാത്താൻ ഇപ്രകാരം മനുഷ്യരിൽ പ്രവർത്തിക്കുന്നു.

ഈ ദുരുപദേശം മനുഷ്യരിൽനിന്നുണ്ടായതാണ്. അതിന് ചരിത്രവും സാക്ഷ്യം പറയുന്നു. മതനവീകരണ കാലഘട്ടത്തിൽ ആയിരത്തി അഞ്ഞൂറാമാണ്ടിൽ നവീകരണ കർത്താക്കളെല്ലാം സാക്ഷീകരിച്ചത് വെളിപ്പാടിലും ദാനീയേൽ പ്രവചനത്തിലും പറയുന്ന പാപ്പാത്വ ശക്തിയാണ് എതിർക്രിസ്തു എന്നായിരുന്നു. ഈ ഉപദേശം പാപ്പാത്വ

അധികാരത്തെ അസഹ്യപ്പെടുത്തിയതുകൊണ്ട് അവർ മറ്റൊരു വിശദീകരണം ഈ പ്രവചനത്തിനുവേണ്ടി കണ്ടുപിടിച്ചു. പതിനാറാം നൂറ്റാണ്ടിൽ ജെസ്യൂട്ട് പണ്ഡിതനായ ഫ്രാൻസിസ്കോ റിബെറാ ഫ്യൂച്ചറിസം എന്ന തത്വം ആവിഷ്കരിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ഈ തത്വം ഒന്നുകൂടെ പരിഷ്ക്കരിച്ച് ദാനീയേലും വെളിപ്പാടും വ്യാഖ്യാനിക്കുന്നതിനു അടിസ്ഥാനമായ തത്വമായി രൂപപ്പെടുത്തി.

ഇതനുസരിച്ച് വെളിപ്പാടിലെ ആദ്യ നാല് അദ്ധ്യായങ്ങളൊഴികെ ബാക്കിയെല്ലാം ലോകാന്ത്യത്തിലേക്കുള്ളതാണെന്നു പഠിപ്പിക്കുന്നു. അപ്രകാരം എതിർക്രിസ്തു (Antichrist) ഒരു ദുഷ്ടനായ വ്യക്തിയാണെന്നും യെഹൂദന്മാർ ആ വ്യക്തിയെ സ്വീകരിച്ച് രാജാവാക്കി യെരൂശലേം പുതുക്കി പണിയുമെന്നും ക്രിസ്തുമതത്തെ അവസാനിപ്പിക്കുമെന്നും ക്രിസ്തുവിനെ നിഷേധിക്കുമെന്നും സഭയെ പീഡിപ്പിക്കുമെന്നും 3½ വർഷം അവൻ ലോകം ഭരിക്കുമെന്നും അവർ പഠിപ്പിക്കുന്നു. അനേക ക്രിസ്തീയ വിഭാഗങ്ങൾ ഇതുതന്നെ ഇന്നു പഠിപ്പിച്ചു നടക്കുന്നുണ്ട്. ഇവരുടെ കൂട്ടത്തിൽ പല പണ്ഡിതന്മാരും എ.ഡി. 31 ൽ യേശു ക്രൂശിക്കപ്പെട്ടത് അംഗീകരിക്കുന്നുണ്ടെങ്കിലും അവരുടെ ഏഴു വർഷ ഉപദേശം അവർ കൈവെടിയുന്നില്ല. പ്രവചനത്തിൽ ഒരു ദിവസം ഒരു വർഷമാണെന്നുള്ളതും അവർ ഉപേക്ഷിച്ചുകളയുന്നു. പാപ്പാത്വ പരമാധികാര കാലഘട്ടമായ 1260 വർഷം വെറും 3 വർഷമായി മാത്രം അവർ കാണുന്നു.

എതിർക്രിസ്തു (Antichrist) അല്ലെങ്കിൽ മൃഗമെന്ന ശക്തി ഇന്നുതന്നെ നിലവിലുണ്ടെന്നും അത് പഴയ റോമാസാമ്രാജ്യത്തിൽനിന്നും ഉത്ഭവിച്ചതാണെന്നും ബൈബിൾ വളരെ വ്യക്തമായി പറയുന്നു. അത് വ്യക്തമായി മനസ്സിലാക്കാത്ത എല്ലാവരും മൃഗത്തിന്റെ മുദ്ര ഏല്ക്കുകയും ദൈവരാജ്യത്തിൽനിന്നും തള്ളപ്പെട്ടുപോകയും ചെയ്യും.

## ന്യായവിധി ദിവസം പ്രഖ്യാപിക്കപ്പെടുന്നു

"2300 സന്ധ്യയും ഉഷസ്സും തികയുവോളംതന്നെ പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും" (ദാനീയേൽ 8:14). ഇവിടെ പറയുന്ന ഈ വിശുദ്ധമന്ദിരം ഭൗമികമല്ല എന്നു നാം കണ്ടുകഴിഞ്ഞു. ഭൂമിയിലുണ്ടായിരുന്ന ദൈവാലയം യേശു പറഞ്ഞ പ്രവചനപ്രകാരം "കല്ലിന്മേൽ കല്ല് ശേഷിക്കാതെ" റോമൻ സൈന്യത്താൽ നശിപ്പിക്കപ്പെട്ടുപോയി. ഈ ഭൗമിക വിശുദ്ധമന്ദിരം ഇന്ന് നിലവിലില്ല. യേശുവിന്റെ ക്രൂശു

മരണത്തെ സൂചിപ്പിച്ച് ചെയ്തിരുന്ന സകല ശുശ്രൂഷകളും കർത്താവ് ക്രൂശിൽ മരിച്ചതോടുകൂടെ അവസാനിച്ചുകഴിഞ്ഞു.

2300 വർഷപ്രവചനം ബി.സി. 457 ൽ തുടങ്ങി എ.ഡി. 1844-ൽ അവസാനിച്ചുകഴിഞ്ഞു. ക്രിസ്തു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിന്റെ അതിവിശുദ്ധസ്ഥലത്തിൽ പരിശോധനാന്യായവിധി തുടങ്ങിയത് ഈ സമയം മുതലാണ് (പ്രവചന വ്യാഖ്യാനചിത്രം നോക്കുക).




പരിശോധനാന്യായവിധി ആരംഭിച്ചപ്പോൾ യേശുവിനെ സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ ദൈവത്തിന്റെ നിയമപ്പെട്ടകം ഇരിക്കുന്നിടത്ത് നില്ക്കുന്നവനായി കാണപ്പെടുന്നു. "അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാ

ലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി; മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കൽമഴയും ഉണ്ടായി" (വെളിപ്പാട് 11:19). "ജാതികൾ കോപിച്ചു: നിന്റെ കോപവും വന്നു; മരിച്ചവരെ ന്യായം വിധിപ്പാനും നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലവും വന്നു" (വെളി. 11:18).

ന്യായവിധി എന്നത് അതിപ്രധാനമായ ഒന്നാണ്. തിരുവെഴുത്തിൽ ആയിരത്തിൽപരം പ്രാവശ്യം അതിനെക്കുറിച്ച് പറയുന്നുണ്ട്. വെളിപ്പാട് പുസ്തകം പ്രത്യേകിച്ച് അതിനെ അത്യുച്ചത്തിൽ ഘോഷിക്കുന്നു. 1844 മുതൽ അത് സ്വർഗ്ഗത്തിൽ ആരംഭിച്ചുകഴിഞ്ഞു എന്ന് പ്രവചനം ഘോഷിക്കുന്നു. "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ട് അവന് മഹത്ത്വം കൊടുപ്പിൻ. അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ എന്ന് അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു" (വെളിപ്പാട് 14:6,7). "ദൈവംതന്നെ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവന്റെ നീതിയെ ഘോഷിക്കുന്നു" (സങ്കീർത്തനം 50:6). "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും ന്യായംവിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു" (യോഹന്നാൻ 5:22).

ന്യായവിധിയുടെ മാനദണ്ഡം ദൈവത്തിന്റെ പത്തുകല്പനയാണ്. മനുഷ്യർ അത് തള്ളിക്കളയുന്നുവെങ്കിലും ദൈവകല്പന അനുസരിക്കണമെന്നുള്ള സ്വർഗ്ഗീയ സന്ദേശം ഭൂലോകമെങ്ങും 1844 മുതൽ വീണ്ടും മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുകയാണ്. അവനെന്നോട്: "നീ ഇനിയും അനേകം വംശങ്ങളുടെയും ജാതികളുടെയും ഭാഷകളുടെയും രാജാക്കന്മാരുടെയും മുന്നിൽ പ്രവചിക്കേണ്ടിവരും" (വെളിപ്പാട് 10:11) എന്ന് 1844-ലെ വൻ നിരാശക്കുശേഷം പ്രഖ്യാപിക്കേണ്ടതായ ദൂത് ഇന്ന് ഒരു വിഘ്നവും കൂടാതെ പ്രഘോഷിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് എത്രയോ അത്ഭുതാവഹം! പ്രവചനത്തിന്റെ അക്ഷരീക നിറവേറൽ ആശ്ചര്യകരം!

# ദൈവത്തിന്റെ രണ്ടു സാക്ഷികൾ
## (വെളിപ്പാട് 11–ാം അദ്ധ്യായം)

"**പി**ന്നെ ദണ്ഡുപോലെയുള്ള ഒരു കോൽ എന്റെ കയ്യിൽ കിട്ടി കല്പന ലഭിച്ചത്: നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗ പീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക. ആലയ ത്തിനു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അത് ജാതികൾക്ക് കൊടുത്തിരിക്കുന്നു; അവർ വിശുദ്ധ നഗരത്തെ നാല്പത്തി രണ്ടു മാസം ചവിട്ടും. അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നല്കും; അവർ രട്ട് ഉടുത്തുംകൊണ്ട് ആയിരത്തിരുന്നൂറ്ററുപതു ദിവസം പ്രവചിക്കും. അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ട് ഒലിവ് വൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു. ആരെങ്കിലും അവർക്കു ദോഷം ചെയ്‌വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽ നിന്നു തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും; അവർക്കു ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും. അവ രുടെ പ്രവചനകാലത്തു മഴ പെയ്യാതവണ്ണം ആകാശം അടച്ചുകളവാൻ അവർക്ക് അധികാരം ഉണ്ട്. വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കു മ്പോഴൊക്കെയും സകല ബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ട്" (വെളി. 11:1–6).

മേല്പറഞ്ഞ വാക്യങ്ങളിൽ വിവരിക്കുന്ന കാര്യം വിശ്വാസത്യാഗ കാലയളവിൽ സത്യസഭ എപ്രകാരമായിരുന്നു എന്നതാണ്. ആലയ ത്തിന്റെയും യാഗപീഠത്തിന്റെയും അളവ് തിരുവെഴുത്തിൽ രേഖപ്പെ ടുത്തിയിട്ടുണ്ട്. മോശെ അത് അളന്നിരുന്നു. പിന്നീട് ദാവീദും പിന്നെ യെഹെസ്കേലും ആ അളവുകളെക്കുറിച്ച് പറയുന്നുണ്ട്. ഇവിടെ വെളി പ്പാടിൽ യോഹന്നാൻ അതിന്റെ അളവ് എത്ര എന്നു പറയുന്നില്ല.

എന്നാൽ ആലയത്തിൽ നമസ്കരിക്കുന്നവരെ അളക്കുവാൻ ഇവിടെ പറയുന്നു. അതിന്റെ അളവ് എത്രയെന്ന് രേഖപ്പെടുത്തേണ്ടതില്ല.

പുറത്തുള്ള പ്രാകാരം അളക്കേണ്ടതില്ല. അവിടെ ജാതികൾ നാല്പത്തിരണ്ടു മാസം വിശുദ്ധനഗരത്തെ ചവിട്ടും. ഇവിടെ വിശുദ്ധ നഗരമെന്നു ഉദ്ദേശിക്കുന്നത് വിശുദ്ധജനത്തെയാണ്. അതായത് വിശുദ്ധ ജനത്തെ നാല്പത്തിരണ്ടു മാസം മറ്റുള്ളവർ പീഡിപ്പിക്കും.

ദണ്ഡുപോലെയുള്ള കോൽ എന്നു പറയുന്നത് അളക്കുന്നതിനുള്ള ഒരു ആധികാരിക അളവുകോലാണ്. അത് ദൈവകല്പനയെയും ദൈവ വചനത്തെയും സൂചിപ്പിക്കുന്നു. അവകൊണ്ടാണ് മനുഷ്യർ അളക്ക പ്പെടുന്നത്. ആലയത്തെയും യാഗപീഠത്തെയും നമസ്കരിക്കുന്ന വരെയും അളക്കുക എന്നതിന്റെ അർത്ഥം ദൈവവചനം എന്ന അളവു കോൽകൊണ്ട് പാപികളെ മഹാപുരോഹിതനും അറുക്കപ്പെട്ട കുഞ്ഞാടു മായവങ്കലേക്ക് ചൂണ്ടിക്കാണിക്കുക എന്നതാണ്. പാപികളെ ക്രിസ്തു വുമായി നിരപ്പിൽ വരുത്തുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കയാൽ യാഗപീഠത്തെയും ആലയത്തെയും അളക്കുവാൻ പറയുന്നു. മഹാ പുരോഹിതനിലേക്കും തന്റെ ശുശ്രൂഷയിലേക്കും മനുഷ്യരുടെ ശ്രദ്ധ തിരിക്കുന്നതിനെയാണ് ആലയത്തെ അളക്കുക എന്നു പറയുന്നത്. അതായത് അവിടെ എന്തു നടക്കുന്നു എന്നു മനുഷ്യർ മനസ്സിലാ ക്കേണ്ടതുണ്ട്.

വിശ്വാസികൾ ശീതോഷ്ണവാന്മാരും സ്വയം സംതൃപ്തരുമായി തീരാതിരിക്കേണ്ടതിന് അവരെ ദൈവവചനംകൊണ്ട് എപ്പോഴും അള ക്കേണ്ടതുണ്ട്. വിശ്വാസികളുടെ കൂട്ടമായ സഭയ്ക്ക് ദൈവകല്പന എന്ന അളവുകോൽ കൊടുക്കുകയാണ്. കാരണം സഭയിൽനിന്ന് തിരു വചനത്തെ എടുത്തു മാറ്റിക്കളഞ്ഞ ഒരു സമയം ഉണ്ടായിരുന്നു എന്ന് ചരിത്രം തന്നെ സാക്ഷ്യപ്പെടുത്തുന്നു. പക്ഷെ സത്യസഭയിൽനിന്ന് അതിനെ എടുത്തുകളയുവാൻ ആർക്കും സാദ്ധ്യമല്ല. അത്യുന്നത ദൈവ മാണ് അത് നൽകിയിരിക്കുന്നത്. വിശ്വാസത്യാഗത്തെ ദൈവവചനം കൊണ്ട് അവർ പ്രാകാരത്തിലേക്ക് തള്ളിക്കളയേണ്ടതാണ്. സത്യ വിശ്വാസികൾ അല്ലാത്തവർ, അതായത് ജാതികൾ അവിടെ ചവിട്ടി ക്കളയട്ടെ, സ്വർഗ്ഗരാജ്യത്തിന്റെ താക്കോലായ ദൈവവചനം മനുഷ്യർക്ക് സ്വർഗ്ഗാരാജ്യം തുറന്നുകൊടുക്കുന്നതുപോലെ അവിശ്വാസികൾക്ക് അത് അടച്ചും കളയുന്നു. അപ്രകാരം അളവുകോൽ ആയ കല്പന

വിശുദ്ധന്മാർ ആരാണെന്നു തീരുമാനിക്കുന്നതുകൂടാതെ ദുഷ്ടന്മാർ ആരാണെന്നും കൂടെ ഉറപ്പാക്കുന്നു.

ഈ നാല്പത്തിരണ്ടു മാസക്കാലയളവിൽ വിശ്വാസത്യാഗിയായ സഭ വിശുദ്ധനഗരത്തെയും പ്രാകാരത്തെയും ചവിട്ടിക്കളകയും. മാത്ര മല്ല, ദൈവാലയത്തിലും യാഗപീഠത്തിലും അവർ വരാതെയും ഇരുന്നു എന്ന് പ്രവചനവും ചരിത്രവും സാക്ഷ്യം പറയുന്നു. കാരണം അവർക്ക് അവരുടേതായ ഒരു യാഗപദ്ധതി ഉള്ളതുകൊണ്ടുതന്നെ. അതിനെ അവർ ദിവ്യബലി എന്നു വിളിക്കുന്നു. യേശുവിന്റെ യാഗത്തെയും അവന്റെ പൗരോഹിത്യത്തെയും അവർ വിസ്മൃതിയിലേക്ക് തള്ളി ക്കളഞ്ഞു. പക്ഷെ ആ കാലത്തും സത്യവിശ്വാസികളായ വാൽഡൻ സിയൻ ക്രിസ്ത്യാനികളും വാഡോയിസ് സഭകളും ത്യാഗം സഹിച്ചു കൊണ്ടു തന്നെ സത്യവചനം മറ്റുള്ളവരെ അറിയിച്ചുകൊണ്ടിരുന്നു. രഹസ്യമായി തിരുവെഴുത്തിന്റെ കയ്യെഴുത്തു പ്രതികളുംകൊണ്ട് അവരുടെ മിഷനറിമാരായ മക്കൾപോലും ഭവനങ്ങൾതോറും കയറി യിറങ്ങിക്കൊണ്ടിരുന്നു.

ഇവിടെ പറയുന്ന ദൈവത്തിന്റെ രണ്ടു സാക്ഷികളോടു അവരുടെ ശത്രുക്കൾ ലജ്ജാകരമായി പെരുമാറിയെങ്കിലും അന്തിമവിജയം അവ രുടേതായിരുന്നു. ഈ രണ്ടു സാക്ഷികൾ ആരൊക്കെയാണ്? അവർ ഭൂമിയിൽ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ട് ഒലിവു വൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു എന്നു പറയുന്നു. സെഖ ര്യാവ് 4:1–6, 11–14 എന്നീ വാക്യങ്ങളിൽ ഇവർ കർത്താവിന്റെ മുമ്പിൽ നില്ക്കുന്ന രണ്ടു അഭിഷിക്തന്മാർ എന്നു പറയുന്നു. ദൈവാലയത്തിൽ നിലവിളക്കിലേക്കു വേണ്ടുന്ന എണ്ണ ഒലിവുവൃക്ഷത്തിൽ നിന്നുള്ള തായിരുന്നു. അപ്രകാരം വെളിച്ചം വിളക്കിൽനിന്ന് പ്രകാശിക്കുന്നതു പോലെ ദൈവസന്നിധിയിൽ നിൽക്കുന്ന ഈ അഭിഷിക്തന്മാരിൽ നിന്ന് പരിശുദ്ധാത്മാവ് മനുഷ്യരിലേക്ക് പകരപ്പെടുന്നു. പരിശുദ്ധാ ത്മാവിന്റെ പൂർണ്ണമായ വെളിപ്പാട് തിരുവെഴുത്തിൽ ക്രിസ്തുവിനു മുമ്പ് എഴുതപ്പെട്ട വചനത്തിലും ക്രിസ്തുവിന്റെ ശേഷം എഴുതപ്പെട്ട വചനത്തിലുംകൂടെ കാണാവുന്നതാണ്. ഇന്നു നാം പഴയനിയമം എന്നു വിളിക്കുന്ന തിരുവെഴുത്തും ദൈവസന്നിധിയിൽ സാക്ഷികളായി നില്ക്കുന്നു. അവ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. “നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.” “നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അത് അല്പ

ബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു.” “കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു” (സങ്കീ. 119:105,130; സദൃ. 6:23). അവർ പ്രവചിക്കും എന്നു പറയുന്നത് ദൈവവചനം ലോകത്തോട് അറിയിക്കപ്പെടുന്നതാണ്. രട്ട് ഉടുത്ത് പ്രവചിക്കും എന്നു പറയുന്നത് സത്യസഭ നേരിടുന്ന കഷ്ട പ്പാടുകളെ സൂചിപ്പിക്കുന്നു.

വെളിപ്പാട് 11-ാം അദ്ധ്യായത്തിൽ “നാല്പത്തിരണ്ടുമാസം” എന്ന കാലസംഖ്യയും “ആയിരത്തി ഇരുന്നൂറ്ററുപതു ദിവസം” എന്ന കാല സംഖ്യയും നമുക്കു കാണാൻ സാധിക്കുന്നു. ഇത് ഈ രണ്ടു സാക്ഷി കളുടെ രട്ടു ഉടുത്തുള്ള പ്രവചനകാലമാണ്. ഈ പീഡനകാലം വളരെ പ്രാധാന്യം അർഹിക്കുന്നതുകൊണ്ട് തിരുവെഴുത്തിൽ ഏഴു തവണ ഇത് ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. ‘‘കാലവും കാലങ്ങളും കാലാംശവും” (ദാനീ. 7:25), “ആയിരത്തി ഇരുന്നൂറ്ററുപതു ദിവസം” (വെളി. 12:6), “ഒരു കാലവും ഇരുകാലവും അരക്കാലവും” (വെളി. 12:14), “നാല്പത്തിരണ്ടു മാസം” (വെളിപ്പാട് 13:5), “കാലവും കാല ങ്ങളും കാലാർദ്ധവും” (വെളിപ്പാട് 12:7) ഇങ്ങനെയെല്ലാം വിവിധ ഭാഗങ്ങളിൽ ഈ കാലസംഖ്യയെ വിവരിക്കുന്നു. യെഹെ. 4:6; സംഖ്യ. 14:34 തുടങ്ങിയ വാക്യങ്ങളനുസരിച്ച് ഈ കാലസംഖ്യയെല്ലാം ആയിരത്തി ഇരുന്നൂറ്ററുപതു വർഷമെന്ന ഒരേ കാലഘട്ടമാണ്.

ഇത് വ്യക്തമായി മനസ്സിലാക്കുവാൻ ദാനിയേൽ 7-ാം അദ്ധ്യായം കൂടെ പഠിക്കേണ്ടതുണ്ട്. അവിടെ നാലു മഹാമൃഗങ്ങളെക്കുറിച്ച് പറയുന്നു. അവ നാലു സാമ്രാജ്യങ്ങൾ ആണ് (ദാനീ. 7:23,17). സമുദ്ര മെന്നത് ജനവാസമുള്ള പ്രദേശങ്ങളെ സൂചിപ്പിക്കുന്നു (വെളി. 17:15).

ഈ നാലു സാമ്രാജ്യങ്ങൾ യഥാക്രമം ബാബിലോൺ, മേദ്യ - പേർഷ്യ, ഗ്രീസ്, റോം എന്നിവയാണ്. റോമാസാമ്രാജ്യം അവസാനം പത്തായി ചിതറിപ്പോയി (ദാനീ. 7:17, 23, 24). അവ യഥാക്രമം ആംഗ്ലോ സാക്സൺ (ഇംഗ്ലണ്ട്), അലമനി (ജർമ്മനി), ബർഗ്ഗണ്ടിയൻസ് (സ്വിറ്റ്സർലന്റ്), ഫ്രാങ്കുകൾ (ഫ്രാൻസ്), ലൊംബാർടുകൾ (ഇറ്റലി), സ്യൂവി (പോർട്ടുഗൽ), വിസ്സിഗോത്തുകൾ (സ്പെയിൻ), വാന്റലുകൾ, ആസ്ട്രഗോത്തുകൾ, ഹെറുലി എന്നിവയാണ്. ഇതിൽ അവസാനത്തെ മൂന്നിനെയും വീഴിച്ചുകൊണ്ട് ചെറിയ കൊമ്പ് (പാപ്പാത്വ റോമ) അധികാരത്തിൽ വന്നു. അത് എ.ഡി. 538 മുതൽ എ.ഡി. 1798 വരെ

യുള്ള 1260 വർഷം ഭരണം നടത്തി. ദൈവത്തിന്റെ സമയങ്ങളും നിയമങ്ങളും മാറ്റി. അതിന് പാപമോചനം നൽകാൻ അധികാര മുണ്ടെന്നും ഭൂമിയിലെ ദൈവമാണെന്നും മനുഷ്യനെ സ്വർഗ്ഗത്തിലേ ക്കയക്കാനും ദൈവശബ്ദത്തെ നിയന്ത്രിക്കാനും അധികാരമുണ്ടെന്നും പറഞ്ഞുകൊണ്ട് അത്യുന്നതനു വിരോധമായി വമ്പു പറയുന്നു.

എ.ഡി. 538 ൽ ജസ്റ്റീനിയൻ ചക്രവർത്തിയുടെ വിളംബരപ്രകാരം റോമിലെ ബിഷപ്പിന് പോപ്പ് എന്ന പദവി ലഭിച്ചു. സകല ക്രിസ്തീയ സഭകളുടെയും മേലുള്ള പരമാധികാരം രാജാവ് പോപ്പിനു നൽകി. ജസ്റ്റീനിയൻ ചക്രവർത്തിയുടെ ഈ വിളംബരം റോമാസാമ്രാജ്യത്തിന്റെ അടിസ്ഥാന നിയമങ്ങളിൽ ഒന്നായി മാറുകയും ചെയ്തു. എന്നാൽ എ.ഡി. 1798-ൽ ഈ പാപ്പാത്വ അധികാരത്തിന് കോട്ടം സംഭവിച്ചു. നെപ്പോളിയൻ ചക്രവർത്തിയുടെ സൈന്യാധിപൻ ജനറൽ ബർത്തി യർ പോപ്പിനെ തടവുകാരനാക്കുകയും പോപ്പ് ജയിലിൽവെച്ച് മരിക്കുകയും ചെയ്തു. റോമിലെ ബിഷപ്പിനെ മാർപ്പാപ്പയായി ജസ്റ്റീനിയൻ ചക്രവർത്തി എ.ഡി. 538 ൽ പ്രഖ്യാപിച്ചതു മുതൽ 1260 വർഷം എ.ഡി. 1798ൽ വന്നെത്തുന്നു. പാപ്പാത്വ പീഡനകാലഘട്ടം ഈ കാലയളവിനെ സൂചിപ്പിക്കുന്നു. തുയഥൈര സഭയുടെ കാലഘട്ടവും മഞ്ഞക്കുതിരയുടെ കാലഘട്ടവും ഇതേ കാലസംഖ്യ തന്നെയാണ്.

ദൈവവചനത്തിനെതിരെ മത്സരിക്കുന്നവരെ നിയന്ത്രിക്കുവാനും ശിക്ഷിക്കുവാനും അവസാനം അവരെ തീയിൽ എരിക്കുവാനും ഉള്ള അധികാരം ദൈവവചനത്തിനുണ്ട്.

“അവർ തങ്ങളുടെ സാക്ഷ്യം തികച്ചശേഷം ആഴത്തിൽനിന്ന് കയറി വരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ച് കൊന്നുകളയും” (വെളി. 11:7).

ആഴത്തിൽനിന്ന് കയറിവരുന്ന മൃഗം യഥാർത്ഥത്തിൽ സാത്താൻ തന്നെയാണ് (വെളി. 20:1-3). സാത്താൻ നേരിട്ടു നിയന്ത്രിക്കുകയും നടത്തിക്കുകയും ചെയ്യുന്ന ഭൗമിക അധികാരങ്ങളെയും ഇത് സൂചി പ്പിക്കുന്നു (വെളി. 12:3,4,7,8,9).

വെളിപ്പാട് 11 ൽ 8 ഇങ്ങനെ പറയുന്നു: “അവരുടെ കർത്താവു ക്രൂശിക്കപ്പെട്ടതും ആത്മീകമായി സൊദോം എന്നും മിസ്രയീം എന്നും പേരുള്ള മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും.” ആഴത്തിൽനിന്നു കയറിവരുന്ന മൃഗം ഒരു അടിസ്ഥാനമില്ലാതെ

ഉത്ഭവിച്ചു വന്ന ഫ്രാൻസ് എന്ന രാജ്യത്തെ ഇവിടെ സൂചിപ്പിക്കുന്നു. സാത്താന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഈ രാജ്യം അന്ന് ദൈവ വചനത്തിനെതിരെ പ്രവർത്തിച്ചു. ഇതിനെ ആത്മീകമായി സൊദോമി നോടു ഉപമിച്ചിരിക്കുന്നു. സൊദോമിന്റെ മ്ലേച്ഛത ഉല്പത്തി പുസ്തകം 19:1-30 വരെ വായിച്ചുനോക്കുക. അതുപോലെ സത്യദൈവത്തെ നിഷേധിച്ച രാജ്യമായിരുന്നു മിസ്രയീം. ദൈവം അവിടെ അയച്ച ബാധകളും ദൈവത്തിന്റെ സ്വന്തജനത്തെ രക്ഷിച്ചതും ഉല്പത്തി പുസ്തകം വിവരിക്കുന്നു. ഈ അവസ്ഥയിലായിരുന്നു അന്ന് ഫ്രാൻസ്. ദൈവവചനത്തെ പൂർണ്ണമായി ഉപേക്ഷിച്ചു. ദൈവമക്കളെയും ദൈവ വചനത്തെയും നശിപ്പിക്കുന്നത് ക്രിസ്തുവിനെ ക്രൂശിക്കുന്നതിന് തുല്യ മാണ്. പക്ഷെ ദൈവവചനത്തെ ശവക്കല്ലറയിൽ ആക്കുവാൻ അവർക്കു സാധിച്ചില്ല. കുറെ നാളത്തേക്കു അതിനെ തടഞ്ഞു നിറുത്തുവാൻ മാത്രമെ അവർക്കു കഴിഞ്ഞുള്ളു.

“സകല വംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും; അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ട് ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ച് ആനന്ദിക്കുകയും അന്യോന്യം സമ്മാനം കൊടുത്തയ ക്കുകയും ചെയ്യും” (വെളി. 11:9,10).

മൂന്നര ദിവസം എന്നത് പ്രവചനപ്രകാരം മൂന്നര വർഷമാണ്. ഈ പ്രവചനം ഫ്രെഞ്ചു വിപ്ലവകാലത്ത് അക്ഷരീകമായി നിറവേറി. 1793 നവംബർ 10-ാം തീയതി മതത്തെ നിരാകരിച്ചുകൊണ്ടുള്ള നിയമം ഫ്രാൻസിൽ നടപ്പാക്കി. തന്നിമിത്തം ഫ്രാൻസ് സകല മ്ലേച്ഛത കളുടെയും കേളീരംഗമായി മാറി. സൊദോമിനും മിസ്രയീമിനും തുല്യ മായിത്തീർന്നു. മൂന്നര വർഷത്തിനുശേഷം വീണ്ടും അവർ നിയമ ത്തിനു മാറ്റം വരുത്തി. 1797 ജൂൺ 17-ാം തീയതി മതത്തിന്റെയും ബൈബിളിന്റെയും മേൽ വച്ചിരുന്ന നിരോധനം പിൻവലിച്ചു. ഇത്രയും കാലയളവിൽ അവരുടെയും മറ്റുള്ളവരുടെയും തിന്മപ്രവൃത്തികളെ ശാസിക്കുവാൻ തിരുവെഴുത്ത് അവർക്കില്ലാതിരുന്നതുകൊണ്ട് അവർ സന്തോഷിച്ചു. പക്ഷെ അതിന്റെ അനന്തരഫലം വിനാശകരമായിരുന്നു.

“മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽ നിന്ന് ജീവശ്വാസം അവരിൽ വന്നു. അവർ കാൽ ഊന്നി നിന്നു. അവരെ കണ്ടവർ ഭയപര

വശരായിത്തീർന്നു. ഇവിടെ കയറി വരുവിൻ എന്നു സ്വർഗ്ഗത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നതു കേട്ടു. അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു" (വെളി. 11:11,12).

ഇവിടെ സംഭവിച്ചത് നോക്കുക: ഫ്രഞ്ച് സർക്കാർ മതത്തെ നിർമ്മാർജ്ജനം ചെയ്ത കാലയളവിൽ ബൈബിൾ ചുട്ടെരിച്ചുകളഞ്ഞിരുന്നു. പള്ളികളും ആരാധനാസ്ഥലങ്ങളും അടച്ചുപൂട്ടിയിരുന്നു. അവരുടെ നാഷണൽ അസംബ്ലി ദൈവാരാധന അനുവദിച്ചിരുന്നില്ല. പത്തുദിവസങ്ങളടങ്ങിയ ആഴ്ച അവർ സ്ഥാപിച്ചു. ഓരോ പത്താം ദിവസവും അവർക്ക് ഉല്ലാസ ദിവസങ്ങളായിരുന്നു. ദൈവമില്ലെന്നു അവർ സാക്ഷ്യപ്പെടുത്തി. ദുർമാർഗ്ഗിയായ ഒരു സ്ത്രീയെ നീതിദേവിയായി അവർ പ്രതിഷ്ഠിച്ച് ആരാധിച്ചു. ജനം എല്ലാം ദുർമാർഗ്ഗത്തിന്റെ അടിത്തട്ടിൽ വീണു. ഇത് അധികനാൾ നീണ്ടുനിന്നില്ല. അനന്തരഫലമായി മതസ്വാതന്ത്ര്യം അനുവദിക്കുവാൻ നാഷണൽ അസംബ്ലി പ്രേരിപ്പിക്കപ്പെട്ടു.

ക്രിസ്തുവിന്റെ സാക്ഷികളായ ദൈവവചനം ജീവിച്ചെഴുന്നേറ്റു. "സ്വർഗ്ഗത്തിലേക്കു കയറി" എന്നതിന്റെ അർത്ഥം ഏറ്റവും അധികം അത് ഉന്നതി പ്രാപിച്ചു എന്നാണ് (ദാനീ. 4:22). ദൈവവചനം വിപുലമായി പെരുകി. അനേകം മിഷനറി സൊസൈറ്റികളും ബൈബിൾ സൊസൈറ്റികളും സ്ഥാപിക്കപ്പെട്ടു. തെരുവിലെ മനുഷ്യനും ഇന്ന് ദൈവവചനം ലഭ്യമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്നതും ബൈബിൾ തന്നെയാണ്. സാത്താൻ ദൈവവചനത്തെ വെറുക്കുന്നതിന്റെ കാരണം അതവന്റെ ദുഷ്ടതയെ വെളിവാക്കുകയും അവൻ വെറുക്കുന്ന യേശുവിനെ ഉയർത്തിക്കാണിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. എന്തു വിലകൊടുത്തും മനുഷ്യരെ ബൈബിളിൽ നിന്നും അകറ്റി നിറുത്തുവാൻ സാത്താൻ പരിശ്രമിക്കുന്നു. എന്നാൽ നിത്യത ആഗ്രഹിക്കുന്നവർ പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിനു സാക്ഷ്യം പറയുന്ന രണ്ടു സാക്ഷികളായ ബൈബിളിലേക്കു ആകർഷിക്കപ്പെടും.

"ആ നാഴികയിൽ വലിയൊരു ഭൂകമ്പം ഉണ്ടായി; നഗരത്തിൽ പത്തിലൊന്ന് ഇടിഞ്ഞുവീണു; ഭൂകമ്പത്തിൽ ഏഴായിരം പേർ മരിച്ചുപോയി; ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിനു മഹത്ത്വം കൊടുത്തു" (വെളി. 11:13).

ഇവിടെ പറയുന്ന നഗരം പാപ്പാത്വത്തെ സൂചിപ്പിക്കുന്നു. പത്തു രാജ്യങ്ങൾ അതിനെ താങ്ങി നിറുത്തിയിരുന്നു (വെളി. 17:12,13,18). പാപ്പാത്വ അധികാരത്തിനു ഏറ്റതായ ഭൂകമ്പം എ.ഡി. 1798-ൽ മാർപ്പാപ്പയെ ബന്ധനസ്ഥനാക്കിയതിനെ സൂചിപ്പിക്കുന്നു. പത്തു രാജ്യങ്ങളിൽ ഒന്നായിരുന്ന ഫ്രാൻസ് മാർപാപ്പയ്ക്ക് കൊടുത്തിരുന്ന പിൻതുണ പിൻവലിച്ചുകളഞ്ഞു. 7000 പേർ എന്നത് ഫ്രാൻസിലെ മഹത്തുക്കളെ എല്ലാം സൂചിപ്പിക്കുന്നു. ഫ്രഞ്ചുവിപ്ലവകാലത്ത് ഭീകര ഭരണം നടന്നപ്പോൾ അനേകർ കൊല്ലപ്പെടുകയും സ്ഥാനമാനങ്ങൾ നഷ്ടപ്പെടുകയും ചെയ്തിരുന്നു.

ഫ്രാൻസിൽ ഉത്ഭവിച്ച ദൈവവിശ്വാസമില്ലായ്മ വടക്കോട്ടും കിഴക്കോട്ടും വ്യാപിച്ചു. റഷ്യൻ വിപ്ലവവും മതത്തിനെതിരെയുള്ള തായിരുന്നു. ചെറുപ്പം മുതൽ കുട്ടികളെ അവിശ്വാസം പഠിപ്പിക്കുന്നു. ഈ ലോകത്തിൽ സാത്താൻ ദൈവത്തിനെതിരെയുള്ള തന്റെ പോരാട്ടം വിവിധ രീതികളിൽ ശക്തിപ്പെടുത്തുന്നത് നാം കാണുന്നു.

**ഏഴാം കാഹളം**

“രണ്ടാമത്തെ കഷ്ടം കഴിഞ്ഞു; മൂന്നാമത്തെ കഷ്ടം വേഗം വരുന്നു. ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്ന് സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി. ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാല് മൂപ്പന്മാരും കവിണ്ണുവീണു ദൈവത്തെ നമസ്കരിച്ചു പറഞ്ഞത്: സർവ്വശക്തിയുള്ള കർത്താവായ ദൈവമേ, ഇരിക്കുന്നവനും ഇരുന്നവനുമായുള്ളോവേ, നീ മഹാശക്തി ധരിച്ചു വാഴുകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ജാതികൾ കോപിച്ചു: നിന്റെ കോപവും വന്നു; മരിച്ചവരെ ന്യായം വിധിപ്പാനും നിന്റെ ദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി നിന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിപ്പാനും ഉള്ള കാലവും വന്നു. “അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി; മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി” (വെളിപ്പാട് 11:14-19).

ഏഴാം കാഹളത്തിനുമുമ്പ് “രണ്ടാമത്തെ കഷ്ടം കഴിഞ്ഞു” എന്നു പറയുന്നത് ആറാം കാഹളത്തിലെ സംഭവഗതികളെക്കുറിച്ചാണ്. അത്

എ.ഡി. 1840 തോടുകൂടെ അവസാനിച്ചു. പിന്നീട് "മൂന്നാമത്തെ കഷ്ടം വേഗം വരുന്നു" എന്നു പറയുന്നു. ഇത് ഏഴാം കാഹളത്തിന്റെ കാലഘട്ടത്തിൽ നടക്കുന്ന സംഭവഗതികളെക്കുറിച്ചാണ്. ഏഴാം കാഹളത്തിന്റെ കാലഘട്ടം എ.ഡി. 1844 മുതൽ കൃത്യമായി ആരംഭിച്ചത് നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇത് ന്യായവിധിയുടെ കാലഘട്ടത്തെ സൂചിപ്പിക്കുന്നു. ഏഴാം ദൂതന്റെ കാഹളത്തിന്റെ കാലം മുതൽ "ഇനി കാലം ഉണ്ടാകയില്ല" എന്ന് യേശുക്രിസ്തു പിതാവായ ദൈവത്തെച്ചൊല്ലി സത്യം ചെയ്ത് പറഞ്ഞിരിക്കുന്നു (വെളി. 10:6,7). അപ്പോൾ ഈ കാലഘട്ടത്തിന്റെ പ്രാധാന്യവും ഗൗരവവും ചിന്തിച്ചുനോക്കുക.

ഏഴാം കാഹളത്തിന്റെ കാലഘട്ടം മുതൽ മൂന്നു ദൂതന്മാരുടെ ദൂത് ലോകത്തോടു ഘോഷിച്ചു തുടങ്ങിക്കഴിഞ്ഞു (വെളി. 14:6-12). ന്യായവിധിയിൽ ദൈവത്തിന്റെ അളവുകോൽ പത്തു കല്പനയാണ് (വെളി. 11:19; 14:12; സഭാപ്രസംഗി 12:13,14). ഈ കാലയളവിൽ വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപമേഘം മഹാപുരോഹിതനായ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു (വെളി. 8:3,4). "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്നവരാണ് വിശുദ്ധന്മാർ. അവരുടെ ഏകമദ്ധ്യസ്ഥൻ ക്രിസ്തു എന്ന മഹാപുരോഹിതനാണ്. മറ്റ് യാതൊരു പുരോഹിതനും മദ്ധ്യസ്ഥനും അവർക്കില്ല. ദിനംപ്രതി അവർ തങ്ങളുടെ അങ്കി ക്രിസ്തുവിന്റെ രക്തത്തിൽ കഴുകി വെടിപ്പാക്കിക്കൊണ്ടിരിക്കും. അവരെ ക്രിസ്തു തന്റെ കല്പനയെന്ന അളവുകോൽകൊണ്ട് അളന്നുകൊണ്ടിരിക്കും.

ദൈവലായത്തിൽ നമസ്ക്കരിക്കുന്നവരെ അളക്കുന്ന പ്രക്രിയ എത്രയും വേഗം അവസാനിക്കും. ഇത് മനുഷ്യരെക്കാൾ അധികം സാത്താൻ നല്ലവണ്ണം അറിയുന്നു. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിന്റെ അതിപരിശുദ്ധ സ്ഥലത്തുനിന്ന് ക്രിസ്തു പിന്മാറിക്കഴിയുമ്പോൾ മനുഷ്യർക്കുള്ള കൃപാകാലം അവസാനിച്ചു കഴിയുമെന്നു സാത്താനറിയാം. അതു വരെ ക്രിസ്തുവാകുന്ന മഹാപുരോഹിതനിലേക്കു നോക്കുന്നതിനുപകരം മനുഷ്യരുടെ ശ്രദ്ധ ലോകത്തിലേക്കു തിരിക്കുന്നതിന് സാത്താൻ വിവിധ മതങ്ങളിലും വിവിധ സഭകളിലും വിവിധ റാങ്കുകളുള്ള മഹാപുരോഹിതന്മാർ, പട്ടക്കാർ തുടങ്ങി അനേക മതനേതാക്കാളെക്കൊണ്ടു നിറച്ചുകഴിഞ്ഞിരുന്നു. പക്ഷെ നിത്യത ആഗ്രഹിക്കുന്നവർ ക്രിസ്തുവിങ്കലേക്കും അവന്റെ സത്യവചനത്തിലേക്കും മനം തിരിക്കും.

# സൂര്യനെ അണിഞ്ഞ സ്ത്രീയും അവളുടെ സന്തതിയുടെ ശേഷിപ്പും
## (വെളിപ്പാട് 12–ാം അദ്ധ്യായം)

**ഇ**ന്ന് ലോകത്തിൽ ആയിരക്കണക്കായ സഭാവിഭാഗങ്ങളുണ്ട്. തങ്ങളാണ് ദൈവത്തിന്റെ സത്യസഭയെന്ന് ഓരോ വിഭാഗവും വാദിക്കുന്നു. ഒരു സാധാരണക്കാരന് ഏതാണ് സത്യസഭയെന്നു കണ്ടെത്തുക വളരെ ദുഷ്കരമായിത്തീർന്നിരിക്കുന്നു. ദൈവമുമ്പാകെ ഇപ്രകാരമുള്ള വിഭിന്ന സഭകൾ അംഗീകാരവുമല്ല. കാരണം, "നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെ ഉള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെ. 4:4-6). ആകയാൽ ഇന്നു കാണുന്ന അനേകങ്ങളായ സഭാവിഭാഗങ്ങളും വ്യത്യസ്ത വിശ്വാസങ്ങളും ദൈവത്തിൽനിന്ന് പുറപ്പെട്ടതല്ല എന്നത് വ്യക്തം. അങ്ങനെയെങ്കിൽ ദൈവത്തിന്റേതായ ഒരു സത്യസഭയുണ്ടോ? ഉണ്ടെങ്കിൽ അതിനെ കണ്ടെത്തുവാൻ നമുക്കു സാധിക്കുമോ? നമുക്കു വെളിപ്പാടു പുസ്തകം 12–ാം അദ്ധ്യായം ഒന്നാം വാക്യം മുതൽ നോക്കാം.

"സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി: സൂര്യനെ അണിഞ്ഞൊരു സ്ത്രീ; അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. അവൾ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു" (വെളി. 12:1,2).

പ്രവചനത്തിൽ സത്യസഭയെ ഒരു വിശുദ്ധ സ്ത്രീയോട് ഉപമിച്ചിരിക്കുന്നു. യെഹൂദാജനത്തെ "സുന്ദരിയും സുഖഭോഗിനിയുമായ

സീയോൻ പുത്രി" എന്നും സീയോനോട് "നീ എന്റെ ജനം" എന്നും "സീയോൻപുത്രി" എന്നും ഒക്കെ വിളിച്ചിരിക്കുന്നത് നമുക്കു തിരുവെഴുത്തിൽ കാണാം (യിരെ. 6:2; യെശ. 51:16; മീഖാ 4:10–5:3; യെശ. 66:6–9). ദൈവത്തിൽനിന്ന് അകന്നുപോയ സമൂഹത്തെ ഒരു ദുഷ്ട സ്ത്രീയോടും ഉപമിക്കുന്നുണ്ട് (വെളി. 17:1–5).

ഒരു പരിശുദ്ധ സ്ത്രീയായി യേശു തന്റെ സഭയെ ചിത്രീകരിക്കുന്നു. ഇവിടെ സ്വർഗ്ഗത്തിൽ സൂര്യനെ അണിഞ്ഞ സ്ത്രീയെ കണ്ടു എന്നതിന്റെ അർത്ഥം യോഹന്നാൻ ഈ ദർശനം ആകാശത്തിൽ കണ്ടു എന്നുള്ളതാണ്. അവൾ സൂര്യനെ അണിഞ്ഞിരിക്കുന്നു. സൂര്യൻ നീതിയിൻ സൂര്യനായ യേശു തന്നെയാണ്. "യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു." "നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും." "കർത്താവായ യേശുക്രിസ്തുവിനെ ധരിച്ചുകൊൾവിൻ." "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (സങ്കീ. 84:11; മലാഖി 4:2; റോമർ 13:14; യോഹ. 9:5).

അവളുടെ കാൽക്കീഴ് ചന്ദ്രനെ കാണുന്നു. ചന്ദ്രന് സ്വയം പ്രകാശം ഇല്ല, സൂര്യന്റെ പ്രകാശം തട്ടി അതു പ്രതിഫലിപ്പിക്കുകയാണ്. ഇത് യേശു നൽകുന്ന തന്റെ വചനത്തെ സൂചിപ്പിക്കുന്നു. സഭ ദൈവവചനത്തിൽ അടിസ്ഥാനമിട്ടതാണ്. അത് വചനത്തിൽ നില്ക്കുന്നു. മാത്രമല്ല യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെ സൂചിപ്പിച്ചുകൊണ്ട് നിഴലായി നടത്തിവന്നിരുന്ന യാഗകർമ്മങ്ങളും വഴിപാടുകളുമെല്ലാം ഇവിടെ അവസാനിക്കുകയാണ്. "അവൾ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ട് നിലവിളിച്ചു" എന്നതിന്റെ അർത്ഥം യേശു മനുഷ്യാവതാരമെടുത്ത് ശിശുവായി സ്ത്രീയുടെ സന്തതിയായി ജനിക്കുകയാണ്. നിഴലായി നടത്തിയിരുന്നതിനെ പൊരുളായത് സന്ധിക്കുന്നു (എബ്രാ. 10:1–10).

അവളുടെ തലയിൽ കണ്ട പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടം സഭയുടെ ആരംഭകാലത്തെ കിരീടം അണിയിച്ച പന്ത്രണ്ടു ശിഷ്യന്മാരെ സൂചിപ്പിക്കുന്നു. ഈ ചിത്രീകരണം ക്രൂശിനു മുമ്പും അതിനു ശേഷവുമുള്ള സഭയുടെ ഒരു ചിത്രം നമുക്ക് തരുന്നുണ്ട്. പന്ത്രണ്ടു ഗോത്രങ്ങളെയുംകൂടെ ഇതു പ്രസ്താവിക്കുന്നുണ്ട്. അത് പുതിയ നിയമസഭയിലേക്കും കൂടെ വന്നെത്തുന്നതും ആകുന്നു (വെളി. 7:4).

ഈ അവസരത്തിൽ മറ്റൊരു അടയാളം യോഹന്നാൻ ആകാശത്തിൽ കാണുന്നു. "സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി: ഏഴു

തലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീനിറ മുള്ളൊരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു. അവൾ സകല ജാതികളെയും ഇരിമ്പുകോൽകൊണ്ടു മേയ്പ്പാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു. സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം പോറ്റേണ്ടതിനു ദൈവം ഒരുക്കിയൊരു സ്ഥലം അവൾക്കുണ്ട്" (വെളി. 12:1–6).

കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു എന്ന് നാം കാണുന്നു. ഈ മഹാസർപ്പം പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ ലൂസിഫർ തന്നെയാണ്. അവൻ ആദി മുതൽ കൊലപാതകനാകുന്നു എന്ന് തിരുവെഴുത്ത് അവനെക്കുറിച്ചു പറയുന്നു. നീതിമാനായ ഹാബേലിന്റെ രക്തം മുതൽ ഭൂമിയിൽ ചൊരിയുന്ന സകല രക്തത്തിന്റെയും ഉത്തരവാദി അവനായതുകൊണ്ട് രക്ത നിറമായ ചുവന്ന മഹാസർപ്പമായി അവനെ വിവരിച്ചിരിക്കുന്നു. അവൻ എവിടെനിന്നു വന്നു എന്ന് ഏഴു മുതൽ ഒൻപതു വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത് നോക്കുക:

"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി; ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനുമെന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു" (വെളി. 12:7–9).

നാലാം വാക്യത്തിൽ നാം കണ്ടത് അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു എന്നും യുദ്ധത്തിൽ തോറ്റ ലൂസിഫർ തന്റെ ദൂതന്മാരോടൊപ്പം ഭൂമിയിലേക്കു തള്ളപ്പെട്ടു എന്ന് ഒൻപതാം വാക്യത്തിലും നാം കണ്ടു. ഇവിടെ നക്ഷത്രങ്ങൾ എന്നു പറയുന്നത് സ്വർഗ്ഗീയ ദൂതന്മാരെക്കുറിച്ചാണ് (വെളി. 1:20). അവൻ സ്വർഗ്ഗത്തിൽ ദൈവസിംഹാസനം

പിടിച്ചടക്കുവാനും ദൈവത്തെ സ്ഥാനഭ്രഷ്ടനാക്കുവാനും ശ്രമിച്ചതിനെക്കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു:

"ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്കുതന്നെ വീഴും" (യെശ. 14:13-15). "നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്ന് എണ്ണി ദേവപർവ്വതത്തിൽനിന്ന് തള്ളിക്കളഞ്ഞു; മറയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു" (യെഹെ. 28:16).

സ്വർഗ്ഗത്തിലെ ദൂതന്മാരെ തന്റെ പക്ഷത്തു ചേർക്കുവാൻ ദൈവത്തിനെതിരെ അനേകമായ കളവുകൾ സാത്താൻ പറഞ്ഞു പ്രയോഗിച്ചു. "അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു" (യോഹ. 8:44). "അസത്യം ഉപദേശിക്കുന്ന പ്രവാചകൻതന്നെ വാൽ" (യെശ. 9:15). ഭോഷ്ക്കു കേൾക്കുന്നവൻ വസ്തുത ശരിയാണോ എന്ന് ചിന്തിക്കാതെ പറയുന്നവന്റെ വാൽ പിടിച്ച് അവന്റെ പിന്നാലെ പോകും. അവരുടെ തല ചിന്തിക്കുകയില്ല. ഈ ദുർഗതി സ്വർഗ്ഗത്തിലെ ദൂതന്മാരിൽ മൂന്നിലൊരു ഭാഗത്തിന് വന്നുപെട്ടു എന്നും അവർ സാത്താനോടൊപ്പം സ്വർഗ്ഗത്തിൽനിന്ന് തള്ളപ്പെട്ടു എന്നും നാം ഇവിടെ കാണുന്നു.

ഭൂമിയിലേക്കു തള്ളപ്പെട്ട സാത്താൻ മനുഷ്യരെ തന്റെ പക്ഷത്താക്കി. അവൻ ലോകത്തിന്റെ പ്രഭു ആയി അവകാശം കൊള്ളുന്നു. സോർ രാജാവായും (യെഹെ. 28) ബാബിലോൺ രാജാവായും (യെശ. 14) അവൻ വർണ്ണിക്കപ്പെട്ടിരിക്കുന്നു. രാഷ്ട്രങ്ങളിൽക്കൂടെ സാത്താൻ പ്രവർത്തിച്ച് ക്രിസ്തുവിന്റെ രക്ഷണ്യപദ്ധതിക്ക് തടസ്സം വരുത്തുന്നു. അതുകൊണ്ട് ഈ രാഷ്ട്രങ്ങളെ അവന്റെ തലകളായി നമുക്കു കാണാവുന്നതാണ്. ക്രിസ്തുവിന്റെ സഭയെ തകർത്തുകളവാൻ അഞ്ചു രാഷ്ട്രങ്ങളെ അവൻ ആദ്യം ഉപയോഗിച്ചു. ദൈവത്തിന്റെ വാഗ്ദത്ത സന്തതിയെ മുടിച്ചുകളവാൻ ഈജിപ്തിൽക്കൂടെ സാത്താൻ പ്രവർത്തിച്ചു. സകല

ആൺകുട്ടികളെയും കൊന്നുകളയുവാൻ ഫറവോൻ കല്പന പുറപ്പെടുവിച്ചു.

ഈജിപ്തിനുശേഷം അസീറിയക്കാർ യിസ്രായേൽ ഒരു രാജ്യമാകാതവണ്ണം പത്തു ഗോത്രങ്ങളെയും നശിപ്പിച്ചു. യെശയ്യാവ് 52:4ൽ ഇതു രണ്ടും നാം കാണുന്നു. അസീറിയയ്ക്കുശേഷം ബാബിലോൺ യെഹൂദയെ അടിമത്ത്വത്തിലേക്കു കൊണ്ടുപോയി (യെശ. 47:6). തുടർന്ന് മേദ്യ-പേർഷ്യ സാമ്രാജ്യം ഹാമാന്റെ നേതൃത്വത്തിൽ സകല ദേശങ്ങളിലുമുള്ള സർവ്വ യെഹൂദാജനത്തെയും കൊന്നുകളവാൻ കല്പനയുണ്ടാക്കി. പിന്നെ ഗ്രീക്കുസാമ്രാജ്യം അന്ത്യോക്കസ് എപ്പിഫാനസിന്റെ കാലത്ത് യെഹൂദാജനത്തെ നശിപ്പിക്കുവാൻ ശ്രമം നടത്തി. തുടർന്ന് യേശു ഭൂജാതനായപ്പോൾ റോമാസാമ്രാജ്യം ഹെരോദാവിൽക്കൂടെ സ്ത്രീയുടെ സന്തതിയെ നശിപ്പിക്കുവാൻ ശ്രമിച്ചു (യിരെ 31:15; ഹോശേയ 11:1; മത്തായി 2:16-18). ഈ ആറു രാജ്യങ്ങളിൽ അഞ്ചെണ്ണവും യേശു ഭൂജാതനായ കാലത്തിനുമുമ്പേ കഴിഞ്ഞുപോയതും റോമാസാമ്രാജ്യം അപ്പോൾ ഉള്ളതും ആയിരുന്നു. പിന്നീട് പരിശുദ്ധ റോമാസാമ്രാജ്യം എന്ന മറ്റൊരു നശീകരണശക്തി കൂടെ എഴുന്നേറ്റ് ദൈവജനത്തെ നശിപ്പിക്കുകയുണ്ടായി (വെളി. 17:10).

ഒരു വിശാല അർത്ഥത്തിൽ ചിന്തിച്ചാൽ "ഏഴു തലയും പത്തു കൊമ്പും" എന്നത് സാത്താൻ ക്രിസ്തുവിനെതിരെ ലോകരാഷ്ട്രങ്ങളിൽക്കൂടെ വ്യാപകമായ അധികാരം നടത്തുന്നതിനെ സൂചിപ്പിക്കുകയാണ്. മുഴുലോകവും സാത്താന്റെ കയ്യിൽ ആകുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

സ്വർഗ്ഗത്തിൽ സാത്താനോടും അവനോടുകൂടെ ചേർന്ന ദൂതന്മാരോടും യുദ്ധം ചെയ്തത് മീഖായേലും അവന്റെ ദൂതന്മാരും ആയിരുന്നു എന്ന് നാം വായിച്ചു. മീഖായേൽ എന്ന വാക്കിന്റെ അർത്ഥം ദൈവത്തെപ്പോലെയുള്ളവൻ എന്നാണ്. ഇത് യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. യൂദാ 9-ാം വാക്യത്തിൽ മീഖായേലിനെ പ്രധാനദൂതനെന്നു വിളിച്ചിരിക്കുന്നു. 1 തെസ്സ. 4:16 ൽ പ്രധാനദൂതന്റെ ശബ്ദം മരിച്ചവരെ ഉയിർപ്പിക്കുന്നു എന്നു നാം വായിക്കുന്നു. (യോഹ. 5:27-29) മരിച്ചവരെ ഉയിർപ്പിക്കുന്ന ശബ്ദം യേശുവിന്റേതെന്ന് നാം കാണുന്നു. ഉയിർപ്പിക്കുന്ന പ്രധാനദൂതൻ യേശുവാണ്. പ്രധാനദൂതനായ മീഖായേൽ (ക്രിസ്തു) ദൈവികത്വത്തിൽ രണ്ടാമനാണ് (യോഹ. 1:1-3,10,14;

തീത്തൊസ് 1:3,4; കൊലൊ. 2:9; 1 തിമൊ. 3:16; 1 യോഹ. 5:20). പ്രധാന ദൂതനായ മീഖായേൽ നിത്യത മുതൽ പിതാവിനോടൊപ്പം ഉള്ളവ നാണ്; സൃഷ്ടിക്കപ്പെട്ടവനല്ല (യോഹ. 6:38; 17:5,24; കൊലൊ. 1:15-17; മീഖാ 5:2; യോഹ. 8:58). പ്രധാനദൂതനായ മീഖായേൽ സ്വർഗ്ഗീയ സൈന്യത്തിന്റെയും ദൂതഗണങ്ങളുടെയും അധിപനാണ് (യോശുവ 5:14,15). ദൂതഗണങ്ങളും ക്രിസ്തുവിനെ ആരാധിക്കുന്നു (കൊലൊ. 2:18; വെളി. 19:10; 22:8,9; എബ്രാ. 1:6). യേശുവിനെ ദൂതനെന്നു വിളിച്ചി രിക്കുന്നത് ശ്രദ്ധിക്കുക (പുറ. 3:2; 14:19; 23:20,23; മലാഖി 3:1; യെശ. 63:9; ദാനീ. 3:28; ന്യായാ. 6:11-22; 13:3-22; സെഖ. 3:1-10; ഹോശേയ 12:4; ഉല്പത്തി 32:30; ദാനീ. 8:28,11; 10:21; 12:1; 9:25). ഇവിടെയെല്ലാം പറയ പ്പെടുന്ന പ്രഭു ക്രിസ്തുവാണ്. ദാനീയേലിനു വെളിപ്പെട്ട ക്രിസ്തുതന്നെ യാണ് വെളിപ്പാടിൽ യോഹന്നാന് പ്രത്യക്ഷനായത്. ദാനീയേൽ 10:13 ആ വ്യക്തിയെ പ്രധാന ദൂതനെന്നു വിളിച്ചിരിക്കുന്നു. ഇതിൽനി ന്നെല്ലാം സാത്താന് ക്രിസ്തുവിനോടും അവന്റെ വിശുദ്ധ ജനത്തോടും ഉള്ള വെറുപ്പും വൈരാഗ്യവും നമുക്ക് വ്യക്തമാണ്.

ക്രിസ്തു ഭൂജാതനായപ്പോൾ അവനെ തിന്നുകളവാൻ മഹാസർപ്പം പരിശ്രമിച്ചത് നാം വായിച്ചുവല്ലോ. “അവൾ സകല ജാതികളെയും ഇരുമ്പുകോൽകൊണ്ടു മേയ്പാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു” (വെളി. 12:5). യേശുക്രിസ്തു ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേൽക്കുകയും അതോടുകൂടെ സാത്താന്റെ തല തകരു കയും ചെയ്തു. ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗസിംഹാസന ത്തിലേക്ക് കരേറിപ്പോയി.

“അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടത്: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദി പ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്ക് അല്പ കാലമേയുള്ളൂ എന്ന് അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ

അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു" (വെളി. 12:10-12). ക്രിസ്തുവിന് എതിരെയുള്ള പിശാചിന്റെ ക്രോധം ഭൂമിയിൽ ക്രിസ്തുവിന്റെ ശരീരമായ സഭയോട് അവൻ കാണിക്കുകയാണ്. അതിന്റെ ഭീകരത എത്രമാത്രമാണെന്നും അന്ത്യത്തിൽ അത് എങ്ങനെ ആയിത്തീരുമെന്നും ക്രിസ്തു തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. പക്ഷേ ക്രിസ്തുവിന്റെ വിശുദ്ധ ജനത്തിൽ ആരും തോറ്റുപോകയില്ല. "അവർ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും സാത്താനെ ജയിച്ചു." അവർ മരണപര്യന്തം തങ്ങളുടെ സ്വന്തപ്രാണനെ സ്നേഹിച്ചില്ല. ക്രിസ്തുവിന്റെ സ്നേഹമായിരുന്നു അവർക്ക് അതിശ്രേഷ്ഠം!

"തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു എന്നു മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചുതുടങ്ങി. അപ്പോൾ സ്ത്രീക്ക് മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിന് വലിയ കഴുകന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവളെ സർപ്പത്തോട് അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു" (വെളി. 12:13,14).

"സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി; അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം പോറ്റേണ്ടതിനു ദൈവം ഒരുക്കിയൊരു സ്ഥലം അവൾക്കുണ്ട്" (വെളി. 12:6).

ക്രിസ്തുവിനെ നശിപ്പിക്കുവാൻ കഴിയാതെ വന്നതുകൊണ്ട് സാത്താൻ ക്രിസ്തുവിന്റെ സഭയെ ഒടുക്കിക്കളവാൻ പരിശ്രമം തുടങ്ങി. ആദ്യകാല ക്രിസ്ത്യാനികളിൽ പലരും, അപ്പൊസ്തലന്മാരുമൊക്കെ രക്തസാക്ഷികളായിത്തീർന്നു. റോമൻ ചക്രവർത്തിമാരെല്ലാം ക്രിസ്ത്യാനികളെ കൊന്നൊടുക്കുന്നതിൽ ആനന്ദം കണ്ടെത്തി. പക്ഷേ ഇതിൽ സാത്താൻ വിജയിച്ചില്ല. ഒരു സത്യവിശ്വാസിയുടെ ജീവൻ രക്തം കൊണ്ട് മുദ്രയിടുമ്പോൾ അതു കണ്ടുനിന്നിരുന്ന അനേകർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചുതുടങ്ങി. ആ കാലങ്ങളിൽ ക്രിസ്ത്യാനികളുടെ രക്തം ഫലപ്രദമായ നിലത്തു വീഴുന്ന വിത്തെന്ന പോലെ നൂറു മേനി ഫലം കൊണ്ടുവന്നുകൊണ്ടിരുന്നു. പീഡനം കർശനമായി തുടരുന്നതനുസരിച്ച് ക്രിസ്ത്യാനികളുടെ എണ്ണം പെരുകിത്തുടങ്ങി. തന്റെ തന്ത്രം ഫലിക്കുന്നില്ല എന്നു കണ്ട് സാത്താൻ സഭയ്ക്കുള്ളിൽ കയറി തന്റെ കൗശലം പ്രയോഗിക്കുവാൻ തീരുമാനിച്ചു.

അതിന്റെ അനന്തരഫലം ക്രിസ്തുമതത്തിലേക്കു കുസ്തന്തിനോസ് ചക്രവർത്തി നാമമാത്രമായ മാനസാന്തരം കാഴ്ചവച്ചതിൽ തുടങ്ങുന്നു. രാജകല്പന അനുസരിച്ച് സൈനികരെല്ലാം ആയുധങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നദിയിൽക്കൂടി കടന്നു. പിന്നീടുള്ള രാജകല്പന അന്നുമുതൽ അവരെല്ലാവരും ക്രിസ്ത്യാനികളാണെന്നും അവർ നദിയിൽ സ്നാനപ്പെട്ടിരിക്കുന്നു എന്നും ആയുധങ്ങൾ സ്നാനപ്പെടാത്തതുകൊണ്ട് വീണ്ടും അവർ സൈനികരായി തുടരണമെന്നും ആയിരുന്നു.

ഇതുപോലെ കൊട്ടാരവാസികളും ന്യായാധിപന്മാരും എല്ലാം നാമമാത്രമായ ക്രിസ്ത്യാനികളായിത്തീർന്നു. തുടർന്നുള്ള രാഷ്ട്രീയ സ്ഥിതിഗതികൾ നേരിടുവാനെന്നവണ്ണം റോമിലെ ബിഷപ്പിനെ ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്ത് പോപ്പായി വാഴിക്കുകയും മറ്റുള്ള എല്ലാ ബിഷപ്പുമാരും റോമിലെ മാർപ്പാപ്പ പറയുന്നത് അനുസരിച്ചുകൊള്ളണമെന്നും രാജകീയ വിളംബരം ഉണ്ടായി. അന്നുവരെയും രാജകല്പന അനുസരിച്ച് കടന്നുവന്നിരുന്ന ക്രിസ്ത്യാനികൾ റോമാസാമ്രാജ്യത്തിന്റെ സൂര്യദേവനുപകരം ഞായറാഴ്ചകളിൽ യേശുവിന്റെ നാമത്തിൽ ആരാധിച്ചിരുന്നപ്പോൾ സത്യവിശ്വാസികളായിരുന്നവർ ക്രിസ്തീയവും അപ്പൊസ്തലികവും ആയ തിരുവചന പാരമ്പര്യം അനുസരിച്ച് ദൈവകല്പനപ്രകാരം ഏഴാം ദിന ശബ്ബത്ത് അനുഷ്ഠിച്ചിരുന്നു. ചക്രവർത്തിയിലും മാർപ്പാപ്പയിലുംകൂടെ സാത്താൻ പ്രവർത്തിച്ചുകൊണ്ട് ദൈവത്തിന്റെ സൃഷ്ടി സ്മാരകമായ ഏഴാംദിന ശബ്ബത്തിന്റെ സ്ഥാനത്ത് സൂര്യ ആരാധനയുടെ ഭാഗമായ ഞായറാഴ്ച ആചാരം പ്രതിഷ്ഠിച്ചു. അതുപോലെ രണ്ടാം കല്പന എടുത്തുമാറ്റിയിട്ട് വിഗ്രഹാരാധന സ്ഥാപിച്ചു. ദൈവകല്പന അനുസരിക്കുന്നതിൽ ഉറച്ചുനിന്നിരുന്ന സത്യവിശ്വാസികളെ കൊന്നൊടുക്കുവാൻവരെ രാജാവിലും മാർപ്പാപ്പയിലുംകൂടെ പ്രവർത്തിച്ചുകൊണ്ട് സാത്താൻ നിയമനിർമ്മാണം നടത്തി. ഈ പീഡനം എത്ര കാലം നിലനിന്നു എന്ന് തിരുവെഴുത്തു പറയുന്നു.

ഈ പീഡനകാലത്തെ "ആയിരത്തിരുന്നൂറ്ററുപതു ദിവസം" എന്ന് ആറാം വാക്യത്തിലും "ഒരുകാലവും ഇരുകാലവും അരക്കാലവും" എന്നു പതിനാലാം വാക്യത്തിലും നാം വായിച്ചു. പ്രവചനപ്രകാരം ഒരുകാലം ഒരു വർഷവും ഇരുകാലം രണ്ടു വർഷവും അരക്കാലം അര വർഷവുമാണ്. അക്കാലങ്ങളിൽ കണക്കുകൂട്ടിയിരുന്ന പ്രകാരം

ഒരു കാലം = 360 ദിവസം. ഇരുകാലം രണ്ടുവർഷം = 360+360 = 720 ദിവസം. അരക്കാലം = 180 ദിവസം. അപ്പോൾ ആകെ 1260 ദിവസം. അതായത് ആറാം വാക്യത്തിലെ കാലസംഖ്യ തന്നെയാണ് പതിനാലാം വാക്യത്തിലെ കാലസംഖ്യയും.

പ്രവചന വ്യാഖ്യാനത്തിന് ഒരു ദിവസം ഒരു വർഷം എന്ന കണക്ക് നാം മുമ്പ് പഠിച്ചുവല്ലോ. അതിൻപ്രകാരം ഈ കാലസംഖ്യ 1260 വർഷമാണ്. ഇതേ കാലസംഖ്യയെക്കുറിച്ച് ദാനീയേൽ പ്രവചനത്തിലും വെളിപ്പാട് 11-ാം അദ്ധ്യായത്തിലും മറ്റുമൊക്കെ പ്രവചിച്ചിരിക്കുന്നത് നാം വായിച്ചതാണല്ലോ. ഇത് മഹാസർപ്പത്തിന്റെ പ്രവർത്തനപ്രകാരം ജസ്റ്റീനിയൻ ചക്രവർത്തിയിൽനിന്ന് മാർപ്പാപ്പ പരമാധികാരം പ്രാപിച്ച് ശബ്ബത്ത് അനുസാരികളായ സത്യക്രിസ്ത്യാനികളെ കൊന്നൊടുക്കുവാൻ കല്പന ഇറക്കിയ എ.ഡി. 538 ൽ ആരംഭിക്കുന്നു. അന്നുമുതൽ 1260 വർഷം കൂട്ടുമ്പോൾ എ.ഡി. 1798 ൽ എത്തിച്ചേരും. ആ വർഷത്തിലാണ് മാർപ്പാപ്പ തടവുകാരനാക്കപ്പെട്ടതും ജയിലിൽ മരിച്ചതും. നെപ്പോളിയൻ ചക്രവർത്തിയുടെ കാലത്തുണ്ടായ ഈ സംഭവവും ചരിത്രവസ്തുതയാണല്ലോ. മേല്പറഞ്ഞ 1260 വർഷ കാലഘട്ടം ചരിത്രത്തിൽ അന്ധകാരയുഗമെന്നും അറിയപ്പെടുന്നു. ആ കാലങ്ങളിൽ ബൈബിൾ വായിക്കുന്നതുപോലും പാപ്പാത്വമതം നിഷേധിച്ചിരുന്നു. ഈ കാലഘട്ടത്തിലാണ് യേശുക്രിസ്തു തന്റെ സത്യസഭയെ സർപ്പത്തോട് അകലെ മരുഭൂമിയിൽ കാത്തുസൂക്ഷിച്ചത്. അല്ലായിരുന്നെങ്കിൽ സത്യവിശ്വാസികളിൽ ആരുംതന്നെ ജീവനോടെ ശേഷിക്കയില്ലായിരുന്നു.

"സ്ത്രീക്ക് മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നുപോകേണ്ടതിന് വലിയ കഴുകന്റെ രണ്ടു ചിറക് ലഭിച്ചു." ഇതിന്റെ അർത്ഥം ദൈവം തന്റെ സഭയെ തന്റെ ബലമുള്ള കൈക്കീഴ് സൂക്ഷിച്ചു എന്നതാണ്. "കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്കു മീതെ പറക്കുംപോലെ താൻ (ദൈവം) ചിറകു വിരിച്ച് അവനെ എടുത്തു തന്റെ ചിറകിന്മേൽ അവനെ വഹിച്ചു" (ആവ. 32:11). "കൺമണിപോലെ" ദൈവം തന്റെ ജനത്തെ സൂക്ഷിച്ചു (ആവ. 32:10).

ദൈവജനങ്ങൾ ഒളിവിൽ കഴിഞ്ഞിരുന്ന ഏകാന്ത പ്രദേശങ്ങളെ മരുഭൂമി എന്ന് ഇവിടെ പറയുന്നു. സഭ അക്കാലത്ത് ബാഹ്യലോകത്തിൽ കാണപ്പെട്ടിരുന്നില്ല. പാപ്പാത്വമതത്തിലെങ്ങും ഞായറാഴ്ച

ആചാരവും വിഗ്രഹാരാധനയും പെരുന്നാളുകളും ആഘോഷങ്ങളും അന്ധവിശ്വാസങ്ങളും മാത്രമായിരുന്നു. സത്യസഭ (സൂര്യനെ അണിഞ്ഞ സ്ത്രീ) മരുഭൂമിയിൽ പോകാതെ ഇരുന്നെങ്കിൽ അതിലെ വ്യക്തികൾ ആരുംതന്നെ ജീവനോടെ ശേഷിക്കയില്ലായിരുന്നു. ദൈവം തന്റെ ദാസനായ ഏലീയാവിനെ കെരീത്ത് തോട്ടിനരികെയും സാരെഫാത്തിലും സൂക്ഷിച്ചതുപോലെയും ശിശുവായിരുന്ന യേശുവിനെക്കൊണ്ട് യോസേഫും മറിയയും മിസ്രയീമിൽ പോയതുപോലെയും ദൈവം തന്റെ ജനത്തെ മഹാസർപ്പത്തിന്റെ വായിൽപ്പെടാതെ സൂക്ഷിച്ചു.

എ.ഡി. 538 മുതൽ 1798 വരെ ദൈവജനം ഈ ഭൂമിയിൽ പ്രത്യക്ഷമായും കാണപ്പെട്ടിരുന്നില്ല. ഈ കാലയളവിൽ പല ക്രിസ്തീയ സമൂഹങ്ങൾ രൂപംകൊള്ളുകയും വിശ്വസ്തരായ ധാരാളം ക്രിസ്ത്യാനികൾ അതിൽ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇവയൊന്നുംതന്നെ ദൈവത്തിന്റെ സത്യസഭയുടെ ശേഷിപ്പ് ആയിരുന്നില്ല. ഈ കാലയളവിനുശേഷം മാത്രമാണ് യഥാർത്ഥ സത്യസഭ രൂപംകൊണ്ട് അതിലേക്ക് ജനത്തെ വിളിച്ചു തുടങ്ങിയത്.

“സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിന് അവളുടെ പിന്നാലെ തന്റെ വായിൽനിന്ന് നദിപോലെ വെള്ളം ചാടിച്ചു. എന്നാൽ ഭൂമി സ്ത്രീക്ക് തുണ നിന്നു; മഹാസർപ്പം വായിൽനിന്നു ചാടിച്ച നദിയെ ഭൂമി വായ്തുറന്ന് വിഴുങ്ങിക്കളഞ്ഞു” (വെളി. 12:15,16).

നദികളിൽ വാസം ചെയ്യുന്ന ഒരു ഘോരമൃഗമായി മഹാസർപ്പത്തെയെഹെസ്കേൽ 29:3 വിവരിക്കുന്നു. വെള്ളത്തെ നാശത്തിന്റെ ഒരു അടയാളമായും കാണാവുന്നതാണ്. ദൈവത്തിന്റെ സത്യസഭയെ തകർക്കേണ്ടതിന് സാത്താൻ പീഡനം അഴിച്ചുവിട്ടതോടൊപ്പം വിപരീത ഉപദേശങ്ങളും കടത്തിക്കൊണ്ടുവന്നത് നാം കണ്ടുകഴിഞ്ഞു. “നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും അത്രേ” (വെളി. 17:15). അതായത് മുഴുലോകത്തെയും തന്റെ കയ്യിൽ എടുത്തുകൊണ്ട് സാത്താൻ ദൈവസഭയെ തകർത്തുകളയുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, ഭൂമി സ്ത്രീക്കു തുണനിന്നു. മഹാസർപ്പം വായിൽനിന്നു ചാടിച്ച നദിയെ ഭൂമി വായ് തുറന്നു വിഴുങ്ങിക്കളഞ്ഞു.

ഇതിന്റെ അർത്ഥം എന്താണ്? പ്രവചനത്തിൽ വെള്ളം എന്നു പറയുന്നത് “വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളുമത്രേ.”

അപ്പോൾ ഭൂമി എന്നതിന് അർത്ഥം ജനവാസം തീരെ ഇല്ലാത്തതോ വളരെ കുറവായതോ ആയ പ്രദേശമെന്നാണ്. ഈ കാലഘട്ടത്തിലാണ് അമേരിക്ക കണ്ടുപിടിക്കപ്പെട്ടത്. യൂറോപ്യൻ രാജ്യങ്ങളിൽ പാപ്പാത്വ മതപീഡനം സഹിച്ചു വലഞ്ഞവരായ സത്യവിശ്വാസികൾ വടക്കേ അമേരിക്കയിലേക്കു കുടിയേറുവാൻ തുടങ്ങി. പോപ്പില്ലാത്ത സഭയും രാജാവില്ലാത്ത രാജ്യവും ആയിരുന്നു അവരുടെ സ്വപ്നം. മനഃസാക്ഷി സ്വാതന്ത്ര്യത്തെ അവർ ജീവനെക്കാൾ വിലമതിച്ചിരുന്നു. ഇപ്രകാരം മഹാസർപ്പം വായിൽനിന്ന് ചാടിച്ച നദിയെ ഭൂമി വായ്തുറന്ന് വിഴുങ്ങിക്കളഞ്ഞത് നാം കാണുന്നു. സത്യവിശ്വാസികൾക്ക് അഭയസ്ഥാനമായി ഒരു പുതിയ ഭൂപ്രദേശം ലഭ്യമായി.

“മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടൽപ്പുറത്തെ മണലിന്മേൽനിന്നു” (വെളി. 12:17).

സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പിനെ ഇവിടെ നാം കണ്ടെത്തുന്നു. മഹാസർപ്പം എന്ന സാത്താൻ സത്യസഭയെന്ന വിശുദ്ധ സ്ത്രീയുടെ ശേഷിപ്പ് ആയ അന്ത്യകാല ദൈവജനത്തോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു വന്നിരിക്കുന്നു. ഈ ശേഷിപ്പിനെ സാത്താൻ വെറുക്കുന്നതിന്റെ കാരണം അവർ ദൈവകല്പന പ്രമാണിക്കുന്നവരായതുകൊണ്ടും അവർക്ക് യേശുവിന്റെ സാക്ഷ്യം ഉള്ളതുകൊണ്ടുമാണ്. ദൈവകല്പനയെന്നത് ദൈവത്തിന്റെ പത്തു കല്പനയെ സൂചിപ്പിക്കുന്നു (പുറ. 20:3–17). യേശുവിന്റെ സാക്ഷ്യം പ്രവചനത്തിന്റെ ആത്മാവ് ആണ് (വെളി. 19:10).

ദൈവജനത്തിന്റെ പ്രത്യേകത അവർ ദൈവത്തിന്റെ പത്തു കല്പന കാക്കുന്നവരും പ്രവചനത്തിന്റെ ആത്മാവുള്ളവരും ആകുന്നു എന്നതാണ്. അവരാണ് അന്ത്യകാലത്തുള്ള സത്യസഭ.” നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.” അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം” (യോഹന്നാൻ 14:15; 1 യോഹ. 5:3).

മഹാസർപ്പം കടൽപ്പുറത്തെ മണലിന്മേൽ നില്ക്കുന്നു. കടൽ (വെള്ളം) ജനത്തെ അഥവാ പുരുഷാരത്തെ കുറിക്കുന്നു (വെളി. 17:15). മണലിന്മേൽ സമുദ്രത്തെ നോക്കി സാത്താൻ നില്ക്കുകയാണ്.

അതായത് വിവിധ വിഭാഗങ്ങളിൽ ഉള്ള മനുഷ്യരെ സാത്താൻ തന്റെ നിയന്ത്രണത്തിലാക്കി സത്യസഭയ്ക്കെതിരെ തിരിച്ചിരിക്കുന്നു. സാത്താന്റെ നിയന്ത്രണത്തിലാകയാൽ മറ്റുള്ളവർ സത്യത്തെയും സത്യ സഭയെയും വെറുക്കുന്നു. ക്രിസ്തുവിനോടെന്നപോലെ അവർ സത്യ സഭയെയും നശിപ്പിക്കുവാൻ ശ്രമിക്കുന്നു.

തിരുവെഴുത്ത് അനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾ സത്യ സഭയെ വെളിവാക്കുന്നു:

1. പാപ്പാത്വ പീഡനകാലമായ (അന്ധകാരയുഗം) എ. ഡി. 538–1798 വരെയുള്ള കാലം കഴിഞ്ഞതിനുശേഷം മാത്രം ശേഷിപ്പുസഭ രൂപംകൊള്ളുന്നു.
2. അപ്പൊസ്തലിക ഉപദേശം (തിരുവചന ഉപദേശം) മാത്രം പിൻതുടരുന്നു.
3. നാലാം കല്പനയടക്കം പത്തു കല്പനകളും അനുസരിക്കുന്നു
4. പ്രവചനവരം ഉണ്ട്
5. അന്ത്യ കൃപാദൂത് ഘോഷിക്കുന്നു
6. ഭൂവാസികളായ സകല ജാതി ഗോത്ര ഭാഷ വംശമായ എല്ലാ വരോടും ദൂതറിയിക്കുന്നു.
7. യേശുവിൽക്കൂടെയുള്ള രക്ഷ എന്ന നിത്യസുവിശേഷം ഘോഷിക്കുന്നു.

ഈ ഏഴു കാര്യങ്ങളും തന്നുകൊണ്ട് “സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പുള്ള” സത്യസഭയായ ദൈവജനത്തെ കണ്ടെത്തുവാൻ യേശു നിങ്ങളെ വിളിക്കുന്നു. അതു കണ്ടെത്തി അതിൽ നിലനില്ക്കുവാൻ യേശു നിങ്ങളെ ആഹ്വാനം ചെയ്യുന്നു. യേശുവിന്റെ വീണ്ടുംവരവിനെ അഡ്വെന്റ് (advent) എന്ന വാക്ക് അർത്ഥമാക്കുന്നു. അഡ്വെന്റിസ്റ്റ് എന്ന വാക്ക് അർത്ഥമാക്കുന്നു. അഡ്വെന്റിസ്റ്റ് (adventist) എന്നാൽ യേശു വിന്റെ വീണ്ടുംവരവിനുവേണ്ടി കാത്തിരിക്കുന്നവർ എന്നാണ് അർത്ഥം. ദൈവത്തിന്റെ നാലാം കല്പനയെ മനഃപൂർവ്വം തള്ളിക്കളയുവാൻ സാത്താൻ ക്രിസ്തീയ സഭകളെ പ്രേരിപ്പിച്ചിരിക്കയാൽ നാലാം കല്പന അടക്കം പത്തു കല്പനകളും അനുസരിക്കുന്നവരെന്ന പേരിൽ നിന്നുതന്നെ അർത്ഥമാക്കുവാൻ സെവെന്ത്-ഡെ അഡ്വെന്റിസ്റ്റുകാർ

എന്ന് അവർ തങ്ങൾക്ക് പേരും കൊടുത്തിരിക്കുന്നു. "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം" (വെളി. 14:12).

യേശുവിന്റെ വീണ്ടുംവരവിനു മുമ്പുള്ള സമയത്തെക്കുറിച്ച് അത് നോഹയുടെ കാലംപോലെ ആയിരിക്കുമെന്നു യേശു പറഞ്ഞു (ലൂക്കൊസ് 17:26). അന്ന് രക്ഷയ്ക്കായി ഒരു വഴി മാത്രമേ ഉണ്ടായിരുന്നുള്ളു. രക്ഷ ആവശ്യമുള്ളവർ പെട്ടകത്തിൽ കടക്കണമായിരുന്നു. അപ്രകാരം ഇന്നും "ഏകപ്രത്യാശ" മാത്രമാണ് ഉള്ളത്. "ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്" (എഫെസ്യർ 4:4,5). യഥാർത്ഥ ക്രിസ്ത്യാനികൾ ഇന്ന് പല സഭകളിലും പല മതസമൂഹങ്ങളിലും ഉണ്ട് എങ്കിലും സത്യം കേട്ടുകഴിയുമ്പോൾ അവർ ദൈവത്തിന്റെ ശേഷിപ്പു സഭയോടു ചേർന്നുനിൽക്കും. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്ക് ഉണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും" (യോഹ. 10:16).

# സമുദ്രത്തിൽനിന്നു കയറിയ മൃഗവും ഭൂമിയിൽനിന്നു കയറിയ മൃഗവും

## (വെളിപ്പാട് 13–ാം അധ്യായം)

**ദൈ**വമക്കൾക്കെതിരെയുള്ള സാത്താന്റെ പോരാട്ടം തുടർന്നു കൊണ്ടുപോകുന്നതിന് അവൻ ഉപയോഗിക്കുന്ന രണ്ടു ശക്തികളെ



സമുദ്രത്തിൽനിന്ന് കയറിയ മൃഗം

ക്കുറിച്ച് ഈ അദ്ധ്യായം പ്രസ്താവിക്കുന്നു. ദൈവജനത്തിന്റെ മേൽ സാത്താൻ കൊണ്ടുവരുന്ന സകലവിധ പ്രതികൂലങ്ങളുടെമേലും അവർ വിജയിക്കുമെന്നത് ദൈവത്തിന്റെ വിലയേറിയ വാഗ്ദത്തമാണ്. “അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളൊരു മൃഗം സമുദ്രത്തിൽനിന്നു കയറുന്നതു ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. അതിനു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു” (വെളി. 13:1,2).

പ്രവചനത്തിൽ മൃഗം എന്നത് ലോകരാജ്യങ്ങളെയും അധികാരങ്ങളെയും കുറിക്കുന്നു എന്ന് നാം കണ്ടുകഴിഞ്ഞല്ലോ. “സമുദ്രത്തിൽനിന്നു കയറുന്നു” എന്നതിന്റെ അർത്ഥം രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളുടെയും യുദ്ധങ്ങളുടെയും ഫലമായി പുതിയ രാഷ്ട്രങ്ങളും സാമ്രാജ്യങ്ങളും ഉത്ഭവിച്ചു വരുന്നു എന്നുള്ളതാണ്. പുള്ളിപ്പുലിക്ക് സദൃശമായ ഈ മൃഗത്തിന് കരടിയുടെ കാൽ പോലെയുള്ള കാലും സിംഹത്തിന്റെ വായ് പോലെയുള്ള വായും ഉണ്ട്. അതിന് പത്തുകൊമ്പും ഏഴു തലയും കൊമ്പുകളിൽ രാജകിരീടവും തലയിൽ ദൂഷണനാമങ്ങളും ഉണ്ട്. ദൂഷണനാമങ്ങൾ എന്നതിന്റെ അർത്ഥം ദൈവത്തെ ബഹുമാനിക്കാതിരിക്കുക എന്നുള്ളതാണ്. ഈ ഭൂമിയിൽ ദൈവത്തിന്റെ അധികാരത്തെ മാനിക്കാതെ സ്വന്ത അധികാരം നിലനിർത്തുവാൻ ശ്രമിക്കുന്നു. ദാനീയേൽ 7-ാം അദ്ധ്യായത്തിൽ കാണുന്ന സിംഹത്തോടു സദൃശമായ ബാബിലോൺ സാമ്രാജ്യത്തിന്റെയും കരടിയോടു സദൃശമായ മേദ്യ-പേർഷ്യ സാമ്രാജ്യത്തിന്റെയും പുള്ളിപ്പുലിക്കു സദൃശമായ ഗ്രീക്കു സാമ്രാജ്യത്തിന്റെയും പത്തു കൊമ്പുണ്ടായിരുന്നതുമായ റോമാസാമ്രാജ്യത്തിന്റെയും മതപരവും ആചാരപരവുമായ അനുഷ്ഠാനങ്ങളൊക്കെ വെളിപ്പാട് 13 ലെ ഈ മൃഗം അഥവാ ഭൗമിക അധികാര ശക്തി മുറുകെ പിടിച്ചുകൊണ്ടുപോകുന്നു. മേല്പറഞ്ഞ സാമ്രാജ്യങ്ങളിലെല്ലാം ചക്രവർത്തിയെ ദൈവസ്ഥാനത്തു പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്നു. റോമാസാമ്രാജ്യത്തിന്റെ ശവക്കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ചരിത്രം പ്രസ്താവിക്കുന്നതും മാർപാപ്പ തലവനായതുമായ പരിശുദ്ധ റോമാസാമ്രാജ്യത്തിലും പോപ്പിനെ ദൈവമാക്കി ആരാധിച്ചിരുന്നു. ഈ മൃഗത്തിന് മഹാസർപ്പം അഥവാ

സാത്താൻ അവന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു എന്ന് പ്രവചനം പറയുന്നു. ഇതിനെക്കുറിച്ച് നമുക്ക് വീണ്ടും ശ്രദ്ധിക്കാം:

"അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവ് പൊറുത്തുപോയി. സർവ്വ ഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു. മൃഗത്തിന് അധികാരം കൊടുത്തതുകൊണ്ട് അവർ മഹാസർപ്പത്തെ നമസ്കരിച്ചു: മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു. വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അതു ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു. വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിപ്പാനും അതിന് അധികാരം ലഭിച്ചു; സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരവും ലഭിച്ചു" (വെളിപ്പാട് 13:3-7).

പരിശുദ്ധ റോമാസാമ്രാജ്യം അഥവാ പാപ്പാത്വ റോമാസാമ്രാജ്യം അധികാരം നടത്തിയിരുന്ന 1260 വർഷകാലഘട്ടത്തെ അന്ധകാരയുഗം എന്നു ചരിത്രം ഘോഷിക്കുന്നത് നാം പഠിച്ചുകഴിഞ്ഞല്ലോ. ഈ 13-ാം അദ്ധ്യായത്തിലെ അഞ്ചാം വാക്യത്തിൽ അതിന് "42 മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു" എന്നു നാം കാണുന്നു. മുൻ അദ്ധ്യായങ്ങളിൽ ഈ കാലഘട്ടത്തെക്കുറിച്ച് പഠിച്ചത് വായനക്കാർ ഓർക്കുമല്ലോ. പരിശുദ്ധ റോമാസാമ്രാജ്യമെന്ന പാപ്പാത്വ ശക്തി അതിന് മരണകരമായ മുറിവേറ്റതുവരെ ദൈവത്തിന്റെ വിശുദ്ധ ജനത്തെ തകർത്തുകൊണ്ടിരുന്നു. 16-ാം നൂറ്റാണ്ടിലെ മതപരമായ ഉണർവ്വ് അതിനേറ്റ ഒരടിയായിരുന്നു. പക്ഷേ അതിനു മരണകരമായ മുറിവേറ്റത് എ.ഡി. 1798 ൽ ഫ്രഞ്ച് സേനാനായകൻ ജനറൽ ബർത്തിയർ റോമിനെ കീഴടക്കി പോപ്പിനെ ബന്ധനസ്ഥനാക്കുമ്പോഴായിരുന്നു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട മാർപാപ്പ 1799 ആഗസ്റ്റ് 29 ന് മരണമടയുകയും ചെയ്തു. മരണകരമായ മുറിവേറ്റു എങ്കിലും അതിന്റെ മുറിവ് പൊറുത്തുപോയി എന്നു തിരുവചനം പറയുന്നു. 1800-ാമാണ്ട് ആരംഭത്തിൽതന്നെ മറ്റൊരു പോപ്പ് വാഴിക്കപ്പെട്ടു.

1929 ൽ ഒപ്പു വയ്ക്കപ്പെട്ട ലാറ്ററൻ ഉടമ്പടി പ്രകാരം 109 ഏക്ക റോളം വിസ്തൃതിയുള്ള വത്തിക്കാൻ സംസ്ഥാനത്തിന്റെ ഭരണ സാരഥ്യം പോപ്പിനു ലഭിച്ചപ്പോൾ റോമിന്റെ അധികാരം പുനഃ സ്ഥാപിക്കപ്പെട്ടു എന്ന് പലരും ചിന്തിച്ചു. പക്ഷേ ദൈവം ഇവിടെ പറയുന്നത് അതിനെക്കാൾ വലിയ പുനഃസ്ഥാപനമാണ്.

എന്താണ് മരണകരമായ മുറിവ്? എങ്ങനെ അതിനു മുറിവേറ്റു? 1260 വർഷക്കാലം പാപ്പാത്വം എന്നത് മതപരവും രാഷ്ട്രീയവുമായ അധികാരങ്ങളുടെ സംയുക്തമായിരുന്നു. ആ കാലയളവിൽ വിശ്വാസ പരവും മതപരവുമായ വിഷയങ്ങളിൽ അവരോടു യോജിക്കാത്തവരെ രാഷ്ട്രത്തിന്റെ നിയമപ്രകാരം പീഡിപ്പിക്കുവാനും കൊല്ലുവാനും അവർക്കധികാരം ഉണ്ടായിരുന്നു (ദാനീയേൽ 7:25). എന്നാൽ 1799 ൽ മുറിവേറ്റപ്പോൾ വിശുദ്ധജനത്തെ പീഡിപ്പിക്കുവാനുള്ള അധികാരം അവർക്കു നഷ്ടമായി. 1776 ൽ നടന്ന അമേരിക്കൻ വിപ്ലവത്തെ തുടർന്ന് മതപരവും മനസ്സാക്ഷിപരവുമായ സ്വാതന്ത്ര്യം ഓരോ പൗരനും ലഭ്യ മാകുന്നവിധം അമേരിക്കൻ ഭരണഘടന രൂപംകൊണ്ടു. തുടർന്നു നടന്ന ഫ്രഞ്ചുവിപ്ലവം ദൈവത്തിനെതിരെയും കൂടെ ആയിരുന്നു. എങ്കിലും സാമൂഹ്യവും മതപരവുമായ സ്വാതന്ത്ര്യം ഫ്രാൻസിൽ നിലവിൽ വന്നു. ഈ കാലയളവിൽ ആണ് മതപരമായി തങ്ങളോടു യോജിക്കാത്ത വരെ നശിപ്പിച്ചുകൊണ്ടിരുന്ന പാപ്പാത്വ അധികാരത്തിന് തകർച്ച ഉണ്ടാ യത്. ഫ്രാൻസിലെങ്ങും സ്വാതന്ത്ര്യം ഘോഷിക്കപ്പെട്ടു.

1798-നുശേഷം ലോകമെമ്പാടും സാമൂഹ്യവും മതപരവുമായ സ്വാതന്ത്ര്യമെന്ന ആശയം വ്യാപിച്ചുതുടങ്ങി. അന്നു മുതൽ ഇന്നെ യോളം വ്യാപകമായ രീതിയിലുള്ള മതപീഡനം പാപ്പാത്വ സഭ നടപ്പാക്കുന്നില്ല. പക്ഷേ അത് ഉടലെടുക്കുമെന്ന് വെളിപ്പാട് 13-ാം അദ്ധ്യായം വ്യക്തമാക്കുന്നു. പാപ്പാത്വ ശക്തിയെന്ന മൃഗത്തിന് അതിനുള്ള അധികാരം കൊടുക്കുന്ന മറ്റൊരു മൃഗം അഥവാ ഭൗമിക ശക്തി അധികാരത്തിൽവന്ന് അത് നിർവ്വഹിക്കും.

ഈ മൃഗത്തിന് അധികാരം കൊടുത്തത് മഹാസർപ്പം ആണെന്ന് തിരുവെഴുത്ത് പ്രഖ്യാപിക്കുന്നു. അതിന്റെ കാരണം ജനം തന്നെ ആരാധിക്കണം എന്നുള്ള മഹാസർപ്പത്തിന്റെ താല്പര്യമാണ്. കർത്താവും വീണ്ടെടുപ്പുകാരനുമായ രക്ഷകനെ ഉയർന്നൊരു മലയിൽ കൊണ്ടുചെന്ന് അവനോട് “വീണ് എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും

നിനക്കു തരാം" എന്നു സാത്താൻ ഭൂമിയെയും അതിന്റെ സകല മഹത്വത്തെയും കാണിച്ചുകൊണ്ട് പറയുകയുണ്ടായി (മത്തായി 4:8–11). സ്വർഗ്ഗത്തിലും സാത്താനാഗ്രഹിച്ചത് എല്ലാവരും അവനെ ആരാധിക്കണമെന്നുള്ളതായിരുന്നു. അതുകൊണ്ട് വ്യത്യസ്തങ്ങളായ ആരാധനാരീതികൾ മതങ്ങളിലും സഭകളിലും സ്ഥാപിച്ചുകൊണ്ട് സാത്താൻ തന്നെ ആരാധിക്കുവാൻ വേഷപ്രച്ഛന്നനായി നിന്ന് മനുഷ്യരെ പ്രേരിപ്പിക്കുന്നു.

വമ്പും ദൂഷണവും സംസാരിക്കുന്ന വായ് മൃഗത്തിനു ലഭിച്ചു. അത് ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു." പാപ്പാത്വ പ്രസ്താവനകളും ആരാധനാരീതികളും പ്രസിദ്ധീകരണങ്ങളുമെല്ലാം മേല്പറഞ്ഞ പ്രവചനത്തിന്റെ അക്ഷരീക നിറവേറൽ വെളിവാക്കുന്നു. മനുഷ്യർക്ക് പാപമോചനം കൊടുക്കുവാനും അവരെ സ്വർഗ്ഗത്തിൽ വിടുവാൻപോലും മാർപാപ്പക്ക് അധികാരമുണ്ടെന്ന് അവർ അവകാശപ്പെടുന്നു. പലരെയും സ്വർഗ്ഗത്തിൽ വിടുന്നത് ഇപ്പോൾ കൂടുതൽ വ്യാപകമായി വരികയാണ്. സ്വർഗ്ഗീയ മദ്ധ്യസ്ഥനായ യേശുക്രിസ്തുവിങ്കലേക്ക് ആരും നോക്കാതിരിക്കേണ്ടതിന് ഈ റോമൻ മതം ദിവ്യബലികളും കുമ്പസാരങ്ങളും അവർ സ്വർഗ്ഗത്തിൽ അയച്ചവരോടുള്ള അപേക്ഷകളും നടത്തി ജനത്തെ വഞ്ചിക്കുമ്പോൾ സാത്താൻ സന്തോഷിക്കുന്നു. "ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്കരിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ. അടിമയാക്കികൊണ്ടുപോകുന്നവൻ അടിമയായിപ്പോകും; വാൾകൊണ്ടു കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടിവരും; ഇവിടെയാണ് വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവുംകൊണ്ട് ആവശ്യം" (വെളി. 13:8–10).

ദൈവരാജ്യത്തിന് യോഗ്യതയില്ലാത്ത ഭൂവാസികൾ ഒക്കെയും മഹാസർപ്പം നിയന്ത്രിക്കുന്ന ഈ സഭാസമൂഹത്തിന്റെ നിയന്ത്രണത്തിൽ വന്നുചേരുന്നു. ഇന്ന് "സർവ്വഭൂമിയും മൃഗത്തെ കണ്ട് വിസ്മയിച്ചുകൊണ്ടിരിക്കുന്നു. ലോകസമാധാനത്തിനും ലോകസുരക്ഷയ്ക്കുമായി സർവ്വജനങ്ങളും മതങ്ങളും പോപ്പിലേക്കു കണ്ണുയർത്തുകയാണ്. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരില്ലാത്തവരെല്ലാം അതിനെ നമസ്കരിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ എന്ന് പ്രവചനം പറയുന്നു. ഒരുവൻ ആരെ

യാണോ, എന്തിനെയാണോ നമസ്കരിക്കുന്നത് അതിനടിമയാണ്. "ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവുംകൊണ്ട് ആവശ്യം." ഇത് ഒരു വ്യക്തിയുടെ നിത്യതയെ ബാധിക്കുന്ന വിഷയമാണ്.

## ഒരു വിശേഷപ്പെട്ട മൃഗം ഭൂമിയിൽനിന്ന് കയറുന്നു

"മറ്റൊരു മൃഗം ഭൂമിയിൽനിന്നു കയറുന്നതു ഞാൻ കണ്ടു; അതിന് കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു; അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു" (വെളിപ്പാട് 13:11).

പ്രവചനത്തിൽ സമുദ്രം പുരുഷാരങ്ങളെ സൂചിപ്പിക്കുന്നു എന്നു നാം കണ്ടുകഴിഞ്ഞല്ലോ. മൃഗം രാഷ്ട്രങ്ങളെയും അധികാര ശക്തികളെയും സൂചിപ്പിക്കുന്നു. ദാനീയേൽ പ്രവചനത്തിലെയും വെളിപ്പാടിലെയും മൃഗങ്ങളെല്ലാം സമുദ്രത്തിൽനിന്ന് കയറുന്നതായി പ്രവചന



ഭൂമിയിൽനിന്ന് കയറിയ മൃഗം

ത്തിൽ കാണാം. എന്നാൽ ഇവിടെ നാം കണ്ട ഈ പ്രത്യേക മൃഗം മാത്രം ഭൂമിയിൽനിന്നു കയറിയതാണ്. സമുദ്രത്തിന്റെ വിപരീതമാണ് ഭൂമി. അതായത് വലിയ ജനവാസമല്ലാത്ത ഒരു ഭൂപ്രദേശം. അവിടെ ഒരു പുതിയ രാഷ്ട്രം ഉത്ഭവിച്ചുവരുന്നു. ഇപ്രകാരമുള്ള ഒരു രാജ്യം

യുദ്ധങ്ങളുടെ അനന്തരഫലമായോ ഒരു രാഷ്ട്രം മറ്റൊന്നിനെ പിടിച്ചടക്കുന്നതിൽനിന്നോ ഉത്ഭവിക്കുന്നതല്ല. ഭൂതലത്തിലെങ്ങും നാം പരിശോധിച്ചാൽ ഇത് അമേരിക്കൻ ഐക്യനാടുകളാണെന്നു കണ്ടെത്തുവാൻ കഴിയും. ക്രിസ്റ്റഫർ കൊളംബസ് ഇന്ത്യയിലേക്കുള്ള പുതിയ കടൽമാർഗ്ഗം കണ്ടുപിടിക്കാൻ ശ്രമിച്ചതും അമേരിക്കയിൽ ചെന്നെത്തിയതും പിൽക്കാലത്ത് അമേരിഗോ വെസ്പ്യൂചിയുടെ പേരുമായി ബന്ധപ്പെട്ട് ആ ഭൂഖണ്ഡത്തെ അമേരിക്ക എന്ന് വിളിക്കുകയും ചെയ്തതും ചരിത്രമാണല്ലോ. അക്കാലത്ത് പാപ്പാത്വ പീഡനത്തിൽ നിന്ന് രക്ഷപ്പെടുവാൻ ആഗ്രഹിച്ചവർ അമേരിക്കയിലേക്കു കുടിയേറി. പിന്നീട് വിവിധ രാജ്യങ്ങളിൽനിന്നുള്ള ജനങ്ങൾ അവിടെ കുടിയേറിപ്പാർത്തു. ഗ്രേറ്റ് ബ്രിട്ടൺ അതിനെ കോളനിവൽക്കരിക്കുകയും തുടർന്ന് ബ്രിട്ടന്റെ കയ്യിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച കോളനികളെല്ലാം ചേർന്ന് ഐക്യസംസ്ഥാനത്തിന് രൂപം നൽകുകയും ചെയ്തു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവകല്പനകൾക്ക് പ്രഥമ സ്ഥാനം നൽകി പൗരസ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും നൽകുന്ന ഒരു ഭരണക്രമം അവർ വാർത്തെടുത്തു. അതിന്റെ ഉത്ഭവം ഒരു കുഞ്ഞാടിനെപ്പോലെ ആയിരുന്നു. വിവിധ രാഷ്ട്രങ്ങളിൽ പീഡനം സഹിച്ചവർക്ക് വിശ്രമം നൽകുവാനും സമാധാനപരമായി മനുഷ്യർ ജീവിക്കുവാനും തങ്ങളുടെ മാത്രം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ഉള്ളതായിരുന്നു അവരുടെ ആദ്യകാല താല്പര്യങ്ങൾ. എന്നാൽ പിന്നീടത് "മഹാസർപ്പം എന്നപോലെ സംസാരിച്ചു" എന്ന് പ്രവചനം പറയുന്നു.

ഈ മൃഗം പിന്നീട് ചെയ്യാനിരിക്കുന്നത് നോക്കുക: "അത് ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാം മൃഗത്തെ നമസ്കരിക്കുമാറാക്കുന്നു" (വെളിപ്പാട് 13:12). ഈ ഒന്നാം മൃഗത്തെ ഭൂവാസികളെക്കൊണ്ട് നമസ്കരിപ്പിക്കേണ്ടതിന്, "അത് മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന് പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു" (വെളിപ്പാട് 13:13,14).

ഇവിടെ ഈ മൃഗം അത്ഭുതങ്ങളും അടയാളങ്ങളുംകൊണ്ട് ഭൂവാസി കളെ തെറ്റിച്ച് പാപ്പാത്വ അധികാരത്തോട് അടുപ്പിക്കുന്നതായി നാം കാണുന്നു. പക്ഷേ ഒരു വ്യക്തിയുടെ വിശ്വാസത്തിന്റെ അടിസ്ഥാനം എഴുതപ്പെട്ടിരിക്കുന്ന തിരുവചനം മാത്രമാണ്; അത്ഭുതങ്ങളും അടയാള ങ്ങളും അല്ല. കുഞ്ഞാടിന്റെ വേഷം ധരിച്ച ചെന്നായ്ക്കളെന്നു കള്ള പ്രവാചകന്മാരെക്കുറിച്ചു യേശു പറഞ്ഞിരിക്കുന്നു. അവർ പുറമെ കുഞ്ഞാടിന്റെ വേഷം ധരിക്കുമെങ്കിലും അകമെ കടിച്ചുകീറുന്ന ചെന്നായ്ക്കളത്രേ. ഈ രാജ്യത്തിന് ഇപ്രകാരമുള്ള അവസ്ഥ വരുമോ യെന്ന് പലരും സംശയിക്കും. പക്ഷേ പ്രവചനം തെറ്റുകയില്ല.

കുഞ്ഞാടിനു തുല്യമായിരുന്ന ഈ രാഷ്ട്രം അന്താരാഷ്ട്ര അംഗീ കാരമുള്ളതായി പ്രശസ്തിയിലേക്കു ഉയർന്നുവരും. അപ്പോൾ അത് "വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിനു പ്രതിമയുണ്ടാക്കുവാൻ ഭൂവാസികളോടു പറയും." മാത്രമല്ല, "മൃഗത്തിന്റെ പ്രതിമ സംസാരി ക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമക്ക് ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു" (വെളി. 13:15). മൃഗത്തിന്റെ പ്രതിമ യാഥാർത്ഥ്യ മാകുമ്പോൾ അത് അവരുടെ നിയമങ്ങൾകൊണ്ട് പ്രാബല്യത്തിൽ വരുത്തും. ആ നിയമങ്ങൾ അനുസരിച്ച് മൃഗത്തെ നമസ്കരിക്കാതിരി ക്കുന്നവരുടെ മേൽ മരണവിധി അടക്കമുള്ള നിയമങ്ങൾ പ്രാബല്യ ത്തിൽ വരുത്തും. ഇന്നത്തെ മതസ്വാതന്ത്ര്യം ആ രാജ്യം തന്നെ ബലി കഴിക്കും. മാർപാപ്പയും അമേരിക്കയും തമ്മിലുള്ള ബന്ധം അപ്രകാര മുള്ളതായിരിക്കുമെന്ന് പ്രവചനം പറയുന്നു.

"അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ നെറ്റി യിലോ മുദ്രകിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു" (വെളിപ്പാട് 13:16,17).

പ്രതിമ ഉണ്ടാക്കുക എന്നാൽ എന്താണ്? മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി ദൈവം കൊടുത്തിരിക്കുന്ന ദൈവിക പ്രതിരൂപം അല്ലെങ്കിൽ ദൈവപ്രതിമയായ യേശുക്രിസ്തുവിനെയും ക്രിസ്തുവിന്റെ വചന ത്തെയും ഉപേക്ഷിച്ചുകൊണ്ട് ഭൗമിക അധികാരമായ ഈ ശക്തി മൃഗ മെന്ന പാപ്പാത്വ അധികാരത്തിന് പ്രതിരൂപമായി വരുവാൻ ഭൂവാസി

കളെ നിർബന്ധിക്കുന്നു. ഒന്നാമത്തെ മൃഗത്തിനു പ്രതിമ ഉണ്ടാക്കുക എന്നതിന്റെ അർത്ഥം അതിന്റെ അധികാര ശക്തിയോടും സംഘടനാ ക്രമത്തോടും ബന്ധപ്പെട്ട തരത്തിലുള്ള സംഘടനാ ക്രമീകരണം തന്നെ അവരും നടപ്പിലാക്കുക എന്നുള്ളതാണ്. തങ്ങളുടെ അധികാരത്തോട് എതിർത്തു നില്ക്കുന്നവരെ കൊന്നുകളയുവാൻ പാപ്പാത്വശക്തി നിയമനിർമ്മാണം ചെയ്തിരുന്നതുപോലെ ഭൂമിയിൽനിന്നു കയറിയ മൃഗമായ ഈ രാഷ്ട്രവും ചെയ്യുന്നതാണ്. മാത്രമല്ല, അവർ ഭൂവാസികളായവർക്കെല്ലാം മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്ര കൊടുപ്പാനും പരിശ്രമിക്കുന്നു. എന്താണ് മൃഗത്തിന്റെ മുദ്ര?

മൃഗം അല്ലെങ്കിൽ പാപ്പാത്വ അധികാരം അവരുടെ മുദ്രയ്ക്കായി അത്യുന്നതനായവന്റെ നിയമങ്ങളെ മാറ്റിക്കൊണ്ട് സ്വന്ത അധികാര മുദ്ര സ്ഥാപിക്കുമെന്ന് ദാനീയേൽ പ്രവചനം പറയുന്നു (ദാനീയേൽ 7:25). ദൈവം തന്റെ പഴയകാല പുരോഹിതന്മാരെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: "പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവക്കേണ്ടതും ഉപദേശം അവനോടു ചോദിച്ചു പഠിക്കേണ്ടതും അല്ലോ. നിങ്ങളോ വഴി വിട്ടുമാറി പലരെയും ഉപദേശത്താൽ ഇടറുമാറാക്കി ലേവിയുടെ നിയമം നശിപ്പിച്ചിരിക്കുന്നു എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 2:7,8). "അതിലെ പുരോഹിതന്മാർ എന്റെ ന്യായപ്രമാണത്തോടു ദ്രോഹം ചെയ്തു. എന്റെ വിശുദ്ധവസ്തുക്കളെ അശുദ്ധമാക്കുന്നു; അവർ ശുദ്ധവും അശുദ്ധവും തമ്മിൽ വേർതിരിക്കുന്നില്ല; മലിനവും നിർമ്മലിനവും തമ്മിലുള്ള ഭേദം കാണിച്ചു കൊടുക്കുന്നതുമില്ല; ഞാൻ അവരുടെ മദ്ധ്യേ അശുദ്ധനായി ഭവിക്കത്തക്കവണ്ണം അവർ എന്റെ ശബ്ബത്തുകളെ നോക്കാതെ കണ്ണു മറച്ചുകളയുന്നു" (യെഹെ. 22:26). "എന്റെ വിശുദ്ധവസ്തുക്കളെ നീ ധിക്കരിച്ച് എന്റെ ശബ്ബത്തുക്കളെ അശുദ്ധമാക്കുന്നു" (യെഹെ. 22:8). "ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറയ്ക്കുകയോ ചെയ്യരുത്" (ആവ. 4:2). "അവന്റെ വചനത്തോടു നീ ഒന്നും കൂട്ടരുത്; അവൻ നിന്നെ വിസ്തരിച്ചിട്ട് നീ കള്ളൻ ആകുവാൻ ഇടവരരുത്" (സദൃശ. 30:6). "ന്യായപ്രമാണത്തിൽ ഒരു പുള്ളി വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം" (ലൂക്കൊസ് 16:17).

ദൈവത്തിന്റെ പത്തു കല്പനകളിലെ നാലാം കല്പന നാം ഇപ്രകാരം വായിക്കുന്നു: "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു... ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു" (പുറപ്പാട് 20:8-11).

ദൈവത്തിന്റെ സൃഷ്ടി സ്മാരകവും സർവ്വഭൂമിയുടെ മേലും തന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്ന തന്റെ മുദ്രയുമായ വിശുദ്ധ ശബ്ബത്തിനെ പാപ്പാത്വ അധികാരം നീക്കിക്കളഞ്ഞിട്ട് ആ സ്ഥാനത്ത് ഞായറാഴ്ച ആചാരം സ്ഥാപിച്ചു. ഇത് ഈ ഭൗമിക ശക്തിയുടെ മുദ്രയാണ്. അതിനെ മൃഗത്തിന്റെ മുദ്രയെന്ന് തിരുവെഴുത്ത് പറയുന്നു. നെറ്റിമേൽ മുദ്രയേൽക്കുക എന്നതിന്റെ അർത്ഥം അതിനെ മനസ്സിൽ അംഗീകരിച്ച് പാപ്പാത്വത്തിനു കീഴ്പ്പെട്ടു പോവുക എന്നതാണ്. കയ്യിൽ മുദ്രയേല്ക്കുക എന്നത് അതിനുവേണ്ടി അദ്ധ്വാനിച്ച് പ്രാബല്യത്തിൽ വരുത്തി പ്രവൃത്തിയിൽ വരുത്തുക എന്നതാണ്. ഞായറാഴ്ചയെ വിശുദ്ധമായി സ്വീകരിക്കുന്നവർ നെറ്റിയിൽ മുദ്രയേൽക്കുന്നു. പീഡനങ്ങളോ മരണമോ ഭയപ്പെട്ട് ശബ്ബത്തിൽ ജോലി ചെയ്യുന്നവർ കൈമേൽ മൃഗത്തിന്റെ മുദ്രയേൽക്കുന്നു.

ഇന്ന് ആർക്കുംതന്നെ മൃഗത്തിന്റെ മുദ്രയില്ല. മൃഗത്തിന്റെ മുദ്രയില്ലാത്തവർക്ക് വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നത് അസാദ്ധ്യമെന്ന് വരുമ്പോൾ മുദ്രയേല്ക്കപ്പെടുന്നു. അത് ഒരു വലിയ പ്രശ്നമായിത്തീരുമ്പോൾ ആയിരിക്കും അതിന്റെ പ്രസക്തി. അന്ന് അത് അംഗീകരിക്കുന്നവർക്ക് അത് പാപമായിത്തീരുന്നു. ഇന്ന് ദൈവത്തിന്റെ വിശുദ്ധ ദിവസത്തെ അറിഞ്ഞുകൊണ്ട് തള്ളിക്കളയുന്നവർക്ക് അന്ന് സത്യത്തിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പ് അസാദ്ധ്യമാണ്. "ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്ക് വെളിച്ചം ഉള്ളേടത്തോളം നടന്നുകൊൾവിൻ" (യോഹന്നാൻ 12:35).

അമേരിക്ക എന്ന രണ്ടാമത്തെ മൃഗം സമീപഭാവിയിൽതന്നെ മതസ്വാതന്ത്ര്യം എടുത്തുകളഞ്ഞുകൊണ്ട് മൃഗത്തിന്റെ മുദ്ര എന്ന ഞായറാഴ്ച ആചാരം സ്വീകരിക്കുവാൻ ലോകരാഷ്ട്രങ്ങളെ പ്രേരിപ്പിക്കും.

പ്രതിമ എന്നത് യഥാർത്ഥത്തിൽ ഉള്ളതിന്റെ ഒരു പതിപ്പാണ്. രാഷ്ട്രീയ അധികാരത്തോടുകൂടെ ഒന്നാമത്തെ മൃഗം തെറ്റായ ആരാധന സ്ഥാപിക്കുകയും അത് അനുസരിക്കാതെ ഇരുന്നവരെ കൊല്ലുകയും ചെയ്തു. രണ്ടാമത്തെ മൃഗം അതുതന്നെ ആവർത്തിക്കുന്നു. സഭയും രാഷ്ട്രവും (പാപ്പാത്വ അധികാരവും അമേരിക്കയും) ഒത്തു ചേർന്ന് ജനങ്ങളെ ഞായറാഴ്ച ആചരിക്കുന്നതിന് നിർബന്ധിക്കുകയും വഴങ്ങാത്തവരെ പീഡിപ്പിക്കുകയും ചെയ്യും. ***സഭയും രാഷ്ട്രവും ഒത്തുചേർന്നു ബലമായി ആരാധന നടപ്പിലാക്കുന്നതാണ് പ്രതിമ ഉണ്ടാക്കൽ.*** എന്നാൽ ദൈവം എല്ലാവർക്കും മനസ്സാക്ഷി സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. മനുഷ്യരെക്കാൾ അധികം ദൈവത്തെ അനുസരിക്കേണ്ടതാകുന്നു.

“ഇവിടെ ജ്ഞാനംകൊണ്ട് ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ അറുന്നൂറ്ററുപത്താറ്” (വെളിപ്പാട് 13:18).

സത്യം ഗ്രഹിക്കുവാൻ ദൈവം ബുദ്ധിമാന്മാരെ ആഹ്വാനം ചെയ്യുന്നു. ബുദ്ധിയുള്ളവൻ മൃഗത്തെയും അതിന്റെ സംഖ്യയെയുംകുറിച്ച് മനസ്സിലാക്കട്ടെ. അതിനുള്ള വഴികൾ വീണ്ടും നമുക്കു നോക്കാം:

1. മൃഗത്തിന് മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു (വെളിപ്പാട് 13:2).
2. അതൊരു വലിയ ശക്തിയായി തീരും. സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അതിനു അധികാരം ലഭിച്ചു (വെളി. 13:3,7).
3. നാല്പത്തിരണ്ടു മാസം (1260 വർഷം) പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു (വെളിപ്പാട് 13:5). (ചക്രവർത്തിയിൽനിന്നു പോപ്പിനു പരമാധികാരം കിട്ടിയ എ.ഡി. 538 മുതൽ പോപ്പു തടവുകാരനാക്കപ്പെട്ട എ.ഡി. 1798 വരെയുള്ളതാണ് ഈ കാലസംഖ്യ).
4. വമ്പും ദൂഷണവും അതു സംസാരിക്കുന്നു. ദൈവദൂഷണത്തിനായി വായ് തുറക്കുന്നു (വെളിപ്പാട് 13:5,6).
5. അതിന് മരണകരമായ മുറിവ് ഏല്ക്കുകയും ആ മുറിവ് പൊറുത്തു പോവുകയും ചെയ്യുന്നു. സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിക്കുന്നു (വെളിപ്പാട് 13:3).

6. അതൊരു മതപരമായ ശക്തിയാണ്. ദൈവത്തിനെതിരെ ഭൂമിയിൽ ദൈവമായിരിക്കുന്നു (വെളി. 13:5,8). ഭൂവാസികൾ അതിനെ നമസ്ക്കരിക്കുന്നു.

7. വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിക്കുന്നു (വെളിപ്പാട് 13:7). അന്ധകാരയുഗത്തിൽ അഞ്ചുകോടിയിലധികം വിശ്വാസികളെ പാപ്പാത്വ സഭ കൊന്നുമുടിച്ചതായി ചരിത്രം സാക്ഷ്യം പറയുന്നു.

8. അതിനൊരു മർമ്മപ്രധാനമായ സംഖ്യയുണ്ട്. (വെളിപ്പാട് 13:17,18). “അതൊരു മനുഷ്യന്റെ സംഖ്യയത്രെ” എന്നു പ്രവചനം പറയുന്നു. പാപ്പാത്വമെന്നു കേൾക്കുമ്പോൾ പോപ്പ് എന്ന വ്യക്തിയെ നാം കാണുന്നു. പോപ്പിന്റെ സ്ഥാനപ്പേര് ലത്തീൻ ഭാഷയിൽ "VICARIUS FILII DEI" എന്നാണ്. അതിന്റെ അർത്ഥം ദൈവപുത്രന്റെ പ്രതിപുരുഷൻ അല്ലെങ്കിൽ "Vicar of the Son of God" എന്നാണ്. ഈ പേരിന്റെ സംഖ്യ ഡിക്ഷ്ണറി ഉപയോഗിച്ച് കൂട്ടിനോക്കുക.

| | | | | | |
|---|---|---|---|---|---|
| V | 5 | F | 0 | D | 500 |
| I | 1 | I | 1 | E | 0 |
| C | 100 | L | 50 | I | 1 |
| A | 0 | I | 1 | | 501 |
| R | 0 | I | 1 | | |
| I | 1 | | 53 | | |
| U | 5 | | | | |
| S | 0 | | | | |
| | 112 | | | | |

| | |
|---|---|
| | 112 |
| | 53 |
| | 501 |
| ആകെ | 666 |

# മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ അന്ത്യ മുന്നറിയിപ്പ്

## (വെളിപ്പാട് 14 – ാം അദ്ധ്യായം)

**13**–ാം അദ്ധ്യായത്തിന്റെ തുടർച്ചയാണ് 14–ാം അദ്ധ്യായം. മൃഗത്തെക്കുറിച്ചും അതിന്റെ മുദ്രയെക്കുറിച്ചും അതിന്റെ പേരിന്റെ സംഖ്യയെക്കുറിച്ചും ഭൂമിയിൽനിന്നു കയറിവന്ന മൃഗം മൃഗത്തിന്റെ മുദ്ര ഏല്പാൻ മനുഷ്യരെ നിർബ്ബന്ധിക്കുന്നതിനെക്കുറിച്ചും കഴിഞ്ഞ അദ്ധ്യായത്തിൽ നാം മനസ്സിലാക്കിയല്ലോ. ഭൂമിയിലെ ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരുമായ എല്ലാവർക്കും മൃഗത്തിന്റെ മുദ്ര കിട്ടുമാറു ബലം പ്രയോഗിച്ചുകൊണ്ട് ഭൂമിയിൽനിന്നു കയറി വന്ന മൃഗം ലോകജനതയെ പ്രേരിപ്പിക്കുന്നു. മൃഗത്തിന്റെ പേരോ അതിന്റെ മുദ്രയോ ഏല്ക്കാത്തവർക്ക് വാങ്ങുവാനും വില്ക്കുവാനും വഹിയാതെയും ആക്കുന്നു. ഈ കാലഘട്ടത്തിൽ അതിനോടു പോരാടി ജയിച്ചുകൊണ്ട് ദൈവത്തിന്റെ മുദ്ര ധരിച്ചു നില്ക്കുന്നവർ ഒരു അതിശ്രേഷ്ഠ ജനസമൂഹമാണ്. അവർക്ക് വലിയ പദവി ദൈവം കരുതിയിരിക്കുന്നു. ഈ ഭൂമിയിൽ ദൈവത്തിന് ഒന്നാം സ്ഥാനം കല്പിക്കുന്നവർ ആരൊക്കെയാണെന്ന് ദൈവം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അന്നത്തെ വൻപരീക്ഷാഘട്ടത്തിൽ ദൈവത്തോടൊത്തു നിന്നുകൊണ്ട് മൃഗത്തോടും അതിന്റെ മുദ്രയോടും പോരാടി ജയിച്ചവനെ 14–ാം അദ്ധ്യായം ആരംഭത്തിൽ നമുക്കു കാണാം.

“പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരും നില്ക്കുന്നതു കണ്ടു” (വെളിപ്പാട് 14:1).

നൂറ്റിനാല്പത്തിനാലായിരത്തെക്കുറിച്ച് വെളിപ്പാട് ഏഴാം അദ്ധ്യായത്തിൽ പഠിച്ചത് ഓർക്കുമല്ലോ. ദൈവത്തിന്റെ മുദ്രക്ക് ദൈവത്തിന്റെ നാമവുമായി വളരെ സാമ്യമുണ്ടെന്നു അവിടെ നാം പഠിച്ചു. മുദ്രയിലെ പേര് ഉടമസ്ഥതയെ കാണിക്കുന്നു. നൂറ്റിനാല്പത്തിനാലായിരം പേർ ദൈവത്തിന്റെ ഉടമസ്ഥതയിൽ ഉള്ളവരാണ്. അപ്രകാരം തന്നെ മുദ്ര ദൈവപ്രകൃതിയെയും സ്വഭാവത്തെയും വെളിവാക്കുന്നു. പിതാവിന്റെയും പുത്രന്റെയും നാമം മുദ്രയിലുണ്ട്. സൃഷ്ടിപ്പിൽ അവർ ഒരുമിച്ചായിരുന്നു. സൃഷ്ടിയുടെ മുദ്ര സ്ഥാപിച്ചത് അപ്പോഴാണ്. നൂറ്റിനാല്പത്തിനാലായിരം പേർ യേശുവിന്റെ പ്രതിമ പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നു.

"പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും വലിയൊരു ഇടിമുഴക്കംപോലെയും സ്വർഗ്ഗത്തിൽനിന്ന് ഒരു ഘോഷം കേട്ടു; ഞാൻ കേട്ട ഘോഷം വൈണികന്മാർ വീണമീട്ടുന്നതുപോലെ ആയിരുന്നു. അവർ സിംഹാസനത്തിനും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെ ഒരു പുതിയ പാട്ടുപാടി; ഭൂമിയിൽനിന്നു വിലക്കു വാങ്ങിയിരുന്ന നൂറ്റിനാല്പത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ട് പഠിപ്പാൻ കഴിഞ്ഞില്ല" (വെളി. 14:2,3).

അവർ പാടിയ പാട്ട് മറ്റുള്ളവർക്ക് മനസ്സിലാകാതിരുന്നത് എന്തുകൊണ്ടാണ്? കാരണം ഈ ലോകത്തിന്റെ അന്ത്യകാലത്തെ ഭീകരാന്തരീക്ഷത്തിൽകൂടെ കടന്നുപോയവർ അവർ മാത്രമാണ്. അവർക്കുണ്ടായ അനുഭവം മറ്റേതു കാലഘട്ടത്തിലും ജീവിച്ചിരുന്ന ഒരു വിശുദ്ധനും ഉണ്ടായിട്ടില്ല. ദൈവത്തെയും ദൈവത്തിന്റെ മുദ്രയെയും ഏറ്റുകൊണ്ട് മൃഗത്തോടും അതിന്റെ മുദ്രയോടും ആ കാലഘട്ടത്തിൽ എതിർത്തു നില്ക്കുക എന്നത് അതിഭീകരമായ ഒരു അനുഭവമാണ്. ജയിലുകളിലും ഇരുട്ടറകളിലും അടയ്ക്കപ്പെട്ട അവർക്ക് ഒരു കൂട്ടുവിശ്വാസിയെയോ കുടുംബാംഗത്തെയോ കാണുവാൻ സാധിച്ചിരുന്നില്ല. പുറത്തുള്ളവർക്ക് വാങ്ങുകയും വില്ക്കുകയുംപോലും അസാദ്ധ്യമായിരുന്നു. ഭൂമിയിൽ പലേടത്തും അവർ നേരിട്ട വൻപരീക്ഷ വ്യത്യസ്തങ്ങളായിരുന്നു. അതു പറഞ്ഞുകേട്ടാൽ അവർക്കല്ലാതെ മറ്റാർക്കും മനസ്സിലാകുകയില്ല.

"അവർ കന്യകമാരാകയാൽ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ. കുഞ്ഞാട് പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു; അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യ

രുടെ ഇടയിൽനിന്ന് വീണ്ടെടുത്തിരിക്കുന്നു. ഭോഷ്ക്കു അവരുടെ വായിൽ ഉണ്ടായിരുന്നില്ല. അവർ കളങ്കമില്ലാത്തവർ തന്നെ" (വെളിപ്പാട് 14:4,5).

അവർ സ്ത്രീകളോട് മാലിന്യപ്പെടാത്തവരാണ് സ്ത്രീകളെന്നത് ഇവിടെ വിവിധ സഭകൾ അടങ്ങിയ ബാബിലോണിനെ സൂചിപ്പിക്കുന്നു. ആ സ്ത്രീയുടെ പേര് ***"മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്"*** എന്നാണ് (വെളിപ്പാട് 17:5). ബാബിലോണുമായോ അവളുടെ പുത്രിമാരുമായോ ബന്ധപ്പെടുവാൻ അവർ തുനിഞ്ഞിരുന്നില്ല. മുമ്പ് ഭിന്നിച്ചു നിന്നിരുന്ന സഭകളെല്ലാം ഇപ്പോൾ സാത്താന്റെ നിയന്ത്രണത്തിൽ ഒത്തുചേർന്ന് ദൈവജനത്തോട് പോരാടുകയാണ്. സ്വതന്ത്ര സഭകളും വിപുലമായ സംഘടനാബലമുള്ള സഭകളുമായി മൃഗത്തിന്റെ മുദ്രയെ ഉയർത്തിപ്പിടിക്കുന്ന ആയിരക്കണക്കായ സഭകൾ ഇന്നുതന്നെ നമ്മുടെ ചുറ്റും ദൃശ്യമാണ്. എന്നാൽ ദൈവജനം അവരോടൊന്നും മാലിന്യപ്പെടാതെ തിരുവെഴുത്തിനെ മാത്രം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് അവരെ കന്യകമാരെന്നു പറഞ്ഞിരിക്കുന്നു.

അവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമാണ്. പുരാതന കാലത്ത് വ്യക്തിപരമായും ദേശീയമായും ഉള്ള ആദ്യഫലം ദൈവത്തിന്റേതായി വേർതിരിക്കപ്പെട്ടിരുന്നു (ലേവ്യർ 23:10,17; ആവർത്തനം 26:1–11; 1 കൊരിന്ത്യർ 15:20). അപ്രകാരം ലോകത്തിന്റെ അന്ത്യഘട്ടത്തിൽ ദൈവത്തോടൊത്തു നിന്നുകൊണ്ട് സാത്താന്റെ തന്ത്രങ്ങളോട് പോരാടി ജയിച്ചവരെ ദൈവത്തിന് ആദ്യഫലമായി ദൈവം വേർതിരിച്ചിരിക്കുന്നു.

ആദ്യഫലത്തെ ഒരു ദാനം അല്ലെങ്കിൽ വഴിപാട് ആയിട്ടും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ലേവ്യ. 23:20; സംഖ്യ 5:9). ഇതു പ്രകാരം നൂറ്റിനാല്പത്തിനാലായിരം എന്നത് വലിയൊരു വിളവെടുപ്പിന്റെ ആദ്യഫലമാണ്. കർത്താവ് വീണ്ടും വരുമ്പോൾ ഭൂമിയിൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാർ അവരാണ്. തുടർന്ന് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കപ്പെടുന്നവരായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരവും കർത്താവിനെ എതിരേല്പാൻ മുന്നോട്ടു വരും.

നാശത്തിൽ വീണുപോയ ഈ ലോകത്തോടുള്ള ദൈവത്തിന്റെ അന്ത്യ കൃപാദൂതുകൾ ആണ് വെളിപ്പാടിലെ കേന്ദ്രബിന്ദു. ആകാശ

മദ്ധ്യേ പറന്നുകൊണ്ട് ദൂത് വിളിച്ചുപറയുന്ന മൂന്നു ദൂതന്മാരായും അവർ കൊടുക്കുന്ന മുന്നറിയിപ്പായും അതിനെ നാം അടുത്ത വാക്യങ്ങളിൽ കാണുന്നു.

"വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ടു അവനു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞു കൊണ്ടിരുന്നു" (വെളിപ്പാട് 14:6,7).


മൂന്ന് ദൂതന്മാർ

ഈ അന്ത്യ കൃപാദൂതുകളിൽ നിന്ന് ദൈവം ആരെയും ഒഴിവാക്കുന്നില്ല. ന്യായവിധിയുടെ നാഴിക വന്നുകഴിഞ്ഞിരിക്കുന്നു, ദാനീയേൽ 8:14 അനുസരിച്ച് 1844 മുതൽ അത് സ്വർഗ്ഗീയ കോടതിയിൽ ആരംഭിച്ചിരിക്കുന്നതായി നാം മനസ്സിലാക്കിയതാണ്. ആയതിനാൽ സൃഷ്ടികർത്താവായ ദൈവത്തെ ആരാധിക്കുവാൻ ദൂതൻ ലോകത്തോടു പ്രഖ്യാപിക്കുന്നു. ഇതിൽ സൃഷ്ടിയുടെ മുദ്രയായ നാലാം കല്പനയടക്കം പത്തു കല്പനകളുടെ അനുസരണവും ഉൾപ്പെടുന്നു. കാരണം ന്യായവിധിയുടെ മാനദണ്ഡം അല്ലെങ്കിൽ അളവുകോൽ ദൈവകല്പനകളാണ്.

ഈ ദൂതുഘോഷണം ആരംഭിച്ച സമയത്തുതന്നെ പരിണാമവാദസിദ്ധാന്തവും സാത്താൻ ലോകത്തിൽ പ്രവേശിപ്പിച്ചു. സൃഷ്ടിതാവ് ഇല്ലെന്നും സകലവും പരിണമിച്ചുണ്ടായെന്നും അത് പ്രചരിപ്പിക്കുന്നുണ്ടെങ്കിലും ഇന്നതിന് ബുദ്ധിമാന്മാരുടെ ഇടയിൽ അടിസ്ഥാനമില്ലാതെ ആയിക്കൊണ്ടിരിക്കുന്നു. അപ്രകാരം ദൈവത്തിനെതിരെ


അന്ത്യന്യായവിധി ദൃശ്യം

ഉടലെടുത്ത കമ്മ്യൂണിസ്റ്റ് സിദ്ധാന്തവും നശിച്ചുകൊണ്ടിരിക്കുകയാണ്. കാരണം സൃഷ്ടിച്ചവനു എതിരെയുള്ള സാത്താന്യ സിദ്ധാന്തങ്ങൾ നിലനില്ക്കുകയില്ല എന്നുള്ളതുതന്നെ.

"രണ്ടാമത് വേറൊരു ദൂതൻ പിൻചെന്നു: വീണു പോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്നു പറഞ്ഞു" (വെളിപ്പാട് 14:8).

ഇതിലെ ദൂത് വളരെ വ്യക്തമാണ്. മഹതിയാം ബാബിലോൺ വീണുപോയി. അതുകൊണ്ട് അവളെ വിട്ടുപോരുവാൻ ദൈവം താൻ സ്നേഹിക്കുന്നവരെ വിളിക്കുന്നു. വിട്ടുപോരാത്തവർ നിത്യനാശത്തിൽ ബാബിലോണിനോടൊത്ത് നശിച്ചുപോകും.

ബാബിലോൺ എന്ന വാക്കിന്റെ ആരംഭം ബാബേൽ ഗോപുരവുമായി ബന്ധപ്പെട്ടുള്ളതാണ്. ഉല്പത്തി 10 ഉം 11 ഉം അദ്ധ്യായങ്ങളിൽ നാം അത് കാണുന്നു. ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായി പട്ടണം പണിയുവാനും ഗോപുരം പണിത് ഉയർത്തുവാനും സാത്താൻ മനുഷ്യരെ പ്രേരിപ്പിച്ചു. പക്ഷെ ദൈവം അവരുടെ ഭാഷ കലക്കികളഞ്ഞതുകൊണ്ട് പണി നിലച്ചുപോയി. അങ്ങനെ കലക്കം എന്നർത്ഥമുള്ള ബാബിലോൺ ആരംഭിക്കുന്നു. പിൽക്കാലത്ത് ബാബിലോൺ ഒരു ലോകമഹാസാമ്രാജ്യമായി മാറി. അവസാനത്തെ ലോക മഹാസാമ്രാജ്യമായ റോമിനെയും അക്കാലത്ത് ബാബിലോൺ എന്ന് വിളിച്ചിരുന്നു (1 പത്രൊസ് 5:13). പിന്നീട് പാപ്പാത്വ അധികാരത്തെയും ബാബിലോണെന്നു വിളിച്ചുതുടങ്ങി.

ബാബിലോണും പാപ്പാത്വവും ഒന്നുതന്നെ എന്നുള്ളതിന്റെ തെളിവുകൾ നോക്കുക:

"സ്ത്രീ ഇരിക്കുന്ന മൃഗം" എന്നു വെളിപ്പാട് 17:3 ൽ കാണുന്നത് വെളിപ്പാട് 13:1 ൽ കാണുന്നതു തന്നെയാണ്. രണ്ടു മൃഗങ്ങൾക്കും

ഏഴു തലയും പത്തു കൊമ്പും ഉണ്ട്. രണ്ടു മൃഗങ്ങളും ആരാധനയോടു ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിനും ദൂഷണനാമങ്ങൾ നിറഞ്ഞിരിക്കുന്നു.

വെളിപ്പാട് 13-ലെ മൃഗം വിശുദ്ധന്മാരെ പീഡിപ്പിച്ചതുപോലെ വെളിപ്പാട് 17:6 ലും നാം കാണുന്നു.

യോഹന്നാന്റെ കാലത്ത് ഭരിച്ചിരുന്ന റോമാസാമ്രാജ്യം (ലൂക്കൊസ് 2:1) ബാബിലോൺ എന്ന ശക്തി തന്നെ എന്ന് വെളിപ്പാട് 17:18 പറയുന്നു. കാരണം പുരാതന റോമാസാമ്രാജ്യത്തിന്റെ ശക്തിയും അധികാരവും പാപ്പാത്വറോമക്ക് ലഭിക്കുകയും റോമാസാമ്രാജ്യത്തിന്റെ സ്ഥാനത്ത് പാപ്പാത്വറോമ ഭരണം തുടരുകയും ചെയ്തു. മൃഗവും ബാബിലോണും പാപ്പാത്വ അധികാരംതന്നെ എന്ന് ദാനീയേലും വെളിപ്പാടും വ്യക്തമായി സ്ഥാപിക്കുന്നു. മതനവീകരണ കർത്താക്കളെല്ലാം അത് ഏറ്റുപറഞ്ഞിട്ടുണ്ട്.

ഈ ആത്മിക ബാബിലോണിലെ കലക്കം എന്താണ്? “തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കി” (വെളിപ്പാട് 17:2,4). അവളുടെ മദ്യം (വീഞ്ഞ്) അവളുടെ ഉപദേശങ്ങളെയും പഠിപ്പിക്കലുകളെയും സൂചിപ്പിക്കുന്നു. അവളുടെ മദ്യം (ഉപദേശം) ആത്മിക ഉന്മാദം സൃഷ്ടിക്കുന്നു. സത്യത്തിൽ തട്ടുമ്പോൾ ഇടറി വീഴുവാൻ അത് ജനത്തെ ഇടയാക്കുന്നു. ജനത്തിന് അത് ആത്മിക നിദ്ര ഉണ്ടാക്കുന്നു. സത്യം ഗ്രഹിപ്പാൻ സാദ്ധ്യമല്ലാത്തവിധം അത് മനുഷ്യമനസ്സുകളെ കുരുടാക്കുന്നു.

പത്തുകല്പനകൾ ഇന്ന് ആവശ്യമില്ല, ഞായറാഴ്ച വിശുദ്ധമാണ്, ഒരു രണ്ടാം അവസരം ലഭിക്കും, ക്രിസ്തു കള്ളനെപ്പോലെ വരും. നിത്യമായ നരകം, ആത്മാവിന്റെ അമർത്യത, തെറ്റായ സ്നാനങ്ങൾ തുടങ്ങിയവയെല്ലാം അവൾ കൊടുക്കുന്ന മദ്യം അഥവാ ദുരുപദേശങ്ങളാണ്. ഈ കലക്കങ്ങളിൽ പതിയിരിക്കുന്ന അപകടം എന്താണെന്ന് നോക്കുക. ഒരു മനുഷ്യൻ സ്വതന്ത്രമായി ബൈബിൾ വായിക്കുന്നു എന്നു കരുതുക. ദുഷ്ടന്മാർ അന്ത്യത്തിൽ തീയിൽ എരിഞ്ഞ് ചാരമായിത്തീരുന്നു എന്ന് അവൻ മനസ്സിലാക്കുന്നു. പക്ഷേ സഭ അവനെ പഠിപ്പിച്ചിരിക്കുന്നത് ദുഷ്ടന്മാർ നരകത്തിൽ നിത്യയാതന അനുഭവിക്കും എന്നാണ്. അപ്പോൾ തനിക്ക് മനസ്സിലാക്കാൻ പറ്റുന്നതല്ല ബൈബിൾ എന്നു പറഞ്ഞ് മടക്കി വച്ചിട്ട് വീണ്ടും തന്റെ സഭ പഠിപ്പിക്കുന്നതിൽ

പൂർണ്ണമായി ആശ്രയിച്ചുപോകുന്നു. ഇപ്രകാരം സത്യവിരുദ്ധമായ മാനുഷിക ഉപദേശങ്ങളിൽ ബാബിലോൺ മനുഷ്യരെ കുടുക്കി ക്കളയുന്നു.

ഒരു മാതൃസഭയും അതിൽനിന്നു പുറപ്പെട്ടു വന്ന മക്കളുമായി ഇവിടെ ബാബിലോൺ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഇതു മനസ്സിലാ ക്കുവാൻ വളരെ എളുപ്പമാണ്. റോമൻ കത്തോലിക്കാസഭ മാതൃസഭ യാണെന്നും വിട്ടുപിരിഞ്ഞ എല്ലാ മക്കളും മാതൃസഭയിലേക്കു മടങ്ങി വരണമെന്നും അവൾ തന്നെ പരസ്യമായി അഭ്യർത്ഥന നടത്തുന്നുണ്ട്. അവളിൽനിന്ന് പിണങ്ങി പിന്മാറിപ്പോയവർ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ എന്നറിയപ്പെടുന്നു. എന്നാൽ ബാബിലോൺ എന്ന വാക്ക് അമ്മയും എല്ലാ മക്കളും അടങ്ങുന്ന മുഴുവൻ കുടുംബത്തെയും ഉൾക്കൊള്ളുന്ന താണ്. ഇവിടെ ദൈവത്തിന്റെ പ്രഖ്യാപനം കേൾക്കുമ്പോൾ മനുഷ്യർ ഞെട്ടിപ്പോകാനിടയുണ്ട്. കാരണം മാതാവും മക്കളും അടക്കം "ബാബി ലോൺ വീണുപോയി" എന്നു ദൈവം പറയുന്നു. ഈ പ്രഖ്യാപനം കേൾക്കുമ്പോൾ അവിടെയുള്ള ദൈവജനമായവർ അവളെ വിട്ട് ക്രിസ്തുവിന്റെ പക്ഷത്ത് കടന്നുവരും.

"മൂന്നാമതു വേറൊരു ദുതൻ അവരുടെ പിന്നാലെ വന്ന് അത്യുച്ച ത്തിൽ പറഞ്ഞത്: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ച് നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടി ക്കേണ്ടിവരും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നി ഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം" (വെളിപ്പാട് 14:9–12).

യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ തന്റെ പാപമോചനത്തിനായി വിശ്വസിക്കുന്ന ഒരു വ്യക്തി ക്രിസ്തു പറയു ന്നത് അനുസരിക്കും. "അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല" (1 യോഹന്നാൻ 2:4). "ഒരുത്തൻ

കല്പന മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു..." (യാക്കോബ് 2:10-12). ദൈവ കല്പന നിരാകരിക്കുന്നവർ അല്ലെങ്കിൽ നാലാം കല്പന തള്ളിക്കള ഞ്ഞിട്ട് മൃഗത്തിന്റെ മുദ്ര സ്വീകരിച്ചിരിക്കുന്നവർ സാത്താന്റെ പക്ഷ ത്താണ്. അവർക്കു ദൈവം ശിക്ഷാവിധി കല്പിക്കുന്നു. അന്ത്യാഗ്നി യിൽ അവർ വെന്തെരിയും. അതിനു മുമ്പു ഭൂമിയിൽ അയയ്ക്ക പ്പെടുന്ന ഏഴു ബാധകൾ അവരുടെ മേൽ ചൊരിയപ്പെടുകയും രാവും പകലും അവർക്ക് സ്വസ്ഥത നഷ്ടപ്പെട്ടിരിക്കയും ചെയ്യും. ഈ ഭീകര നാശത്തിൽനിന്ന് എല്ലാവരും ഒഴിഞ്ഞിരിക്കണമെന്നുള്ള ദൈവിക ആഗ്രഹത്തിലും ദൈവത്തിന്റെ നിത്യസ്നേഹത്തിലും ആണ് ഈ മുന്നറിയിപ്പിൻ വിളി അയച്ചുകൊണ്ടിരിക്കുന്നത്.

ദൈവകൃപയുടെ ഈ മുന്നറിയിപ്പിൻ ദൂത് കൈക്കൊണ്ട് അതിൽ വിശ്വസിച്ച് നിലനില്ക്കുന്നവർ ഈ ഭൂമിയിൽ നേരത്തെ മരിക്കേണ്ടി വന്നിരുന്നാൽപോലും അവർ ഭാഗ്യവാന്മാരെന്നു ദൈവം അരുളി ച്ചെയ്യുന്നു. കാരണം അവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ ചേർത്തുകഴിഞ്ഞിരിക്കുന്നു. അവർ ചെയ്തു വന്ന മഹത്തായ ദൂതു ഘോഷണം മറ്റുള്ളവർ ചെയ്തുതീർക്കും. "ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു; അതു പറഞ്ഞത്: എഴുതുക: ഇന്നു മുതൽ കർത്താ വിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്ന് വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവു പറയുന്നു" (വെളി. 14:13).

"പിന്നെ ഞാൻ വെളുത്തൊരു മേഘവും മേഘത്തിന്മേൽ മനുഷ്യ പുത്രനു സദൃശനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു. മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറപ്പെട്ടു, മേഘത്തിന്മേൽ ഇരിക്കുന്നവനോടു: "കൊയ്ത്തിനു സമയം വന്നതുകൊണ്ട് നിന്റെ അരിവാൾ അയച്ച് കൊയ്ക; ഭൂമിയിലെ വിളവ് വിളഞ്ഞുണങ്ങിയിരിക്കുന്നു എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയി ലേക്ക് എറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു" (വെളിപ്പാട് 14:14-16).

മൃഗത്തോടും അതിന്റെ പ്രതിമയോടും അതിന്റെ പേരിന്റെ സംഖ്യ യോടും പോരാടി ജയിച്ചവർ ബാബിലോൺ വിട്ടകന്ന് യേശുക്രിസ്തു വിന്റെ പാദപീഠത്തിലേക്ക് ചേർക്കപ്പെടുന്നു. മാനസാന്തരപ്പെട്ടു യേശു

വിൽ അഭയം പ്രാപിക്കുന്നവർ ഭൂമിയിൽ എങ്ങുമുള്ള സകല വിഭാഗങ്ങളിൽനിന്നും കടന്നുവന്നവരായിരിക്കും. ലോകത്തിന്റെ അന്ത്യത്തെക്കുറിച്ച് ദൈവം നിശ്ചയിച്ച സമയം അപ്പോൾ സമാഗതമാകും. ഭൂമിയിലെ വിളവ് കൊയ്ത്തിനു പാകമായിക്കഴിഞ്ഞു. "കൊയ്ത്ത് ലോകാവസാനം; കൊയ്യുന്നവർ ദൂതന്മാർ." യേശുവിന്റെ ജനം യേശുവിനോടൊത്തു പിതാവിന്റെ ഭവനത്തിലേക്ക് എടുക്കപ്പെടുന്നു.

"മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽനിന്നു പുറപ്പെട്ടു; അവൻ മൂർച്ചയുള്ളൊരു കോങ്കത്തി പിടിച്ചിരുന്നു. തീയുടെ മേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽനിന്നു പുറപ്പെട്ടു, മൂർച്ചയുള്ള കോങ്കത്തി പിടിച്ചിരുന്നവനോട്; ഭൂമിയിലെ മുന്തിരിങ്ങ പഴുത്തിരിക്കയാൽ നിന്റെ മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. ദൂതൻ കോങ്കത്തി ഭൂമിയിലേക്കു എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു. ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു. ചക്ക് നഗരത്തിനു പുറത്തു വെച്ച് മെതിച്ചു; ചക്കിൽനിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി" (വെളിപ്പാട് 14:17–20).

ഭൂമിയിലെ വിളവിനെ രണ്ടായി തിരിച്ചിരിക്കുന്നു. അതിലൊന്ന് നീതിമാന്മാരായവരെ നിത്യതയിലേക്കു കൂട്ടിച്ചേർക്കുന്നതാണ്. ആ വിളവെടുപ്പ് തക്കസമയത്ത് നടത്തുവാൻ ദൈവം കാത്തിരിക്കുന്നു. രണ്ടാമത്തെ വിളവെടുപ്പ് ദുഷ്ടന്മാർക്കുള്ളതാണ്. അത് തീയിൽ ദഹിപ്പിക്കുന്നതിനുള്ള ശേഖരമാണ്. ദൈവകോപത്തിന്റെ ചക്കിൽ അവർ ഇടപെടുന്നത് അന്ത്യ ഏഴ് ബാധകളോടുകൂടിയാണ്. അവരുടെ സർവ്വനാശം പൂർത്തിയാകുന്നത് ക്രിസ്തുവിന്റെ വീണ്ടുംവരവോടുകൂടിയാണ്. ആ സർവ്വനാശം അത്രമാത്രം ഭീകരമാകയാൽ രക്തം കുതിരകളുടെ കടിവാളങ്ങളോളം അല്ലെങ്കിൽ കഴുത്തോളം പൊങ്ങി എന്നു നാം കാണുന്നു. ഇരുന്നൂറു നാഴിക ദൂരത്തോളം രക്തം ഒഴുകി എന്നു പറയുന്നത് ഏകദേശം 184 മൈൽ ദൂരമാണ്. ഇത് പലസ്തീൻ നാടിന്റെ നീളത്തിന് തുല്യമാണെന്നു ചിലർ പറയുന്നു. പക്ഷേ ഇവിടെ അത് അർത്ഥമാക്കുന്നത് ദൈവജനത്തിനെതിരെ പോരാടിയവരുടെ നിത്യനാശം സമ്പൂർണ്ണമായിരുന്നു എന്നുള്ളതാണ്. അതിനുശേഷം ദൈവജനത്തിന്റെ മേൽ ആക്രമണം നടത്തുവാൻ യാതൊരു ശത്രുവും ഉണ്ടായിരിക്കുന്നതല്ല. വിശുദ്ധന്മാർ ദൈവരാജ്യത്തിൽ നിത്യാനന്ദം അനുഭവിക്കും.

# മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും
## (വെളിപ്പാട് 15–ാം അദ്ധ്യായം)

മഹാസർപ്പവും മൃഗവും കള്ളപ്രവാചകനും ഒരുമിച്ച് ദൈവജനത്തെ ചവിട്ടിമെതിക്കുവാൻ ശ്രമിക്കുന്നതിന്റെ ഭീകര ദൃശ്യം യോഹന്നാൻ ദർശനത്തിൽ കണ്ടു. നൂറ്റാണ്ടുകളോളം സാത്താന്യ ശക്തികളുടെ ഈ പോരാട്ടം ദൈവജനത്തിനെതിരെ നടന്നുകൊണ്ടിരുന്നതിനാൽ ദൈവജനം നിലനില്ക്കുമോ എന്നുള്ള ചിന്തപോലും ഉണ്ടായിരുന്നു. പക്ഷേ ഇവിടെ മൃഗത്തിന് ഇരയായിത്തീരാതെ ദൈവജനം രക്ഷനേടുന്നത് യോഹന്നാൻ ചിത്രീകരിക്കുന്നു. വിടുതലിന്റെയും രക്ഷയുടെയും മനോഹരമായ ഒരു പൂർണ്ണചിത്രമാണത്. അന്ത്യ ഏഴു ബാധകൾ ഭൂമിയിലേക്ക് അയയ്ക്കപ്പെടുന്നതിനു മുമ്പുതന്നെ ദൈവജനത്തിന് അവരുടെ അന്തിമ വിജയത്തിന്റെ ദർശനം ഉണ്ടായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു.

“ഞാൻ വലുതും അത്ഭുതവുമായ മറ്റൊരു അടയാളം സ്വർഗ്ഗത്തിൽ കണ്ടു; ഒടുക്കത്തെ ഏഴു ബാധയുള്ള ഏഴു ദൂതന്മാരെ തന്നെ; അതോടുകൂടെ ദൈവക്രോധം തീർന്നു” (വെളിപ്പാട് 15:1).

ഏഴ് എന്നത് പൂർണ്ണതയെ കാണിക്കുന്നതായി നാം ആരംഭത്തിൽ തന്നെ ഗ്രഹിച്ചുവല്ലോ. മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നവർക്ക് ദൈവം കരുതിക്കൂട്ടിയിരിക്കുന്ന തന്റെ “ക്രോധമദ്യ”ത്തെ അന്ത്യ ഏഴുബാധകളിൽ സംയോജിപ്പിച്ചിരിക്കുന്നു. ഈ ബാധകളെ അടുത്ത അദ്ധ്യായത്തിൽ നാം പഠിക്കുന്നതാണ്. അതുപോലുള്ള ബാധകൾ പിന്നെ ഭൂമിയിൽ ഉണ്ടാകയില്ല. പക്ഷേ, പാപികളുടെയും സാത്താന്റെയും സർവ്വനാശം പിന്നീടു വരുന്നതാണ്.

“തീ കലർന്ന പളുങ്കു കടൽപോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ട് പളുങ്കുകടലിനരികെ നില്ക്കുന്നതും ഞാൻ കണ്ടു” (വെളി. 15:2).

ദൂതന്മാർ ആകാശമദ്ധ്യേ പറന്നുകൊണ്ട് വിളിച്ചറിയിക്കുംവിധം ദൈവം ഈ ലോകത്തോടു അന്തിമമായി നടത്തിക്കൊണ്ടിരുന്ന അന്ത്യ കൃപാദൂതുഘോഷണം ചെവിക്കൊണ്ടു സ്വീകരിച്ചവർ ഉണ്ടായിരുന്നു. അവർ നാശത്തിൽ വീഴാതെ ദൈവരാജ്യത്തിൽ സുരക്ഷിതരായിരിക്കുന്നു. കുഞ്ഞാടിന്റെ രക്തത്താൽ അവർ ജയം പ്രാപിച്ചിരിക്കുന്നു. ഭൂമിയിൽ ദൈവകല്പന അനുസരിച്ചിരുന്നവരെ കൊന്നുകളയേണ്ടതിനു മൃഗവും മഹാസർപ്പവും കള്ളപ്രവാചകനും ഒരുമിച്ച് ഭൂമിയിൽ നിന്നു കയറിയ മൃഗത്തോടൊപ്പം വിധി കല്പിച്ചപ്പോഴും അവർ ദൈവ മുഖം നോക്കിക്കൊണ്ട് ഉറച്ചുനിന്നു. ഇപ്പോഴവർ സമ്പൂർണ്ണ സുരക്ഷിതരായി പളുങ്കുകടലിനരികെ നില്ക്കുന്നു. ആ പളുങ്കുകടലിനെ തീ കലർന്ന പളുങ്കുകടൽ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവശോഭയാൽ അത് തീ കലർന്നതായി കാണപ്പെടുന്നു. വീണ്ടെടുക്കപ്പെട്ടവർ മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവരാകയാൽ ജയത്തിന്റെ പാട്ട് അവർ ദൈവമുമ്പാകെ പാടി കർത്താവിനെ സ്തുതിക്കുന്നു.

“അവർ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയത്: സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വ ജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകല ജാതികളും വന്ന് തിരുസന്നിധിയിൽ നമസ്കരിക്കും” (വെളി. 15:3,4).

വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ പളുങ്കുകടലിനരികെ ദൈവ മുമ്പാകെ നിന്നുകൊണ്ട് ദൈവത്തിന്റെ വീണകൾ മീട്ടി ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടുന്നു. ഇത് അവർക്കു ലഭിച്ച വിടുതലിന്റെ പാട്ടാണ്. പുരാതന ദൈവജനമായി

രുന്ന യിസ്രായേല്യർ ചെങ്കടൽ കടന്നപ്പോൾ അവരുടെ വിടുതലിന്റെ പാട്ട് അവർ പാടി. മിസ്രയീമ്യ അടിമത്വത്തിൽനിന്ന് അവർ സ്വതന്ത്ര രായി കഴിഞ്ഞു. അവരുടെ പിന്നാലെ വന്ന ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങി നശിച്ചു. ഇപ്രകാരം മോശെയുടെ പാട്ടെന്നത് മോചനത്തിന്റെ പാട്ടാണ്. ആ അനുഭവമാണ് ഇവിടെ ദൈവമക്കൾ ആസ്വദിക്കുന്നത്. അവർ ഈ ഭൂമിയിൽ മഹതിയാം ബാബിലോണിന്റെ കീഴിൽ കഠിനയാതനകൾ നേരിട്ടവരായിരുന്നു. മഹാസർപ്പം അവരോടു കോപിച്ചു. അവൻ ഭൂവാസികളായ ജനലക്ഷങ്ങളെ അവർക്കെതിരെ തിരിച്ചു. ഭൗമീക ശക്തികളെല്ലാം അവർക്കു പ്രതികൂലമായിരുന്നു. എന്നാൽ കുഞ്ഞാടിന്റെ രക്തവും സാക്ഷ്യവചനവും അവർക്കു ശക്തി യേകി. അതുകൊണ്ടവർ കുഞ്ഞാടിനെ പാടിപ്പുകഴ്ത്തുന്നു. ഭൂമിയിൽ കർത്താവിനെ അവർ സർവ്വ ജാതികളുടെയും രാജാവായി ഏറ്റു പറഞ്ഞു. അതിൽ അവർ ലജ്ജിക്കേണ്ടിവന്നില്ല. സാത്താൻ ഭൂമിയിൽ നിയോഗിച്ചിരിക്കുന്ന അനേകമനേകമായ പരിശുദ്ധന്മാർക്ക് ലോകജനം സ്തുതി അർപ്പിച്ചപ്പോൾ അവർ കർത്താവിനെ ഏകപരിശുദ്ധനായി ഉയർത്തിക്കാണിച്ചു. ദൈവം ഉന്നതനാണെന്നും സർവ്വശക്തനാ ണെന്നും തന്റെ "ക്രോധമദ്യ"മായ അന്ത്യ ഏഴു ബാധകളിലൂടെ മൃഗ ത്തിനും ബാബിലോണിനും കള്ളപ്രവാചകന്മാർക്കുമെല്ലാം ന്യായവിധി അയച്ചുകൊണ്ട് വെളിപ്പെടുത്തി. ഇപ്പോൾ ലോകത്തെ ജയിച്ച വിശുദ്ധ ന്മാർ അതോർത്ത് ദൈവത്തെ പാടി സ്തുതിക്കുന്നു.

"ഇതിന്റെശേഷം സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു. ഏഴു ബാധയുള്ള ഏഴു ദൂതന്മാരും ശുദ്ധവും ശുഭ്രവുമായുള്ള ശണവസ്ത്രം ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും കൊണ്ട് ദൈവാലയത്തിൽനിന്ന് പുറപ്പെട്ടുവന്നു. അപ്പോൾ നാലു ജീവി കളിൽ ഒന്ന് എന്നെന്നേക്കും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ ക്രോധം നിറഞ്ഞ ഏഴു പൊൻകലശം ആ ഏഴു ദൂതന്മാർക്കു കൊടുത്തു. ദൈവ ത്തിന്റെ തേജസ്സും ശക്തിയും ഹേതുവായിട്ട് ദൈവാലയം പുക കൊണ്ടു നിറഞ്ഞു; ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല" (വെളി. 15:5–8).

സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം സ്വർഗ്ഗീയ വിശു ദ്ധമന്ദിരത്തിന്റെ അതിവിശുദ്ധ സ്ഥലത്തെ സൂചിപ്പിക്കുന്നു. ഇപ്പോൾ അവിടെ നമ്മുടെ മദ്ധ്യസ്ഥനായ കർത്താവു തന്നോട് അടുക്കുന്ന വർക്കുവേണ്ടി പിതാവിനോടു പക്ഷവാദം അഥവാ മദ്ധ്യസ്ഥത നടത്തി

ക്കൊണ്ടിരിക്കുന്നു. പാപമോചനത്തിനുള്ള ഉറവ എല്ലാവർക്കുമായി തുറന്നിരിക്കുകയാണ്. ദൈവസ്നേഹത്തിന്റെ അന്തിമമായ കൃപാദൂതുകൾ ലോകമെങ്ങും വിളിച്ചറിയിക്കുന്നു. ഈ വിളി എത്രയും വേഗം നിലച്ചുപോകും. ദൈവക്രോധം എത്രയും വേഗം ഭൂമിമേൽ ചൊരിയപ്പെടും. അപ്പോൾ ആർക്കുംതന്നെ പാപമോചനം ലഭ്യമാകയില്ല. രക്ഷയുടെ വാതിൽ എന്നെന്നേക്കുമായി അടഞ്ഞുപോകും. കർത്താവു മദ്ധ്യസ്ഥനായി അവിടെ ഉണ്ടാകയില്ല. അപ്പോൾ ആരുടെയും പ്രാർത്ഥന ദൈവസന്നിധിയിൽ എത്തേണ്ട ആവശ്യവുമില്ല. വിശുദ്ധൻ വിശുദ്ധനായിരിക്കും; ദുഷ്ടൻ ദുഷ്ടനുമായിരിക്കും. “ദൈവാലയം പുകകൊണ്ടു നിറഞ്ഞു; ഏഴു ദൂതന്മാരുടെ ബാധ ഏഴും കഴിയുവോളം ദൈവാലയത്തിൽ കടപ്പാൻ ആർക്കും കഴിഞ്ഞില്ല.

# അന്ത്യ ഏഴുബാധകൾ
## (വെളിപ്പാട് 16 – ാം അദ്ധ്യായം)

**വെ**ളിപ്പാടു പുസ്തകത്തിലെ രണ്ട് അദ്ധ്യായങ്ങൾ അന്ത്യ ഏഴു ബാധകളെക്കുറിച്ച് നമ്മോട് പറയുന്നതിന് ദൈവം നീക്കിവെച്ചിരിക്കുന്നു. ബാധകളിൽ നശിച്ചുപോകാതിരിക്കേണ്ടതിന് ഇത് സകല മനുഷ്യർക്കുമുള്ള മുന്നറിയിപ്പാണ്. പാപം എന്നത് അതിഭീകരമായതാണെന്നും ദൈവം അതിനെ നിസ്സാരമായി തള്ളിക്കളകയില്ലെന്നും ക്രിസ്തുവിന്റെ മരണം ഉറപ്പു പറയുന്നു. ദീർഘക്ഷമ ഉള്ളവനായ ദൈവം എല്ലാ പ്രശ്നങ്ങൾക്കും പൂർണ്ണവിരാമം ഇടുന്നുണ്ട്. പുരാതന യിസ്രായേൽ മക്കൾ മിസ്രയീമ്യ അടിമത്വത്തിൽ പീഡിപ്പിക്കപ്പെട്ടപ്പോൾ ദൈവം പത്തു ബാധകളെ അയച്ച് ഫറവോനെയും അവന്റെ ജനത്തെയും ന്യായം വിധിച്ചശേഷം അവരെ വിടുവിച്ചു. അപ്രകാരം അന്ത്യ ഏഴു ബാധകൾ ഈ ഭൂമിമേൽ ചൊരിയപ്പെടുകയും ദൈവ ജനം ആരെന്നു ദൈവം വെളിപ്പെടുത്തുകയും ചെയ്യുന്നു. ബാധകളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതിനും ദൈവജനത്തോടു ചേർന്ന് നിത്യതക്കുവേണ്ടി ഒരുങ്ങുവാനും ഉള്ള അന്ത്യവിളി ദൈവം എല്ലാവർക്കും ഇപ്പോൾ അയച്ചുകൊണ്ടിരിക്കുകയാണ്.

ദൈവകോപം എന്ന അന്ത്യബാധകൾ മൃഗത്തിന്റെ മുദ്ര ഏറ്റവർക്കുള്ളതാണ്. മനുഷ്യകോപത്തിൽനിന്ന് വളരെ വ്യത്യസ്തമാണ് ദൈവകോപം. അത് പാപത്തിന്റെ മേലുള്ള ദൈവീക ന്യായവിധിയാണ്.

ഭൂമിമേലും മനുഷ്യരുടെ മേലും സാത്താൻ നാശം വിതച്ച് ഭൂതലത്തെ മരുഭൂമിപോലെ ആക്കുവാൻ (യെശ. 14:16,17) അവസരം നോക്കിയിരിക്കുകയാണ്. ഇപ്പോൾ ദൈവത്തിന്റെ സംരക്ഷണവലയം ദുഷ്ടന്മാരുടെമേലും നല്ലവരുടെ മേലും ഉണ്ട്. എന്നാൽ ദൈവത്തെ

ഉപേക്ഷിച്ചു കളഞ്ഞവരുടെ മേലുള്ള സംരക്ഷണം ദൈവം അന്ന് പിൻവലിക്കും. “അവർ അന്യദൈവങ്ങളുടെ അടുക്കലേക്ക് തിരിഞ്ഞു ചെയ്തിട്ടുള്ള സകല ദോഷവും നിമിത്തം ഞാൻ അന്ന് എന്റെ മുഖം മറച്ചുകളയും” (ആവർത്തനം 31:18). അന്ത്യബാധകളുടെ കാലത്ത് ദൈവത്തെ സ്നേഹിക്കുന്നവൻ ആരെന്നും സ്നേഹിക്കാത്തവൻ ആരെന്നും ഉള്ള വ്യത്യാസം വീണ്ടും കാണും (മലാഖി 3:18).

“നിങ്ങൾ പോയി ക്രോധകലശം ഏഴും ഭൂമിയിൽ ഒഴിച്ചുകളവിൻ എന്നു ഒരു മഹാശബ്ദം ദൈവാലയത്തിൽനിന്ന് ഏഴു ദൂതന്മാരോടും പറയുന്നതു ഞാൻ കേട്ടു” (വെളിപ്പാട് 16:1). ഏഴ് എന്നത് പൂർണ്ണതയെ കാണിക്കുന്നു. ബാധകൾ എല്ലാം യാഥാർത്ഥ്യമായതും തെറ്റായ വിശ്വാസസംഹിതകളിൽ നിൽക്കുന്നവരെ മാത്രം ബാധിക്കുന്നതുമാണ്. ഒന്നാമത്തെ ബാധ എന്താണെന്നു നോക്കുക:

“ഒന്നാമത്തവൻ പോയി തന്റെ കലശം ഭൂമിയിൽ ഒഴിച്ചു; അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്ക്കരിക്കുന്നവരുമായ മനുഷ്യർക്ക് വല്ലാത്ത ദുർവ്രണം ഉണ്ടായി” (വെളി. 16:2).

ദൈവകല്പനയെ ഉപേക്ഷിച്ചുകളഞ്ഞവരെല്ലാം സാത്താന്റെ നിയന്ത്രണത്തിൽപ്പെട്ട് അന്നുവരെ വഞ്ചനാത്മകമായി നടത്തിക്കൊണ്ടിരുന്ന അത്ഭുത രോഗശാന്തികളൊന്നും ഇപ്പോൾ ഫലിക്കുന്നില്ല. മിസ്രയീമ്യരുടെ മേൽ ബാധകൾ വന്നപ്പോൾ അവരുടെ മന്ത്രവാദികൾ നിസ്സഹായരായിത്തീർന്നതുപോലെ ഇവിടെയും അവർ നിസ്സഹായരായിത്തീർന്നുപോകുന്നു. ഓരോ ബാധയും അവരെ ഹൃദയകാഠിന്യമുള്ളവരാക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

“രണ്ടാമത്തവൻ തന്റെ കലശം സമുദ്രത്തിലൊഴിച്ചു; അപ്പോൾ അത് മരിച്ചവന്റെ രക്തംപോലെ ആയിത്തീർന്നു; സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി” (വെളിപ്പാട് 16:3).

മൂന്നാമത്തെ ബാധയോടൊപ്പം അന്താരാഷ്ട്ര വ്യാപാരത്തെയും ഗതാഗതത്തെയും എല്ലാം ബാധിക്കുന്നതാണ്. സാത്താൻ രാഷ്ട്രങ്ങളെ തന്റെ നിയന്ത്രണത്തിൽ നിർത്തിക്കൊണ്ട് ദൈവത്തോടു മത്സരിപ്പിക്കുന്നതിൽ ദൈവം തന്റെ അതൃപ്തി വെളിപ്പെടുത്തുന്നു.

“മൂന്നാമത്തെ ദൂതൻ തന്റെ കലശം നദികളിലും നീരുറവുകളിലും ഒഴിച്ചു; അവ രക്തമായിത്തീർന്നു. അപ്പോൾ ജലാധിപതിയായ ദൂതൻ

ഇവ്വണ്ണം പറയുന്നത് ഞാൻ കേട്ടു: ഇരിക്കുന്നവനും ഇരുന്നവനുമായി പരിശുദ്ധനായുള്ളോവേ, നീ ഇങ്ങനെ ന്യായംവിധിച്ചതുകൊണ്ട് നീതിമാൻ ആകുന്നു. വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ട് നീ അവർക്ക് രക്തം കുടിപ്പാൻ കൊടുത്തു; അതിന് അവർ യോഗ്യർ തന്നെ. അവ്വണ്ണം യാഗപീഠവും: അതേ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്നു പറയുന്നത് ഞാൻ കേട്ടു" (വെളിപ്പാട് 16:4–7).

മനുഷ്യന്റെ അത്യാവശ്യ ഘടകങ്ങളായ ജലപാനം, കുളി, ജലസേചനം എന്നിവയെയെല്ലാം ഇതു ബാധിക്കുന്നു. പക്ഷെ ഈ ബാധകൾ എല്ലാംതന്നെ ഭൂതലമെങ്ങും ഒരുപോലെ ആയിരിക്കയില്ല. മാത്രമല്ല, ഇത് ഒന്നും വളരെ നാൾ നീണ്ടു നില്ക്കുകയുമില്ല. മിസ്രയീമിലെ ബാധകളും അപ്രകാരംതന്നെ ആയിരുന്നു. ദുഷ്ടജനം ദൈവമക്കളുടെ രക്തം ചിന്തിയതുകൊണ്ട് അവർക്കു കുടിപ്പാൻ രക്തം നല്കിയതിന് ദൂതന്മാരും സ്വർഗ്ഗീയ ജീവികളും ദൈവത്തിന്റെ ന്യായവിധിയെ പ്രശംസിക്കുന്നു.

"നാലാമത്തവൻ തന്റെ കലശം സൂര്യനിൽ ഒഴിച്ചു; അപ്പോൾ തീകൊണ്ടു മനുഷ്യരെ ചുടുവാൻ തക്കവണ്ണം അതിന് അധികാരം ലഭിച്ചു. മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെ മേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന് മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല" (വെളിപ്പാട് 16:8,9).

ചരിത്രത്തിലുടനീളം സൂര്യ ആരാധന കാണാവുന്നതാണ്. മനുഷ്യർ നദികളെയും നീരുറവുകളെയും എല്ലാം ആരാധിക്കുന്നു. ഈ ബാധകൾ എല്ലാംതന്നെ സൃഷ്ടിതാവിനെ ഉപേക്ഷിച്ചുകൊണ്ട് സൃഷ്ടിയിൽ പെട്ടവയെ ആരാധിക്കുന്ന മനുഷ്യന്റെ ദുഷ്ടതയിൻമേലുള്ള ന്യായവിധികളാണ്. പക്ഷെ സകല ബാധകളിലും ദൈവജനം സുരക്ഷിതരായിരിക്കും. മിസ്രയീമ്യരുടെമേൽ ബാധകൾ വന്നപ്പോൾ ദൈവം തന്റെ കുഞ്ഞുങ്ങളെ സംരക്ഷിച്ചതുപോലെ ഇവിടെയും സംഭവിക്കുന്നു. മനുഷ്യർ ആരാധിച്ചുകൊണ്ടിരിക്കുന്ന സൂര്യനും സൂര്യന്റെ ദിവസമെന്ന് ജനം സങ്കല്പിച്ചിരിക്കുന്ന ഞായറാഴ്ച ആചാരവും മനുഷ്യനെ രക്ഷിക്കയില്ലെന്നു ഇവിടെ വെളിവാക്കുന്നു.

"അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; അപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി. അവർ

കഷ്ടത നിമിത്തം നാവു കടിച്ചുംകൊണ്ട് കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല" (വെളിപ്പാട് 16:10,11).

ദൈവവചനത്തെ ഉപേക്ഷിച്ചുകളഞ്ഞ ലോകവ്യാപകമായ മൃഗ സാമ്രാജ്യ തലസ്ഥാനം അഥവാ മഹതിയാം ബാബിലോൺ പൂർണ്ണമായി ആത്മിക അന്ധകാരത്തിൽ പെട്ടുപോകുന്നു. ഈ സമ യത്തും ഒന്നാമത്തെ ബാധയിലെ വ്രണങ്ങളും മറ്റു ബാധകളിലെ കഷ്ട പ്പാടുകളുമെല്ലാം അവരിൽ നിലനില്ക്കുന്നു. അവർ ഇപ്പോഴും ദൈവ ത്തിന്റെ നാമത്തെ ദുഷിക്കുന്നതേയുള്ളൂ.

"ആറാമത്തവൻ തന്റെ കലശം യുഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുക്കേണ്ടതിനു അതിലെ വെള്ളം വറ്റിപ്പോയി. മഹാസർപ്പത്തിന്റെ വായിൽ നിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന് കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ - ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ." - "അവ അവരെ എബ്രായ ഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടി ച്ചേർത്തു" (വെളിപ്പാട് 16:12-16).

ആറാമത്തെ ബാധക്ക് രണ്ടു വിശദീകരണങ്ങളുണ്ട്. യുഫ്രാത്തേസ് നദി എന്നത് അതിനോടു ചേർന്ന രാഷ്ട്രത്തെയും ഭരണങ്ങളെയും സൂചിപ്പിക്കുന്നു എന്നതാണ് ഒരു വിശദീകരണം. നദിയിലെ വെള്ളം ജനതതിയെ കുറിക്കുന്നു. ഈ പറഞ്ഞ പ്രദേശത്ത് ഉള്ള ജനം ഇസ്ലാം മതവിശ്വാസികളാണ്. ഈ ജനസമൂഹം സാത്താന്യ അത്ഭുതങ്ങളിൽ കുടുങ്ങി മറ്റു ക്രിസ്തീയ വിശ്വാസക്കൂട്ടങ്ങളിലേക്കു അപ്പോൾ ചേർന്നു നിൽക്കുന്നതായിരിക്കും. സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിച്ചു കൊണ്ട് മശീഹയെന്നു പറഞ്ഞ് ക്രിസ്തീയ കൂട്ടങ്ങളെ വശീകരിക്കു മ്പോൾ ഇസ്ലാംമത വിശ്വാസികളും ആ വഞ്ചനയിൽ കുടുങ്ങി അവ രോടു ചേർന്നു നില്ക്കും. എന്നാൽ കിഴക്കൻ രാജ്യങ്ങൾ പൊതുവെ

ഹൈന്ദവ ആചാരങ്ങളിൽ ഉൾപ്പെട്ടവരാണ്. സാത്താനെന്ന കള്ള ക്രിസ്തുവിനോടു ക്രിസ്ത്യാനികളും മുസ്ലീങ്ങളും ചേർന്നുനില്ക്കുമ്പോൾ അവരോടു യോജിക്കുവാൻ കിഴക്കൻ രാജ്യക്കാരും വശീകരിക്കപ്പെടും. മറ്റെല്ലാ മതങ്ങളും ഈ സാത്താന്യ ശക്തിക്ക് കീഴ്പെടുന്ന അത്ഭുതങ്ങൾ കണ്ട് അവരോട് ഒത്തുചേരും. ഇത് ഹർമ്മഗെദ്ദോൻ യുദ്ധത്തിലേക്ക് വഴിതെളിക്കും.

ഇനി രണ്ടാമത്തെ വിശദീകരണം നമുക്കു നോക്കാം.

ഇന്ന് ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും ഹർമ്മഗെദ്ദോൻയുദ്ധം ഒരു ചർച്ചാവിഷയമാണ്. ലോകത്തിലെ സകല യുദ്ധങ്ങളിലും വച്ച് ഏറ്റവും വലുതായി ജനം അതിനെ കാണുന്നു. അതിലെ പ്രധാന സംഭവങ്ങൾ നോക്കുക:

- യൂഫ്രാത്തേസ് നദിയിലെ വെള്ളം വറ്റിപ്പോകുന്നു.
- കിഴക്കുനിന്നു രാജാക്കന്മാർ വരുന്നു.
- തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും മഹാസർപ്പത്തിന്റെയും വായിൽനിന്ന് പുറപ്പെട്ടുവരുന്നു.
- ഹർമ്മഗെദ്ദോനിൽ കൂടിവരുന്നു
- കള്ളനെപ്പോലെ യേശു വരുന്നു.

യൂഫ്രാത്തേസ് നദി പുരാതന ബാബിലോണിനെ ചുറ്റിയിരുന്നു. മേദ്യ-പേർഷ്യ സൈന്യത്തിന്റെ അധിപതിയായിരുന്ന കോരശ് അതിലെ വെള്ളം തിരിച്ചുവിട്ടുകൊണ്ട് ഉണങ്ങിയ നദിയിൽക്കൂടെ സൈന്യത്തെ രാത്രിയിൽത്തന്നെ ബാബിലോൺ പട്ടണത്തിനകത്തു കടത്തി അതിനെ തോല്പിച്ചു. ഇവിടെ പ്രവചനത്തിൽ വെള്ളമെന്നത് മനുഷ്യസമൂഹത്തെ കുറിക്കുന്നു (വെളിപ്പാട് 17:15). ഇന്നത്തെ മഹതിയാം ബാബിലോൺ എന്ന സാത്താന്യ സാമ്രാജ്യ കേന്ദ്രത്തെ അവന്റെ ജനം താങ്ങി നിറുത്തി അവരുടെ ദുരുപദേശങ്ങൾ പാലിച്ചുകൊണ്ട് നീങ്ങുകയാണ്. എന്നാൽ മുൻപറഞ്ഞ ആറു ബാധകളുമേറ്റ് തങ്ങൾ നാശയോഗ്യരെന്ന് ഈ ജനം കാണുന്നു. അങ്ങനെ അവർ മഹതിയാം ബാബിലോണിനുള്ള തങ്ങളുടെ കൂറും പിൻതുണയും പിൻവലിക്കുന്നു. നാലാമത്തെ ബാധയുടെ ഭീകരതയിൽതന്നെ ജനം കൂറുമാറിത്തുടങ്ങി

(യോവേൽ 1:19,20). അങ്ങനെ ജനം പിന്മാറിയത് ജലം വറ്റിപ്പോയ തായി ഇവിടെ പ്രവചനം പറയുന്നു.

കിഴക്കുനിന്നു വരുന്ന രാജാക്കന്മാർ രാജാധിരാജാവായ ക്രിസ്തുവും അവനോടൊപ്പം വരുന്ന സ്വർഗ്ഗീയ സൈന്യവുമാണ്. അവരെ എല്ലാം രാജാക്കന്മാരെന്നു പറഞ്ഞിരിക്കുന്നു. പ്രവചനത്തിൽ കിഴക്ക് എന്നത് സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു. ദൈവമഹത്വം കിഴക്കു നിന്നു വന്നു എന്ന് യെഹെസ്ക്കേൽ 43:2 പറയുന്നു. വെളിപ്പാട് 7:2 ൽ ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്നു ദൂതൻ വന്നതായി പറയുന്നു. പുരാതന ബാബിലോണിനെ തോല്പിച്ച കോരശ് കിഴക്കു ദിക്കിൽ നിന്നാണ് വന്നത് (യെശ. 46:11; 41:2; 44:28; 45:1). പഴയ ബാബിലോണിനെ കിഴക്കുനിന്നു വന്ന കോരശ് നശിപ്പിച്ചതുപോലെ ആത്മീക ബാബി ലോണിനെ യേശുവും തന്റെ സൈന്യവും ചേർന്ന് നശിപ്പിക്കുന്നു. അവർക്ക് വഴിയൊരുക്കേണ്ടതിന് ബാബിലോണിനോടുള്ള തങ്ങളുടെ വിധേയത്വത്തിൽനിന്ന് ജനം കൂറുമാറിക്കളയുന്നു. അതിന്റെ കാരണം അവരുടെമേൽ പതിക്കുന്ന ബാധകളാണ്.

മൃഗത്തിന്റെയും മഹാസർപ്പത്തിന്റെയും കള്ളപ്രവാചകന്റെയും വായിൽനിന്നുള്ള അശുദ്ധാത്മാക്കൾ എന്താണെന്നു നമുക്കു നോക്കാം:

മൃഗം പാപ്പാത്വത്തെ കുറിക്കുന്നു. വീഴ്ച ഭവിച്ച പ്രൊട്ടസ്റ്റന്റ് സമൂഹം കള്ളപ്രവാചകന്മാർ എന്ന് പ്രവചനം പറയുന്നു. സാത്താനാൽ നിയന്ത്രിക്കപ്പെടുന്ന സകല മതങ്ങളെയും മഹാസർപ്പം എന്ന് വിളി ച്ചിരിക്കുന്നു. അപ്പോൾ ഇവിടെ നമുക്കു കിട്ടുന്ന ചിത്രം റോമൻ കത്തോ ലിക്കാ മതവും പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളും മറ്റു ഇതര മതങ്ങളും സാത്താന്റെ നിയന്ത്രണത്തിൽ യോജിച്ചുകൊണ്ട് സാത്താന്യമായ അത്ഭുതങ്ങൾ പ്രവർത്തിച്ച് ദൈവത്തിനും ദൈവജനത്തിനും എതിരെ ഒരു അഖില ലോക യുദ്ധത്തിനു ഒരുങ്ങുന്നതാണ്. തങ്ങളുടെ പ്രവർത്തനം ദൈവികമാണെന്നു കാണിക്കുവാൻ സാത്താന്യ അശുദ്ധാ ത്മാക്കൾ അതിഭയങ്കരമായ അത്ഭുതങ്ങൾ ചെയ്ത് സകല ലോക ത്തെയും വഞ്ചനയിൽ കുടുക്കുന്നു.

ഹർമ്മഗെദ്ദോൻ എന്നതിന്റെ അർത്ഥം നാശപർവ്വതം അല്ലെങ്കിൽ കൂട്ടക്കൊലയുടെ പർവ്വതം എന്നൊക്കെയാണ്. എബ്രായ ഭാഷയിൽ ഹർ എന്ന വാക്കിന് പർവ്വതമെന്നും മെഗിദ്ദോ എന്നതിന് നാശം എന്നും അർത്ഥമുണ്ട്. വടക്കൻ പാലസ്തീനിലെ ഒരു താഴ്വര പ്രദേശമാണ്

മെഗിദ്ദോ. അവിടെ പല യുദ്ധങ്ങളും നടന്നിട്ടുണ്ട്. എന്നാൽ ഈ സ്ഥല ത്തിന് ഇവിടെ പ്രവചനവുമായി ഒരു ബന്ധവുമില്ല. ബാബിലോൺ, മിസ്രയീം, സൊദോം, യുഫ്രാത്തേസ് എന്നിവ വെളിപ്പാടിൽ സാദൃശ മായി ഉപയോഗിച്ചിരിക്കുന്നതുപോലെ ഇതും ഒരു സാദൃശമാണ്. ഈ യുദ്ധത്തിൽ ഭൂരാജാക്കന്മാരും സകല ജനവും പങ്കുചേരുകയും ചെയ്യുന്നുണ്ട്. പാലസ്തീനിലെ ഒരു ചെറിയ പ്രദേശത്ത് അവർ ഒതുങ്ങി നിൽക്കുകയില്ല.

പാപികളായ സകല മനുഷ്യരും അവരുടെ നേതാവായ സാത്താ നോടൊത്ത് കിഴക്കുനിന്നു വരുന്ന രാജാക്കന്മാരായ യേശുവിനോടും സൈന്യത്തോടും യുദ്ധത്തിനു ഇറങ്ങുന്നു. യേശുവിന്റെ വീണ്ടുംവര വിൽ സകല ദുഷ്ടന്മാരും ഓടി മരിച്ചു വീഴുകയാണ്. അതാണ് ഹർമ ഗെദ്ദോന്റെ ആരംഭം. വേദപുസ്തകത്തിനും സത്യവിശ്വാസികൾക്കും എതിരെ ലോകത്തിലെ സകല മതങ്ങളും ക്രിസ്ത്യാനികളെന്നു പറയു ന്നവരും അണിനിരന്നു നില്ക്കുകയും തകർന്നുപോകയും ചെയ്യുന്നു.

മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും മഹാസർപ്പത്തിന്റെയും വായിൽനിന്ന് പുറപ്പെട്ട അശുദ്ധാത്മാക്കൾ ഭൂലോകരെ കർമ്മേൽ പർവ്വതംപോലുള്ള ഒരവസ്ഥയിൽ എത്തിച്ചിരിക്കുകയാണ്. അവിടെ പ്രവാചകനായ ഏലിയാവു മാത്രം സത്യത്തിനും ദൈവത്തിനുംവേണ്ടി നിലകൊണ്ടപ്പോൾ ബാൽദേവന്റെ പ്രവാചകന്മാരും അശേരാദേവി യുടെ പ്രവാചകന്മാരും സകല ജനവും ഈസബേൽ രാജ്ഞിയും ആഹാബു രാജാവുമടക്കം എല്ലാവരും ഏലിയാവിനെതിരെ നില കൊണ്ടു. പക്ഷെ അന്തിമ വിജയം ദൈവത്തിന്റെ പക്ഷത്തായിരുന്നു. അപ്രകാരമുള്ള ഒരവസ്ഥ ലോകാന്ത്യത്തിൽ സംജാതമാകുന്നതാണ് ഹർമ്മഗെദ്ദോൻ.

ദുഷ്ടന്മാർ മുഴുവനും നശിപ്പിക്കപ്പെടുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തെ ക്കുറിച്ച് തിരുവെഴുത്തിൽ പലേടത്തും നം കാണുന്നുണ്ട് (വെളിപ്പാട് 1:7; 6:14-17; 14:19,20; 16:17-21; 17:14; 19:11-21). ദുഷ്ടന്മാർ ഒരുമിച്ച് ദൈവ ജനത്തെ നശിപ്പിക്കുവാൻ ഒരുങ്ങുമ്പോൾ രക്ഷകനായ യേശു ആകാശ മേഘങ്ങളിൽ സ്വർഗ്ഗീയ സൈന്യവുമായി പ്രത്യക്ഷപ്പെടും. ആ സ്വർഗ്ഗീയ ശോഭയിൽ സകല ദുഷ്ടന്മാരും മൃതന്മാരായി വീഴും. ഇത് ഹർമ്മഗെ ദ്ദോന്റെ ആരംഭഘട്ടമാണ്. തുടർന്ന് ആയിരമാണ്ടിന്റെ അന്ത്യത്തിൽ പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽനിന്ന് ഭൂമി

യിലേക്കു വരികയും ലോകാരംഭം മുതൽ അവസാനം വരെയുള്ള സകല ദുഷ്ടന്മാരും എഴുന്നേല്ക്കുകയും സാത്താനോടും അവന്റെ സൈന്യത്തോടും ചേർന്ന് പുതിയ യെരൂശലേമിനെതിരെ യുദ്ധത്തിനു വരികയും ചെയ്യും. അപ്പോൾ ആകാശത്തിൽനിന്ന് തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 4:1). ദുഷ്ടതയുടെ വേരായ സാത്താനും അവന്റെ കൊമ്പുകളായ സകല ദുഷ്ടജനവും അന്ന് ചാരമായിത്തീരും. ഇതാണ് ഹർമ്മഗെദ്ദോന്റെ അന്ത്യം.

ഇവിടെ പതിനഞ്ചാം വാക്യത്തിൽ ഒരു പ്രത്യേക കാര്യം പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. ദൈവജനത്തോടുള്ള യുദ്ധത്തിനു സാത്താൻ ഭൂവാസികളെ പ്രോത്സാഹിപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ വീണ്ടും വരവ് അവർക്ക് അപ്രതീക്ഷിതമായിരിക്കും. "ഞാൻ കള്ളനെപ്പോലെ വരും" എന്നു ക്രിസ്തു പറഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥം മനുഷ്യർ നിനയ്ക്കാത്ത നാഴികയിൽ കർത്താവ് വരും എന്നാണ്. ഇത് നമുക്കെല്ലാവർക്കുമുള്ള ഒരു മുന്നറിയിപ്പാണ്. നാം കർത്താവിനെ ദിനന്തോറും അന്വേഷിച്ചില്ലെങ്കിൽ അവനോടുള്ള നമ്മുടെ ബന്ധം നിലനില്ക്കയില്ല. നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം ക്രിസ്തുവിനുതന്നെ ആയിരിക്കണം. അല്ലെങ്കിൽ ക്രിസ്തു കള്ളനെപ്പോലെ മുന്നറിയിപ്പില്ലാതെ വന്നതായി നമുക്കു തോന്നും. ആ ദിവസത്തിൽ നാം നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കും.

"ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്ന് വന്നു. മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായ ഒരു ഭൂകമ്പം ഉണ്ടായിട്ടില്ല. മഹാനഗരം മൂന്നംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണുപോയി; ദൈവകോപത്തിന്റെ ക്രോധമദ്യം ഉള്ള പാത്രം മഹാബാബിലോന് കൊടുക്കേണ്ടതിന് അവളെ ദൈവസന്നിധിയിൽ ഓർത്തു. സകല ദ്വീപും ഓടിപ്പോയി; മലകൾ കാണ്മാനില്ലാതെ ആയി. താലന്തോളം ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്നു മനുഷ്യരുടെ

മേൽ പെയ്തു; കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ട് മനുഷ്യർ ആ ബാധ നിമിത്തം ദൈവത്തെ ദുഷിച്ചു" (വെളിപ്പാട് 16:17-21).

ദുഷ്ടശക്തികൾ സാത്താനോടൊത്ത് ദൈവജനത്തിന്റെമേൽ മരണവിധി പ്രഖ്യാപിക്കുകയും അവരെ കൊന്നൊടുക്കുവാൻ നിശ്ചയിച്ച ദിവസം സമാഗതമായി അതു പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ "സംഭവിച്ചുതീർന്നു" എന്നുള്ള മഹാശബ്ദം ദൈവസിംഹാസനത്തിൽനിന്നും പുറപ്പെടും. വിശുദ്ധന്മാർ അപ്പോൾ മോചിക്കപ്പെടുകയും ഏഴാമത്തെ ബാധ സംഭവിക്കുകയും ചെയ്യുന്നു. ഏറ്റവും ഭയങ്കരമായ ഒരു ഭൂകമ്പം അപ്പോൾ ഉണ്ടാകുന്നു. സകല പട്ടണങ്ങളും തകർന്നുവീഴുന്നു. ദ്വീപുകൾ അപ്രത്യക്ഷമാകുന്നു. മഹാ പർവ്വതങ്ങൾ സമുദ്രത്തിനടിയിൽ താണുപോകുന്നു. നദികൾ എതിർ ദിശയിലേക്കു തിരിഞ്ഞൊഴുകുന്നു. മഹതിയാം ബാബിലോൺ തകർന്നുപോകുന്നു. മഹാസർപ്പവും മൃഗവും കള്ളപ്രവാചകനും അടങ്ങിയ ത്രിത്വബന്ധം വിഘടിക്കപ്പെടുന്നു. അവർ പിന്നെ ഒരുമിച്ചു ചേർക്കപ്പെടാതെ നശിച്ചുപോകുന്നു. ദൈവജനത്തെ നശിപ്പിക്കുവാൻ ഒരുങ്ങിനിന്ന ദുഷ്ടന്മാർ ചിതറിപ്പോകുന്നു. താലന്തോളം ഘനമുള്ള കല്ലുകളായി കന്മഴ ആകാശത്തുനിന്നു പെയ്യുന്നു. ഒരു താലന്തെന്നത് ഏകദേശം അൻപത്തെട്ടു പൗണ്ടിനും എൺപത് പൗണ്ടിനും ഇടയ്ക്കുള്ള ഭാരമാണ്. ഈ കന്മഴ ഏറ്റുകൊണ്ട് മേൽപറഞ്ഞ പ്രകൃതി ദുരന്തങ്ങളുടെ മദ്ധ്യേ ദൈവനാമം ദുഷിച്ചുകൊണ്ടു ദുഷ്ടന്മാർ നാലുപാടും ചിതറി ഓടി ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ മഹാശോഭയിൽ തകർന്നുവീണു നശിക്കുന്നു. ഇപ്രകാരം ദുഷ്ടന്മാർ ദൈവത്തോടുള്ള മഹാവെറുപ്പും വിദ്വേഷവും അവരുടെ അന്തിമ ന്യായവിധിഘട്ടത്തിലും പ്രകടിപ്പിക്കുകയാണ്.

# മർമ്മം: മഹതിയാം ബാബിലോൺ

## (വെളിപ്പാട് 17 – ാം അദ്ധ്യായം)

വെളിപ്പാട് പുസ്തകത്തിൽ ബാബിലോണിന് വലിയ പ്രാധാന്യം നാം കാണുന്നു. മറ്റ് അനേകം പ്രവചനങ്ങളിലും ഇതിനെ പരാമർശിച്ചിട്ടുണ്ട്. ചരിത്രത്തിലും ബാബിലോൺ പ്രാധാന്യം അർഹിക്കുന്നു. ദൈവജനത്തെ അടിമകളാക്കിയ ശത്രുവായി തിരുവെഴുത്തിൽ അതിനെ നമുക്കു കാണാം. ബാബിലോണിന്റെ കപട ഉപദേശങ്ങൾ നിമിത്തം അതിന്റെ സർവ്വനാശം പ്രവചിച്ചിരിക്കുന്നത് നാം പഠിച്ചു കഴിഞ്ഞു. ദൈവകോപത്തിന്റെ ഒരു സുപ്രധാന ഘടകമാണ് ബാബിലോൺ. ബാബിലോണിന്റെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അതിന്റെ മേൽ ചൊരിയപ്പെടുന്ന ദൈവകോപത്തിന് പാത്രീഭവിക്കാതെയും ഇരിപ്പാൻ അവളെ വിട്ടുപോരേണ്ടതിന് ദൈവം തന്റെ ജനത്തെ ആഹ്വാനം ചെയ്യുന്നു.

ഭൂമിയിൽ ഏഴു ബാധകൾ ചൊരിയുവാൻ ചുമതലപ്പെടുത്തിയിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ ബാബിലോണിന്റെ വിശദീകരണം ഈ അദ്ധ്യായത്തിൽ നൽകുന്നത് നാം കാണുന്നു.

“പിന്നെ ഏഴു കലശമുള്ള ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോടു സംസാരിച്ചു: വരിക, ഭൂമിയിലെ രാജാക്കന്മാരോടു വേശ്യാവൃത്തി ചെയ്ത് തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി പെരുവെള്ളത്തിൻമീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞു. അവൻ എന്നെ ആത്മാവിൽ മരുഭൂമയിലേക്കു കൊണ്ടുപോയി. അപ്പോൾ ഏഴു തലയും പത്തുകൊമ്പും ഉള്ളതായി ദൂഷണനാമങ്ങൾ നിറഞ്ഞ് കടുംചുവപ്പുള്ളോരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നതു ഞാൻ കണ്ടു.

ആ സ്ത്രീ ധൂമ്രവർണ്ണവും കടുംചുവപ്പുനിറവും ഉള്ള വസ്ത്രം ധരിച്ച് പൊന്നും രത്നവും മുത്തും അണിഞ്ഞവളായി തന്റെ വേശ്യാവൃത്തി യുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണപാനപാത്രം കയ്യിൽ പിടിച്ചിരുന്നു" (വെളിപ്പാട് 17:1-4).

ഏഴു ബാധകളുടെ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂത ന്മാരിൽ ഒരുവൻ ഈ വിശദീകരണം നൽകുന്നതിന്റെ കാരണം ഏഴു ബാധകൾക്ക് ഉത്തരവാദി ഈ സ്ത്രീ ആയതുകൊണ്ടാണ്. ബാബി ലോണിന്റെ ക്രൂരകൃത്യങ്ങൾ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തു ന്നത് ആറാമത്തെ ബാധയിലും അതിന് ന്യായവിധി വരുന്നത് ഏഴാ മത്തെ ബാധയിലും ആയി നാം കണ്ടു കഴിഞ്ഞു. അത് വീണ്ടും ഇവിടെ ദൂതൻ വിശദമാക്കുന്നു.

ഇവിടെ ബാബിലോണിനെ മഹാവേശ്യയെന്നും വിളിച്ചിരിക്കുന്നു. പഴയകാലത്ത് സത്യദൈവത്തെ ഉപേക്ഷിച്ചു കളഞ്ഞശേഷം പുറജാതി കളുടെ വിഗ്രഹങ്ങളുടെ പിറകെ പോയ ഇസ്രായേൽ ജനത്തെ വേശ്യ യെന്നു വിളിച്ചിരുന്നു. അതുപോലെ ഇവിടെ ദൈവവചനം ഉപേക്ഷിച്ചു കളഞ്ഞശേഷം പാരമ്പര്യങ്ങളും ആചാരങ്ങളുമായി മുന്നോട്ടു പോകുന്ന വലിയൊരു ക്രിസ്തീയ സമൂഹത്തെ ഇത് വെളിവാക്കുന്നു. ഈ സ്ത്രീ പെരുവെള്ളത്തിൻമീതെ ഇരിക്കുന്നതായി പ്രതിപാദിച്ചി രിക്കുന്നു. അതിന്റെ അർത്ഥം 15-ാം വാക്യത്തിൽ നമുക്കു കാണാം: "നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാര ങ്ങളും ജാതികളും ഭാഷകളും അത്രേ." ഭൂവാസികളായ സർവ്വരും ഈ മതസമൂഹത്തിനു പിൻതുണ നൽകുന്നു. ദൈവത്തിനെതിരേയുള്ള സത്യസഭയെ പരിശുദ്ധ സ്ത്രീയായി വർണ്ണിക്കുമ്പോൾ ദൈവത്തെയും ദൈവവചനത്തെയും തള്ളിക്കളഞ്ഞവരെ വേശ്യാസ്ത്രീയായി വർണ്ണി ച്ചിരിക്കുന്നു.

ഈ സ്ത്രീ ഏഴു തലയും പത്തുകൊമ്പും ഉള്ളതും ദൂഷണനാമ ങ്ങൾ നിറഞ്ഞതുമായ മൃഗത്തിന്മേൽ ഇരിക്കുകയാണ്. അതിന്റെ വിശദീകരണം ഏഴാം വാക്യം മുതൽ നമുക്കു കാണാം. അവൾ ധൂമ്ര വർണ്ണവും കടുംചുവപ്പു നിറവും ഉള്ള വസ്ത്രം ധരിച്ച് പൊന്നും രത്നവും മുത്തും അണിഞ്ഞ് ഇരിക്കുകയാണ്. അവൾ വശീകരണ സ്വഭാവവും ആകർഷകത്വവും ഉള്ളവളാണ്. ലോകപ്രകാരമുള്ള സകല സമ്പത്തുംകൊണ്ട് അവൾ ആകർഷണവതിയായിരിക്കുന്നു. പുറം

മോടിയും മനുഷ്യരെ വശീകരിച്ച് ദൈവത്തിൽനിന്ന് അകറ്റുന്ന വിധമുള്ളതാണ്. ഭൂമിയിലെ രാജാക്കന്മാരുമായി വേശ്യാവൃത്തി ചെയ്ത അവളുടെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണ പാനപാത്രം അവളുടെ കയ്യിൽ ഇരിപ്പുണ്ട്. എല്ലാ ലോക സാമ്രാജ്യങ്ങളും പാലിച്ചുപോന്ന സാത്താന്യമായ ആരാധനകളും പാരമ്പര്യങ്ങളും വചനവിരുദ്ധമായ അനുഷ്ഠാനങ്ങളും ദുരുപദേശങ്ങളും എല്ലാമാണ് ഈ പാനപാത്രം. അവൾ അതിൽനിന്ന് ഭൂവാസികളെ എല്ലാ കുടിപ്പിച്ച് അവരെ മത്തരാക്കിയിരിക്കുന്നു. ഇപ്രകാരമുള്ളവർ ആരുംതന്നെ സത്യവചനത്തിലേക്കു കടക്കാതവണ്ണം മനുഷ്യരുടെയെല്ലാം ബുദ്ധിശക്തിയെ അവൾ കീഴ്പ്പെടുത്തിയിരിക്കുന്നു.

**"മർമ്മം: മഹതിയാം ബാബിലോൻ: വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്** എന്നൊരു പേർ അവളുടെ നെറ്റിയിൽ എഴുതിയിട്ടുണ്ട്. വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു" (വെളിപ്പാട് 17:5,6).

ഈ സ്ത്രീയുടെ യഥാർത്ഥ സ്വഭാവം മനസ്സിലാക്കുന്നത് ദുഷ്ക്കരമാണ്. അതിനെ "മർമ്മം" അല്ലെങ്കിൽ രഹസ്യം അല്ലെങ്കിൽ ഒളിച്ചുവയ്ക്കപ്പെട്ടത് എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ മനസ്സുള്ളവർ മാത്രം അത് ഗ്രഹിക്കുന്നു. അവളെ മഹതിയാം ബാബിലോൺ എന്നു വിളിച്ചിരിക്കുന്നു. ദൈവവചനത്തിനെതിരെയുള്ള സകല മ്ലേച്ഛതകളുടെയും കൂമ്പാരമാണവൾ. ദൈവശത്രുവായ സാത്താൻ അവളെ നിയന്ത്രിക്കുന്നു. മാത്രമല്ല, അവൾ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവുംകൂടെയാണ്. മാതാവായ അവളുടെ ദുരുപദേശങ്ങൾ ഉൾക്കൊണ്ട് മനുഷ്യരെ തെറ്റിക്കുന്ന അനേകം മക്കൾ അവൾക്കുണ്ട്. പാപ്പാത്വ ഉപദേശങ്ങൾ പഠിപ്പിക്കുന്ന വിവിധങ്ങളായ ക്രിസ്തീയ സഭകളെ നമുക്കു കാണാം. സംഘടനാ ബലത്തോടെയും സ്വതന്ത്രമായും നിൽക്കുന്ന നിരവധി ക്രിസ്തീയ പ്രസ്ഥാനങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ, പ്രത്യേകിച്ചും അന്ധകാര യുഗമെന്നു ചരിത്രം സാക്ഷിക്കുന്ന പാപ്പാത്വ പരമാധികാരം കാലഘട്ടത്തിൽ സത്യവിശ്വാസികളായ ദൈവമക്കളെ കൊന്നൊടുക്കിയതിന്റെ പാരമ്പര്യവും മാതാവായ അവൾക്കുണ്ട്. "വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു."

“അവളെ കണ്ടിട്ട് അത്യന്തം ആശ്ചര്യപ്പെട്ടു. ദൂതൻ എന്നോടു പറഞ്ഞത് നീ ആശ്ചര്യപ്പെടുന്നത് എന്ത്? ഈ സ്ത്രീയുടെയും ഏഴു തലയും പത്തു കൊമ്പും ഉള്ളതായി അവളെ ചുമക്കുന്ന മൃഗത്തിന്റെയും മർമ്മം ഞാൻ പറഞ്ഞു തരാം. നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു; ഉണ്ടായിരുന്നതും ഇല്ലാത്തതും വരുവാനുള്ളതുമായ മൃഗത്തെ ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും. ഇവിടെ ജ്ഞാനബുദ്ധിയുണ്ട്; തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു. അവ ഏഴു രാജാക്കന്മാരും ആകുന്നു; അഞ്ചുപേർ വീണുപോയി: ഒരുത്തൻ ഉണ്ട്; മറ്റേവൻ ഇതുവരെ വന്നിട്ടില്ല; വന്നാൽ പിന്നെ അവൻ കുറഞ്ഞൊന്നു ഇരിക്കേണ്ടതാകുന്നു. ഉണ്ടായിരുന്നതും ഇല്ലാത്തതുമായ മൃഗം എട്ടാമത്തവനും ഏഴുപേരിൽ ഉൾപ്പെട്ടവനും തന്നെ; അവൻ നാശത്തിലേക്കു പോകുന്നു. നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടൊന്നിച്ച് ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കും താനും. ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിനു ഏല്പിച്ചുകൊടുക്കുന്നു. അവർ കുഞ്ഞാടിനോടും പോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ട് കുഞ്ഞാട് തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും.

“പിന്നെ അവൻ എന്നോടു പറഞ്ഞത്: നീ കണ്ടതും വേശ്യ ഇരിക്കുന്നതുമായ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളുമത്രേ. നീ കണ്ട പത്തു കൊമ്പും മൃഗവും വേശ്യയെ ദ്വേഷിച്ച് ശൂന്യവും നഗ്നവുമാക്കി അവളുടെ മാംസം തിന്നുകളയും; അവളെ തീകൊണ്ട് ദഹിപ്പിക്കുകയും ചെയ്യും. ദൈവത്തിന്റെ വചനം നിവൃത്തിയാകുവോളം തന്റെ ഹിതം ചെയ്‌വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിനു കൊടുപ്പാനും ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു. നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരം തന്നെ” (വെളിപ്പാട് 17:15–18).

ഇവിടെ ഏഴു തലയും പത്തു കൊമ്പും ഉള്ളതായി സ്ത്രീ ഇരിക്കുന്ന മൃഗവും ഏഴു തലയും പത്തു കൊമ്പും ഉള്ളതായി വെളിപ്പാട്

13-ാം അദ്ധ്യായത്തിൽ കാണുന്ന മൃഗവും തമ്മിൽ പല സാമ്യങ്ങളും പല വ്യത്യാസങ്ങളും ഉണ്ട്. സാമ്യങ്ങൾ എന്തൊക്കെയാണെന്ന് നമുക്കു നോക്കാം:

1. രണ്ടിനും ഏഴു തലകൾ വീതമുണ്ട്.
2. രണ്ടിനും പത്തു കൊമ്പുകൾ വീതമുണ്ട്.
3. രണ്ടും ദൂഷണനാമങ്ങൾ നിറഞ്ഞിരിക്കുന്നു.
4. ദൈവത്തോടും ക്രിസ്തുവിനോടും അവന്റെ വിശുദ്ധന്മാരോടും എതിർത്തു നില്ക്കുന്ന ശക്തികളാണ് ഈ രണ്ടു മൃഗങ്ങളും (വെളിപ്പാട് 13:6-8; 17:14).

ഈ മൃഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ നമുക്കു നോക്കാം.

1. വെളിപ്പാട് 13-ലെ മൃഗത്തിന്റെ കൊമ്പുകളിൽ പത്തു രാജമുടി അല്ലെങ്കിൽ കിരീടങ്ങളുണ്ട്. വെളിപ്പാട് 17-ലെ മൃഗത്തിന് കിരീട ങ്ങൾ ഇല്ല.
2. വെളിപ്പാട് 13-ലെ മൃഗത്തിന്റെ നിറം പറഞ്ഞിട്ടില്ല. 17-ലെ മൃഗം കടുംചുവപ്പാണ്.
3. വെളിപ്പാട് 13-ലെ മൃഗം സമുദ്രത്തിൽനിന്നു കയറിയതാണ് (വെളിപ്പാട് 13:1). എന്നാൽ വെളിപ്പാട് 17 ലെ മൃഗം "അഗാധ" ത്തിൽ നിന്ന് കയറിവന്നതാണ് (വെളിപ്പാട് 17:8).

ഇപ്രകാരം ഇവയ്ക്ക് സാമ്യങ്ങൾ ഉണ്ടെങ്കിലും ഇവയുടെ ലക്ഷ്യ ങ്ങൾ ഒന്നാണെങ്കിലും രണ്ടും വ്യത്യസ്തങ്ങളാണ്. രണ്ടാമത്തേത് അഗാധത്തിൽനിന്ന് കയറിവരുന്നു.

"അഗാധം (Abyss) എന്നത് എന്താണ്? ഇവിടെ മൃഗം കയറി വന്നു എന്നു പറയുന്ന അഗാധത്തെക്കുറിച്ച് വെളിപ്പാടിൽ ഏഴു തവണ പറഞ്ഞിട്ടുണ്ട്.

1. വെളിപ്പാട് 9:1-ൽ അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ച നക്ഷത്രത്തെക്കുറിച്ച് പറയുന്നു.
2. വെളിപ്പാട് 9:2-ൽ അവൻ അഗാധകൂപം തുറന്നു എന്നു കാണുന്നു.

3. വെളിപ്പാട് 9:11-ൽ അഗാധ ദൂതൻ അതിലെ രാജാവായിരുന്നു വെന്നും അവന് എബ്രായ ഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ എന്നു നാം കാണുന്നു.
4. വെളിപ്പാട് 11:7-ൽ ആഴത്തിൽനിന്നു കയറി വരുന്ന മൃഗം രണ്ടു സാക്ഷികളെയും കൊല്ലുന്നു എന്നു പറഞ്ഞിരിക്കുന്നു.
5. വെളിപ്പാട് 17:8-ൽ വേശ്യ ഇരിക്കുന്ന മൃഗം ആഴത്തിൽനിന്നു കയറി നാശത്തിലേക്കു പോകുന്നു എന്നു കാണാം.
6. വെളിപ്പാട് 20:1-ൽ ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കൈയിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നത് കാണുന്നു.
7. വെളിപ്പാട് 20:3-ൽ പിശാചിനെ അഗാധത്തിൽ തള്ളിയിട്ട് ആയിരമാണ്ടേക്കു മുദ്രയിടുന്നതു കാണുന്നു.

വെളിപ്പാട് 9:1,2-ൽ കാണുന്നതും ആകാശത്തുനിന്ന് ഭൂമിയിൽ വീണുകിടക്കുന്നതുമായി കണ്ട നക്ഷത്രം സാത്താനെ സൂചിപ്പിക്കുന്നു. ഇയ്യോബ് 38:6-ൽ സ്വർഗ്ഗീയ ദൂതന്മാരെ പ്രഭാതനക്ഷത്രങ്ങൾ എന്ന് പറഞ്ഞിരിക്കുന്നു. യെശയ്യാവ് 14:12-ൽ സാത്താനെക്കുറിച്ച് "അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു എന്നു ചോദിക്കുന്നു. ലൂക്കൊസ് 10:18-ൽ "സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു" എന്ന് യേശു പറയുന്നു. വെളിപ്പാടിൽ നക്ഷത്രങ്ങൾ എന്നുള്ളത് സ്വർഗ്ഗീയ ദൂതന്മാരെയും ദൈവത്തിന്റെ ദൂതുവാഹകരെയും കുറിക്കുന്നു (വെളിപ്പാട് 1:20; 22:16). യേശുവിനെയും ഇവിടെ "ശുഭ്രമായ ഉദയ നക്ഷത്രം" എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ സാത്താനെയും അവന്റെ കൂട്ടാളികളെയും വീഴ്ച ഭവിച്ച നക്ഷത്രങ്ങളായി വെളിപ്പാട് 12 ൽ 4,9 വാക്യങ്ങൾ സൂചിപ്പിക്കുന്നു.

വീഴ്ച ഭവിച്ച നക്ഷത്രങ്ങളുടെ അല്ലെങ്കിൽ സാത്താന്റെയും കൂട്ടരുടെയും പ്രവർത്തനങ്ങൾ വിപരീതഫലങ്ങളാണ് കൊണ്ടുവരുന്നത്. സാത്താനും അവന്റെ സൈന്യമായ പിശാചുക്കളും മനുഷ്യവർഗ്ഗത്തെ ആക്രമിക്കുന്നു. ഫ്രഞ്ചു വിപ്ലവസമയത്ത് താല്ക്കാലികമായി സാത്താൻ ദൈവവചനത്തെ നശിപ്പിച്ചത് നാം കണ്ടുകഴിഞ്ഞതാണ്.

പക്ഷെ വെളിപ്പാട് 20:1-3 വരെയുള്ള വാക്യങ്ങളിൽ അഗാധകൂപം തുറക്കുവാൻ സാത്താനു സാധിക്കുന്നില്ല. അവന് ദൈവം അതിനുള്ള

അവകാശം കൊടുക്കുന്നില്ല. സകലവും ഇപ്പോൾ ദൈവനിയന്ത്രണത്തിൻ കീഴിലാണ്. സാത്താൻ ആയിരം വർഷം ബന്ധിപ്പിക്കപ്പെട്ടവനായി കഴിയുന്നു. ഈ സമയത്ത് അവനെ നോക്കിയാൽ കാണുകയില്ല. വെളിപ്പാട് 17:8-ൽ ഉണ്ടായിരുന്നതും ഇല്ലാത്തതും അഗാധത്തിൽനിന്നു കയറി നാശത്തിലേക്കു പോകുന്നതുമായ മൃഗം വെളിപ്പാട് 12-ൽ കാണുന്ന തീ നിറമുള്ള മഹാസർപ്പമായ സാത്താൻ തന്നെയാണ്. ഏദെൻ തോട്ടം മുതൽ ആയിരമാണ്ടു വാഴ്ചയുടെ ആരംഭം വരെയും ദൈവജനത്തോടു എതിർത്തുകൊണ്ട് അവൻ കാണപ്പെടുന്നു. എന്നാൽ ആയിരം വർഷത്തേക്കു അവനെ കാണുന്നില്ല. അതു കഴിയുമ്പോൾ അവൻ വീണ്ടും അഗാധത്തിൽനിന്നു കയറി ദൈവത്തിനെതിരെ യുദ്ധം നയിക്കുകയും തീയിൽ എരിഞ്ഞു നിത്യനാശത്തിൽ എത്തിച്ചേരുകയും ചെയ്യും.

വെളിപ്പാടിൽ അഗാധമെന്ന് പറയുന്നിടത്തെല്ലാം അവ സാത്താനുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇപ്രകാരം ബാബിലോൺ എന്ന സ്ത്രീ ഇരിക്കുന്ന മൃഗം രാഷ്ട്രീയ ശക്തികളിൽകൂടെ പ്രവർത്തിക്കുന്ന സാത്താൻ തന്നെയാണ്. ഈ മൃഗമായ സാത്താനെ "ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ കണ്ടു അതിശയിക്കും (വെളിപ്പാട് 17:8).

മൃഗത്തിന്റെ ഏഴു തല ഏഴു മലയും ഏഴു രാജാക്കന്മാരും ആകുന്നു എന്ന് പറഞ്ഞിരിക്കുന്നു. അതിൽ അഞ്ചുപേർ വീണുപോയി എന്നും ഒരുത്തൻ ഉണ്ട് എന്നും മറ്റവൻ ഇതുവരെ വന്നിട്ടില്ല എന്നും 10-ാം വാക്യം പറയുന്നു. അത് യഥാക്രമം ലോകസാമ്രാജ്യങ്ങളായ ബാബിലോൺ, മേദ്യ-പേർഷ്യ, ഗ്രീസ്, റോമ, പരിശുദ്ധ റോമ (പാപ്പാത്വ റോമ) എന്നിവയാണെന്ന് കാണാവുന്നതാണ്. ഇപ്പോൾ ഭരണം നടത്തുന്ന സാത്താന്യ ശക്തികൾ ആറാമത്തെ തലയായി വിവരിക്കപ്പെടുന്നു. ഏഴാമത്തെ ശക്തി ലോകാന്ത്യത്തിൽ സാത്താന്റെ നിയന്ത്രണത്തിൽ ദൈവജനത്തോടു പോരാടുന്ന ലോകസാമ്രാജ്യമാണെന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്. അവസാനത്തെ തലകളായ ലോകശക്തികൾ യഥാക്രമം അമേരിക്കയും (അത് മഹാസർപ്പം എന്നപോലെ സംസാരിച്ചു. വെളിപ്പാട് 13:11) ഉണർവ്വു പ്രാപിച്ച പാപ്പാത്വ ശക്തിയും (മൃഗത്തോടു തുല്യനാർ ...മൃഗത്തെയും നമസ്കരിച്ചു വെളിപ്പാട് 13:3,4) ആണെന്നുള്ള വ്യാഖ്യാനങ്ങളും നിലവിലുണ്ട്. തലകളിൽ ഒന്ന് ഫ്രാൻസ് ആയിരുന്നു എന്ന് പഠിപ്പിക്കുന്നവരും ഉണ്ട്. ചിലർ അവയെ ലോക

സംഘടനകളായ ലീഗ് ഓഫ് നേഷൻസ് എന്നും പിന്നീടു വന്ന ഐക്യ രാഷ്ട്ര സംഘടന എന്നും വിവരിക്കുന്നു.

വെളിപ്പാട് 17:12 ലെ പത്തു രാജാക്കന്മാരെ എ.ഡി. 1798 നു ശേഷ മുള്ള മാർപാപ്പമാരുടെ പാപ്പാത്വ പേരുകളുമായി ബന്ധിപ്പിച്ച് പറയു ന്നവരും ഉണ്ട്. പക്ഷെ വ്യക്തമായ സ്വർഗ്ഗീയ ജ്ഞാനത്താൽ വ്യാഖ്യാ നിക്കുന്നതിനുപകരം ഓരോരുത്തരുടെ സ്വന്തബുദ്ധിയിൽ ആശ്രയിച്ച് പ്രവചന വ്യാഖ്യാനം നടത്തുന്നത് അപകടകരമാണ്. ശരിക്കും അറിഞ്ഞുകൂടാത്ത കാര്യങ്ങളിൽ മൗനം പാലിക്കുന്നതാണ് ഉചിതം.

സാത്താനും ലോകശക്തികളും ഒരുമിച്ച് ദൈവത്തോടും തന്റെ ജനത്തോടും പോരാടുന്നത് ശ്രദ്ധിക്കുക: വെളിപ്പാട് 17:14 ഇങ്ങനെ പറയുന്നു: “അവർ കുഞ്ഞാടിനോടു പോരാടും; താൻ കർത്താധി കർത്താവും രാജാധിരാജാവും ആകകൊണ്ടു കുഞ്ഞാട് തന്നോടു കൂടെ യുള്ള വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും.” മഹാബാബിലോണെന്ന വേശ്യയായ സമൂഹം തീകൊണ്ട് ദഹിക്കപ്പെടും.

ദൈവം മുൻകൂട്ടി നിശ്ചയിച്ച പദ്ധതി അനുസരിച്ചു മാത്രം കാര്യ ങ്ങൾ മുന്നോട്ടു നീങ്ങുന്നു. ദൈവവചനത്തിനു മാറ്റം വരികയില്ല. “ദൈവ ത്തിന്റെ വചനം നിവൃത്തിയാകുവോളം തന്റെ ഹിതം ചെയ്‌വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിനു കൊടു പ്പാനും ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു. നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരംതന്നെ” (വെളിപ്പാട് 17:17,18). ദൈവത്തോടു മത്സരിക്കുന്ന ജനം സാത്താനോടു ചേർന്നു വിവിധ സഭാസമൂഹങ്ങളായി ലോകരാഷ്ട്രങ്ങളോടൊപ്പം മഹതിയാം ബാബിലോണിനു കീഴ്പ്പെട്ടു നില്ക്കുന്നതു അവർക്കു നാശഹേതു വാണെന്നു ദൈവം ധാരാളമായ മുന്നറിയിപ്പു നൽകുന്നു. അവരുടെ മേൽ വരുന്ന അന്ത്യബാധകളെക്കുറിച്ചും മുന്നറിയിപ്പു കൊടുക്കുന്നു. എന്നിരുന്നാലും അവർ ദൈവപക്ഷത്തെ കടന്നു വരുന്നില്ല. അത്ര മാത്രം തന്റെ ക്രോധമദ്യത്താൽ മഹാബാബിലോൺ ഭൂവാസികളെ മത്തരാക്കിയിരിക്കുന്നു. അതിന്റെയെല്ലാം നിയന്ത്രണവും സാത്താൻ തന്റെ കൈകളിൽ വെച്ചിരിക്കുന്നു.

# അന്തിമവിളി

## (വെളിപ്പാട് 18 – ാം അദ്ധ്യായം)

മഹതിയാം ബാബിലോൺ തങ്ങളുടെ ദുരുപദേശങ്ങളും ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളുംകൊണ്ട് സാത്താന്യ ശക്തിയാൽ മുഴുലോകത്തെയും ലഹരി പിടിപ്പിച്ചതിനാൽ ഈ അദ്ധ്യായത്തിൽ സകല സാത്താന്യ ശക്തികളുടെയും സർവ്വനാശം വെളിപ്പെടുത്തിയിരിക്കുന്നു. ഈ നാശം മതപരമായ ലോകത്തിൽ മാത്രമല്ല, രാഷ്ട്രീയ ലോകത്തിലും വ്യാപാര ലോകത്തിലും വന്നെത്തുന്നു. മാനവ സംസ്കാരം തകർന്നടിയുന്നു. ദൈവത്തോടു മത്സരിക്കുന്ന സകല ശക്തികൾക്കും ന്യായവിധി വന്നെത്തുന്നു.

അതിനുമുമ്പു ദൈവം സർവ്വജനത്തോടും ബാബിലോൺ വിട്ടുവരുവാനുള്ള തന്റെ അന്ത്യവിളി വീണ്ടും ആവർത്തിക്കുന്നു. രക്ഷ നേടുന്നതിനുള്ള വഴി അവരുടെ മുമ്പിൽ വീണ്ടും കാണിച്ചുകൊടുക്കുന്നു.

“അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. അവൻ ഉറക്കെ വിളിച്ചുപറഞ്ഞത്: വീണുപോയി; മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറപ്പുമുള്ള സകല പക്ഷികളുടെയും തടവുമായിത്തീർന്നു. അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്കയും, ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും ചെയ്തു” (വെളിപ്പാട് 18:1–3).

ശക്തനായ ഒരു ദൂതൻ ദൂതു ഘോഷിക്കുന്നവിധം ഭൂമിയെങ്ങും പ്രകാശിക്കത്തക്ക രീതിയിൽ ദൈവം ഈ അന്ത്യവിളി ലോകമെങ്ങും അയക്കുന്നു. വെളിപ്പാട് 14:8-ൽ കാണുന്ന രണ്ടാം ദൂതന്റെ ദൂത് ഇപ്പോൾ ഇവിടെ അതിശക്തമായും പ്രകാശമാനമായും ഘോഷിക്കപ്പെടുന്നു. ബാബിലോണിന്റെ അവസ്ഥ ശ്രദ്ധിക്കുക:

1. ദുർഭൂതങ്ങളുടെ പാർപ്പിടം
2. സകല അശുദ്ധാത്മാക്കളുടേയും തടവ്
3. അശുദ്ധിയും അറപ്പുമുള്ള സകല പക്ഷികളുടെയും തടവ്
4. അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകല ജാതികളും കുടിച്ചിരിക്കുന്നു.
5. ഭൂമിയിലെ രാജാക്കന്മാർ അവളുമായി വേശ്യാസംഗം ചെയ്തിരിക്കുന്നു.
6. ഭൂമിയിലെ വ്യാപാരികൾ അവളുടെ മ്ലേച്ഛതയിൽകൂടെ സമ്പന്നരായിത്തീർന്നു. അവരുടെ ദുരുപദേശങ്ങൾ എല്ലാവരും ഏറ്റെടുത്തിരിക്കുന്നു. മരിച്ചവർ ഒന്നും അറിയുന്നില്ല എന്ന് ദൈവം പറയുമ്പോൾ ഏദെൻ തോട്ടത്തിൽ സാത്താൻ ആദാമിനോടും ഹൗവ്വയോടും “നിങ്ങൾ മരിക്കയില്ല നിശ്ചയം” എന്നു പറഞ്ഞ കള്ളം ഇവിടെ വീണ്ടും ആവർത്തിച്ച് മരിച്ചവരുടെ രൂപത്തിൽ സാത്താൻ പ്രത്യക്ഷനായിക്കൊണ്ട് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥന എന്നിവയിലെല്ലാം കൂടെ മനുഷ്യരെ വഞ്ചിച്ച് മഹതിയാം ബാബിലോൺ ധനസമ്പാദനം നടത്തുന്നു. അതുകൊണ്ട് ഇവിടെ അവൾ ദുർഭൂതങ്ങളുടെ പാർപ്പിടമെന്നു ക്രിസ്തു സാക്ഷീകരിക്കുന്നു.

“വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടത്: എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയും ഇരിപ്പാൻ അവളെ വിട്ടു പോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്. അവൾ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങൾ അവൾക്കു പകരം ചെയ്വിൻ; അവളുടെ പ്രവൃത്തികൾക്കു തക്കവണ്ണം അവൾക്ക് ഇരട്ടിച്ച് കൊടുപ്പിൻ; അവൾ കലക്കിത്തന്ന പാനപാത്രത്തിൽ അവൾക്ക്

ഇരട്ടി കലക്കിക്കൊടുപ്പിൻ; അവൾ തന്നെത്താൻ മഹത്ത്വപ്പെടുത്തി പുളച്ചേടത്തോളം അവൾക്ക് പീഡയും ദുഃഖവും കൊടുപ്പിൻ; രാജ്ഞി യായിട്ട് ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല; ദുഃഖം കാൺകയുമില്ല എന്നു അവൾ ഹൃദയംകൊണ്ടു പറയുന്നു. അതു നിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസ ത്തിൽതന്നെ വരും; അവളെ തീയിൽ ഇട്ട് ചുട്ടുകളയും; അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ" (വെളിപ്പാട് 18:4–8).

ദൈവം തന്റെ ജനത്തെ ബാബിലോണിൽനിന്ന് വിളിച്ചിറക്കുന്ന അന്ത്യവിളിയാണിത്.

ബാബിലോൺ കുടിപ്പിക്കുന്ന ക്രോധമദ്യം

"ആ സ്ത്രീ .... മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ സ്വർണ്ണ പാനപാത്രം കയ്യിൽ പിടിച്ചിരുന്നു" വെളി. 17:4.




"എന്റെ ജനമായുള്ളോരേ, അവളെ വിട്ടു പോരുവിൻ"

ബാബിലോണിന്റെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു. അതുകൊണ്ട് ഈ ദൂതു കേൾക്കുമ്പോൾ കുടുംബ ബന്ധങ്ങളോ സഭാ ബന്ധങ്ങളോ ലോകബന്ധങ്ങളോ ഒന്നുംതന്നെ ബാധകമാക്കാതെ അനേകർ ദൈവപക്ഷത്തേക്കു ഇറങ്ങിവരും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിശക്തിമായി പ്രവർത്തിക്കും. പരിശുദ്ധാത്മാവിന്റെ പിന്മഴയെന്ന സ്വർഗ്ഗീയശക്തി ദൈവമക്കളിൽകൂടെ വ്യാപരിക്കും.

ദൈവജനം ബാബിലോണിന്റെ ഒരു ഭാഗമായിരിക്കയില്ല. ദൈവജനം ബാബിലോൺ വിട്ടു പുറത്തുവരും. ബാബിലോൺ വിട്ടുവരുവാനുള്ള സ്വർഗ്ഗീയ വിളി തിരുവെഴുത്തിൽ ഏഴു തവണ കാണാവുന്നതാണ്.

1. “ബാബേലിൽ നിന്ന് പുറപ്പെടുവിൻ” (യെശ. 48:20).
2. “വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെനിന്നു പുറപ്പെട്ടു പോരുവിൻ; അശുദ്ധമായതൊന്നും തൊടരുത്; അതിന്റെ നടുവിൽനിന്ന് പുറപ്പെട്ടു പോരുവിൻ; ...നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ” (യെശയ്യാവ് 52:11).
3. “ബാബേലിൽനിന്ന് ഓടി കൽദയ ദേശം വിട്ടുപോകുവിൻ; ...” (യിരെ. 50:8,9).
4. “ബാബേലിന്റെ നടുവിൽനിന്ന് ഓടി ഓരോരുത്തൻ താന്താന്റെ പ്രാണനെ രക്ഷിച്ചുകൊൾവിൻ; നിങ്ങൾ അതിന്റെ അകൃത്യത്തിൽ നശിച്ചുപോകരുത്; ഇതു യഹോവയുടെ പ്രതികാര കാലമല്ലോ; അതിന്റെ പ്രവൃത്തിക്കു തക്കവണ്ണം അവൻ അതിനോടു പകരം ചെയ്യും; ബാബേൽ യഹോവയുടെ സർവ്വ ഭൂമിയെയും ലഹരി പിടിപ്പിക്കുന്ന പൊൻപാത്രമായിരുന്നു; ജാതികൾ അതിലെ വീഞ്ഞു കുടിച്ചിട്ട് അവർക്കു ഭ്രാന്തു പിടിച്ചു” (യിരെമ്യാവ് 51:6,7).
5. “ഹേ, ഹേ, വടക്കേ ദേശം വിട്ടോടുവിൻ! ...ഹേ, ബാബേൽ പുത്രിയുടെ അടുക്കൽ പാർക്കുന്ന സിയോനേ, ചാടി പോക” (സെഖ. 2:6,7).
6. “അവരുടെ നടുവിൽനിന്ന് പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതൊന്നും തൊടരുത്” (2 കൊരി. 6:16,17).

7. "എന്റെ ജനമായുള്ളോരേ, ...അവളെ വിട്ടുപോരുവിൻ" (വെളിപ്പാട് 18:4).

ബാബിലോണിന്റെ പാപം അഹങ്കാരമാണ്. ദൈവത്തിനു കീഴ്പ്പെടുകയില്ല. ''രാജ്ഞിയായിട്ട് ഞാൻ ഇരിക്കുന്നു'' എന്നവൾ ഹൃദയംകൊണ്ട് പറയുന്നു. അതുകൊണ്ട് അവളുടെ ബാധകൾ "ഒരു ദിവസത്തിൽതന്നെ വരും." ഒരു ദിവസം എന്നത് ഒരു ചുരുങ്ങിയ കാലഘട്ടത്തെ സൂചിപ്പിക്കുന്നു. "അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ."

ബാബിലോണിനു വരുന്ന നാശത്തെ കണ്ടുകൊണ്ട് ഭൂരാജാക്കന്മാരും ഭൂമിയിലെ വ്യാപാരികളും രാഷ്ട്രീയ നേതാക്കളും വിലപിക്കുന്നത് ശ്രദ്ധിക്കുക: "അവളോടുകൂടെ വേശ്യാസംഗം ചെയ്ത് പുളച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഢ നിമിത്തം ഭയപ്പെട്ട് ദൂരത്തു നിന്നുകൊണ്ട് അവളുടെ ദഹനത്തിന്റെ പുക കാണുമ്പോൾ അവളെ ചൊല്ലി കരഞ്ഞും മാറത്തടിച്ചുംകൊണ്ട്: അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോണേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂർകൊണ്ട് നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും. ഭൂമിയിലെ വ്യാപാരികൾ പൊന്ന്, വെള്ളി, രത്നം, മുത്ത്, നേരിയ തുണി, ധൂമ്രവസ്ത്രം, പട്ട്, കടുംചുവപ്പ്, ചന്ദനത്തരങ്ങൾ, ആനക്കൊമ്പുകൊണ്ടുള്ള സകലവിധ സാമാനങ്ങൾ, വിലയേറിയ മരവും പിച്ചളയും ഇരുമ്പും മർമ്മരക്കല്ലുംകൊണ്ടുള്ള ഓരോ സാമാനം, ലവംഗം, ഏലം, ധൂപവർഗ്ഗം, മൂറ്, കുന്തിരിക്കം, വീഞ്ഞ്, എണ്ണ, നേരിയ മാവ്, കോതമ്പ്, കന്നുകാലി, ആട്, കുതിര, രഥം, മാനുഷദേഹം, മാനുഷപ്രാണൻ എന്നീ ചരക്ക് ഇനി ആരും വാങ്ങായ്കയാൽ അവളെ ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു. നീ കൊതിച്ച കായ്കനിയും നിന്നെ വിട്ടുപോയി; സ്വാദും ശോഭയും ഉള്ളതെല്ലാം നിനക്കില്ലാതെ ആയി; നീ ഇനി അവയെ ഒരിക്കലും കാണുകയില്ല. ഈ വകകൊണ്ട് വ്യാപാരം ചെയ്ത് അവളാൽ സമ്പന്നരായവർ അവൾക്കുള്ള പീഢ ഭയപ്പെട്ട് ദൂരത്തുനിന്ന്: അയ്യോ, അയ്യോ, മഹാനഗരമേ, നേരിയ തുണിയും ധൂമ്രവർണ്ണവും കടുംചുവപ്പും ധരിച്ച് പൊന്നും രത്നവും മുത്തും അണിഞ്ഞവളേ, ഇത്ര വലിയ സമ്പത്ത് ഒരു മണിക്കൂർകൊണ്ട് നശിച്ചുപോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിക്കും, ഏതു മാലുമിയും ഓരോ ദിക്കിലേക്കു കപ്പലേറി പോകുന്ന ഏവനും കപ്പൽക്കാരും കടലിൽ തൊഴിൽ ചെയ്യുന്നവരൊക്കെയും ദൂരത്തുനിന്നു അവളുടെ ദഹനത്തിന്റെ പുക കണ്ട്;

മഹാനഗരത്തോടു തുല്യമായ നഗരം ഏതു എന്നു നിലവിളിച്ചു പറഞ്ഞു. അവർ തലയിൽ പൂഴി വാരി ഇട്ടുകൊണ്ട്: അയ്യോ, അയ്യോ, കടലിൽ കപ്പൽ ഉള്ളവർക്കെല്ലാം തന്റെ ഐശ്വര്യത്താൽ സമ്പത്തു വർദ്ധിപ്പിച്ച മഹാനഗരം ഒരു മണിക്കൂർകൊണ്ട് നശിച്ചു പോയല്ലോ എന്നു പറഞ്ഞു കരഞ്ഞു ദുഃഖിച്ചുംകൊണ്ട് നിലവിളിച്ചു" (വെളിപ്പാട് 18:9-19).

ഭൂമിയിലെ സമ്പത്തും വ്യാപാരങ്ങളും സകലവും അവർ കയ്യടക്കിയിരിക്കയായിരുന്നു. ദൈവമക്കൾക്ക് വില്ക്കുവാനോ വാങ്ങുവാനോ പോലും അനുവാദമില്ലായിരുന്നു (വെളിപ്പാട് 13:16,17). ഇപ്പോൾ ഇവിടെ സകല വ്യാപാരങ്ങളും തകർന്നടിയുന്നു. അന്ത്യബാധകൾ നിമിത്തം മഹതിയാം ബാബിലോൺ തകർന്നുപോയി. ഒരു കാലവും നശിക്കുകയില്ല എന്ന് പറഞ്ഞിരുന്നതും ഭൂമിയിലെ രാഷ്ട്രങ്ങളും വ്യാപാരികളും അപ്രകാരം വിശ്വസിച്ചിരുന്നതുമായ മഹതിയാം ബാബിലോണിന്റെ നാശം കണ്ട് വ്യാപാരികൾപോലും മാറത്തടിക്കുന്നു. ഈ സമയത്തുള്ള ഭൂമിയുടെ അവസ്ഥ മനസ്സിൽ സങ്കല്പിച്ചുനോക്കുക!

ഈ ഘട്ടത്തിൽ ദൈവമക്കളോടു ആനന്ദിക്കുവാൻ ദൈവം പറയുന്നു: "സ്വർഗ്ഗമേ, വിശുദ്ധന്മാരും അപ്പൊസ്തലന്മാരും പ്രവാചകന്മാരും ആയുള്ളോരേ, ദൈവം അവളോടു നിങ്ങൾക്കുവേണ്ടി പ്രതികാരം നടത്തിയതുകൊണ്ട് അവളെച്ചൊല്ലി ആനന്ദിപ്പിൻ" (വെളിപ്പാട് 18:20). സാത്താന്റെ സാമ്രാജ്യം തകർന്നതു കാണുമ്പോൾ സ്വർഗ്ഗവും ദൈവജനവും ആനന്ദിക്കുന്നു.

"പിന്നെ ശക്തനായോരു ദൂതൻ തിരികല്ലോളം വലുതായോരു കല്ല് എടുത്ത് എറിഞ്ഞു പറഞ്ഞത്: ഇങ്ങനെ ബാബിലോൻ മഹാനഗരത്തെ ഹേമത്തോടെ എറിഞ്ഞുകളയും; ഇനി അതിനെ കാണുകയില്ല. വൈണികന്മാർ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ എന്നിവരുടെ സ്വരം നിന്നിൽ ഇനി കേൾക്കയില്ല; യാതൊരു കൗശലപ്പണിയും ചെയ്യുന്ന ഒരു ശില്പിയെയും നിന്നിൽ ഇനി കാണുകയില്ല. തിരികല്ലിന്റെ ഒച്ച ഇനി നിന്നിൽ കേൾക്കയില്ല. വിളക്കിന്റെ വെളിച്ചം ഇനി നിന്നിൽ പ്രകാശിക്കയില്ല; മണവാളന്റെയും മണവാട്ടിയുടെയും സ്വരം ഇനി നിന്നിൽ കേൾക്കയില്ല; നിന്റെ വ്യാപാരികൾ ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു; നിന്റെ ക്ഷുദ്രത്താൽ സകല ജാതികളും വശീകരിക്കപ്പെട്ടിരുന്നു. പ്രവാചകന്മാരുടെയും വിശുദ്ധന്മാരു

ടെയും ഭൂമിയിൽവെച്ച് കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിൽ അല്ലോ കണ്ടത്" (വെളിപ്പാട് 18:21-24).

ബാബിലോൺ എന്നെന്നേക്കുമായി അവസാനിച്ചുപോയി. ഇനി കാണുകയില്ല എന്നും കേൾക്കുകയില്ല എന്നും അവളെക്കുറിച്ച് തിരുവചനം ആവർത്തിച്ചു പറയുന്നു. സാത്താന്റെ ലോകം എന്നെന്നേക്കുമായി ഇവിടെ അവസാനിക്കുകയാണ്. കഴിഞ്ഞ ആറായിരം വർഷമായി സാത്താൻ തന്റെ കപടത്താൽ മനുഷ്യൻ മരിക്കയില്ല എന്നും ആത്മാവ് നിത്യമാണെന്നും പല മതങ്ങളിലും ക്രിസ്തീയ സഭയിലും കൂടെ പഠിപ്പിച്ച് സകല ജനത്തെയും വശീകരിച്ചിരുന്നു. എന്നാൽ ഇവിടെ ആ വലിയ കലക്കം അല്ലെങ്കിൽ മഹതിയാം ബാബിലോൺ എന്നെന്നേക്കുമായി അവസാനിക്കുന്നു. ദൈവമക്കളുടെ രക്തം സാത്താൻ തന്റെ ജനത്തെക്കൊണ്ട് ഭൂമിയിൽ ചിതറിച്ചു. അതിനുള്ള ശിക്ഷാവിധിയായി സാത്താന്റെ ലോകം എന്നെന്നേക്കുമായി ഇവിടെ അവസാനിക്കുന്നു.

# “കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ”

## (വെളിപ്പാട് 19 – ാം അദ്ധ്യായം)

**ക്രി**സ്തുവും സാത്താനും യുഗങ്ങളായി നടന്നുവന്നിരുന്ന യുദ്ധം അവസാനിക്കുകയാണ്. ഭൂമിയിലെ മനുഷ്യരെ തന്റെ പക്ഷത്താക്കി ദൈവത്തിനും ദൈവമനുഷ്യർക്കുമെതിരെ അവൻ നടത്തിക്കൊണ്ടിരുന്ന യുദ്ധം അതിന്റെ അന്ത്യഘട്ടത്തിൽ വന്നെത്തിയതോടൊപ്പം ബാബിലോണിന്റെ തകർച്ച അവനേറ്റ മരണപ്രഹരവും കൂടെയാണ്. സ്വർഗ്ഗീയവാസികളും സകല ലോകങ്ങളിലെയും വിശുദ്ധ ജീവികളും അതിൽ ദൈവത്തെ സ്തുതിച്ചു പാടുന്നു.

“അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയൊരു പുരുഷാരത്തിന്റെ മഹാഘോഷംപോലെ കേട്ടത്; ഹല്ലേലൂയാ! രക്ഷയും മഹത്ത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്. വേശ്യാവൃത്തികൊണ്ട് ഭൂമിയെ വഷളാക്കിയ മഹാവേശ്യക്ക് അവൻ ശിക്ഷ വിധിച്ച് തന്റെ ദാസന്മാരുടെ രക്തം അവളുടെ കയ്യിൽനിന്ന് ചോദിച്ച് പ്രതികാരം ചെയ്കകൊണ്ട് അവന്റെ ന്യായവിധികൾ സത്യവും നീതിയും ഉള്ളവ. അവർ പിന്നെയും ഹല്ലേലൂയാ! അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു. ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും: ആമേൻ, ഹല്ലേലൂയാ! എന്നു പറഞ്ഞു സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്ക്കരിച്ചു. നമ്മുടെ ദൈവത്തിന്റെ സകല ദാസന്മാരും ഭക്തന്മാരുമായി ചെറിയവരും വലിയവരും ആയുള്ളോരേ അവനെ വാഴ്ത്തുവിൻ എന്നു പറയുന്ന ഒരു ശബ്ദം സിംഹാസനത്തിൽനിന്ന് പുറപ്പെട്ടു. അപ്പോൾ വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ഞാൻ കേട്ടത്; ഹല്ലേലൂയ്യാ! സർവ്വശക്തി

യുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്ത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലൊ; അവന്റെ കാന്തയും തന്നെത്താൻ ഒരുങ്ങിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ. പിന്നെ അവൻ എന്നോട്: കുഞ്ഞാടിന്റെ കല്യാണ സദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു. ഇത് ദൈവത്തിന്റെ സത്യവചനം എന്നും പറഞ്ഞു" (വെളിപ്പാട് 19:1–9).

ദൈവത്തിന് സ്തുതിസ്തോത്രം അർപ്പിക്കുന്ന ഈ പാട്ട് ഏഴാമത്തെ ബാധയെ തുടർന്ന് സ്വർഗ്ഗീയ വാസികൾ ആലപിക്കുന്നതാണ്. മനുഷ്യരുടെ കൂട്ടത്തിൽനിന്ന് വീണ്ടെടുക്കപ്പെട്ടവരും അക്കൂട്ടത്തിൽ ഉണ്ട്.

"ഹല്ലേലൂയാ" എന്ന വാക്കിന്റെ അർത്ഥം "യഹോവയെ സ്തുതിപ്പിൻ" എന്നാണ്. ഈ വാക്ക് പുതിയ നിയമത്തിൽ ഈ ഭാഗത്ത് മാത്രമെ ഉള്ളൂ. നാലു തവണ ഈ വാക്ക് ആവർത്തിച്ചു പറയുന്നത് നാം കാണുന്നു. സാത്താനും അവന്റെ ഭൂലോക സൈന്യവും ന്യായം വിധിക്കപ്പെട്ടതിൽ ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയെ സ്വർഗ്ഗീയ സംഘം വാഴ്ത്തിപ്പാടുന്നു. അവർ ദൈവത്തിനു മഹത്വം കൊടുക്കുന്നു.

ഒന്നു മുതൽ ഏഴു വരെയുള്ള വാക്യങ്ങളിൽ കാണുന്ന ഗാന പ്രതിഗാനത്തിൽ ആദ്യത്തെ മൂന്നു വാക്യങ്ങൾ സ്വർഗ്ഗത്തിൽ കേൾക്കുന്ന മഹാശബ്ദം ദൈവത്തെ സ്തുതിക്കുന്നതും നാലാം വാക്യം ജീവികളും മൂപ്പന്മാരും ഏറ്റുപാടുന്നതുമാണ്. അഞ്ചാം വാക്യത്തിൽ ദൈവത്തിന്റെ സകല ദാസീദാസന്മാരും ദൈവത്തെ സ്തുതിക്കുവാൻ ആഹ്വാനം ചെയ്യപ്പെടുന്നു. ആറും ഏഴും വാക്യങ്ങളിൽ ഒരു വലിയ പുരുഷാരത്തിന്റെ ഘോഷംപോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും തകർത്ത ഇടിമുഴക്കംപോലെയും സകല ലോകത്തിലുമുള്ളവർ സ്വർഗ്ഗീയ സംഘത്തോടു ചേർന്നു ദൈവത്തെ സ്തുതിക്കുന്നു.

"കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ" എന്ന് പാടികൊണ്ട് അവർ ദൈവത്തിന് മഹത്വം കൊടുക്കുന്നു. കുഞ്ഞാടിന്റെ കാന്ത പുതിയ യെരൂശലേം ആണ്. "പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ

നിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു." "വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞു... യെരൂശലേം എന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നത് കാണിച്ചുതന്നു" (വെളിപ്പാട് 21:2,9,10). പുതിയ യെരൂശലേം പുതിയ ഭൂമിയുടെ തലസ്ഥാനമാണ്. ലോകരാജ്യങ്ങൾ നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നതിനെ ഇത് പ്രതിനിധീകരിക്കുന്നു. പുതിയ യെരൂശലേമിൽ ഏദെൻ തോട്ടം സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അവിടെ ജീവവൃക്ഷവും നിലകൊള്ളുന്നു (വെളിപ്പാട് 22:1,2). ഇവിടെ പറയപ്പെടുന്ന കല്ല്യാണം ക്രിസ്തു തന്റെ രാജ്യം സ്വീകരിക്കുന്നതാണ്. ആ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നതാണ് പുതിയ യെരൂശലേം. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ ക്രിസ്തു തന്റെ പൗരോഹിത്യ വേല തീർത്തുകഴിഞ്ഞ ഉടൻ അന്ത്യബാധകൾ ചൊരിയപ്പെടുന്നതിനു മുമ്പ് രാജാധിരാജാവായും കർത്താധികർത്താവായും ക്രിസ്തുവിന്റെ കിരീടധാരണം നടക്കുന്നു (വെളിപ്പാട് 17:14; E W p. 55, 251, 280, 281; GC p 427,428). പത്തു കന്യകമാരുടെ ഉപമയിൽ എന്നപോലെ കാത്തിരിക്കുന്ന എല്ലാ വിശുദ്ധന്മാരും കല്യാണസദ്യക്കു ക്ഷണിക്കപ്പെട്ടവരാണ്. കാന്തയുടെ ശുഭ്രമായ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികളാണ്. യാതൊരു അശുദ്ധിയും അവിടെ കടന്നുവരികയില്ല.

ഈ ദർശനം കാണിച്ചുകൊടുത്ത ദൂതനെ യോഹന്നാൻ നമസ്ക്കരിക്കുവാൻ ശ്രമിക്കുന്ന ഭാഗം നമുക്കു നോക്കാം: "ഞാൻ അവനെ നമസ്ക്കരിക്കേണ്ടതിന് അവന്റെ കാല്ക്കൽ വീണു; അപ്പോൾ അവൻ എന്നോട്: അരുത്; ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ; ദൈവത്തെ നമസ്ക്കരിക്ക; യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവുതന്നെ എന്നു പറഞ്ഞു" (വെളിപ്പാട് 19:10).

വെളിപ്പാട് പുസ്തകത്തിൽ ഉടനീളം നോക്കുമ്പോൾ ഈ ഒരു ഘട്ടത്തിൽ മാത്രമാണ് യോഹന്നാൻ നമസ്ക്കരിക്കുവാൻ കാല്ക്കൽ വീഴുന്നത്. സകല തിന്മയുടെയും മ്ലേച്ഛതകളുടെയും ശക്തികളുടെമേൽ വിജയം നേടി കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ലോകം ഒരുങ്ങുന്നതിലുള്ള ആനന്ദവും സന്തോഷവും യോഹന്നാന്റെ ഉള്ളിൽ അലയടിക്കുകയാണ്. മാലാഖ നൽകിയ ദൂതിൽ അവൻ അതീവ സന്തുഷ്ടനായിരിക്കുന്നു. പക്ഷെ ദൂതൻ യാതൊരു മഹത്ത്വവും സ്തുതിയും

സ്വീകരിക്കുന്നില്ല. വീഴ്ച ഭവിച്ച സാത്താന്റെയും പരിശുദ്ധിയിൽ കഴിയുന്ന മാലാഖമാരുടെയും സ്വഭാവത്തിലെ വ്യത്യാസം നോക്കുക. സൃഷ്ടിതാവായ കർത്താവുപോലും തന്നെ നമസ്ക്കരിക്കണമെന്നു സാത്താൻ ആവശ്യപ്പെട്ടു. അവന്റെ വഞ്ചനയുടെ മദ്യത്തിൽ ലഹരി പിടിച്ച മുഴുലോകവും അവനെ ആരാധിച്ചു. ഇപ്പോൾ സകല മഹത്വവും സ്തുതിയും സ്തോത്രവുമെല്ലാം സ്വീകരിപ്പാൻ യോഗ്യൻ ആയി അറുക്കപ്പെട്ട കുഞ്ഞാടിനെ സകല ലോകവും വാഴ്ത്തി സ്തുതിക്കുന്നു.

യേശുവിന്റെ സാക്ഷ്യമെന്നത് പ്രവചനത്തിന്റെ ആത്മാവാണ്. പ്രവചനത്തിന്റെ ആത്മാവുള്ളവൻ പ്രവാചകൻ എന്ന് വിളിക്കപ്പെടുന്നു. രക്ഷപ്രാപിപ്പാനുള്ള ദൈവമക്കളുടെ ശുശ്രൂഷക്ക് അയക്കപ്പെടുന്ന സേവകാത്മാക്കളാണ് മാലാഖമാർ. അതുകൊണ്ട് ദൂതൻ പരിചയപ്പെടുത്തുന്നത് താൻ യോഹന്നാന്റെയും തന്റെ സഹോദരന്മാരായ മറ്റു പ്രവാചകന്മാരുടെയും സഹഭൃത്യനത്രെ എന്നാണ്. പ്രവാചകന്മാർ ദൈവകല്പന പ്രമാണിക്കുന്നവരുംകൂടെ ആണെന്നു വെളിപ്പാട് 12:17 പറയുന്നു.

“അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവനുണ്ട്; അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽകൊണ്ട് അവരെ മേയിക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു” (വെളിപ്പാട് 19:11–16).

ഈ ഭൂമിയിൽ സാത്താന്റെ ഭരണത്തിൻകീഴിൽ തീവ്രയാതന അനുഭവിച്ചു കഴിഞ്ഞിരുന്ന തന്റെ ഭക്തന്മാരെ രക്ഷിക്കുന്നതിന് ക്രിസ്തു രാജാധിരാജാവായി തന്റെ സ്വർഗ്ഗീയ സൈന്യത്തോടൊപ്പം ഈ ഭൂമി

യിലേക്കു വരികയാണ്. സർവ്വശക്തന്റെ മഹാദിവസത്തിലെ യുദ്ധമെന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ മൂർദ്ധന്യാവസ്ഥയാണിത്. ഇവിടെ കുതിര യുദ്ധത്തിന്റെ അടയാളമാണ്. വെളുപ്പ് പരിശുദ്ധ സ്വഭാവത്തെ സൂചിപ്പിക്കുന്നു. ഭൂമിയുടെ മേലും രാജാധിരാജാവെന്ന സ്ഥാനം തന്റെ സ്വന്ത രക്തത്താൽ നേടിയ ക്രിസ്തു ഭൂരാജാക്കന്മാരെപ്പോലെ വെള്ള ക്കുതിരപ്പുറത്ത് എഴുന്നള്ളി വരുന്നതായി അലങ്കാര ഭാഷയിൽ ഇവിടെ വർണ്ണിച്ചിരിക്കുന്നു. ജയാളിയായ ക്രിസ്തു തന്റെ ജനത്തെ കല്യാണ സദ്യയിലേക്കു നയിക്കുന്നു. അവൻ വിശ്വസ്തനും സത്യവാനുമാണ്. ദുഷ്ടന്മാർക്കും സാത്താനും പ്രതികാരം ചെയ്യുന്ന അവന്റെ ഇപ്പോ ഴത്തെ പദ്ധതി അവനല്ലാതെ ദൂതന്മാർപോലും അറിയുന്നില്ല. അവനി പ്പോൾ അറുക്കപ്പെട്ട കുഞ്ഞാടായിട്ടല്ല, പ്രത്യുത, സർവ്വശക്തിയുള്ള കർത്താധികർത്താവായിട്ടാണ് വരുന്നത്. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു. യെശ. 63:1-6 വരെയുള്ള വാക്യങ്ങളുടെ നിറവേറലാ ണിത്. അവന്റെ വായിൽനിന്ന് പുറപ്പെടുന്ന വചനം സാത്താന്റെയും ദുഷ്ടന്മാരുടെയും അന്ത്യത്തെ കുറിക്കുന്നതാണ്.

“ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നത് ഞാൻ കണ്ടു; അവൻ ആകാശ മദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും രാജാക്കന്മാരുടെ മാംസവും സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും കുതിര കളുടെയും കുതിരപ്പുറത്തു ഇരിക്കുന്നവരുടെയും മാംസവും സ്വതന്ത്ര ന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിനു വന്നു കൂടുവിൻ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു” (വെളി. 19:17,18).

ഇവിടെ ദൂതൻ സൂര്യനിൽ നില്ക്കുന്നു എന്നതിന്റെ അർത്ഥം ക്രിസ്തുവിന്റെ ദിവ്യ ശോഭയുടെ സമീപം നില്ക്കുന്നു എന്നുള്ളതാണ്. ഇപ്രകാരം വിളിച്ചുപറയുന്ന ദൂതൻ ക്രിസ്തുവിന്റെ സമീപം തന്നെയാണ്. ഇങ്ങനെ പക്ഷികളോടു വിളിച്ചുപറയുന്നു എന്നതിന്റെ അർത്ഥം ഭൂലോകത്തിലെ ദുഷ്ടജനത്തിന്റെയും സാത്താന്റെയും അന്ത്യംകുറിച്ചു കഴിഞ്ഞു എന്നുള്ള നാശകരമായ വിധി പ്രഘോഷി ക്കുന്നതാണ്. പുരാതനകാലത്തെ യുദ്ധങ്ങളിൽ ഇത് സർവ്വസാധാ രണമാണ് (1 ശമൂവേൽ 17:44-46). ആകാശത്തിലെ പറവകൾ തിന്നു കളയുമെന്നുള്ളത് അവിശ്വസ്തരായിത്തീർന്നാൽ യിസ്രായേലിനു സംഭവിക്കുമെന്നു മോശെ പറഞ്ഞതും നമുക്കു കാണാം (ആവർത്തനം 28:26). ഇവിടെ കാണുന്ന പ്രത്യേക ഭാഗം ജാതികളുടെ

രാജ്യങ്ങളോടുള്ള ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും കൂടെയാണ് (യെഹെ. 39:17–22; യിരെമ്യാവ് 7:32,33).

"കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്‌വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യവും ഒന്നിച്ചുവന്നുകൂടിയത് ഞാൻ കണ്ടു. മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ച് മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തു ഇരിക്കുന്നവന്റെ വായിൽനിന്ന് പുറപ്പെടുന്ന വാൾകൊണ്ട് കൊന്നു. അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു" (വെളി. 19:19–21).

സാത്താൻ അവന്റെ സൈന്യമായ ദുഷ്ട മനുഷ്യഗണത്തെ തന്റെ അന്ത്യയുദ്ധത്തിനു ക്രിസ്തുവിനെതിരെ അണിനിരത്തുന്നത് നാം ഇവിടെ കാണുന്നു. ക്രിസ്തുവിന്റെ വീണ്ടും വരവിൽ ആ മഹത്വപൂർണ്ണമായ ശോഭയിൽ സകല ദുഷ്ടഗണവും മരിച്ചുവീഴുകയാണ്. വീണ്ടെടുക്കപ്പെട്ട വിശുദ്ധ ജനം ഒഴികെ മറ്റെല്ലാ ഭൂവാസികളും ഇവിടെ മരണത്തിനിരയായിത്തീരുന്നു.

# ആയിരം ആണ്ടു വാഴ്ച

## (വെളിപ്പാട് 20 – ാം അദ്ധ്യായം)

**ആ**യിരമാണ്ടു വാഴ്ച അല്ലെങ്കിൽ സഹസ്രാബ്ദവാഴ്ചയെക്കുറിച്ച് ബൈബിളിൽ ഈ അദ്ധ്യായത്തിൽ മാത്രമെ പറയുന്നുള്ളു. ഇതിൽ മൂന്നു തവണ സാത്താന്റെ വിധിയുമായി ബന്ധിപ്പിച്ചും രണ്ടു തവണ വിശുദ്ധന്മാർ ക്രിസ്തുവിനോടൊത്തു വാഴുന്നതിനെക്കുറിച്ചും ഒരു തവണ വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിനും ദുഷ്ടന്മാരുടെ ഉയിർപ്പിനും ഇടയ്ക്കുള്ള സമയമായും പറഞ്ഞിട്ടുണ്ട്. ഈ അദ്ധ്യായത്തിൽ നാലു സുപ്രധാന സംഭവങ്ങൾ വിവരിച്ചിരിക്കുന്നു: (1) ആയിരമാണ്ടേക്കു സാത്താനെ ചങ്ങലയിടുന്നു. (2) വിശുദ്ധന്മാർ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ആയിരമാണ്ടു വാഴുന്നു. (3) ആയിരമാണ്ടു കഴിയുമ്പോൾ പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭൂമിയിലേക്കു വരികയും സാത്താൻ സ്വതന്ത്രമാവുകയും ദുഷ്ടന്മാർ ഉയിർക്കുകയും ചെയ്യുന്നു (4) സകല ദുഷ്ടന്മാരും സാത്താനും അവരുടെ നിത്യനാശം അനുഭവിക്കുന്നു.

“അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരമാണ്ടേക്കു ചങ്ങലയിട്ടു. ആയിരമാണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതെ ഇരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു” (വെളി. 20:1–3).

കഴിഞ്ഞ അദ്ധ്യായത്തിൽ ക്രിസ്തു സ്വർഗ്ഗീയ സൈന്യത്തിന്റെ അകമ്പടിയോടെ എഴുന്നള്ളി വരുന്നത് നാം കണ്ടു. “മിന്നൽ കിഴക്കു

നിന്നു പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും" (മത്തായി 24:27). "അപ്പോൾ മനുഷ്യപുത്രന്റെ അട യാളം ആകാശത്തു വിളങ്ങും; അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലോഭിച്ചുംകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നത് കാണും. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുകൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും" (മത്തായി 24:30,31). "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16,17). "ഞാൻ ഒരു മർമം നിങ്ങളോടു പറയാം. നാമെല്ലാവരും നിദ്രകൊള്ളുകയില്ല. എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും" (1 കൊരി. 15:51, 52).

മരിച്ച വിശുദ്ധന്മാരും മരിച്ച ദുഷ്ടന്മാരും യേശു വീണ്ടും വരുമ്പോൾ ഈ ഭൂമിയിൽ നിദ്രയിലായിരിക്കും. കാരണം, മരണത്തെ നിദ്രയെന്നും ക്രിസ്തു പറഞ്ഞിരിക്കുന്നു. ജീവനുള്ളവരുടെ കൂട്ടത്തിലും വിശുദ്ധന്മാരും ദുഷ്ടന്മാരും ഉണ്ട്. മരിച്ച വിശുദ്ധന്മാർ യേശുവിന്റെ വീണ്ടും വരവിൽ ഉയിർത്തെഴുന്നേൽക്കും. "ഇത് ഒന്നാമത്തെ പുനരുത്ഥാനം, ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിനു അധികാരമില്ല" (വെളി. 20:6). മരിച്ച ദുഷ്ടന്മാർ ഒന്നാമത്തെ പുനരുത്ഥാനത്തിൽ എഴുന്നേൽക്കുകയില്ല. അവർ എഴുന്നേല്ക്കുന്നത് രണ്ടാമത്തെ പുനരുത്ഥാനത്തിൽ മാത്രമാണ്. "മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല" (വെളി. 20:5). ജീവനോടിരുന്നവരിൽ വിശുദ്ധന്മാർ രൂപാന്തരപ്പെട്ട് ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിലേക്കു മേഘങ്ങളിൽ എടുക്കപ്പെടുന്നു. അപ്പോൾ ജീവനോടിരുന്ന ദുഷ്ടന്മാർ ക്രിസ്തുവിന്റെ പ്രഭയിൽ മരിച്ചുവീഴുന്നു. "ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബല

വാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും ഞങ്ങളുടെമേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു" (വെളി. 6:15-17).

ആ സമയത്ത് ഈ ഭൂമിയിൽ ജീവനുള്ളവർ ആരും ഉണ്ടായിരിക്കയില്ല. വിശുദ്ധന്മാരെല്ലാം യേശുവിനോടൊത്തു സ്വർഗ്ഗത്തിലാണ്. ദുഷ്ടന്മാരെല്ലാം മരിച്ചു വീണുകഴിഞ്ഞു. "ഞാൻ ഭൂമിയെ നോക്കി അതിനെ പാഴും ശൂന്യവുമായി കണ്ടു; ഞാൻ ആകാശത്തെ നോക്കി, അതിന് പ്രകാശം ഇല്ലാതെ ഇരുന്നു. ഞാൻ പർവ്വതങ്ങളെ നോക്കി; അവ വിറയ്ക്കുന്നതു കണ്ടു; കുന്നുകൾ എല്ലാം ആടിക്കൊണ്ടിരുന്നു. ഞാൻ നോക്കി, ഒരു മനുഷ്യനെയും കണ്ടില്ല; ആകാശത്തിലെ പക്ഷികൾ ഒക്കെയും പറന്നുപോയിരുന്നു. ഞാൻ നോക്കി, ഉദ്യാനം മരുഭൂമിയായി തീർന്നിരിക്കുന്നതു കണ്ടു; അതിലെ പട്ടണങ്ങളൊക്കെയും യഹോവയാൽ അവന്റെ ഉഗ്രകോപം ഹേതുവായി ഇടിഞ്ഞുപോയിരിക്കുന്നു" (യിരെ. 4:23-26). "അന്നാളിൽ യഹോവയുടെ നിഹതന്മാർ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ വീണുകിടക്കും; അവരെക്കുറിച്ച് ആരും വിലപിക്കയില്ല; അവരെ എടുത്ത് കുഴിച്ചിടുകയും ഇല്ല" (യിരെ. 25:33). കുഴിച്ചിടാത്തതിന്റെ കാരണം ജീവനുള്ളവർ ആരും അന്ന് കാണുകയില്ല എന്നുള്ളതാണ്. അന്ന് "ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരികയില്ല; സൂര്യൻ ഉദയത്തിങ്കൽതന്നെ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം നല്കുകയുമില്ല. ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും" (യെശ. 13:10,11).

അന്നാളിൽ ഭൂമി പാഴും ശൂന്യവുമായി തീർന്നിരിക്കയാണ്. ദൈവം ഈ ഭൂമിയെ മനുഷ്യവാസയോഗ്യമാക്കിത്തീർക്കുന്നതിന് മുമ്പുള്ള അവസ്ഥയിലേക്ക് അത് മാറിപ്പോയിരിക്കുന്നു. അന്നത്തെ അവസ്ഥയെക്കുറിച്ച് ഉല്പത്തി പുസതകം പറയുന്നത്: "ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു" എന്നാണ് (ഉല്പത്തി 1:2). ഇവിടെ "അഗാധത്തിന്റെ താക്കോൽ" എന്നു പറയുന്നതിൽ അഗാധം എന്നു ഉപയോഗിച്ചിരിക്കുന്ന അതേ വാക്കുതന്നെയാണ് മൂലഭാഷയിൽ ഉല്പത്തിയിൽ ഭൂമി പാഴും ശൂന്യവും ആയിരുന്നു എന്ന സ്ഥലത്തും

ഉപയോഗിച്ചിരിക്കുന്നത്. ജീവജാലങ്ങൾ ഒന്നും ഇല്ലാത്ത, പാഴും ശൂന്യവുമായ ഭൂമിയിൽ സാത്താൻ ബന്ധനസ്ഥനെപ്പോലെ ആയിരിക്കുകയാണ്. അവൻ "അഗാധത്തിൽ" വീണ അവസ്ഥയിലായിരിക്കുന്നു. ഈ സമയം മറ്റൊരു ലോകത്തിലും പോയി ആരെയും വശീകരിക്കുവാൻ സാത്താന് അനുവാദമില്ല. സാത്താനെ ചങ്ങലയിൽ ബന്ധിപ്പിച്ചിരിക്കുന്നു എന്നതിന്റെ അർത്ഥം പ്രത്യേക സാഹചര്യമാകുന്ന ചങ്ങലയാൽ അവൻ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നാണ്. അല്ലാതെ സാധാരണ ലോഹങ്ങൾകൊണ്ടുള്ള ചങ്ങലകൊണ്ടൊന്നും സാത്താനെ ബന്ധിക്കുമെന്നല്ല. ഭൂതഗ്രസ്ഥരായ വ്യക്തികളെ ചങ്ങലകൊണ്ട് ബന്ധിച്ചപ്പോൾപോലും അവർ അതെല്ലാം പൊട്ടിച്ചെറിഞ്ഞുകൊണ്ട് കല്ലറകളിലും മറ്റും പോയി കിടന്നിരുന്നത് സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ടല്ലോ.

വെളി. 20:1-3 വരെയുള്ള വാക്യങ്ങൾപ്രകാരം ആയിരമാണ്ടേക്കു ജീവജാലങ്ങളില്ലാത്ത ഭൂമിയിൽ സാത്താൻ പ്രവർത്തനരഹിതനായി കഴിയുന്നു. ഒരു ലോകത്തിലും പോയി ആരെയും വഞ്ചിക്കുവാൻ അപ്പോൾ സാത്താനു സാധിക്കുന്നില്ല. ആയിരമാണ്ടു കഴിഞ്ഞശേഷം അല്പസമയത്തേക്കു സാത്താൻ വീണ്ടും പ്രവർത്തനനിരതനാകും.

"ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴും" (വെളി. 20:4-6).

വിശുദ്ധന്മാരായവരെല്ലാം സ്വർഗ്ഗത്തിലാണ്. അവരെല്ലാവരും സാത്താനോടും അവന്റെ ശക്തികളായിരുന്ന മൃഗത്തോടും അതിന്റെ പ്രതിമയോടുമെല്ലാം പോരാടി ജയിച്ചവരാണ്. മൃഗത്തിന്റെ മുദ്ര

കൈക്കൊള്ളാതെ ദൈവത്തിന്റെ മുദ്രയെ ധൈര്യസമേതം അവർ കൈക്കൊണ്ടിരുന്നു. ആയതിനാൽ സാത്താന്യ ശക്തികളിൽ നിന്നു അവരിൽ പലർക്കും മരണവും നേരിടേണ്ടിവന്നിട്ടുണ്ടായിരുന്നു. ക്രിസ്തുവിന്റെ ശക്തിയാൽ അവർ ലോകത്തെ ജയിച്ചു. അതുകൊണ്ട് അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് വാഴുന്നു. അവർ ന്യായാസനങ്ങളിൽ ഇരുന്ന് ദുഷ്ടന്മാർക്കും സാത്താനും ഉള്ള ന്യായവിധി കല്പിക്കുന്നു. ക്രിസ്തു വാഗ്ദത്തം ചെയ്തതുപോലെ അവർ അവനോടൊത്തു അവന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ന്യായവിധി നടത്തുന്നു (വെളി. 3:21).

"ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടൽപ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്ന് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും, എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും" (വെളി. 20:7–10).

സ്വർഗ്ഗത്തിൽ ആയിരമാണ്ടു വാഴ്ചയോടുകൂടി സാത്താനും ദുഷ്ടന്മാർക്കുമുള്ള ന്യായവിധിയുടെയും തീർപ്പ് കല്പിച്ചുകഴിയും. പിന്നെ സകല വിശുദ്ധന്മാരും യേശുവിനോടൊത്തു സ്വർഗ്ഗീയ സൈന്യത്തിന്റെ അകമ്പടിയോടുകൂടെ ഭൂമിയിലേക്കു എഴുന്നള്ളി വരും. ഇപ്രകാരം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങുന്ന ഈ വലിയ സമൂഹം പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരമായി വിളിക്കപ്പെട്ടിരിക്കുന്നു (വെളി. 21:2). യഥാർത്ഥത്തിൽ ഇത് സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്നതാണ്. "ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും" (വെളി. 21:3).

യേശു മരണത്തെ ജയിച്ച് സാത്താന്റെ മേൽ ജയോത്സവം കൊണ്ടാടി ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തത് ഒലിവു മലയിൽ നിന്നാണ് (മത്തായി 28:16; അപ്പൊ. പ്ര. 1:9–11). യേശു തന്റെ വിശുദ്ധന്മാരുമായി പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം എന്ന

വണ്ണം മടങ്ങിവരുമ്പോൾ അതേ സ്ഥാനത്തുതന്നെ ആയിരിക്കും അവന്റെ കാൽ ഭൂമിമേൽ പതിക്കുന്നത്. അപ്പോൾ ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവെ പിളർന്ന് ഏറ്റവും വലിയൊരു സമതലമായി തീരും. അവിടെ പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം സ്ഥാപിതമാകും. "അന്നാളിൽ അവന്റെ കാൽ യെരൂശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും. ഒലിവുമല കിഴക്കു പടിഞ്ഞാറായി നടുവെ പിളർന്നുപോകും; ഏറ്റവും വലിയൊരു താഴ്വര ഉളവായ്വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും" (സെഖ. 14:4).

അപ്പോൾ ഭൂതലത്തിൽ മരിച്ചുകിടക്കുന്ന സകല ദുഷ്ടന്മാരും എഴുന്നേല്ക്കും. അവർ സംഖ്യയിൽ കടൽപ്പുറത്തെ മണൽപോലെ അസംഖ്യമാണ്. അവരെ ഗോഗ്, മാഗോഗ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു (യെഹെ, 38:1,2). ക്രിസ്തുവിനോടു യുദ്ധം ചെയ്ത് വിശുദ്ധ നഗരം പിടിച്ചടക്കുകയാണ് അപ്പോൾ സാത്താന്റെ ലക്ഷ്യം. അവന് പ്രവർത്തിപ്പാൻ ലോകാരംഭം മുതൽ അവസാനം വരെയുള്ള സകല ദുഷ്ടന്മാരും കൂടെയുണ്ട്. അവന്റെ പൈശാചിക സൈന്യവും ഒപ്പം നില്ക്കുന്നു. അവൻ ദൈവത്തിനെതിരെ യുദ്ധം നടത്തേണ്ടതിനു സർവ്വരെയും വഞ്ചിച്ച് കൈക്കലാക്കുകയാണ്. "അവർ ഭൂമിയിൽ പരക്കെച്ചെന്ന് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചു കളയും." ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്ക ശിക്ഷ അനുഭവിച്ച് തീയിൽ എരിഞ്ഞടങ്ങുന്നു. "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും" (മലാഖി 4:1). ദുഷ്ടതയുടെ വേരായ സാത്താനും അവന്റെ വഞ്ചനയിൽ കുടുങ്ങി മനുഷ്യവർഗ്ഗത്തെ തെറ്റിച്ച മൃഗവും കള്ളപ്രവാചകനും, ലോകാരംഭം മുതൽ സാത്താനോടൊത്തു നിന്ന ദുഷ്ടന്മാരുമായ സകല കൊമ്പുകളും ചേർന്ന് ഒരുമിച്ച് എരിഞ്ഞടങ്ങും. അപ്രകാരം ഇന്ന് തീക്കുവേണ്ടി സൂക്ഷിച്ചിരിക്കുന്ന ഈ ഭൂമി തീകൊണ്ട് ശുദ്ധീകരിക്കപ്പെടും. "പണ്ടു തന്നെ ഒരു ദഹന സ്ഥലം ഒരുക്കീട്ടുണ്ടല്ലോ; അത് രാജാവിനായിട്ടും ഒരുക്കിയിരിക്കുന്നു; അവൻ അതിനെ ആഴവും വിശാലവും ആക്കിയിരിക്കുന്നു; അതിന്റെ ചിതയിൽ വളരെ തീയും വിറകും ഉണ്ട്; യഹോവയുടെ ശ്വാസം ഒരു ഗന്ധക നദിപോലെ അതിനെ കത്തിക്കും" (യെശ. 30:33).

“ഞാൻ വലിയൊരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി, അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്ക് അടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധിയുണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു: ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും” (വെളി. 20:11-15).

ദുഷ്ടന്മാരും സാത്താനും തീയിൽ എരിഞ്ഞു നശിക്കുന്നതിന്റെ വിശദമായ ഒരു ചിത്രം നാം ഇവിടെ വീണ്ടും കാണുന്നു. രാജാധി രാജാവായ ക്രിസ്തു വലിയൊരു വെള്ള സിംഹാസനത്തിൽ ആകാശ ത്തിൽതന്നെ ഉപവിഷ്ഠനായിരിക്കുന്നു. അവന്റെ സന്നിധിയിൽനിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി. മരിച്ചുകിടന്ന സകല ദുഷ്ടന്മാരും അവന്റെ മുമ്പാകെ നില്ക്കുകയാണ്. ജീവപുസ്തകത്തിൽ പേരുള്ളവ രെല്ലാം വിശുദ്ധന്മാരാണ്. അവർ പുതിയ യെരൂശലേമിനകത്ത് സുരക്ഷിതരായിരിക്കുന്നു. മറ്റുള്ളവരെല്ലാം തീപ്പൊയ്കയിൽ എരിഞ്ഞട ങ്ങുവാനുള്ള വിധിയുണ്ടായി. ഈ തീപ്പൊയ്ക വിശുദ്ധന്മാരെ ബാധി ക്കുന്നതേയില്ല. അവരോടു ക്രിസ്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു: “എന്റെ ജനമേ, വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടയ്ക്ക; ക്രോധം കടന്നുപോകുവോളം അല്പനേരത്തേക്കു ഒളിച്ചിരിക്ക. യഹോവ ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം സന്ദർശിപ്പാൻ തന്റെ സ്ഥലത്തുനിന്നു ഇതാ വരുന്നു” (യെശ. 26:20,21). സാത്താന്റെയും ദുഷ്ടന്മാരുടെയും ചീറ്റൽ മതിലിന്റെ നേരെ കൊടുങ്കാറ്റുപോലെ അടിക്കുമ്പോൾ ക്രിസ്തു തന്റെ ജനത്തിനു ഒരു ദുർഗ്ഗവും ഒരു കോട്ടയും ഒരു ശരണവും ഒരു തണലും ആയിരിക്കുന്നു (യെശ. 25:4). ദൈവം തീകൊണ്ട് ഈ ഭൂമിയെ ശുദ്ധീകരിക്കുന്നു. പിന്നെ അവൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. “ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി” (വെളി. 21:1).

# പുതിയ യെരൂശലേം

## (വെളിപ്പാട് 21–ാം അധ്യായം)

**ആ**യിരം ആണ്ടുവാഴ്ച അവസാനിച്ചുകഴിഞ്ഞു. സാത്താനും അവന്റെ സൈന്യവും സകല ദുഷ്ടജനങ്ങളും അവരുടെ തിരഞ്ഞെടുപ്പു അനുസരിച്ച് ചാരമായിത്തീർന്നു. “ആകാശം കൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോയി.” സകല മൂലകങ്ങളും (Elements) വെന്തുരുകി (2 പത്രൊസ് 3:10,11). ദൈവത്തിന്റെ വചനത്തിന്റെ ശക്തിയാൽ ഉളവായ ഭൂമി അതേ ശക്തിയാൽ ഊർജ്ജം (Energy) ആയി മാറിക്കഴിഞ്ഞു. ദൈവത്തിന്റെ വചനത്തിന്റെ ശക്തിയാൽ അത് വീണ്ടും വസ്തു (Matter) ആയി രൂപാന്തരപ്പെടുകയാണ്. പുതിയ ഭൂമിയും പുതിയ ആകാശവും ഉണ്ടായിക്കഴിഞ്ഞു. അതിന്റെ തലസ്ഥാനമാണ് പുതിയ യെരൂശലേം. അത് സ്വർഗ്ഗംതന്നെ ഭൂമിയിലേക്ക് ഇറങ്ങിവന്നതാണ്.

“ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി യില്ല” (വെളി. 21:1). ഇന്ന് നാം ഈ ഭൂമിയിൽ കാണുന്ന രീതിയിലുള്ള സമുദ്രം പുതിയ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. ദൈവം സൃഷ്ടിക്കുന്ന പുതിയ ഭൂമിയുടെ മനോഹരത്വം നാം ഇന്ന് ദൈവവചനത്തിൽക്കൂടെ നിഴലായി മാത്രമാണ് കാണുന്നത്. ചിലർ സമുദ്രം എന്നതിനെ പുരുഷാരങ്ങളും ജാതികളും ഭാഷകളും വംശങ്ങളും ആകുന്നു എന്നും വ്യാഖ്യാനിക്കുന്നുണ്ട് (വെളി. 17:15). അങ്ങനെയാണെങ്കിൽ പുതിയ ഭൂമിയും പുതിയ ആകാശവും എന്നതും വാസ്തവമായിരിപ്പാൻ സാധ്യതയില്ല. പക്ഷെ, ദൈവപദ്ധതിപ്രകാരം അത് വാസ്തവം തന്നെയാണ്. ഭൂമിയിൽ പാപം കടന്നുവന്നതു മുതൽ പാപം ഇല്ലാത്ത ഭൂമി സ്ഥാപിക്കുന്നതാണ് ദൈവപദ്ധതി. അതിനുവേണ്ടി മാത്രമാണ്

ക്രിസ്തു ക്രൂശിന്മേൽ യാഗമായത്. ദൈവവചനത്തിന് ഒരു മാറ്റവും വരികയില്ല.

"പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി. സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്; ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു" (വെളിപ്പാട് 21:2–5).

മനുഷ്യരോടൊത്ത് ദൈവം വാസം ചെയ്യുന്ന അനുഭവം മനസ്സിൽ സങ്കല്പിച്ച് ധ്യാനിക്കുക. ഏദെൻതോട്ടത്തിൽ ആദാമിന്റെയും ഹവ്വയുടെയും വീഴ്ചവരെ ദൈവം അവരോടു നേരിട്ട് ഇടപെട്ടിരുന്നു. പാപം അതിന് മാറ്റം വരുത്തി. എന്നാൽ ഇപ്പോൾ പാപം ഇല്ലാത്ത ഭൂമി നിലവിൽ വന്നിരിക്കുന്നു. കഷ്ടപ്പാടും മരണവും കണ്ണുനീരും എന്നെന്നേക്കുമായി അവസാനിച്ചു. സകലവും പുതുതായിക്കഴിഞ്ഞിരിക്കുന്നു.

"പിന്നെയും അവൻ എന്നോടു അരുളിച്ചെയ്തത്; സംഭവിച്ചു തീർന്നു; ഞാൻ അൽഫയും ഓമേഗയും ആദിയും അന്തവും ആകുന്നു; ദാഹിക്കുന്നവനു ഞാൻ ജീവനീരുറവയിൽനിന്നു സൗജന്യമായി കൊടുക്കും. ജയിക്കുന്നവനു ഇതു അവകാശമായി ലഭിക്കും; ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും. എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ. അത് രണ്ടാമത്തെ മരണം" (വെളി. 21:6–8).

ആദി മുതൽ ദൈവം തന്റെ പ്രവാചകന്മാരിൽകൂടെ വാഗ്ദത്തം ചെയ്തിരിക്കുന്നത് എത്രയും വേഗം നിറവേറുന്നതുകൊണ്ട് അവൻ വീണ്ടും വീണ്ടും മുന്നറിയിപ്പുകൾ അയയ്ക്കുന്നു. സാത്താനോടും

ലോകത്തോടും പോരാടി ജയിക്കുവാൻ ദൈവം തന്റെ ജനത്തെ ആഹ്വാനം ചെയ്യുന്നു. ലോകത്തെ ഭയക്കുന്നവർ അവിടെ എത്തി ച്ചേരുകയില്ല. അവിശ്വാസികളും ദൈവത്തിനു അറെപ്പായതു പ്രവർത്തി ക്കുന്നവരും ദുർന്നടപ്പുകാരും അവിടെ കടന്നുവരികയില്ല. ക്ഷുദ്ര ക്കാരെന്നു ഇവിടെ കാണുന്നത് പരേതരുടെ ആത്മാക്കളുമായി ബന്ധ പ്പെടുന്നു എന്നു പറയുന്നവരെക്കുറിച്ചാണ്. അവർ സാത്താനോട് നേരിട്ടു ബന്ധപ്പെടുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. മരിച്ചവർ ഒന്നും അറിയുന്നില്ല. അവരുടെ രൂപത്തിൽ സാത്താൻ പ്രവർത്തി ക്കുന്നു. ബിംബാരാധികൾ പുറജാതിക്കാരാണ്. ക്രിസ്ത്യാനികളും അതു ചെയ്യുന്നുണ്ട്. ഭോഷ്ക്കു പറയുന്നവർ കപട വിശ്വാസങ്ങൾ പ്രചരിപ്പി ക്കുന്നവരാണ്. സത്യവചനത്തെ അവർ വ്യാജമാക്കി മനുഷ്യരെ തെറ്റിച്ചു കളയുന്നു. ഇപ്രകാരമുള്ളവരെല്ലാം രണ്ടാം മരണമായ നിത്യമരണം അനുഭവിച്ച് അഗ്നിപ്രളയത്തിൽ എരിഞ്ഞടങ്ങി അവസാനിച്ചുപോകുന്നു.

“അന്ത്യബാധ ഏഴും നിറഞ്ഞ ഏഴു കലശം ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുത്തൻ വന്നു എന്നോട്: വരിക, കുഞ്ഞാടിന്റെ കാന്ത യായ മണവാട്ടിയെ കാണിച്ചുതരാം എന്നു പറഞ്ഞു. അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വൻമലയിൽ കൊണ്ടുപോയി, യെരൂ ശലേം എന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചുതന്നു. അതിന്റെ ജ്യോതിസ്സ് ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടികസ്വച്ഛതയുള്ള സൂര്യകാന്തംപോലെ ആയിരുന്നു. അതിനു പൊക്കമുള്ള വൻമതിലും പന്ത്രണ്ടുഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരുമുണ്ട്; യിസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്ര ങ്ങളുടെയും പേർ കൊത്തീട്ടുമുണ്ട്. കിഴക്ക് മൂന്നു ഗോപുരം, വടക്ക് മൂന്നു ഗോപുരം, തെക്ക് മൂന്നു ഗോപുരം, പടിഞ്ഞാറ് മൂന്നു ഗോപുരം. നഗരത്തിന്റെ മതിലിന് പന്ത്രണ്ടു അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ പന്ത്രണ്ടു പേരും ഉണ്ട്” (വെളി. 21:9–14).

ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശം പിടിച്ചിരുന്ന ഏഴു ദൂത ന്മാരിൽ ഒരുവനാണ് “പെരുവെള്ളത്തിനുമീതെ ഇരിക്കുന്ന മഹാവേശ്യ യുടെ ന്യായവിധി” യോഹന്നാന് കാണിച്ചുകൊടുത്തത് (വെളി. 17:1). ഇവിടെ അതേ ദൂതൻതന്നെ ആയിരിക്കും നിത്യരാജ്യത്തിന്റെ തല സ്ഥാനമായ പുതിയ യെരൂശലേം കാണിച്ചുകൊടുക്കുന്നത്. ഒരു ഭാഗത്ത് മഹതിയാം ബാബിലോണിന്റെ നാശത്തെ വിവരിക്കുമ്പോൾ

മറുഭാഗത്ത് പുതിയ യെരൂശലേമിനെ വർണ്ണിക്കുന്നു. മഹതിയാം ബാബിലോൺ സാത്താന്റെ സിംഹാസനവും പുതിയ യെരൂശലേം ദൈവത്തിന്റെ സിംഹാസനവുമാണ്. ദൈവാത്മാവിൽ യോഹന്നാൻ "ഉയർന്നോരു വൻമലയിൽ" നിന്നുകൊണ്ട് ഈ ദർശനം കാണുന്നു. അപ്രകാരം തന്നെ നാമും യോഹന്നാനോടൊത്ത് നില്ക്കുന്നതായി മനസ്സിൽ കണ്ടുകൊണ്ട് ധ്യാനപീഠമതിൽ കയറി ആത്മിക കണ്ണുകൊണ്ട് ദൈവമഹത്ത്വം കാണേണ്ടതാണ്.

അതിന് പൊക്കമുള്ള വൻ മതിലുണ്ട് (യെഹെ. 48:35). മാനുഷീക ഭാഷയ്ക്ക് സ്വർഗ്ഗീയ നഗരം വിവരിക്കാനാകയില്ല. അതിന് സ്വർഗ്ഗീയ ദൂതന്മാർ ഗോപുര കാവൽക്കാരാണ്. ഓരോ ഭാഗത്തും മൂന്നു ഗോപുരങ്ങൾ വീതം ക്രമീകരിക്കപ്പെട്ടിരിക്കുന്നു. പുരാതന യിസ്രായേൽ അവരുടെ മരുഭൂയാത്രയിൽ കൂടാരങ്ങൾ അടിച്ചിരുന്നത് ഇപ്രകാരം ഓരോ ഭാഗത്തും മൂന്നു ഗോത്രങ്ങൾ എന്ന കണക്കിലായിരുന്നു (സംഖ്യ. 2:1-34). യിസ്രായേൽ ഗോത്രങ്ങളുടെ പേർ അവിടെ കൊത്തിയിരിക്കുന്നു എന്നതിന്റെ അർത്ഥം തന്റെ ജനം ആയവർക്കായി കർത്താവ് ഒരു നഗരം ഒരുക്കിയിരിക്കുന്നു എന്നുള്ളതാണ് (എബ്രാ. 11:16). അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ യേശുക്രിസ്തു മൂലക്കല്ലായി സഭ പണിയപ്പെട്ടിരിക്കുന്നു (എഫെ. 2:20).

"എന്നോടു സംസാരിച്ചവന് നഗരത്തെയും അതിന്റെ ഗോപുരങ്ങളെയും മതിലിനെയും അളക്കേണ്ടതിന് പൊന്നുകൊണ്ടുള്ള ഒരു അളവുകോൽ ഉണ്ടായിരുന്നു. നഗരം സമചതുരമായിക്കിടക്കുന്നു; അതിന്റെ വീതിയും നീളവും സമം. അളവുകോൽകൊണ്ട് അവൻ നഗരത്തെ അളന്നു, ആയിരത്തിരുന്നൂറ് നാഴിക കണ്ടു; അതിന്റെ നീളവും വീതിയും ഉയരവും സമംതന്നെ. അതിന്റെ മതിൽ അളന്നു; മനുഷ്യന്റെ അളവിനു എന്നുവെച്ചാൽ ദൂതന്റെ അളവിനുതന്നെ, നൂറ്റിനാല്പത്തി നാലു മുഴം ഉണ്ടായിരുന്നു. മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ആയിരുന്നു. നഗര മതിലിന്റെ അടിസ്ഥാനങ്ങൾ സകല രത്നവുംകൊണ്ട് അലങ്കരിച്ചിരിക്കുന്നു; ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേതു നീലരത്നം, മൂന്നാമത്തേതു മാണിക്യം, നാലാമത്തേതു മരതകം, അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേതു ചുവപ്പുകല്ല്, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒൻപതാമത്തേതു പുഷ്യരാഗം, പത്താമത്തേത് വൈഡൂര്യം, പതിനൊന്നാമത്തേതു പത്മരാഗം,

പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം. പന്ത്രണ്ടു ഗോപുരവും പന്ത്രണ്ടു മുത്ത്. ഓരോ ഗോപുരം ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിന്റെ വീഥി സ്വച്ഛ സ്ഫടികത്തിനു തുല്യമായ തങ്കവുമായിരുന്നു. മന്ദിരം അതിൽ കണ്ടില്ല. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരമാകുന്നു. നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല; ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു. കുഞ്ഞാട് അതിന്റെ വിളക്കാകുന്നു. ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്ത്വം അതിലേക്കു കൊണ്ടുവരും. അതിന്റെ ഗോപുരങ്ങൾ പകൽക്കാലത്ത് അടയ്ക്കുകയില്ല, രാത്രി അവിടെ ഇല്ലല്ലോ. ജാതികളുടെ മഹത്ത്വവും ബഹുമാനവും അതിലേക്കു കൊണ്ടുവരും. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കുകയില്ല” (വെളി. 21:15-27).

പുതിയ യെരൂശലേം സമചതുരമായി കിടക്കുന്നു. അതിന്റെ നീളവും വീതിയും ഉയരവും സമം. ആയിരത്തിയിരുന്നൂറ് നാഴിക എന്നത് രണ്ടായിരത്തി ഇരുന്നൂറ്റിപ്പതിനെട്ട് കിലോമീറ്റർ എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത്രയും നീളവും വീതിയും ഉയരവുമുള്ള ഒരു നഗരം സങ്കല്പിക്കുവാൻപോലും മനുഷ്യമനസ്സിന് സാധ്യമല്ല. ഇത് ദൂതന്റെ അളവിന് എന്നു നാം കാണുന്നു. അതായത് ഇത് മനുഷ്യ സങ്കല്പത്തിനപ്പുറമാണ്. “എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ (മന്ദിരങ്ങൾ) ഉണ്ട്” എന്ന് ക്രിസ്തു പറഞ്ഞതിന്റെ അർത്ഥം സ്വർഗ്ഗത്തിൽ കടക്കുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം അത് സാദ്ധ്യമാണ് എന്നുള്ളതാണ് (യോഹ. 14:2). നഗരത്തിന്റെ മതിൽ ഇരുന്നൂറ്റിപ്പത്ത് അടി എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ചിലർ പറയുന്നത് അത് മതിലിന്റെ കട്ടിയെക്കുറിച്ചു പറയുന്നു എന്നാണ്. എന്തു തന്നെ ആയാലും സ്വർഗ്ഗം അല്ലെങ്കിൽ പുതിയ യെരൂശലേം മനുഷ്യ സങ്കല്പത്തിനോ അളവിനോ ബാധകമാകുന്നില്ല. അവിടെ എത്തുന്ന വിശുദ്ധന്മാർ മാത്രം അത് കണ്ട് ഗ്രഹിക്കും.

മതിലിന്റെ പണി സൂര്യകാന്തവും നഗരം ആകമാനം സ്വച്ഛസ്ഫടികവുമാണെന്ന് പറഞ്ഞിരിക്കുന്നു. അത് സുതാര്യമായ സ്വർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ പതിക്കുന്ന ഓരോ പ്രകാശ തരംഗവും അതിന്റെ മനോഹരത്വം പ്രതിഫലിപ്പിക്കുന്നു. ഓരോ ഗോപുരവും

ഓരോ മുത്ത്. ക്രിസ്തുയേശു എന്ന വിലമതിപ്പാനാകാത്ത മുത്തായ വീണ്ടെടുപ്പുകാരൻ മാത്രമാണ് ഗോപുരത്തിനകത്തേക്കു നാം കടന്നുചെല്ലുവാനുള്ള ഏക വഴി.

പാപം കടന്നുവന്നപ്പോൾ അതിന്റെ ദൂരീകരണത്തിനായി സ്ഥാപിക്കപ്പെട്ടതാണ് വിശുദ്ധമന്ദിരവും അതിലെ ശുശ്രൂഷകളും. എന്നാൽ ഇപ്പോൾ അവിടെ മന്ദിരത്തിന്റെ ആവശ്യമില്ല. ദൈവം മനുഷ്യരോടൊത്ത് വാസം ചെയ്യുന്നു. അവിടെ സൂര്യനും ചന്ദ്രനും ആവശ്യമില്ല. ദൈവതേജസ്സുതന്നെ നഗരത്തെ പ്രകാശിപ്പിക്കുന്നു. ദൈവം സൃഷ്ടിച്ച വെളിച്ചത്തിന് ദൈവതേജസ്സിനെ അതേപടി പ്രതിഫലിപ്പിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് അവിടെ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ സാദ്ധ്യമല്ല. കുഞ്ഞാടു തന്നെയാണ് അതിന്റെ വിളക്ക്.

വീണ്ടെടുക്കപ്പെട്ട സർവ്വജനവും കുഞ്ഞാടിന്റെ വെളിച്ചത്തിൽ നടക്കും. വീണ്ടെടുക്കപ്പെട്ടവരെല്ലാം എന്നെന്നേക്കും രാജാക്കന്മാരായി വാഴുകയാണ്. അവർ എന്നെന്നും കുഞ്ഞാടിന് മഹത്ത്വവും ബഹുമാനവും സ്തോത്രവും അർപ്പിച്ചുകൊണ്ടിരിക്കുന്നു. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ടവർ മാത്രം അവിടെ എത്തിച്ചേർന്നിരിക്കുന്നു. ദുഷ്ടതയുടെ ഒരംശംപോലും ഇനി പ്രപഞ്ചത്തിൽ ഒരിടത്തും ശേഷിക്കുന്നില്ല.

# ജീവന്റെ വൃക്ഷവും ജീവജല നദിയും
## (വെളിപ്പാട് 22 – ൧ം അദ്ധ്യായം)

**"വീ**ഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷമുണ്ട്. അത് പന്ത്രണ്ടുവിധം ഫലം കായിച്ച് മാസം തോറും അതത് ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു. യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും" (വെളി. 22:1–5).

ഭൂമിയിൽ പാപം കടന്നുവരുന്നതിനുമുമ്പ് ഏദെൻതോട്ടവും അവിടെ ജീവവൃക്ഷവും ജീവജലനദിയും ഉണ്ടായിരുന്നതു കൂടാതെ അതിൽനിന്ന് അനുഭവിക്കുന്നതിനും ആദാമും ഹവ്വയും അനുവദിക്കപ്പെട്ടിരുന്നു. അവരെ കീഴടക്കി ജീവവൃക്ഷം കൈക്കലാക്കുവാനുള്ള സാത്താന്റെ പ്രയത്നം ഫലവത്തായില്ല. ആദാമും ഹവ്വയും സാത്താന് കീഴ്പ്പെട്ടപ്പോൾത്തന്നെ ദൈവം അവരെ തോട്ടത്തിൽനിന്ന് പുറത്താക്കുകയും ജീവവൃക്ഷത്തെ സംരക്ഷിക്കുവാൻ മിന്നുന്ന വാളുമായി ദൂതനെ നിയോഗിക്കുകയും ചെയ്തു. ആദാമിനോ അവന്റെ സന്തതിയിൽ ആർക്കെങ്കിലുമോ അതു ലഭ്യമായില്ല. എന്നാൽ പാപത്തിന്റെ ശിക്ഷയായ മരണം തന്റെമേൽ എടുത്ത ദൈവത്തിന്റെ കുഞ്ഞാട്

ഏദെൻതോട്ടത്തെ സംരക്ഷിച്ച് പുതിയ യെരുശലേമിൽ ഇപ്പോൾ നില നിർത്തിയിരിക്കുന്നു. അവിടെ ജീവന്റെ വൃക്ഷവും ജീവജലനദിയും ഉണ്ട്. ജീവനദി കുഞ്ഞാടിന്റെ സിംഹാസനത്തിൽനിന്ന് പുറപ്പെടുന്നു. നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട് (സെഖ. 14:8; യെഹെ. 47:1,7,12).


പുതിയ ഭൂമി

ജീവവൃക്ഷം മാസന്തോറും വിവിധ ഫലം കായിച്ച് പന്ത്രണ്ടു മാസം പന്ത്രണ്ടുവിധ ഫലം കൊടുക്കുന്നു. വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ ജീവ വൃക്ഷഫലം ഭക്ഷിച്ചുകൊണ്ടേയിരിക്കും. വിശുദ്ധന്മാർ അമാവാസിതോറും ശബ്ബത്തു തോറും ദൈവസന്നിധിയിൽ കടന്നു വരും (യെശ. 66:22,23). ശബ്ബത്തുതോറും ഉള്ള ആരാധന പുതിയ ഭൂമിയിലും തുടർന്നുകൊണ്ടേയിരിക്കും. കാരണം അതു സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം സ്ഥാപിച്ചതാണ്. ശബ്ബത്ത് മനുഷ്യനുവേണ്ടി സ്ഥാപിക്കപ്പെട്ടു എന്നു സൃഷ്ടിതാവുതന്നെ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ അമാവാസി പഴയകാലത്ത് സ്ത്രീകളുടെ മാത്രമായ ഒരു ഉത്സവമായിരുന്നു. സാത്താൻ സ്ത്രീയിൽകൂടെയാണ് ഭൂമിയിൽ പാപം കൊണ്ടുവന്നത്. എന്നാൽ പുതിയ ഭൂമിയിൽ ഇനി ഒരു കാലവും പാപം ഉണ്ടാകുകയില്ല എന്നുള്ളതിന്റെ ഉറപ്പിനായി അമാവാസിയിൽ ജീവവൃക്ഷഫലം എല്ലാവർക്കും ഭക്ഷിപ്പാൻ കൊടുക്കുന്നു.

വീണ്ടെടുക്കപ്പെട്ട മനുഷ്യരെല്ലാം ആദാമിനും ഹവ്വക്കും തുല്യമായ ശാരീരിക വളർച്ച പ്രാപിച്ചിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എങ്കിൽ മാത്രമേ പാപത്തിന്റെ കണികപോലും കാണപ്പെടാത്ത പുതിയ ഭൂമി സാധ്യമാകയുള്ളൂ. അതിനായി ജീവവൃക്ഷത്തിന്റെ ഇല മനുഷ്യരാശിക്ക് ഉതകുന്നു എന്നു പറയപ്പെടുന്നു. ഒരു കാലത്ത് ലോകം പാപത്തിൽ വീണിരുന്നു എന്നും കർത്താവ് മനുഷ്യനായി വന്നു ക്രൂശിൽ യാഗമായി മനുഷ്യനെ വീണ്ടെടുത്തു എന്നും എന്നെന്നേക്കും മനുഷ്യന് ഓർക്കുവാൻ ക്രിസ്തുവിന്റെ ശരീരത്തിലേറ്റ ആണിപ്പാടുകളും കുന്തംകൊണ്ടുള്ള മുറിവിന്റെ പാടും മറ്റുമെല്ലാം നിത്യതയിലെങ്ങും ഉണ്ടായിരിക്കും. എന്നാൽ മാനവരാശിയിൽ ആരിൽപോലും

പാപത്തിന്റെ പാടുകൾ ഒന്നും ഉണ്ടായിരിക്കയില്ല.'' എന്നാൽ അവനോട്: നിന്റെ കയ്യിൽ കാണുന്ന ഈ മുറിവുകൾ എന്ത് എന്നു ചോദിക്കുന്നതിന് അവൻ: എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവെച്ച് ഞാൻ അടികൊണ്ടതാകുന്നു എന്ന് ഉത്തരം പറയും" (സെഖ. 13:6). "സൂര്യപ്രകാശംപോലെ ഒരു ശോഭ ഉളവായ് വരുന്നു; കിരണങ്ങൾ അവന്റെ പാർശ്വത്തുനിന്നു പുറപ്പെടുന്നു; അവിടെ അവന്റെ വല്ലഭത്വം മറഞ്ഞിരിക്കുന്നു" (ഹബക്കൂക് 3:4).

"പിന്നെ അവൻ എന്നോട്: ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു; പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവ് വേഗത്തിൽ സംഭവിക്കേണ്ടത് തന്റെ ദാസന്മാർക്ക് കാണിച്ചു കൊടുപ്പാൻ തന്റെ ദൂതനെ അയച്ച്, ഇതാ ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു" (വെളി. 22:6,7).

"ഇതു കേൾക്കയും കാണുകയും ചെയ്തത് യോഹന്നാൻ എന്ന ഞാൻ തന്നെ. കേൾക്കയും കാൺകയും ചെയ്തശേഷം അത് എനിക്ക് കാണിച്ചുതന്ന ദൂതന്റെ കാല്ക്കൽ ഞാൻ വീണു നമസ്കരിച്ചു. എന്നാൽ അവൻ എന്നോട്: അത് അരുത്: ഞാൻ നിന്റെയും നിന്റെ സഹോദര ന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണി ക്കുന്നവരുടെയും സഹഭൃത്യനത്രെ; ദൈവത്തെ നമസ്ക്കരിക്ക എന്നു പറഞ്ഞു" (വെളി. 2:8,9).

ആരാധനക്കു യോഗ്യൻ ദൈവം മാത്രമാണ്, മനുഷ്യർ പലപ്പോഴും ദൈവദൂതന്മാരെ ആരാധിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഒരു കാരണ വശാലും ദൂതന്മാർ ആരാധന കൈക്കൊള്ളുകയില്ല. അവർ മനുഷ്യരെ അതിൽനിന്ന് തടഞ്ഞുമാറ്റുന്നു. എല്ലാ ഘട്ടത്തിലും ദൈവത്തെ ആരാധിക്കുവാൻ അവർ ആഹ്വാനം ചെയ്യുന്നു. ദൈവഭക്തന്മാരുടെ ഭൃത്യരെന്ന് അവർ അവരെക്കുറിച്ച് സാക്ഷിക്കുന്നു. എന്നാൽ സാത്താന്റെ സ്വഭാവം നേരെ മറിച്ചാണ്. അവൻ എല്ലാവരോടും തന്നെ ആരാധിക്കു വാൻ ആവശ്യപ്പെടുന്നു. ക്രിസ്തുവിനോടും അപ്രകാരംതന്നെ ആവശ്യ പ്പെട്ടത് നമുക്കറിയാം. ഇന്നു മുഴുലോകവും സാത്താനെ ആരാധിച്ച് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സത്യദൈവ ആരാധന മാത്രമാണ് വിഹിതമെന്ന് ദൈവദൂതന്മർ ആവർത്തിക്കുന്നു.

"അവൻ പിന്നെയും എന്നോടു പറഞ്ഞത്: സമയം അടുത്തിരിക്ക യാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. അനീതി ചെയ്യു

ന്നവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ അൽഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തുതന്നെ" (വെളി. 22:10–15).

കളയും ഗോതമ്പും കൊയ്ത്തോളം വളരട്ടെ എന്ന് കർത്താവ് സൂചിപ്പിക്കുന്നു. ഓരോരുത്തർക്കും ഉള്ള പ്രതിഫലവുമായി ക്രിസ്തു അതിവേഗം വീണ്ടും വരുന്നു. ദുഷ്ടൻ ദുഷ്ടനായും നീതിമാൻ നീതിമാനായും ആ ദിവസംവരെ തുടർന്നുപോകും. ജീവന്റെ വൃക്ഷത്തിൽ അവകാശം ആഗ്രഹിക്കുന്നവൻ ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊണ്ടിരിക്കും. ഇവിടെ തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ എന്നു പറയുന്നിടത്ത് കല്പന അനുസരിക്കുന്നവർ ഭാഗ്യവാന്മാർ എന്ന് വിവിധ ഭാഷാന്തരങ്ങളിൽ കാണപ്പെടുന്നു. നായ്ക്കളുടെ സ്വഭാവത്തോടുകൂടെ നാണമില്ലാതെ നടക്കുന്നവരും പിശാചിനെ ആരാധിക്കുന്നവരും കല്പനാലംഘികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിൽ ഏർപ്പെടുകയും ചെയ്യുന്നവരായിട്ടുള്ള ഏവരും സാത്താനോടൊത്ത് അഗ്നിപ്രളയത്തിൽ എരിഞ്ഞമരുന്നതാണ്.

"യേശു എന്ന ഞാൻ സഭകൾക്കുവേണ്ടി നിങ്ങളോട് ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു; ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു" (വെളി. 22:16). യേശു ദാവീദിന്റെ വംശാവലിയിൽ ഭൂജാതനായി എന്നു നാം പഠിക്കുന്നു. ബിലെയാം യേശുവിനെ യാക്കോബിൽനിന്നുള്ള ഉദയനക്ഷത്രമെന്ന് വിളിച്ചിരിക്കുന്നു (സംഖ്യ. 24:17). എല്ലാ കാലഘട്ടങ്ങളിലുമുള്ള സഭയ്ക്കായി നല്കുന്ന ഈ അതിശ്രേഷ്ഠദൂതിന് ഏറ്റവും വലിയ ആധികാരികതയാണിത്.

"വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ."

“ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും.”

“ഇതു സാക്ഷീകരിക്കുന്നവൻ: അതെ, ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു, ആമേൻ, കർത്താവായ യേശുവേ, വരേണമേ.”

“കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ; ആമേൻ” (വെളി. 22:17–21).

രക്ഷയെന്നുള്ളത് പൂർണ്ണമായും വ്യക്തിപരമാണ്. ഓരോ വ്യക്തിയെയും ദൈവത്തിന്റെ ആത്മാവ് വരിക എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ മണവാട്ടിയായ സത്യസഭയും ക്രിസ്തുവിന്റെ സത്യത്തിലേക്കു മനുഷ്യരെ വിളിക്കുന്നു. ആ വിളി ചെവിക്കൊള്ളുന്നവർ മറ്റുള്ളവരെ സത്യത്തിലേക്കു കടന്നുവരുവാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. എന്നാൽ സത്യത്തിനുവേണ്ടി ദാഹിക്കുന്നവർ മാത്രം ജീവജലത്തിന്റെ ഉറവയായ ക്രിസ്തുവിങ്കലേക്കും അവന്റെ സത്യവചനത്തിലേക്കും കടന്നുവരും. എന്നാൽ അനേകർ തങ്ങളുടെ ഇഷ്ടപ്രകാരം കർത്താവിന്റെ വചനത്തിന് മാറ്റം വരുത്തി പ്രസംഗിക്കുകയാണ്. അവർക്കുള്ള ശിക്ഷാവിധി ദൈവരാജ്യത്തിൽ അവർ കടക്കുകയില്ല എന്നതുതന്നെ.

കർത്താവ് അതിവേഗം വീണ്ടും വരുന്നു എന്നു സാക്ഷിക്കുന്നു. കർത്താവിനെ സ്നേഹിക്കുന്നവരെല്ലാം അവൻ വരുന്നതിൽ സന്തോഷിക്കുന്നവരാണ്. “ആമേൻ, കർത്താവേ വരേണമേ” എന്ന് യോഹന്നാൻ പ്രതിവചിച്ചു. ദൈവസ്നേഹമുള്ള എല്ലാവരുടെയും പ്രതികരണം ഇപ്രകാരംതന്നെ ആയിരിക്കും. “ആമേൻ, കർത്താവേ വരേണമേ” എന്ന് നമുക്കും ഹൃദയംഗമമായി പ്രതികരിക്കാം.

❖ ❖ ❖

*Abbreviations*

AA - Acts of the Apostles
EW - Early Writings
GC - Great Controversy
T - Testimonies for the Church

# ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു ?

## വെളിപ്പാട് പ്രവചനം ഒരു പഠനം




യേശുക്രിസ്തുവിന്റെ രക്ഷണ്യവേലയുടെ മഹത്ത്വകരമായ പൂർത്തീകരണം വെളിപ്പാടുപുസ്തകത്തിൽ ആരംഭം മുതൽ അവസാനം വരെ നാം കാണുന്നു. നിങ്ങൾക്കും എനിക്കും വേണ്ടി മരിച്ച യേശു നിങ്ങളുടെയും എന്റെയും ഹൃദയ കവാടത്തിൽ മുട്ടുന്നു. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ചു എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെതന്നെ" (വെളിപ്പാട് 3:20,21). ഈ വീരനായകന്റെ പിന്നിൽ നിങ്ങൾക്കും അണിചേരുവാൻ ഈ പുസ്തകം സഹായകരമാകട്ടെ!

PRINTED AND PUBLISHED BY
Personal Ministries Post Bag No.1, Evergreen Lane,
Moospet Road, Thrissur, Kerala- 680 005.
Printed at Ebenezer Printpack Pvt. Ltd.,
Thrissur - 680 012